

മുൻ വനിതാ പ്രിൻസിപ്പൽമാർ പ്രതികരിക്കുന്നു

## കാമ്പസ്സുകളിൽ അക്രമം വളർത്തുന്നത് ആര്?



യൂണിവേഴ്സിറ്റി കോളേജ് വിവാദം: കേരളം ചോദിക്കുന്ന ചില ചോദ്യങ്ങൾ

₹20
ആഗസ്റ്റ് 1 – 15, 2019

# കേരളശബ്ദം



# കേരളാ പോലീസിന്റെ നിയന്ത്രണം ആരുടെ കയ്യിൽ?

ISSN 2455-1228

## മലയാളത്തിലെ ഒരേയൊരു സമ്പൂർണ്ണ വിനോദമാസിക

# ഹാസ്യകൈരളി










ഇപ്പോൾ
വിപണിയിൽ
(ആഗസ്റ്റ് ലക്കം)

**തപാലിൽ വരുത്താൻ**

Paytm

To Pay, Scan QR Code in Paytm App

SCAN or PAY to 9846010772

ഒരു
വർഷത്തേയ്ക്ക്
**110** രൂപ
മാത്രം

തുക
അടച്ച ശേഷം
വിളിക്കൂ :
9496235940,
9495036615

Online payment : www.nanafilmweekly.com

കേരളശബ്ദം

ഡോ. ബി.എ. രാജാകൃഷ്ണൻ:
ഞങ്ങളുടെ മാർഗ്ഗദർശി

Member: I.N.S.

ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ.

# പ്രസാധകക്കുറിപ്പ്

പതിമൂന്ന് തൊഴിൽ നിയമങ്ങൾ ലയിപ്പിച്ചുകൊണ്ടുള്ള പുതിയ തൊഴിൽ നിയമപരിഷ്ക്കരണത്തിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരിക്കുകയാണ്. ഒ.എസ്.എച്ച്. കോഡ് (Occupational, Safety, Health and Working Conditions Code) എന്നാണ് ഈ പുതിയ ബില്ലിന്റെ പേര്. പത്തും അതിലധികവും തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ ഈ പുതിയ തൊഴിൽ നിയമം ബാധകമാകും. ഒ.എസ്.എച്ച് കോഡ് പ്രകാരം 14 മണിക്കൂർ വരെ ജോലി സമയം ദീർഘിപ്പിക്കാൻ തൊഴിലുടമയ്ക്ക് കഴിയും, ഓവർ ടൈമിലും മറ്റും മാറ്റം വരും. നിലവിലെ കരാർ തൊഴിലാളി നിയമം പുതിയ ബില്ലിന്റെ ഭാഗമാക്കുമെന്നതിനാൽ, തുല്യജോലിക്ക് തുല്യവേതനം എന്ന ജനാധിപത്യപരമായ അവകാശം ഇല്ലാതാകും, തൊഴിൽശാലകളും മറ്റ് സ്ഥാപനങ്ങളും പരിശോധിക്കാൻ ഇൻസ്പെക്ടർക്ക് പകരം 'ഫെലിസിറ്റേറ്റർ' ആയിരിക്കും. ഇതൊക്കെകൊണ്ട് ഈ ബിൽ പൂർണ്ണമായും തൊഴിലുടമകൾക്ക് അനുകൂലമാണ്, അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ നിബന്ധനകൾക്ക് വിരുദ്ധമാണ് തുടങ്ങി നിരവധി വിമർശനങ്ങളും എതിർപ്പുകളും ഒ.എസ്.എച്ച് കോഡിനെതിരെ ഉയർന്നുകഴിഞ്ഞിരിക്കുകയാണ്. തൊഴിലാളികൾ സുദീർഘമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത 888 (8 മണിക്കൂർ ജോലി, 8 മണിക്കൂർ വിനോദം, 8 മണിക്കൂർ വിശ്രമം) ഉൾപ്പെടെയുള്ള അവകാശങ്ങൾ ഇല്ലാതാക്കുന്ന ഈ ബിൽ മോദി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നീക്കത്തിന്റേയും മുതലാളി വർഗ്ഗ ചായ്വിന്റേയും സുപ്രധാനകാൽവയ്പ്പാണെന്നും, ഇനിയും കൂടുതൽ അപകടകരമായ നിയമനീക്കങ്ങൾ ഉണ്ടാകുമെന്നും ട്രേഡ് യൂണിയൻ നേതാക്കൾ മുന്നറിയിപ്പ് നൽകുന്നു.

ജോലിസമയം 14 മണിക്കൂർ വരെയാക്കാവുന്ന ഈ നീക്കം ഒറ്റപ്പെട്ടതല്ലെന്നും, ആഗോളതലത്തിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന പുതിയൊരു തൊഴിൽ സംസ്ക്കാരത്തിന്റെ ഭാഗമാണെന്നും, തൊഴിൽ മേഖലകളിലെ പുത്തൻ ചലനങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുന്ന വിദഗ്ദ്ധർ വിലയിരുത്തുന്നു. ചൈനയിലേയും ജപ്പാനിലേയും സംരംഭങ്ങളിൽ പരക്കെ പ്രാവർത്തികമാക്കി കഴിഞ്ഞിരിക്കുന്ന പുതിയൊരു തൊഴിൽ സംസ്ക്കാരത്തിന്റെ കോഡാണ് '996.' കാലത്ത് 9 മണിക്ക് ആരംഭിച്ചു രാത്രി 9 മണിക്ക് അവസാനിക്കുന്ന പ്രവർത്തിസമയത്തെയാണ് '99' എന്നീ അക്കങ്ങൾ സൂചിപ്പിക്കുന്നത്. '6' എന്നത് ഒരു ആഴ്ചയിലെ പ്രവർത്തിദിവസങ്ങളുടെ എണ്ണമാണ്. അതായത് ആഴ്ചയിൽ 72 മണിക്കൂർ പണിയെടുക്കേണ്ടി വരുന്ന സമയക്രമീകരണം.

'ആലിബാബ' എന്ന ബഹുരാഷ്ട്ര ടെക് കമ്പനി ശൃംഖലയിലൂടെ ലോകത്തെ വമ്പൻ കോടീശ്വരന്മാരിലൊരാളായി തീർന്നിരിക്കുന്ന, ചൈനയിലെ പഴയ സ്കൂൾ മാഷായ ജാക്ക് മാ യുൻ ആണ് ഈ പുതിയ തൊഴിൽ സംസ്ക്കാരത്തിന്റെ ഉപജ്ഞാതാവ്. തന്റെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിരിക്കുന്ന ഈ തൊഴിൽ സമയക്രമം ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ



*ജാക്ക് മാ യുൻ*

നടപ്പിലാക്കണമെന്നും, കടുത്ത മത്സരത്തിൽ അധിഷ്ഠിതമായ ആഗോള സാമ്പത്തിക കമ്പോളത്തിൽ, കുറഞ്ഞ ജോലിസമയം എന്ന 'കംഫർട്ട് സോൺ' ഭേദിച്ചാലേ പുരോഗതി ഉണ്ടാകൂ എന്നും ജാക്ക് മാ യുൻ ആഹ്വാനം ചെയ്യുന്നു.

**പിൻകാഴ്ച:** *'996' നെ എതിർക്കുന്നവർ ചൂണ്ടിക്കാട്ടുന്നത് ഈ സമ്പ്രദായം കർശനമായി നടപ്പിലാക്കിയിരിക്കുന്ന ജപ്പാനിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന 'ഖരോഷി' എന്ന മഹാവിപത്തിനെതിരെയാണ് (ഈ ജാപ്പനീസ് വാക്കിന്റെ അർത്ഥം 'അമിതജോലി ഭാരം കൊണ്ടുണ്ടാകുന്ന മരണം' എന്നാണ്) . ജോലിഭാരം താങ്ങാനാവാതെ, കടുത്ത മാനസിക പിരിമുറുക്കത്തിൽപ്പെട്ട് ജീവനൊടുക്കുന്നവരുടെയും ആരോഗ്യം ക്ഷയിച്ചുമരണത്തിന് കീഴടങ്ങുന്നവരുടേയും എണ്ണം ജപ്പാനിൽ ഭീതിദമാംവിധം വർദ്ധിച്ചുവരികയാണ്.*

DATE OF RELEASE
26-07-2019

1-15 ആസസ്റ്റ് 2019
പുസ്തകം 58
ലക്കം 26

# കേരളശബ്ദം

ഒരു രാജ്യം
ഒരു തെരഞ്ഞെടുപ്പ് 46
-കെ.ജി. പരമേശ്വരൻ നായർ

കവർസ്റ്റോറി
കേരളാപോലീസിന്റെ
നിയന്ത്രണം
ആരുടെ കയ്യിൽ ? 5

കസ്റ്റഡിക്കൊലയിൽ
ഉന്നതരെ രക്ഷിക്കാൻ
ശ്രമമോ? 18

ഓസ്ട്രേലിയയിൽ
മലയാളിക്ക് 9 വർഷം
കഠിനതടവ് 21

ഒരു ബാലികയുടെ
സമാനതകളില്ലാത്ത
രോദനം 22

യൂണിവേഴ്സിറ്റി കോളേജ്
വിവാദം 27

കാമ്പസ്സുകളിലെ അക്രമം:
-മൂന്ന് മുൻ വനിതാ
പ്രിൻസിപ്പൽമാരുടെ പ്രതികരണം 36
പ്രൊഫ. എൻ.എൽ. ബീന- 36
പ്രൊഫ. ടി.എൻ. സരസു- 38
ഡോ. പി.വി. പുഷ്പജ- 39

വിദ്യാഭ്യാസത്തെ
വാണിജ്യപരമായി കാണരുത് 40
-ഗുജറാത്തിലെ പ്രമുഖ വിദ്യാഭ്യാസ സംരംഭകൻ
ജോൺ ഗീവർഗ്ഗീസ്

പോലീസിലെ
ഒറ്റുകാർ ആര്? 44

ഉപതെരഞ്ഞെടുപ്പിന്
കളമൊരുങ്ങുന്ന
ആറ് മണ്ഡലങ്ങൾ 49

അബ്ദുള്ളക്കുട്ടി വിഷയത്തിൽ
സംസ്ഥാന ബി.ജെ.പിയിൽ
അതൃപ്തി 54

പുസ്തകപരിചയം
പുതുപ്പള്ളി സ്മരണകൾ 59



"കണ്ണൂരിൽ എനിക്കെതിരേ
എസ്.എഫ്.ഐ. നേതാവിന്റെ
വധഭീഷണി" 43
എ.ഐ.എസ്.എഫ് ജില്ലാ സെക്രട്ടറി
എം. അഭേഷിന്റെ വെളിപ്പെടുത്തൽ

കുരങ്ങുപനി 60
-ഡോ. കെ.പി. പൗലോസ്

## പംക്തികൾ

വീക്കിലി സ്ട്രൈക്ക് 35
- ജി. ഹരി

നോവൽ
സ്നേഹസാന്ദ്രം
രവിനിവേശം 55

തലസ്ഥാനവിശേഷം 58

പാർലമെന്റ് സ്ട്രീറ്റ് 62
-കാർട്ടൂണിസ്റ്റ് സുധീർനാഥ്

കത്തുകൾ 64

പ്രതികരണവേദി 66
മധു എസ്. നായർ



Editorial address: Andamukkam ward, kollam-1
editorkeralasabdam@gmail.com , phone-0474 2761524
Advertisement: 09747105777, circulation 0474 2766280, subscription 0474 2750330

ചെറുകര സണ്ണീലൂക്കോസ്

# കേരളാ പോലീസിന്റെ നിയന്ത്രണം ആരുടെ കയ്യിൽ?

സംസ്ഥാനത്തെ ക്രമസമാധാനചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ 2016 മേയ് 16 മുതൽ ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി നടത്തിയ പോലീസിനെക്കുറിച്ചുള്ള വിലയിരുത്തലും വിമർശനങ്ങളും കേരളം ഞെട്ടലോടെയാണ് കേട്ടത്. വകുപ്പിന്റെ ഭരണാധികാരി എന്ന നിലയിൽ തന്റെ ദയനീയ പരാജയം തുറന്നുകാണിക്കുന്നതുകൂടിയായി പോലീസ് സേനയെക്കുറിച്ചുള്ള മുഖ്യമന്ത്രിയുടെ ആക്ഷേപങ്ങൾ.

ചങ്കുറപ്പുള്ള ഭരണാധികാരി, ആജ്ഞാശക്തിയുടെ ആൾരൂപം തുടങ്ങിയ വിശേഷണങ്ങളുമായാണ് എൽ.ഡി.എഫും കേരളവും പിണറായി വിജയനെമുഖ്യമന്ത്രി പദത്തിലേക്ക് ആനയിച്ചത്. എന്നാൽ പോലീസിനുമേൽ ഭരണകൂടത്തിന് ഇത്രയേറെ നിയന്ത്രണം നഷ്ടപ്പെട്ട, പോലീസ് ഇത്രയധികം രാഷ്ട്രീയവൽക്കരിക്കപ്പെട്ട, വർഗ്ഗീയമായി ചേരിതിരിയുന്ന, ദിശാബോധം നഷ്ടപ്പെട്ട സന്ദർഭം മുമ്പ് ഉണ്ടായിട്ടില്ല.

തന്റെ വകുപ്പിന് കീഴിലുള്ള പോലീസ് സർക്കാരിന്റെ താൽപ്പര്യമല്ല ആർ.എസ്.എസിന്റെ ഹിതങ്ങളാണ് ശബരിമലയിൽ നടപ്പാക്കിയത് എന്നായിരുന്നു ക്രമസമാധാനച്ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ മുഖ്യമന്ത്രി നടത്തിയ വിമർശനങ്ങളുടെ ചുരുക്കം. പോലീസ് ആസ്ഥാനത്തുനിന്നുപോലും



**ചങ്കുറപ്പുള്ള ഭരണാധികാരി, ആജ്ഞാശക്തിയുടെ ആൾരൂപം തുടങ്ങിയ വിശേഷണങ്ങളുമായാണ് എൽ.ഡി.എഫും കേരളവും പിണറായി വിജയനെ മുഖ്യമന്ത്രിപദത്തിലേക്ക് ആനയിച്ചത്. എന്നാൽ പോലീസിനുമേൽ ഭരണകൂടത്തിന് ഇത്രയേറെ നിയന്ത്രണം നഷ്ടപ്പെട്ട, പോലീസ് ഇത്രയധികം രാഷ്ട്രീയവൽക്കരിക്കപ്പെട്ട, വർഗ്ഗീയമായി ചേരിതിരിയുന്ന, ദിശാബോധം നഷ്ടപ്പെട്ട സന്ദർഭം മുമ്പ് ഉണ്ടായിട്ടില്ല.**

വിവരങ്ങൾ ചോരുന്നുവെന്നും, അവിടെനിന്ന് ഫയലുകൾ ആഭ്യന്തരവകുപ്പിലെത്തുംമുമ്പേ പലർക്കും പകർപ്പുലഭിക്കുന്നുവെന്നും, പല ഉന്നത ഉദ്യോഗസ്ഥരും ശബരിമല ഡ്യൂട്ടിയിൽനിന്ന് ഒഴിഞ്ഞുമാറി, ചിലർ അവധിയെടുത്തു

## വർഗ്ഗീയധ്രുവീകരണം, രാഷ്ട്രീയ ദുരുപയോഗം ദിശാബോധമില്ലാതെ കേരള പോലീസ്

# തത്ത്വമസി

# ~~പച്ചവെളിച്ചം~~ നിലാവിന്റെ വെളിച്ചം

**സംഘപരിവാർ താൽപ്പര്യസംരക്ഷണത്തിന് മുൻതൂക്കം നൽകുന്നവരും, മുസ്ലീം മതമൗലിക താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നവരുമായ സാധാരണ പോലീസുകാരൻ മുതൽ ഐ.പി.എസ് ഉന്നതർ വരെ സംസ്ഥാനപോലീസിൽ ഇന്നും ശക്തമായി അവരുടെ അജണ്ട നടപ്പിലാക്കുന്നുവെന്നതാണ് അപകടകരമായ യാഥാർത്ഥ്യം.**

മുങ്ങിയെന്നും മറ്റും മുഖ്യമന്ത്രി പറഞ്ഞപ്പോൾ വകുപ്പുമന്ത്രിക്ക് പിന്നെ പോലീസിനുമേൽ എന്ത് നിയന്ത്രണമാണുള്ളത് എന്ന് ഏതൊരു സാധാരണ പൗരനും ചോദിക്കുക സ്വാഭാവികം.



ഈ സർക്കാരിന്റെ തുടക്കംമുതൽ പല വകുപ്പുകളുടെയും മികച്ച പ്രവർത്തനംമൂലം ലഭിക്കുമായിരുന്ന പ്രതിച്ഛായ തകർത്തുകൊണ്ടിരുന്നത് പോലീസിന്റെ വഴിവിട്ട പ്രവർത്തനങ്ങൾമൂലമാണെന്നതിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നൊഴിയാൻ മുഖ്യമന്ത്രിക്ക് എങ്ങനെസാധിക്കും?

ശബരിമലയിലെ സുപ്രീംകോടതി വിധി വന്നശേഷം പെട്ടെന്നുണ്ടായതല്ല പോലീസിലെ വർഗ്ഗീയവൽക്കരണം. 'കേരളാ പോലീസിന്റെ വർഗ്ഗീയ സംഘടനകൾ പിടിമുറുക്കുന്നതിന് ഉത്തരവാദികൾ ആര്?' എന്ന തലക്കെട്ടിൽ കാക്കിയുടെ നിറം മാറുന്നതിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് 2018 ഫെബ്രുവരി 9 ന് പുറത്തിറങ്ങിയ 'കേരളശബ്ദ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. പോലീസിലെ ആർ.എസ്.എസ് പ്രവർത്തകരോ അനുഭാവികളോ ആയ ചിലർ 'തത്ത്വമസി' എന്ന പേരിൽ ഒരു വാട്ട്സ് ആപ് ഗ്രൂപ്പ് രൂപീകരിച്ചതും സംഘടനാചട്ടക്കൂടുണ്ടാക്കാൻ കന്യാകുമാരി വിവേകാനന്ദപ്പാറയിൽ യോഗം ചേർന്നതും ഭാരവാഹിക

**കേരളാ പോലീസിൽ ആർ.എസ്.എസ് സജീവമാണെന്ന് കഴിഞ്ഞ സി.പി.ഐ(എം) സംസ്ഥാനസമ്മേളന പ്രവർത്തനറിപ്പോർട്ടിൽ കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടിയിരുന്നതാണ്. പോലീസിൽ 10 ശതമാനത്തോളം സംഘപരിവാർ സ്വഭാവമുള്ളവരാണെന്നും, അവരുടെ പ്രവർത്തനങ്ങൾ ആർ.എസ്.എസ് താൽപ്പര്യത്തിനൊത്താണെന്നും അദ്ദേഹം പരസ്യമായി പ്രസംഗിച്ചിട്ടുമുണ്ട്.**

ളെയും രക്ഷാധികാരികളെയും തെരഞ്ഞെടുത്തതും ഈ റിപ്പോർട്ടിൽ കൃത്യമായി പറഞ്ഞിരുന്നു. 100 രൂപ മാസവരി പിരിക്കാൻ തീരുമാനിച്ച 'തത്ത്വമസി' സംഘാടകർ സംഘടനാപ്രവർത്തനം ശക്തമാക്കുമെന്ന് പ്രതിജ്ഞയെടുത്താണന്ന് പിരിഞ്ഞത്.

മറുവശത്ത് അടൂരിലെ കെ.എ.പി ബറ്റാലിയൻ മൂന്നിലെ മുസ്ലീം സമുദായത്തിൽപ്പെട്ട പോലീസുകാർ 'പച്ചവെളിച്ചം' വാട്സ് ആപ് കൂട്ടായ്മയുണ്ടാക്കി. പോപ്പുലർ ഫ്രണ്ടായിരുന്നുവത്രെ ഇതിനുപിന്നിൽ. ഈ കൂട്ടായ്മ വിവരങ്ങൾ ചോർന്നതോടെ പേരുമാറ്റി 'നിലാവിന്റെ വെളിച്ച'മെന്നാക്കി. ഇത്തരം അപകടകരമായ നീക്കങ്ങൾ കണ്ടെത്താനും തടയാനും ഉത്തരവാദപ്പെട്ട ഉന്നത ഐ.പി.എസ് ഉദ്യോഗസ്ഥർ ബോധപൂർവ്വമായ നിസ്സംഗത പാലിക്കുന്നതും 'ശബ്ദം' റിപ്പോർട്ടിലുണ്ടായിരുന്നു. പോലീസിന്റെ താഴെ തട്ട് മുതൽ ഐ.പി.എസ് ഉന്നതങ്ങളിൽ വരെ ആർ.എസ്.എസ് വിധേയത്വം ഉള്ള ഉദ്യോഗസ്ഥരുണ്ടെന്നതും 'കേരളശബ്ദം' 2018 ഫെബ്രുവരി ആദ്യം റിപ്പോർട്ട് ചെയ്തതാണ്. സംസ്ഥാനപോലീസ് ഇന്റലിജൻസ് സോഴ്സുകളിൽ നിന്ന് മാധ്യമങ്ങൾക്ക് ലഭിച്ച ആ വിവരങ്ങൾ ഏതായാലും ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് ലഭിക്കാതിരിക്കില്ലല്ലോ.

എന്നാൽ ശബരിമലയിൽ മുഖ്യമന്ത്രിയുടെ ആഗ്രഹംപോലെ കാര്യങ്ങൾ നടക്കാതിരുന്നതിന് കാരണം ആർ.എസ്.എസ് പോലീസ് ഉദ്യോഗസ്ഥരുടെ നിലപാട് മാത്രമല്ല. അവിടെ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട വിശ്വാസികളല്ലാത്ത സി.പി.എം അനുഭാവ പോലീസുകാർ ഒഴിച്ച് വിശ്വാസികളായ പോലീസ് ഉദ്യോഗസ്ഥർ മുഴുവനും യുവതികൾ സന്നിധാനത്ത് കയററുത് എന്നാഗ്രഹിക്കുകയും അതിനവരാൽ കഴിയുന്ന സംഭാവനചെയ്തു എന്നുള്ളതുമാണ് വാസ്തവം.



**2018 ആദ്യം പോലീസിലെ ആർ.എസ്.എസ് സെൽ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഡി.ജി.പി, അന്നത്തെ ഇന്റലിജൻസ് മേധാവി മുഹമ്മദ് യാസിമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. അദ്ദേഹം നൽകിയ റിപ്പോർട്ടിന്മേൽ ആഭ്യന്തരവകുപ്പ് ഒരു നടപടിയും എടുക്കുകയുണ്ടായില്ല.**

അതേസമയം സംഘപരിവാർ താൽപ്പര്യസംരക്ഷണത്തിനും മുൻതൂക്കം നൽകുന്നവരും, മുസ്ലീം മതമൗലിക താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നവരുമായ സാധാരണ പോലീസുകാരൻ മുതൽ ഐ.പി.എസ് ഉന്നതർ വരെ സംസ്ഥാനപോലീസിൽ ഇന്നും ശക്തമായി അവരുടെ അജണ്ട നടപ്പിലാക്കുന്നുവെന്നതാണ് അപകടകരമായ യാഥാർത്ഥ്യം.

കേരളാ പോലീസിൽ ആർ.എസ്.എസ് സജീവമാണെന്ന് കഴിഞ്ഞ സി.പി.ഐ(എം) സംസ്ഥാനസമ്മേളനപ്രവർത്തനറിപ്പോർട്ടിൽ കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടിയിരുന്നതാണ്. പോലീസിൽ 10 ശതമാനത്തോളം സംഘപരിവാർ സ്വഭാവമുള്ളവരാണെന്നും, അവരുടെ പ്രവർത്തനങ്ങൾ ആർ.എസ്.എസ് താൽപ്പര്യത്തിനൊത്താണെന്നും അദ്ദേഹം പരസ്യമായി പ്രസംഗിച്ചിട്ടുമുണ്ട്. പിണറായി സർക്കാർ രണ്ടു വർഷം പൂർത്തീകരിച്ച ശേഷമാണ് പോലീസിൽ ഐ.പി.എസ് തലപ്പത്തിൽ സംഘപരിവാർ അനുകൂല നിലപാടുള്ളവർ കൂടി വരുന്നതിൽ ഭരണത്തിലെ ഘടകകക്ഷിയായ സി.പി.ഐ ആശങ്ക പ്രകടിപ്പിച്ചത്. മുഖ്യമന്ത്രി തന്നെ കഴിഞ്ഞ പോലീസ് ദിനത്തിൽ പോലീസിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കാൻ അകത്തളങ്ങളിൽ തന്നെ ശ്രമങ്ങളുണ്ടാകുന്നുവെന്ന് ആക്ഷേപം ഉന്നയിച്ചിരുന്നു.

വർഗ്ഗീയ സംഘടനാനുകൂലികളുടെ ഇടപെടലുകൾ പല പോലീസ് സ്റ്റേഷനുകളിലും വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിക്കുന്നുവെന്നും, അതിന് നേതൃത്വം വഹിക്കുന്നത് ഉന്നത പോലീസ് മേധാവികളാണെന്നുമുള്ള രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് പോലീസ് ആസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്. 2018 ആദ്യം പോലീസിലെ ആർ.എസ്.എസ് സെൽ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഡി.ജി.പി, അന്നത്തെ ഇന്റലിജൻസ് മേധാവി മുഹമ്മദ് യാസിമിനെ ചുമതലപ്പെടുത്തി

**സമർപ്പിത സേവനം നടത്തുന്നവർ ഇപ്പോഴും ഇവിടെ ധാരാളം ഉണ്ട്. എന്നാൽ അവർക്കും കൂടി അപമാനം ഉണ്ടാക്കുംവിധം വർഗ്ഗീയവൽക്കരണം, കക്ഷിരാഷ്ട്രീയവിധേയത്തം, അഴിമതി, മൂന്നാം മുറ, ക്രിമിനലുകളുടെ സാന്നിദ്ധ്യം എല്ലാം ചേർന്ന് ഒട്ടും ശുഭകരമല്ല കേരള പോലീസിലെ കാര്യങ്ങൾ ഇപ്പോൾ.**

യിട്ടുണ്ടായിരുന്നു. അദ്ദേഹം നൽകിയ റിപ്പോർട്ടിന്മേൽ ആഭ്യന്തരവകുപ്പ് ഒരു നടപടിയും എടുക്കുകയുണ്ടായില്ല. അപ്പോൾ പോലീസിലെ വർഗ്ഗീയധ്രുവീകരണം ഭരണാധികാരികൾക്കറിയാത്ത കാര്യമല്ല. കാര്യങ്ങൾ നേരെ ചൊവ്വേ നടത്താനും എല്ലാം ശരിയാക്കാനുമാണല്ലോ ജനങ്ങൾ ഭരണതലപ്പത്ത് കുറേപ്പേരെ ചെല്ലും ചെലവും കൊടുത്ത് ഇരുത്തിയിരിക്കുന്നത്. ആ കടമ നിർവ്വഹിക്കാൻ സാധിക്കാതെ തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥർ ഇങ്ങനെയൊക്കെ വഴിവിട്ട് പ്രവർത്തിക്കുകയാണ് എന്നു കൂടെ കൂടെ വിളിച്ചുപറയുന്നത് സ്വന്തം കഴിവുകേടും ഉത്തരവാദിത്തരാഹിത്യവും വിളിച്ചുപറയലാണ്.

രാഷ്ട്രീയമില്ലാത്ത, സർക്കാർ അംഗീകരിച്ച ഒറ്റ സംഘടനമാത്രമേ പാടുള്ളൂ എന്നാണ് പോലീസിലെ നിയമം. പോലീസുകാരുടെ സംഘടനയായാലും ഓഫീസർമാരുടെ സംഘടനയായാലും യു.ഡി.എഫ്, എൽ.ഡി.എഫ് അനുകൂലികളുടെ ചേരികൾ തിരിഞ്ഞാണ് പ്രവർത്തിക്കുന്നതെന്ന് മാലോകർക്കെല്ലാം അറിയാം. ഭരണകക്ഷിയോട്, പ്രത്യേകിച്ച് ആഭ്യന്തരം കൈകാര്യം ചെയ്യുന്ന കക്ഷിയോട് വിധേയത്വം കാണിക്കുകയും, അവർക്കുവേണ്ടി എന്ത് തോന്ന്യാസം കാണിക്കുകയും ചെയ്യുന്നവർക്ക് സംരക്ഷണം; മറുവശത്ത് ഉള്ളവർക്ക് പീഡനം എന്നതാണ് കുറേക്കാലങ്ങളായുള്ള സ്ഥിതി. പോലീസിനെഇത്രമേൽ രാഷ്ട്രീയവൽക്കരിച്ചതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിയാൻ കഴിയാത്തവർക്ക്, പോലീസിനെരാഷ്ട്രീയ ചട്ടുകമായി ഉപയോഗിക്കുന്നവർക്ക് നീതിനിഷ്ഠമായ കാര്യങ്ങൾ നടത്താൻ കഴിയാത്ത പരിമിതി ഉണ്ടാകുക സ്വാഭാവികമാണ്. പോലീസിനെരാഷ്ട്രീയസ്വാധീനങ്ങളിൽ നിന്നൊഴിവാക്കി സ്വതന്ത്ര സംവിധാനങ്ങളാക്കി നിലനിർത്താനുള്ള മാർഗ്ഗങ്ങളാണ് 2006 ലെ പ്രകാശ് സിംഗ് കേസിൽ തങ്ങൾ നിർദ്ദേശിച്ചതെങ്കിലും, അവയിൽ മായം ചേർക്കുന്ന രീതിയിലാണ് കേരള നിയമസഭ 2011 ൽ പോലീസ് നിയമം പാസാക്കിയതെന്ന് സുപ്രീംകോടതി വിമർശിച്ചിട്ടുണ്ട്.

നീതിനിർവ്വഹണത്തിന്റെയും നിയമപാലനത്തിന്റെയും കാര്യത്തിൽ ഇന്ത്യയിലെ തന്നെ മികച്ച സേനഎന്ന പാരമ്പര്യമാണ് കേരളാപോലീസിനുണ്ടായിരുന്നത്. സമർപ്പിത സേവനം നടത്തുന്നവർ ഇപ്പോഴും ഇവിടെ ധാരാളം ഉണ്ട്. എന്നാൽ



**'തല്ലിക്കൊല്ലാൻ പോലീസും, നഷ്ടപരിഹാരം നൽകാൻ സർക്കാരും എന്ന സങ്കൽപ്പം ഇനി സംസ്ഥാനത്ത് ആവർത്തിക്കരുത്' എന്ന് പല മന്ത്രിമാരും മന്ത്രിസഭായോഗത്തിൽ പോലീസിന്റെ കാടൻ സമീപനത്തിനെതിരേ രോഷം കൊണ്ടിരുന്നു.**

അവർക്കും കൂടി അപമാനം ഉണ്ടാക്കുംവിധം വർഗ്ഗീയവൽക്കരണം, കക്ഷിരാഷ്ട്രീയ വിധേയത്തം, അഴിമതി, മൂന്നാം മുറ, ക്രിമിനലുകളുടെ സാന്നിദ്ധ്യം എല്ലാം ചേർന്ന് ഒട്ടും ശുഭകരമല്ല കേരള പോലീസിലെ കാര്യങ്ങൾ ഇപ്പോൾ.

2018 മെയ് 2 ന് ചേർന്ന മന്ത്രിസഭായോഗം വരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ മരിച്ച ശ്രീജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നു 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാനും, ശ്രീജിത്തിന്റെ ഭാര്യയ്ക്ക് യോഗ്യതയ്ക്കനുസരിച്ച് ക്ലാസ് ത്രീ തസ്തികയിൽ സർക്കാർ ജോലി നൽകാനും തീരുമാനിക്കുകയുണ്ടായി. അജണ്ടയ്ക്ക് പുറത്തുള്ള ഇനമായി ഇക്കാര്യം മന്ത്രിസഭായോഗത്തിൽ പരിഗണിച്ചപ്പോൾ 'തല്ലിക്കൊല്ലാൻ പോലീസും, നഷ്ടപരിഹാരം നൽകാൻ സർക്കാരും എന്ന സങ്കൽപ്പം ഇനി സംസ്ഥാനത്ത് ആവർത്തിക്കരുത്' എന്ന് പല മന്ത്രിമാരും മന്ത്രിസഭായോഗത്തിൽ പോലീസിന്റെ കാടൻ സമീപനത്തിനെതിരേ രോഷം കൊണ്ടിരുന്നു.

എന്തുവിശേഷം? 2019 ജൂലൈ 17 ന് ചേർന്ന മന്ത്രിസഭായോഗത്തിൽ നെടുങ്കണ്ടത്ത് കസ്റ്റഡി മർദ്ദനത്തിൽ മരിച്ച രാജ്കുമാറിന്റെ കുടുംബത്തിന് 16 ലക്ഷം രൂപ നൽകാനും, ഭാര്യയ്ക്ക് സർക്കാർ ജോലി നൽകാനും വീണ്ടും തീരുമാനിക്കേണ്ടി വന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാവും സാമ്പത്തിക സഹായം നൽകുക. വരാപ്പുഴ സംഭവം ഉണ്ടായപ്പോൾ അത് സംസ്ഥാനത്തിന് അങ്ങേയറ്റം അപമാനം ഉണ്ടാക്കിയെന്നും, മൂന്നാം മുറയ്ക്കെതിരേ ശക്തമായ നടപടിയുണ്ടാകുമെന്നും, പോലീസ് സേനയിൽ എന്ത് നിയമലംഘനം ഉണ്ടായാലും കർശനനടപടിയെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നതാണ്. പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളാ പോലീസിനെതിരേ ഉന്നയിക്കപ്പെടുന്ന ആറാമത്തെ കസ്റ്റഡി മരണമാണ് വാഗമൺ സ്വദേശി രാജ്കുമാറിന്റേത്. രാജു (നൂറനാട്), നസീർ(ഈരാറ്റുപേട്ട), ശ്രീജിത്ത്(വരാപ്പുഴ), അബ്ദുൾ ലത്തീഫ്(ലവണ്ടൂർ), കാളിമുത്തു(തലശ്ശേരി) എന്നിവയാണ് മറ്റ് കസ്റ്റഡിമരണങ്ങൾ. വരാപ്പുഴ ശ്രീജിത്തിനെകൊലപ്പെടുത്തിയ 9 പോലീസുകാരെ പ്രോസിക്യൂട്ട് ചെയ്യാൻ സർക്കാർ അനുമതി നൽകിയ കേസിൽ ആരോപണ വിധേയനായ ഉന്നതനെഒഴിവാക്കി കൊടുത്ത സർക്കാർ സസ്പെൻഷനിലായിരുന്ന പോലീസുകാരെ

6 മാസത്തിനകം തിരിച്ചെടുക്കുകയും ചെയ്തു. കേസിൽ ഇതുവരെ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

പോലീസുകാർ പ്രതിയായ തൃശൂർ ഏങ്ങണ്ടിയൂർ വിനായകന്റെ മരണം നടന്നത് 2017 ജൂലൈ 19 നാണ്. കുറ്റാരോപിതനായ പാവറട്ടി പോലീസ് സ്റ്റേഷനിലെ പോലീസുകാർ സസ്പെൻഷനിലായെങ്കിലും മാസങ്ങൾക്കുള്ളിൽ സർവ്വീസിൽ തിരിച്ചെത്തി. വിവാദങ്ങൾ കെട്ടടങ്ങുന്നതോടെ പോലീസുകാർ പ്രതികളായ കേസിൽ ഡിപ്പാർട്ടുമെന്റ് തല നടപടികൾ തീരുന്നതാണ് പതിവ് രീതി.

ആരോഗ്യ ഇൻഷുറൻസ് തട്ടിപ്പുകേസിൽ അറസ്റ്റിലായ കുമരകം മഠത്തിൽ എം.ജെ. ജേക്കബ്ബ് ഈ മാർച്ച് 21 ന് മാവേലിക്കര സബ്ജയിലിൽ തടവുകാരനായിരിക്കവേ മരിച്ചസംഭവം ശ്വാസം മുട്ടിച്ചുകൊന്നതാണെന്നും, കേസെടുത്ത് അന്വേഷിക്കണമെന്നുമുള്ള മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിൽ 2 മാസമായിട്ടും നടപടിയൊന്നുമില്ലാതെ ഒതുക്കി വച്ചിരിക്കുകയായിരുന്നു. നെടുങ്കണ്ടം കസ്റ്റഡിമരണം വിവാദമായതോടെയാണ് അക്കാര്യവും പുറത്തുവരുന്നത്. മാവേലിക്കര കസ്റ്റഡി മരണം കൊലപാതകമാണെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടും വ്യക്തമാക്കിയിരുന്നു. മജിസ്ട്രേട്ടിന്റെ റിപ്പോർട്ട് പുറത്തുവന്നതിനെതുടർന്ന് അസിസ്റ്റന്റ് പ്രിസൺ ഓഫീസറെ സസ്പെൻഡ് ചെയ്തു. ജയിൽ ഡി.ഐ.ജിയോട് അന്വേഷിക്കാനും നിർദ്ദേശമുണ്ടായി.

കേരളാ പോലീസ് എത്ര പ്രാകൃതയുഗത്തിലാണെന്ന് തെളിയിക്കുന്നതാണ് നെടുങ്കണ്ടം കേസിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ ക്രൈംബ്രാഞ്ചിനോ



*മർദ്ദനമേറ്റ എസ്.എസ്. ശരത്ത് ആശുപത്രിയിൽ*

**പോലീസ് ഉദ്യോഗസ്ഥരിൽ പലരും എന്തുകൊണ്ട് ഇത്രമേൽ രാഷ്ട്രീയനേതൃത്വത്തിന് വിധേയപ്പെടുന്നു എന്ന ചോദ്യത്തിനുത്തരമാണ് പാളയത്ത് എസ്.എഫ്.ഐ പ്രവർത്തകരുടെ മർദ്ദനത്തിനിരയായ പേരൂർക്കട എസ്.എ.പി ക്യാമ്പിലെ സിവിൽ പോലീസ് ഓഫീസർ എസ്.എസ്. ശരത്തിന്റെ അനുഭവം.**

ടുള്ള കുറ്റസമ്മതം. കസ്റ്റഡിയിലെടുത്ത കുമാറിനെ മുട്ടിന് താഴെ അടിച്ചാണ് ആദ്യം സത്യം പറയിപ്പിക്കാൻ ശ്രമിച്ചത്. പിന്നെ കാൽ വെള്ളയിൽ അടിച്ചു. പിന്നെ രഹസ്യഭാഗങ്ങളിൽ മൂന്ന് കുപ്പി മുളക് സ്പ്രേ അടിച്ചു. ശേഷം കാന്താരി അരച്ചുപുരട്ടി.(വനിതാപ്രതികൾക്കും ഇതൊക്കെ അനുഭവിക്കേണ്ടിവന്നു) ഒടുവിൽ കസേര എടുത്ത് കുമാറിന്റെ ശരീരത്തിന് മുകളിൽ ഇട്ട് ഇരുന്നുവത്രെ. പോസ്റ്റുമോർട്ടം റിപ്പോർട്ടുപ്രകാരം 30 ലധികം പരിക്കുകൾ കാലുകളിൽ മാത്രമുണ്ടായിരുന്നു. മർദ്ദനത്തിനും മരണത്തിനുംശേഷം തെളിവെല്ലാം മായ്ച്ചുകളയാൻ പോലീസിന്റെ ഭാഗത്തുനിന്നുസംഘടിതമായ ശ്രമമാണ് എല്ലാ കേസിലും ഉണ്ടാകുന്നത്. 44 വർഷം മുമ്പത്തെ രാജന്റെ കസ്റ്റഡിമ രണത്തിന്റെ നിലയിൽനിന്ന് അൽപ്പം പോലും പോലീസിന്റെ മനോനില പരിഷ്ക്കരിക്കപ്പെട്ടിട്ടില്ലെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്.

രാജ്കുമാറിനെ അനധികൃതമായി കസ്റ്റഡിയിൽ വച്ചത് എസ്.പിയുടെ നിർദ്ദേശപ്രകാരമാണെന്ന് അറസ്റ്റിലായ എസ്.ഐ കെ.എ. സാബു ക്രൈംബ്രാഞ്ചിന് മൊഴി നൽകുകയുണ്ടായി. ജില്ലാപോലീസ് മേധാവിക്കെതിരേ ശക്തമായ മൊഴികളാണ് എസ്.ഐയുടെ ഭാഗത്തുനിന്നുണ്ടായത്. രാഷ്ട്രീയവിധേയത്വം പുലർത്തുന്ന എസ്.പി കെ.ബി. വേണുഗോപാലിനെസംരക്ഷിക്കാൻ മന്ത്രി എം.എം. മണിയടക്കം ഇടുക്കിയിലെ സി.പി.എം നേതൃത്വം പരമാവധി ശ്രമം നടത്തുകയായി. എന്നാൽ ഈ ഉദ്യോഗസ്ഥന്റെ വഴിവിട്ടുള്ള ചെയ്തികളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ആഭ്യന്തരവകുപ്പിന് കണ്ടില്ലെന്ന് നടിക്കാവുന്നതിനപ്പുറ



**ഈ സർക്കാരിന്റെ ഏറ്റവും വിശ്വസ്തനായ പോലീസ് ഉദ്യോഗസ്ഥൻ ഡി.ജി.പി. ലോക്നാഥ് ബഹ്റ വിജിലൻസ് ഡയറക്ടറുടെ ചുമതല വഹിച്ച ഒരു വർഷത്തിനിടെ ഉന്നതർ പ്രതികളായ പതിനാലോളം കേസുകളിൽ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി കോടതിയിൽ റിപ്പോർട്ട് നൽകി.**

ത്തേക്കായിരുന്നു. തുടർന്നാണ് ഇടുക്കി എസ്.പിക്കെതിരേ പലവിധത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവ പരിശോധിച്ചുവരികയാണെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്.

എന്നിട്ടും ഭീകരവിരുദ്ധ സ്ക്വാഡിന്റെ തലവനായി മാറ്റം നൽകിയതിലൊതുങ്ങി എസ്.പി കെ.ബി. വേണുഗോപാലിനെതിരായ നടപടി. ഈ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നും, എസ്.പിയേയും ഡി.വൈ.എസ്.പി പി. ഷംനയേയും സംരക്ഷിക്കുന്ന നടപടി ഇടതുപക്ഷ സർക്കാരിന് ഭൂഷണമല്ലെന്നും പറഞ്ഞത് സി.പി.ഐ ഇടുക്കി ജില്ലാ സെക്രട്ടറി കെ.കെ. ശിവരാമനാണ്.

കെ.ബി. വേണുഗോപാൽ ഒരു പ്രതീകമാണ്; സംസ്ഥാനപോലീസിലെ കുഴപ്പക്കാരായ ഉദ്യോഗസ്ഥരുടെ പ്രതീകം. മേയിൽ കൊച്ചിയിലായിരുന്നു മകന്റെ വിവാഹം. വജ്രാഭരണങ്ങൾ മരുമകളുടെ വീട്ടിൽ എത്തിക്കുന്നതുമുതൽ വിവാഹദിനം വരെ വനിതാ പോലീസ് ഓഫീസർ ഉൾപ്പെടെ നാല് പോലീസു

കാരെ കാവൽ നിർത്തിയെന്ന പരാതിയെക്കുറിച്ച് ഇന്റലിജൻസിന് വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. വണ്ടിപ്പെരിയാർ മേഖലയിൽ തോട്ടം ഉടമകളുടെ തർക്കത്തിൽ ഇടപെട്ടതും ആതിഥ്യം സ്വീകരിച്ചതും പരാതിയായപ്പോൾ പരാതിക്കാരനെഭീഷണിപ്പെടുത്തിയതുമെല്ലാം ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ചില നിക്ഷിപ്തതാൽപ്പര്യങ്ങളുടെ പേരിൽ തോട്ടം തൊഴിലാളികൾക്കെതിരേ കേസ് എടുക്കണെമെന്ന് ആവശ്യപ്പെട്ടിട്ട് വഴങ്ങാതിരുന്ന സി.ഐയെ ഓഫീസിൽ വിളിച്ചുവരുത്തി രാവിലെ മുതൽ വൈകിട്ടുവരെ നിർത്തി ശിക്ഷിച്ച സംഭവത്തിലെ അന്വേഷണറിപ്പോർട്ട് കൊച്ചി റേഞ്ച് ഐ.ജിയുടെ കയ്യിൽ വിശ്രമിക്കുന്നുണ്ട്. ഇത്ര വീരശൂരപരാക്രമിയായിട്ടും ഈ മുൻ എസ്.പിക്കെതിരേ നടപടിയുണ്ടാകാത്തത് ഭരണകക്ഷിക്കാർ പറഞ്ഞാൽ പ്രതിപക്ഷ കക്ഷിയിലുള്ളവരുടെ പേരിൽ എന്ത് കള്ളകേസും എടുക്കാൻ മടിക്കാത്തയാളായതുകൊണ്ടാവണം.

പോലീസ് ഉദ്യോഗസ്ഥരിൽ പലരും എന്തുകൊണ്ട് ഇത്രമേൽ രാഷ്ട്രീയനേതൃത്വത്തിന് വിധേയപ്പെടുന്നു എന്ന ചോദ്യത്തിനുത്തരമാണ് പാളയത്ത് എസ്.എഫ്.ഐ പ്രവർത്തകരുടെ മർദ്ദനത്തിനിരയായ പേരൂർക്കട എസ്.എ.പി ക്യാമ്പിലെ സിവിൽ പോലീസ് ഓഫീസർ എസ്.എസ്. ശരത്തിന്റെ അനുഭവം. കഴിഞ്ഞ ഡിസംബർ 12 നാണ് പാളയം യുദ്ധസ്മാരകത്തിനുമുന്നിൽ ട്രാഫിക് നിയമം ലംഘിച്ചെത്തിയ യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ പ്രവർത്തകരെ ശരത്തും ഡ്യൂട്ടിയിലുണ്ടായിരുന്ന വിനയചന്ദ്രൻ, അമൽകൃഷ്ണ എന്നിവരും ചേർന്ന് തടഞ്ഞത്. വിവരമറിഞ്ഞെത്തിയ യൂണിവേഴ്സിറ്റി കോളേജിലെ യൂണിറ്റ് സെക്രട്ടറിയും അഖിൽ വധശ്രമക്കേസിലെ രണ്ടാംപ്രതിയുമായ നസീമും ഇരുപതോളം പേരും ചേർന്ന് പോലീസുകാരെ വളഞ്ഞിട്ട് മർദ്ദിച്ചു. വിവരമറിഞ്ഞ കൺട്രോൺമെന്റ് പോലീസ് എത്തുമ്പോഴേയ്ക്കും മൂന്നു പോലീസുകാരും തല്ലുകൊണ്ടു അവശരായിരുന്നു. അക്രമികളിൽ നാലു പേരെ പോലീസ് പിടികൂടി ജീപ്പിൽ കയറ്റിയെങ്കിലും നേതാക്കൾ ഇടപെട്ട് പിടിച്ചിറക്കിക്കൊണ്ടുപോയി.

സംഭവം ഒതുക്കിത്തീർക്കാനാണ് ഉന്നതപോലീസ് ഉദ്യോഗസ്ഥർ ശ്രമിച്ചത്. ആശുപത്രിയിൽ ചികിത്സതേടിയ മൂവരേയും നിർബന്ധിച്ച് ഡസ്ചാർജ്ജ് ചെയ്യിപ്പിച്ചു. പക്ഷേ, കഴുത്തിന് സാരമായ മർദ്ദനമേറ്റ ശരത്തിന് പിന്നെയും ആശുപത്രിയിൽ അഭയം തേടേണ്ടിവന്നു. കേസ് ഒതുക്കാൻ പോലീസ് അസോസിയേഷനിലേയും ഓഫീസേഴ്സ് അസോസിയേഷനിലേയും നേതാക്കൾ സമ്മർദ്ദം ചെലുത്തിയെങ്കിലും ശരത്തിന്റെ മാതാപിതാക്കൾ പരാതിയിൽ ഉറച്ചുനിന്നു.



**ആഭ്യന്തരവകുപ്പിനുകീഴിലുള്ള ജയിലിൽ നടക്കുന്നതും ഒട്ടും ആശാസ്യമായ കാര്യങ്ങളല്ലെന്ന് സെൻട്രൽ ജയിലുകളിൽ സമീപകാലത്ത് ജയിൽ ഡി.ജി.പി. ഋഷിരാജ്സിംഗിന്റെ നേതൃത്വത്തിൽ നടന്ന ചില മിന്നൽ റെയ്ഡുകളിൽനിന്ന് നാട്ടുകാർക്ക് മനസ്സിലായി.**

കേസ് പിൻവലിക്കില്ലെന്ന് മനസ്സിലായതോടെ 'പിറവൂർ ബോയ്സ്' വാട്സ് ആപ് ഗ്രൂപ്പിൽ മുഖ്യമന്ത്രിക്ക് എതിരേ ശരത്ത് പോസ്റ്റിട്ടെന്ന് എസ്.എഫ്.ഐ പ്രവർത്തകർ ഡിസംബർ 19 ന് പരാതി നൽകി. ജനുവരി 29 ന് യൂണിവേഴ്സിറ്റി കോളേജിൽ മന്ത്രിമാരായ എ.കെ. ബാലനും കെ.ടി. ജലീലും പങ്കെടുത്ത പരിപാടിയിൽ ഒളിവിലാണെന്ന് പോലീസ് പറഞ്ഞിരുന്ന നസീമും പങ്കെടുത്തത് വാർത്തയായതോടെ 30 ന് സ്റ്റേഷനിൽ കീഴടങ്ങി. മൂന്നുദിവസത്തിനുശേഷം പുറത്തിറങ്ങി. അന്നുതന്നെ പരാതിക്കാരനായ ശരത്തിനെമുഖ്യമന്ത്രിക്കെതിരേ പോസ്റ്റിട്ടെന്ന പേരിൽ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയായിരുന്നു.

ക്രൈംബ്രാഞ്ചിന്റെയും ഹൈടെക്സെല്ലിന്റെയും പ്രാഥമികാന്വേഷണത്തിൽതന്നെ ശരത്തിന്റെ പേരിൽ പ്രചരിച്ച സന്ദേശം വ്യാജനിർമ്മിതിയാണെന്ന് കണ്ടെത്തി. നസീമിനെതിരേ നൽകിയ പരാതി പിൻവലിക്കാതെ സർവ്വീസിൽ തിരികെ കയറ്റില്ലെന്നും, അതുകൊണ്ട് ജീവൻ വേണമെങ്കിൽ പരാതി പിൻവലിക്കണമെന്നും യൂണിവേഴ്സിറ്റി കോളേജ് യൂണിറ്റ് ഭാരവാഹികൾ ശരത്തിന്റെ വീട്ടിലെത്തി ഭീഷണിപ്പെടുത്തിയതായി മാതാപിതാക്കൾ പറഞ്ഞകാര്യവും അഖിൽവധശ്രമക്കേസിനെപിന്തുടർന്ന് മാധ്യമങ്ങളിൽ വിവാദമായതോടെയാണ് ആഭ്യന്തരവകുപ്പ് നിവൃത്തിയില്ലാതെ അഞ്ചരമാസത്തിനുശേഷം ശരത്ത് എന്ന സിവിൽപോലീസ് ഓഫീസറുടെ സസ്പെൻഷൻ പിൻവലിച്ചത്.

ആന്തൂർ കേസിൽ പ്രവാസി വ്യവസായി സാജന്റെ ആത്മഹത്യ കുടുംബസുഹൃത്തും ഡ്രൈവറുമായ മൺസൂണും സാജന്റെ ഭാര്യ ബീനയും തമ്മിലുള്ള അടുപ്പംമൂലം ആണെന്ന് വരുത്തിത്തീർക്കാൻ പോലീസ് കളിച്ച കളിയും പോലീസ് രാഷ്ട്രീയ യജമാന്മാരെ തൃപ്തിപ്പെടുത്താൻ എന്ത് വൃത്തികെട്ട നെറികേടിനും തയ്യാറാകും എന്നതിന്റെ ഉദാഹരണമായിരുന്നു. എന്നാൽ അന്വേഷണസംഘത്തലവൻ ഡി.വൈ.എസ്.പി. വി.എ. കൃഷ്ണദാസ്, കൺവെൻഷൻ സെന്ററിന് നഗരസഭയിൽനിന്ന് അനുമതി വൈകിയതിലെ വിഷമമാണ് സാജന്റെ ആത്മഹത്യയ്ക്ക് കാരണമെന്ന് കണ്ടെത്തിയതായി പരസ്യമായി പറഞ്ഞതോടെ മൺസൂറിനെകരുവാക്കാനുള്ള നീക്കം ക്ലച്ച് പിടിച്ചില്ല.

ആഭ്യന്തരവകുപ്പിനുകീഴിലുള്ള ജയിലിൽ നടക്കു

ന്നതും ഒട്ടും ആശാസ്യമായ കാര്യങ്ങളല്ലെന്ന് സെൻട്രൽ ജയിലുകളിൽ സമീപകാലത്ത് ജയിൽ ഡി.ജി.പി. ഋഷിരാജ്സിംഗിന്റെ നേതൃത്വത്തിൽ നടന്ന ചില മിന്നൽ റെയ്ഡുകളിൽനിന്ന് നാട്ടുകാർക്ക് മനസ്സിലായി. 70 മൊബൈൽ ഫോണുകൾ പിടിച്ചതിലേറെയും പാർട്ടി അനുഭാവികളിൽനിന്നാണ്. കെ.ടി. സുനിയെപ്പോലുള്ള കുപ്രസിദ്ധ കുറ്റവാളികൾ ജയിലിലിരുന്നുകൊണ്ട് പുറത്തെ ക്രിമിനൽ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും ഭരണാധികാരത്തിന്റെ തണലിലാണെന്നതിൽ ആർക്കും സംശയം ഉണ്ടാകാനിടയില്ല.

കേരളാ പോലീസിലെ വർഗ്ഗീയവൽക്കരണത്തിന്റെയും, രാഷ്ട്രീയ ദുരുപയോഗത്തിന്റെയും മൂന്നാം മുറയുടെയും മറ്റും ചില സാമ്പിളുകൾ മാത്രമാണിതൊക്കെ. കേരളാ പോലീസിലെ 1129 ഉദ്യോഗസ്ഥർ ക്രിമിനൽ കേസ് പ്രതികളാണെന്ന വിവരാവകാശരേഖ പുറത്തുവന്നത് 2018 നവംബറിലാണ്. പോലീസ് ഓഫീസർ ക്രിമിനൽ കേസിൽ പ്രതിയായാൽ ഉടൻ സസ്പെൻഡുചെയ്യണമെന്നും നിരപരാധിത്വം തെളിയിക്കാനായില്ലെങ്കിൽ പിരിച്ചുവിടണമെന്നുമാണ് പോലീസ് നിയമത്തിലെ 86-ാം വകുപ്പിലെ വ്യവസ്ഥ. എന്നാൽ അത്തരം 59 കേസുകളേയുള്ളുവെന്നാണ് ഡി.ജി.പി പിന്നീട് കണ്ടെത്തിയതത്രെ. ക്രിമിനൽ കേസിൽ പ്രതിയാകുന്നവരെല്ലാം സ്ഥിരമായ ക്രിമിനൽ സ്വഭാവവും ക്രിമിനൽ പശ്ചാത്തലവുമുള്ളവരാകണമെന്നില്ല. എന്നാൽ അങ്ങനെയുള്ള പക്കാ ക്രിമിനലുകളായ നൂറുകണക്കിനുപേർ തലപ്പത്തുമുതൽ സാദാ പോലീസുകാരനായി വരെയുണ്ടെന്നതാണ് വസ്തുത. പലപ്പോഴും ബഹുഭൂരിപക്ഷവും മാന്യന്മാരായിട്ടുള്ള കേരളാപോലീസിന്റെ പേര് ചീത്തയാക്കുന്നത് വിദ്യാർത്ഥിയെ കുത്തിയപോലുള്ള ക്രിമിനലുകളാണ് പോലീസിന്റെ റാങ്ക് പട്ടികയിലുള്ളതെങ്കിൽ ഈ നാടിന്റെ സ്ഥിതിയെന്താകും എന്ന് ചോദിച്ചത് ജി. സുധാകരനാണ്. എത്രയോ ക്രിമിനൽ ആക്ടിവിറ്റികളിൽ പങ്കാളിയായി കുപ്രസിദ്ധി നേടിയവർ നിയമനടപടികളെല്ലാം ഭേദിച്ച് എ.ഡി.ജി.പി. പദവിയിൽ വരെ വിരാജിക്കുന്നുണ്ടെന്ന് ആർക്കാണറിയാത്തത്. പരസ്പരം കണ്ടാൽ മിണ്ടുകപോലും ചെയ്യാത്ത എ.ഡി.ജി.പി മാരുമുണ്ട്.

അഴിമതിയുടെ കാര്യം പറയാതിരിക്കുകയാണ് ഭേദം. ഭരണക്കാരുടെ മേൽ ഒട്ടേറെ അഴിമതി ഉന്നയിച്ചാണ് ജനങ്ങളുടെ വോട്ടുനേടി ഇടതുമുന്നണി



**പലപ്പോഴും ബഹുഭൂരിപക്ഷവും മാന്യന്മാരായിട്ടുള്ള കേരളാപോലീസിന്റെ പേര് ചീത്തയാക്കുന്നത് വിദ്യാർത്ഥിയെ കുത്തിയപോലുള്ള ക്രിമിനലുകളാണ് പോലീസിന്റെ റാങ്ക് പട്ടികയിലുള്ളതെങ്കിൽ ഈ നാടിന്റെ സ്ഥിതിയെന്താകും എന്ന് ചോദിച്ചത് ജി. സുധാകരനാണ്.**

അധികാരത്തിലെത്തിയത്. ഉടനെവിജിലൻസ് ഡയറക്ടർ ജേക്കബ്ബ് തോമസ് ഒരുപാട് കേസുകളുമെടുത്തു. ഇപ്പോൾ ജേക്കബ്ബ് തോമസ് എവിടെ കിടക്കുന്നു? ഈ സർക്കാരിന്റെ ഏറ്റവും വിശ്വസ്തനായ പോലീസ് ഉദ്യോഗസ്ഥൻ ഡി.ജി.പി. ലോക്നാഥ് ബഹ്റ വിജിലൻസ് ഡയറക്ടറുടെ ചുമതല വഹിച്ച ഒരു വർഷത്തിനിടെ ഉന്നതർ പ്രതികളായ പതിനാലോളം കേസുകളിൽ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി കോടതിയിൽ റിപ്പോർട്ട് നൽകി. അതിൽ ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ടോംജോസിനെതിരായ അനധികൃത സ്വത്ത് സമ്പാദനക്കേസും ഉൾപ്പെടുന്നു. ഡി.ജി.പി ടോമിൻ തച്ചങ്കരിക്കെതിരായ ഏഴ് ത്വരിതാന്വേഷണങ്ങളിൽ ആറും തെളിവില്ലെന്ന് കണ്ടെത്തി അവസാനിപ്പിച്ചു. വെള്ളാപ്പള്ളി നടേശനെതിരായ മൈക്രോഫിനാൻസ് തട്ടിപ്പുകേസ്, തോമസ് ചാണ്ടിക്കെതിരായ നിലം നികത്തൽ കേസ് എന്നിവയെല്ലാം എപ്പഴേ പൂട്ടിക്കെട്ടി.

ഇപ്പോൾ അനിൽകാന്ത് ഐ.പി.എസ് ആണ് വിജിലൻസ് ഡയറക്ടർ. ഡി.ജി.പിയുടെ രണ്ട് കേഡർ തസ്തികയുള്ളത് സംസ്ഥാന പോലീസ് മേധാവിയുടേതും വിജിലൻസ് ഡയറക്ടറുടേതുമാണ്. അതിന് യോഗ്യതയുള്ളവരുണ്ടായിരിക്കെ ജൂനിയറായ ആളെ വിജിലൻസ് ഡയറക്ടറാക്കിയതോടെ അഴിമതിയന്വേഷണവും സർക്കാരിന്റെ രാഷ്ട്രീയതാൽപ്പര്യങ്ങൾക്കനുസരിച്ചായി.

പോലീസിൽ കാര്യങ്ങൾ ഇത്രയേറെ കുത്തഴിയാൻ രണ്ട് കാരണങ്ങളുണ്ട്. ഒന്ന് തന്റെ കീഴിലുള്ള സേനയെ നിയന്ത്രിക്കാനുള്ള സംസ്ഥാനപോലീസ് തലവന്റെ കഴിവില്ലായ്മ. അദ്ദേഹത്തിന്റെ താൽപ്പര്യം മറ്റുചില കാര്യങ്ങളിലാണെന്ന് ഡിപ്പാർട്ടുമെന്റിലെല്ലാവർക്കും അറിയാം. രണ്ടാമത്തെ കാര്യം വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി വകുപ്പിലെ കാര്യങ്ങൾ നേരാംവണ്ണം മനസ്സിലാക്കുന്നില്ലെന്നതാണ് ഒരുപാട് തിരക്കുള്ള ആഭ്യന്തരമന്ത്രിമാർ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. പക്ഷേ അവരെല്ലാം ദിവസവും ഒരു നേരം ഇന്റലിജൻസ് മേധാവിയുടെ ബ്രീഫിംഗ്സിന് ചെവി കൊടുക്കുമായിരുന്നു. ഇപ്പോഴത്തെ ഇന്റലിജൻസ് മേധാവി എ.ഡി.ജി.പി ടി.കെ. വിനോദ്കുമാറാണ്. പ്രഗത്ഭനും നീതിനിഷ്ഠനും എന്നുപേരുള്ളയാൾ. പക്ഷേ ഇന്റലിജൻസിന് അറിയിക്കാനുള്ളത് ആഭ്യന്തരമന്ത്രി നേരിട്ടുകേൾക്കുന്നതും, ഓഫീസിലുള്ളവർ കേൾക്കുന്നതും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ടല്ലോ. സംസ്ഥാനപോലീസ് സേനയെ നേരെ കൊണ്ടുവരാൻ പ്രസംഗമല്ല പ്രവൃത്തിയാണ് ഇനി വേണ്ടത്.

●

# ‘കണ്ണൂരിൽ എനിക്കെതിരെ എസ്.എഫ്.ഐ നേതാവിന്റെ വധഭീഷണി’

## എം. അഗേഷ് (എ.ഐ.എസ്.എഫ് കണ്ണൂർ ജില്ലാ സെക്രട്ടറി)



പ്രദീപ് ഉഷസ്സ്

*ഫോട്ടോ: കെ.എസ്. ജസ്റ്റിൻ*

‘**എ**സ്.എഫ്.ഐക്കാർ ഏറെക്കാലമായി കണ്ണൂരിൽ നടത്തുന്നത് ഭീഷണിയുടെ രാഷ്ട്രീയമാണ്. ഇതരസംഘടനകൾക്ക് പ്രവർത്തനാസ്വാതന്ത്ര്യവും, ജനാധിപത്യാവകാശങ്ങളും നിഷേധിച്ച് ഏകാധിപത്യ പ്രവണതയാണിവർ കാമ്പസുകളിൽ അടിച്ചേൽപ്പിക്കുന്നത്. അതിനെതിരേ പ്രതിരോധിക്കുന്നതുകൊണ്ടാണ് എഐ.എസ്.എഫിനെതിരേ ഇവർ കടന്നാക്രമണവും വധഭീഷണിയുമൊക്കെ ഉയർത്തുന്നത്. പക്ഷേ ആവിധം ഭീഷണികൾക്ക് മുന്നിൽ ഞങ്ങൾ കീഴടങ്ങുകയില്ല... ജനാധിപത്യരീതിയിൽ പ്രതിരോധിക്കുക തന്നെ ചെയ്യും...’ ആൾ ഇന്ത്യാ സ്റ്റുഡന്റ്സ് ഫെഡറേഷൻ (എ.ഐ.എസ്.എഫ്) കണ്ണൂർ ജില്ലാ സെക്രട്ടറി എം. അഗേഷ് ‘കേരളശബ്ദ’ത്തോട് പറഞ്ഞു.

ആ കൂടിക്കാഴ്ചയിൽ നിന്ന്...

കാമ്പസുകളിൽ എസ്.എഫ്.ഐ നടപ്പാക്കുന്ന ഏകാധിപത്യ പ്രവണതയുടെയും ഭീകരവാഴ്ചയുടെ ചിത്രം മനസ്സിലാക്കാൻ കണ്ണൂർ തോട്ടട ഐ.ടി.ഐയിലെ വിദ്യാർത്ഥിയായിരുന്ന അമർജിത്തിന് നേരിടേണ്ടി വന്ന അനുഭവം മാത്രം മതി. കൊടിയ ശാരീരിക പീഡനങ്ങൾ മാത്രമല്ല, മാനസിക പീഡനങ്ങളും ഏറ്റുവാങ്ങേണ്ടി വന്ന ആ വിദ്യാർത്ഥി നേതാവ് ഇപ്പോഴും ആ ഷോക്കിൽ നിന്ന് വിമുക്തി നേടിയിട്ടില്ല. അതിനുവേണ്ടി എന്തുകുറ്റമാണ് അമർജിത്ത് ചെയ്തത്? ഐ.ടി.ഐയിലെ തെരഞ്ഞെടുപ്പിന് എ.ഐ.എസ്.എഫിന്റെ സ്ഥാനാർത്ഥിയെ പിന്തുണയ്ക്കാൻ തയ്യാറായി എന്നതാണ് എസ്.എ

ഫ്.ഐ നേതാക്കന്മാർ കണ്ടെത്തിയ കുറ്റം.

തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ശ്രേയ എന്ന എ.ഐ.എസ്.എഫ് പ്രവർത്തക തയ്യാറായപ്പോഴേ ഭീഷണിയുമായി എസ്.എഫ്.ഐക്കാർ രംഗത്തുവന്നു. 'ഇവിടെ എസ്.എഫ്.ഐയുടെ കോട്ടയാണ്. ഇവിടെ മറ്റാർക്കും മത്സരിക്കാമെന്ന് കരുതരുത്. ഏകപക്ഷീയമായി എസ്.എഫ്.ഐയെ വിജയിപ്പിക്കണം. അതിനായി മത്സരിക്കാതെ മാറിനിൽക്കണം' എന്ന മട്ടിലായിരുന്നു എസ്.എഫ്.ഐക്കാരുടെ ഭീഷണി. എന്നാൽ ആ ഭീഷണിക്ക് വഴങ്ങാതെ മത്സരിക്കാൻ തന്നെ ശ്രേയ തയ്യാറായി. എന്നാൽ എസ്.എഫ്.ഐക്കാരെ പേടിച്ച് മറ്റാരും പിന്തുണയ്ക്കാൻ പോലും തയ്യാറായില്ല. ആ സമയത്താണ് എ.ഐ.എസ്.എഫിന്റെ സജീവ പ്രവർത്തകനായ അമർജിത്ത് പിന്തുണയ്ക്കാൻ തയ്യാറായത്. അതോടെ ഭീഷണി അമർജിത്തിന് നേരെയായി. നോമിനേഷൻ കൊടുക്കേണ്ട അവസാനദിവസം, കാമ്പസിലെത്തിയ അമർജിത്തിനെനാടകീയമായി കാണാതായി.

പ്രവർത്തകരെല്ലാം അങ്കലാപ്പിലായി. എല്ലായിടത്തും തെരച്ചിൽ നടന്നു, ഒടുവിലാണ് കാര്യങ്ങൾ വ്യക്തമായത്. സിനിമാസ്റ്റൈലിലുള്ള തട്ടിക്കൊണ്ടുപോകൽ തന്നെയായിരുന്നു. എസ്.എഫ്.ഐയുടെ മറ്റൊരു ആധിപത്യകേന്ദ്രമായ കണ്ണൂർ പോളിടെക്നിക്കിലേക്കാണ് അവർ അമർജിത്തിനെബലം പ്രയോഗിച്ച് കടത്തിക്കൊണ്ടുപോയത്. അവിടെ ഒരു മുറിയിൽ അടച്ചിട്ട് കൊടിയപീഡനമായിരുന്നു. എസ്.എഫ്.ഐയുടെ കോളേജിലെ നേതാക്കളുടെ സാന്നിദ്ധ്യത്തിൽ അമർജിത്തിനെചിലർ മൃഗീയമായി മർദ്ദിച്ചു. മണ്ണ് കുഴച്ച് ചളിയാക്കി അതിൽ ഹവായി ചെരിപ്പ് മുക്കിയാണ് വിദ്യാർത്ഥിയുടെ മുഖത്തടിച്ചത്... വളഞ്ഞിട്ട് കൂക്കുവിളിച്ച് മാനസികമായി തളർത്തി. മാത്രവുമല്ല, ഒരു വടിയിൽ എസ്.എഫ്.ഐ പതാക കെട്ടി അതും പിടിപ്പിച്ചുനടത്തി. എസ്.എഫ്.ഐയ്ക്ക് അനുകൂലമായി മുദ്രാവാക്യവും വിളിപ്പിച്ചു. അങ്ങനെഅങ്ങനെഎത്രമാത്രം മാനസികപീഡനങ്ങൾ.. മാസങ്ങളോളം കാമ്പസിൽ വരാതെ വീടിനുള്ളിൽ തന്നെ കഴിയുകയായിരുന്നു അമർജിത്ത്. വീട്ടുകാരും, സഹപാഠികളും, നല്ലവരായ ചില നാട്ടുകാരുമൊക്കെ ഏറെ ശ്രമിച്ചതിനുശേഷമാണ് അവനെപഴയ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്.

നോക്കൂ, ഇത് ഒരു അമർജിത്തിന്റെ മാത്രം അനുഭവമല്ല. ഈ വിധത്തിൽ എത്രയെത്രയോ അമർജിത്തുമാരെ ഈ കണ്ണൂരിന് ചൂണ്ടിക്കാണിച്ച് തരാനുണ്ട്. തനിക്ക് നേരിടേണ്ടി വന്ന ദുരനുഭവങ്ങൾ വ്യക്തമാക്കി തോട്ടട പോലീസ് സ്റ്റേഷനിൽ അമർജിത്ത് പരാതി നൽകിയിരുന്നു. പക്ഷേ, അന്വേഷണം എവിടെയും എത്തിയിട്ടില്ല, പതിവുപോലെ ഇഴഞ്ഞുനീങ്ങുകയാണ്. അതിന് കാരണമെന്താണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ... ക്രിമിനലുകൾക്കുവേണ്ടി ഉന്നതതലത്തിൽ തന്നെ സമ്മർദ്ദം ചെലുത്താൻ ആളുണ്ടാകുമ്പോൾ ഇങ്ങനെയൊക്കെയല്ലേ നടക്കൂ...

> **ഭീകരവാഴ്ചയുടെ ചിത്രം മനസ്സിലാക്കാൻ കണ്ണൂർ തോട്ടട ഐ.ടി.ഐയിലെ വിദ്യാർത്ഥിയായിരുന്ന അമർജിത്തിന് നേരിടേണ്ടി വന്ന അനുഭവം മാത്രം മതി. കൊടിയ ശാരീരിക പീഡനങ്ങൾ മാത്രമല്ല, മാനസിക പീഡനങ്ങളും ഏറ്റുവാങ്ങേണ്ടി വന്ന ആ വിദ്യാർത്ഥി നേതാവ് ഇപ്പോഴും ആ ഷോക്കിൽ നിന്ന് വിമുക്തി നേടിയിട്ടില്ല.**

### പ്രവർത്തനസ്വാതന്ത്ര്യമില്ല; ഏകാധിപത്യവാഴ്ച മാത്രം

കണ്ണൂർ ധർമ്മശാലയിലെ എഞ്ചിനീയറിംഗ് കോളേജ് എസ്.എഫ്.ഐയുടെ ശക്തികേന്ദ്രമാണ്, അതുകൊണ്ടുതന്നെ അവരുടെ ഫാസിസ്റ്റ് വാഴ്ചകൾ ഏറ്റവും ശക്തമായി പ്രകടമാക്കുന്ന മറ്റൊരു സ്ഥലവും. എസ്.എഫ്.ഐ അല്ലാതെ, മറ്റൊരു വിദ്യാർത്ഥി പ്രസ്ഥാനത്തിനും അവിടെ പ്രവേശനമില്ല; പ്രവർത്തനസ്വാതന്ത്ര്യവുമില്ല. എ.ഐ.എസ്.എഫിന്റെ ജില്ലാസെക്രട്ടറിയായ എനിക്കോ, മറ്റ് പ്രവർത്തകർക്കോ ആ കാമ്പസിലേക്ക് പ്രവേശിക്കാൻ പോലും കഴിഞ്ഞിട്ടില്ല, എസ്.എഫ്.ഐയുടെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യില്ലെന്ന് ഉറപ്പുള്ളവരോട് മാത്രമേ അൽപ്പമെങ്കിലും ദയാദാക്ഷിണ്യം അവരിൽനിന്ന് കനിഞ്ഞുകിട്ടുകയുള്ളൂ.

ജനാധിപത്യമര്യാദകളെ അതിർലംഘിച്ചുകൊണ്ട് ക്യാമ്പസിനുള്ളിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളിൽ മനം മടുത്താണ് അൻപതോളം വിദ്യാർത്ഥികൾ എ.ഐ.എസ്.എഫുമായി സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചത്, മലപ്പുറം, കോട്ടയം ജില്ലകളിൽ നിന്നുള്ള ചില വിദ്യാർത്ഥികളാണ് ഇതിന് നേതൃത്വം നൽകിയത്. ഇവരുടെ പ്രതിനിധികളായി പതിനഞ്ച് പേർ എ.ഐ.എസ്.എഫിന്റെ നേതാക്കളുമായി ചർച്ചയും നടത്തിയിരുന്നു. ആ ചർച്ചയിൽ ഞാനും പങ്കുചേർന്നിരുന്നു. ഒരു വിധത്തിലും മറ്റൊരു വിദ്യാർത്ഥി യൂണിയന്റെ പ്രവർത്തനം അവർ അനുവദിക്കില്ലെന്നും, എങ്കിലും ചെറിയ തോതിൽ മുന്നോട്ടുപോകാമെന്നും, ഒപ്പമുള്ള അൻപതോളം വിദ്യാർത്ഥികളും ഇതേ അഭിപ്രായക്കാരാണെന്നും അവർ വ്യക്തമാക്കുകയും ചെയ്തു.

അന്ന് രാത്രിയാണ് ചില അനിഷ്ടസംഭവങ്ങൾ നടന്നത്. എസ്.എഫ്.ഐയുടെ ചില നേതാക്കളുടെ നേതൃത്വത്തിൽ ചില ക്രിമിനലുകൾ അടക്കം ഹോസ്റ്റലിൽ അതിക്രമിച്ചുകയറി. ഞങ്ങളുമായി ചർച്ച നടത്തിയ അൻപതുപേരെയും മാരകമായി അറ്റാക്ക് ചെയ്തു. ആയുധങ്ങളുമായി നടത്തിയ ആ തേർവാഴ്ചയിൽ ഭാഗ്യം കൊണ്ടുമാത്രമാണ് ജീവാപായമൊന്നും ഉണ്ടാകാതിരുന്നത്.

പിറ്റേദിവസം രാവിലെ കാമ്പസിൽ മറ്റൊരു അതിക്രമമാണ് അരങ്ങേറിയത്. ഞങ്ങളുമായി സഹകരിക്കാൻ തീരുമാനിച്ച മറ്റ് വിദ്യാർത്ഥികളെ അവർ വള

ഞ്ഞിട്ട് വേട്ടയാടി. വിദ്യാർത്ഥികളെ വിളിച്ചുകൂട്ടി അവർക്കിടയിലിട്ട് ക്രൂരമായി മർദ്ദിച്ചു. എസ്.എഫ്.ഐ വിട്ട് മറ്റ് എവിടെയെങ്കിലും ചേരാൻ പോയാൽ ഇതായിരിക്കും അനുഭവമെന്നവർ പരസ്യമായി ഭീഷണിപ്പെടുത്തുകയും ചെയ്തു.

### ഏകപക്ഷീയ വിജയങ്ങൾക്ക് പിന്നിൽ

എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക്, ഐ.ടി.ഐ, എസ്.എൻ. കോളേജ്, ബ്രണ്ണൻ കോളേജ് തുടങ്ങി കണ്ണൂരിലെ എല്ലാ കലാലയങ്ങളിലും എസ്.എഫ്.ഐയുടെ തേർവാഴ്ചയാണ്. പയ്യന്നൂർ, മയ്യിൽ, ആന്തൂർ, തളിപ്പറമ്പ് തുടങ്ങിയ മേഖലകളിലെ കോളേജുകളിൽ മാത്രമല്ല സ്കൂളുകളിൽപ്പോലും ഈ വിധത്തിലുള്ള ഏകാധിപത്യപ്രവണതയാണ് ഇവർ പുലർത്തുന്നത്. പുറത്തുനിന്ന് പാർട്ടിക്കാരുടെ പിന്തുണയും അകത്തുനിന്ന് പാർട്ടിക്കാരായ അദ്ധ്യാപകരുടെ വഴിവിട്ട പിന്തുണയുമാണ് ഇവർക്കിതിന് സഹായം.

ഇവിടെ എല്ലായിടത്തും എതിരാളികൾപോലുമില്ലാതെ ഏകപക്ഷീയ വിജയമാണ് എസ്.എഫ്.ഐ നേടുന്നത് എന്നാണ് ഇവരുടെ അവകാശവാദം. തീർച്ചയായും തെരഞ്ഞെടുപ്പുകളിൽ വിജയിക്കുന്നത് എസ്.എഫ്.ഐ തന്നെയാണ്. കാമ്പസ്സുകളിലെ പ്രമുഖശക്തിയും അവർ തന്നെയാണ്. അതെല്ലാം ഞങ്ങളും അംഗീകരിക്കുന്നു. പക്ഷേ, ആ നേട്ടങ്ങൾ കൈവരിക്കുന്നത് ജനാധിപത്യ രീതിയിൽ ആണോ? അതോ ഫാസിസ്റ്റ് ശൈലിയിൽ ഇതര സംഘടനകളെ അടിച്ചൊതുക്കിക്കൊണ്ടാണോ? എതിർസംഘടനകളെ പ്രവർത്തിക്കാൻ പോലുമനുവദിക്കാതെ, പുറമെ നിന്നുള്ള സഹായത്തോടെ അടിച്ചൊതുക്കുകയും, തെരഞ്ഞെടുപ്പ് സമയങ്ങളിൽ സ്ഥാനാർത്ഥികളെ ഭീഷണിപ്പെടുത്തി പിൻമാറ്റുകയും ചെയ്താണ് പലയിടത്തും ഏകപക്ഷീയ വിജയമിവർ നേടുന്നത്. നോക്കൂ ബ്രണ്ണൻ കോളേജ്, പയ്യന്നൂർ കോളേജ് തുടങ്ങിയയിടങ്ങളിൽ നിന്നെല്ലാം യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരെ തെരഞ്ഞെടുക്കുന്നത് പലപ്പോഴും എതിരില്ലാതെയാണ്. എതിർ സംഘടനാപ്രവർത്തനങ്ങൾ തടഞ്ഞുകൊണ്ട് ഏകപക്ഷീയ വിജയം നേടുന്നത് എന്ത് ജനാധിപത്യമാണ്?

കോളേജുകളിൽ തങ്ങളുടെ ശക്തി ഉറപ്പിക്കാൻ ഏത് വഴിയുമിവർ തേടുമെന്നതിന് എത്രയോ ഉദാഹരണങ്ങൾ പറയാനുണ്ട്. കണ്ണൂരിലെ ചിന്മയ കോളേജിൽ ഉണ്ടായ അനിഷ്ടസംഭവങ്ങൾക്ക് പിറകിൽ അതാണുള്ളത്. അദ്ധ്യാപകരും, മാനേജ്മെന്റും തമ്മിലുള്ള തർക്കത്തിൽ പരോക്ഷമായി ഇടപെട്ട് തങ്ങൾക്കനുകൂല അന്തരീക്ഷം സൃഷ്ടിക്കുകയും, പിന്നീട്, കോളേജിലെ ഭൗതിക സാഹചര്യങ്ങൾ തകർക്കുന്ന വിധത്തിലേക്ക് അത് വളർത്തിയെടുക്കുകയുമായിരുന്നു. വിദ്യാർത്ഥി പ്രവേശനത്തെക്കുറിച്ചുള്ള തർക്കത്തിൽ ഇടപെട്ടുകൊണ്ടാണിവർ കോളേജ് ആകെ അടിച്ചു തകർത്തത്. ഈ സാഹചര്യത്തിലാണ് കണ്ണൂരിലെ കാമ്പസുകളിൽ നടക്കുന്ന അക്രമവാഴ്ചകളുടെ പിന്നാമ്പുറങ്ങൾ തുറന്ന് കാണിച്ച് എ.ഐ. എസ്.എഫ് ശക്തമായ പ്രചരണങ്ങളുമായി രംഗത്തുവന്നത്. ഇത് എസ്.എഫ്.ഐ നേതാക്കളെ വല്ലാതെ പ്രകോപിപ്പിച്ചിരുന്നു.

ഇതിനുമുമ്പ് കണ്ണൂരിലെ കാമ്പസ്സുകളിൽ സമാധാനാന്തരീക്ഷവും, അക്രമസംസ്കാരത്തിനെതിരായ ഐക്യബോധവും ഉണ്ടാക്കുക എന്ന



**യൂണിവേഴ്സിറ്റി കോളേജിൽ സഹപ്രവർത്തകന്റെ നെഞ്ചിൽ കത്തി കുത്തിയിറക്കിയിട്ട് 'ഒറ്റപ്പെട്ട സംഭവമെന്ന്' വഴി തിരിച്ചുവിടാനുള്ള വ്യഗ്രതയാണ് എസ്.എഫ്.ഐ നേതാക്കൾ നടത്തുന്നത്. അതേസമയം കണ്ണൂരിലെ കാമ്പസുകളിൽ, അധികാരശക്തി നിലനിർത്താനായി അക്രമരാഷ്ട്രീയാന്തരീക്ഷമിവർ സജീവമായി നിലനിർത്തുകയും ചെയ്യുന്നു.**

ലക്ഷ്യത്തോടെ, കളക്ടർ വിളിച്ചുചേർത്ത വിദ്യാർത്ഥി സംഘടനാപ്രതിനിധികളുടെ യോഗത്തിൽ, ഇവിടുത്തെ കലാലയങ്ങളിൽ ബോധപൂർവ്വം പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് എസ്.എഫ്.ഐ ആണെന്ന് കാര്യകാരണസഹിതം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഇവിടുത്തെ ഏറ്റവും വലിയ സംഘടനയായ എസ്.എഫ്.ഐ മാത്രം വിചാരിച്ചാൽ ഇവിടെ സമാധാനാന്തരീക്ഷമുണ്ടാകും എന്നാണ് ഞാൻ സംസാരിച്ചത്. അന്ന് കളക്ടറുടെയും, മറ്റ് ഉന്നതോദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിലാണ് എസ്.എഫ്.ഐ നേതാക്കൾ എന്നെപ്പോലുള്ള ഇതര വിദ്യാർത്ഥി പ്രതിനിധികളെ ധാർഷ്ട്യസമീപനത്തോടെ മോശമായ ഭാഷയിൽ സംസാരിച്ചത്, ഞങ്ങൾക്കതിൽ അത്ഭുതമൊന്നുമില്ല. കാരണം കാലാകാലമായി ഞങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതും ഇത്തരം വെല്ലുവിളി രാഷ്ട്രീയം തന്നെയാണല്ലോ.

**കൊലവിളിയുടെ രാഷ്ട്രീയം**

പുറമെനിന്നുള്ള ക്രിമിനൽ സംഘങ്ങൾക്ക് പിന്തുണയും, പാർട്ടി ബന്ധമുള്ളവരിൽനിന്ന് ലഭിക്കുന്ന സാമ്പത്തിക പിൻബലവുമൊക്കെയാണ് കാമ്പസിനുള്ളിൽ ഏത് എതിർസ്വരങ്ങളേയും അടിച്ചമർത്താൻ ഇവർക്ക് കരുത്താകുന്നത്. സഹിക്കുന്നതിന് ഒരു പരിധിയൊക്കെയില്ലേ. ഒരു ഇടതുപക്ഷ വിദ്യാർത്ഥി സംഘടനഎന്ന പരിഗണനപോലുമില്ലാതെയാണ് കണ്ണൂരിലെ എസ്.എഫ്.ഐ നേതാക്കൾ, ഇവിടെ എ.ഐ.എസ്.എഫിനെവേട്ടയാടിക്കൊണ്ടിരിക്കുന്നത്. എത്രയോ പ്രവർത്തകർക്ക് ഇവരിൽ നിന്നുള്ള കായികമായ ആക്രമണം നേരിട്ടിട്ടുണ്ട്. ഇപ്പോൾ കയ്യാങ്കളി മാത്രമല്ല, തട്ടിക്കളയുമെന്ന ഭീഷണി തന്നെയാണ് നടത്തുന്നത്. ഞാൻ ജില്ലാ സെക്രട്ടറി ആയതിനാൽ ഇപ്പോൾ ഭീഷണികൾ എനിക്ക് നേരെയാണ്.

എസ്.എഫ്.ഐയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി ഷിബിൻ കാനായി ആണ് എന്നെ ഫോണിൽ, വിളിച്ച് വധഭീഷണി മുഴക്കിയത്. ഈക്കളി നിർത്തിക്കോ അല്ലെങ്കിൽ എന്താണ് ചെയ്യേണ്ടതെന്ന് ഞങ്ങൾക്കറിയാം. നീയിനി എത്രകാലം വേണമെന്ന് ഞങ്ങൾ തീരുമാനിക്കും, അടങ്ങിനിന്നോണം, ഇനിയും ഇങ്ങനെയാണ് മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നതെങ്കിൽ, എന്ത് ചെയ്യണമെന്ന് നന്നായി അറിയാമെന്ന' വിധത്തിലായിരുന്നു ഭീഷണി. 'ജീവൻ ഉള്ളിടത്തോളം സംഘടനാപ്രവർത്തനങ്ങളുമായി ഞാൻ മുന്നോട്ടു പോകും. ചെയ്യാനുള്ളത് ചെയ്തോ' എന്ന് ഞാൻ മറുപടിയും കൊടുത്തു...

എതിർശബ്ദങ്ങളെ ആശയപരമായി നേരിടുന്ന സംസ്കാരമൊക്കെ എസ്.എഫ്.ഐയ്ക്ക് എന്നെ നഷ്ടപ്പെട്ട് കഴിഞ്ഞിരിക്കുന്നു. കയ്യൂക്കിന്റെയും വടിവാളിന്റെയും രാഷ്ട്രീയം തന്നെയാണിവർ പയറ്റുന്നത്. യൂണിവേഴ്സിറ്റി കോളേജിൽ സഹപ്രവർത്തകന്റെ നെഞ്ചിൽ കത്തി കുത്തിയിറക്കിയിട്ട് 'ഒറ്റപ്പെട്ട സംഭവമെന്ന്' വഴിതിരിച്ചുവിടാനുള്ള വ്യഗ്രതയാണ് എസ്.എഫ്.ഐ നേതാക്കൾ നടത്തുന്നത്. അതേസമയം കണ്ണൂരിലെ കാമ്പസുകളിൽ, അധികാരശക്തി നിലനിർത്താനായി അക്രമരാഷ്ട്രീയാന്തരീക്ഷമിവർ സജീവമായി നിലനിർത്തുകയും ചെയ്യുന്നു. ഇടതുപക്ഷ ചിന്താധാര ഉയർത്തി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തിന് എത്രമാത്രം ഭൂഷണമാണിതെന്ന് അവർ തന്നെ പരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

> **പുറമെനിന്നുള്ള ക്രിമിനൽ സംഘങ്ങൾക്ക് പിന്തുണയും, പാർട്ടി ബന്ധമുള്ളവരിൽനിന്ന് ലഭിക്കുന്ന സാമ്പത്തിക പിൻബലവുമൊക്കെയാണ് കാമ്പസിനുള്ളിൽ ഏത് എതിർസ്വരങ്ങളേയും അടിച്ചമർത്താൻ ഇവർക്ക് കരുത്താകുന്നത്.**

**തിരുവനന്തപുരത്തു നിന്ന് കണ്ണൂരിലേക്കുള്ള ദൂരം**

തിരുവനന്തപുരത്ത് കാമ്പസിനുള്ളിൽ ഒരു സഹപാഠിയെ കുത്തി വീഴ്ത്തിയപ്പോൾ ശക്തമായ പ്രതിഷേധമുണ്ടായി. എസ്.എഫ്.ഐയിലെ ചില നേതാക്കൾക്കെതിരേ വിദ്യാർത്ഥികൾ പ്രതിഷേധവുമായി തെരുവിലിറങ്ങിയ കാഴ്ചയും നാം കണ്ടു. പക്ഷേ, അങ്ങനെയൊരു കാഴ്ച, തീവ്രമായൊരു പ്രതിഷേധം ഇതൊന്നും കണ്ണൂരിൽ ഒരിക്കലും ഉണ്ടാകില്ല. കാരണം, തിരുവനന്തപുരത്തേയും, കണ്ണൂരിലേയും രാഷ്ട്രീയ അന്തരീക്ഷം തികച്ചും വ്യത്യസ്തമാണ്. കണ്ണൂരിൽ വിദ്യാർത്ഥികൾ എസ്.എഫ്.ഐക്കെതിരേ പ്രതിഷേധവുമായി രംഗത്തിറങ്ങിയാൽ ക്രിമിനലുകൾ നേരെ പോകുന്നത്, വിദ്യാർത്ഥികൾക്ക് നേരെയായിരിക്കില്ല; മറിച്ച് അവരുടെ വീടുകളിലേക്കായിരിക്കും; ഭീഷണിപ്പെടുത്തുന്നത് അവരുടെ രക്ഷിതാക്കളെ ആയിരിക്കും. വീടുകൾ കയറി അക്രമഭീഷണി മുഴക്കുമ്പോൾ, ജീവനിൽ കൊതിയുള്ള ആരാണ് പ്രതിഷേധസ്വരവുമായി രംഗത്തുവരിക. അതുകൊണ്ടുതന്നെ കണ്ണൂരിൽ നടക്കുന്നതൊന്നും പൊതുമണ്ഡലത്തിൽ ചർച്ചയായി വരാതെ, അവിടങ്ങളിൽ തന്നെ കെട്ടടങ്ങിപ്പോവുകയാണ്... സ്വാതന്ത്ര്യത്തെപ്പറ്റിയും, ജനാധിപത്യത്തെപ്പറ്റിയുമൊക്കെ ഗംഭീരമായി എസ്.എഫ്.ഐക്കാർ പറയും, പക്ഷേ അതൊക്കെ തങ്ങൾക്ക് മാത്രം മതിയെന്നാണ് അവരുടെ ലൈൻ- ഏകാധിപത്യപ്രവണതയാണ് കണ്ണൂരിലിവർ നടപ്പാക്കുന്നത്.

ഇവിടെ കെ.എസ്.യുവുണ്ട്, എം.എസ്.എഫുണ്ട്, എ.ബി.വി.പിയുണ്ട് മറ്റ് ഒട്ടേറെ വിദ്യാർത്ഥി സംഘടനകളുണ്ട്. അവരോടൊന്നുമില്ലാത്തത്ര വാശിയും വൈരാഗ്യവുമാണ് കണ്ണൂരിൽ എ.ഐ.എസ്.എഫിനു നേരേ എസ്.എഫ്.ഐ നേതാക്കൾ കാണിക്കുന്നത്. എന്താണതിന് കാരണമെന്ന് അവർതന്നെ വിശദീകരിക്കണം. ഇതിനുമുമ്പ് ഇരിക്കൂറിൽ നടന്ന എസ്.എഫ്.ഐയുടെ ഏരിയാ സമ്മേളനത്തിൽ നടന്ന ചർച്ച മറ്റേത് സംഘടനവന്നാലും, എ.ഐ.എസ്.എഫ് വരാൻ അനുവദിക്കരുത് എന്നായിരുന്നു. തലശ്ശേരിയിൽ നടന്ന എസ്.എഫ്.ഐയുടെ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി നടന്ന സെമിനാറിൽ, എ.ബി.വി.പിയേയും, കാമ്പസ് ഫ്രന്റിനേയും വരെ ക്ഷണിച്ചവർ, എ.ഐ.എസ്.എഫിനെആ സെമിനാറിൽനിന്ന് ബോധപൂർവ്വം അകറ്റിനിർത്തുകയായിരുന്നു. ഇതെന്തുകൊണ്ടാണ്?

> **കണ്ണൂരിൽ വിദ്യാർത്ഥികൾ എസ്.എഫ്.ഐക്കെതിരേ പ്രതിഷേധവുമായി രംഗത്തിറങ്ങിയാൽ ക്രിമിനലുകൾ നേരെ പോകുന്നത്, വിദ്യാർത്ഥികൾക്ക് നേരെയായിരിക്കില്ല; മറിച്ച് അവരുടെ വീടുകളിലേക്കായിരിക്കും; ഭീഷണിപ്പെടുത്തുന്നത് അവരുടെ രക്ഷിതാക്കളെ ആയിരിക്കും.**

അതിനൊന്നും ഇവർക്ക് ജനാധിപത്യരീതിയിൽ മറുപടിയില്ല. ധാർഷ്ട്യരീതിയിൽ 'ഞങ്ങൾക്ക് സൗകര്യമില്ലായിരുന്നു' എന്ന മട്ടിലാണ് പ്രതികരണം.

കണ്ണൂരിൽ എ.ഐ.എസ്.എഫിനുനേരെ ഇവരിങ്ങനെകൊലവിളി നടത്തുന്നുവെന്നതിന്റെ കാരണമെന്തെന്ന് ഞങ്ങൾക്ക് നന്നായി അറിയാം. മുഖാമുഖമുയർത്തുന്ന ചോദ്യങ്ങൾക്ക് അതേവിധത്തിൽ മറുപടി നൽകാൻ കഴിയാതെ വരുമ്പോഴാണ് കായികമായവർ പ്രതിരോധിക്കാനിറങ്ങുന്നത്, ആശയപോരാട്ടത്തിന് തയ്യാറാകാത്തത്.

**പ്രസംഗം ഒരു വഴി;**

**പ്രവൃത്തി മറ്റൊരു വഴി**

എസ്.എഫ്.ഐയും, എ.ഐ.എസ്.എഫും ഒരേപാതയിൽ സഞ്ചരിക്കുന്നവരാണ്; സഞ്ചരിക്കേണ്ടവരുമാണ്. കൊടിയുടെ നിറം മാത്രമേ വ്യത്യാസമുള്ളു. ഒരേ ആശയത്തിൽ വിശ്വസിക്കുന്നവർ, സഖാവേ എന്ന് വിളിക്കുന്നവർ. എന്നിട്ടും ഞങ്ങൾ ശത്രുപക്ഷത്ത് ആകുന്നത് എന്തുകൊണ്ടാണ്.

ഉത്തരം വളരെ വ്യക്തമാണ്. കെ.എസ്.യുവും, എം.എസ്.എഫുമടക്കമുള്ള ഇതരസംഘടനകൾ ഇവരുടെ ധാർഷ്ട്യസമീപനത്തിനുമുന്നിൽ പിടിച്ചുനിൽക്കാനാവാതെ കീഴടങ്ങുമ്പോൾ, എസ്.എഫ്.ഐയുടെ അവസരവാദസമീപനങ്ങളെ ചോദ്യം ചെയ്യുന്നതിലും, തുറന്ന് കാണിക്കുന്നതിലും, എ.ഐ.എസ്.എഫ് ശ്രമിച്ചിട്ടുണ്ട്. ഒട്ടേറെ പരിമിതികൾക്കുള്ളിലാണ് ഞങ്ങളിവിടെ സംഘടനാപ്രവർത്തനം നടത്തുന്നത്. എന്നിട്ടും ഞങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്ക് കാമ്പസിനുള്ളിൽ, അതേവിധത്തിൽ മറുപടി നൽകാനിവർക്ക് കഴിയുന്നതേയില്ല.

ഇതരജില്ലകളിലെപ്പോലെയല്ല, കണ്ണൂരിൽ സ്ഥിതിഗതികൾ ഏറെ വ്യത്യസ്തമാണ്. സ്വാശ്രയകോളേജ് വിഷയംതന്നെ എടുത്തുനോക്കൂ... ആ സമരത്തിനുവേണ്ടി അഞ്ച് രക്തസാക്ഷികളെ നൽകിയ മണ്ണാണിത്. ജീവിക്കുന്ന രക്തസാക്ഷിയുടെ നാടാണിത്. ആ കണ്ണൂരിലാണ് പല സ്വാശ്രയകോളേജുകളുടെ നടത്തിപ്പിലും പഴയ എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ നേതാക്കൾക്ക് മുഖ്യപങ്കുള്ളത്. വിദ്യാഭ്യാസ കച്ചവടത്തിനെതിരായി പ്രസംഗിച്ചവരിന്ന് കണ്ണൂരിൽ അതിന്റെ നടത്തിപ്പുകാരായി മാറുന്നു.

പ്രകൃതിസംരക്ഷണത്തിനായി നിർത്താതെ പ്രസംഗിക്കുന്നവർ തന്നെയാണിന്ന് മലയോരങ്ങളിലെ പല ചെങ്കൽ ക്വാറികളുടേയും ഉടമകൾ. അതല്ലെങ്കിൽ ക്വാറികളുടെയും, മണൽ കച്ചവടക്കാരുടേയും സംരക്ഷകർ.. പ്രസംഗം ഒരു വഴിക്ക് ചെയ്യുന്ന കാര്യങ്ങൾ മറ്റൊരു വഴിക്ക്..

എന്തിന് രക്തസാക്ഷികളുടെ വിഷയത്തിൽപ്പോലും ആത്മാർത്ഥ സമീപനമുണ്ടോ? മഹാരാജാസിലെ അഭിമന്യു പിടഞ്ഞുവീണിട്ട് ഒരു വർഷം കഴിഞ്ഞു. പിരിവ് നടത്തി, വീടുവെച്ചു കൊടുത്തു എന്ന് പറഞ്ഞിട്ടുമാത്രം കാര്യമില്ല. യഥാർത്ഥ പ്രതികളെ പിടിക്കാൻ ഇതുവരെ കഴിഞ്ഞോ? അതിനുവേണ്ടി ചെറുവിരൽ അനക്കാൻ പോലും എസ്.എഫ്.ഐയ്ക്ക് കഴിയുന്നില്ലല്ലോ?

അധികാരശക്തികളുടെ പിൻബലത്താൽ കാമ്പസുകളെ അടക്കി ഭരിക്കുന്ന ധാർഷ്ട്യം കൊണ്ട് ഏവരെയും നിശബ്ദമാക്കാമെന്നുള്ളത് മൂഢധാരണയാണ്. ചില അദ്ധ്യാപക സംഘടനാനേതാക്കളുടെ വഴിവിട്ട സഹായമാണ് ഇവർക്ക് സഹായമാകുന്നത്. ഈ നേതാക്കളിൽ പലരും ക്ലാസിൽ കയറാറില്ല. പക്ഷേ, നേതാക്കൾക്ക് ആവശ്യത്തിന് അറ്റന്റൻസ് ഉണ്ടാകും. ഇതെല്ലാം കാമ്പസിലെ കുട്ടികൾക്കറിയാം. പക്ഷേ ആരുമതിനെചോദ്യം ചെയ്യാൻ മുതിരാറില്ല. അങ്ങനെചെയ്താൽ എന്താണ് സംഭവിക്കുക എന്നവർക്ക് നന്നായി അറിയാം.



**രക്തസാക്ഷികളുടെ വിഷയത്തിൽപ്പോലും ആത്മാർത്ഥ സമീപനമുണ്ടോ? മഹാരാജാസിലെ അഭിമന്യു പിടഞ്ഞുവീണിട്ട് ഒരു വർഷം കഴിഞ്ഞു. പിരിവ് നടത്തി, വീടുവെച്ചു കൊടുത്തു എന്ന് പറഞ്ഞിട്ടുമാത്രം കാര്യമില്ല. യഥാർത്ഥ പ്രതികളെ പിടിക്കാൻ ഇതുവരെ കഴിഞ്ഞോ?**

എന്തുതന്നെയായാലും, ഈ ഭീഷണികൾക്കും, ധാർഷ്ട്യസമീപനങ്ങൾക്കും മുന്നിൽ കീഴടങ്ങാൻ എ.ഐ.എസ്.എഫ് തയ്യാറല്ല. ജനാധിപത്യരീതിയിൽ സംഘടനാപ്രവർത്തനവുമായി ഞങ്ങൾ മുന്നോട്ടുപോവുക തന്നെ ചെയ്യും. എ.ഐ.എസ്.എഫ് പൊതുസമൂഹത്തിലേക്ക് ഇറങ്ങുകയാണ്. വിദ്യാർത്ഥികളേയും, രക്ഷിതാക്കളേയും ബോധ്യപ്പെടുത്തുകയാണ്. അപ്പോൾ ഇനിയും വധഭീഷണികൾ വന്നേക്കാം.. മാരകമായ അതിക്രമങ്ങൾക്ക് ഇരയാകേണ്ടി വന്നേക്കാം. എങ്കിലും ഞങ്ങൾ ഉറപ്പിച്ചുതന്നെ പറയുന്നു, എസ്.എഫ്.ഐക്കാർ ഉയർത്തുന്ന കൊലവിളികൾക്കും ഭീഷണികൾക്കും മുന്നിൽ ഞങ്ങൾ കീഴടങ്ങുകയില്ല.. മുട്ടുവളയ്ക്കുകയുമില്ല.


●

# കസ്റ്റഡിക്കൊലയിൽ ഉന്നതരെ രക്ഷിക്കാൻ ശ്രമമോ ?

## എസ് ഐ യുടെ ജാമ്യാപേക്ഷയിൽ എസ് പിയുടേയും ഡിവൈഎസ്പിയുടേയും പങ്ക് പുറത്ത്,

**സാജൻ മാത്യു**





*കസ്റ്റഡിക്കൊലയിൽ അറസ്റ്റിലായ എഎസ്ഐ സി ബി റെജിമോനും ഡ്രൈവർ നിയാസും*

**നെ**ടുംകണ്ടം കസ്റ്റഡിക്കൊലയിൽ ആരോപണവിധേയരായ എസ് പിയെയും ഡിവൈഎസ്പിയെയും രക്ഷിച്ചെടുക്കാൻ ഉന്നതതല നീക്കം നടക്കുന്നുവെന്ന സംശയം ബലപ്പെടുന്നു. അറസ്റ്റിലായ എസ് ഐയുടെ ജാമ്യാപേക്ഷയിലൂടെ ഉന്നത ഉദ്യോഗസ്ഥരുടെ പങ്ക് പുറത്തായിട്ടും ചോദ്യം ചെയ്യാനോ കേസെടുക്കാനോ ക്രൈംബ്രാഞ്ച് തയ്യാറാകാത്തതാണ് ആക്ഷേപങ്ങൾക്ക് കാരണം. സർക്കാരും പ്രതിപക്ഷവും ഒത്തുകളിച്ച് പ്രഖ്യാപിച്ച ജുഡീഷ്യൽ കമ്മീഷൻ ഇല്ലാത്ത അധികാരം ഉപയോഗിച്ച് റീപോസ്റ്റുമോർട്ടം നിർദ്ദേശിച്ചതോടെ മൂപ്പിളപ്പത്തർക്കം പുകയുകയാണ്. കസ്റ്റഡിക്കൊലയിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് രാജ്കുമാറിന്റെ കുടുംബം കൂടി രംഗത്തെത്തിയതോടെ കാക്കിയുടെ മറവിൽ നരനായാട്ട് നടത്തിയ ഉന്നതർ വലയിലാകുമോ എന്നതാണ് ചോദ്യം.

രാജ്കുമാർ കസ്റ്റഡിക്കൊലയിൽ എസ് ഐ സാബു, എ എസ് ഐ കട്ടപ്പനവലിയപാറ ചരുവിൽ സി ബി റജിമോൻ, ഡ്രൈവർമാരായ നിയാസ്, സജീവ് ആന്റണി എന്നിവരെ കൊലക്കുറ്റം ചുമത്തിയാണ് ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തിട്ടുള്ളത്. പക്ഷെ ഇടുക്കി മുൻ എസ് പി കെ ബി വേണുഗോപാൽ, കട്ടപ്പന മുൻ ഡിവൈഎസ്പി ഷംസ് എന്നിവരെ ചോദ്യം ചെയ്യാനോ കേസെടുക്കാനോ ക്രൈംബ്രാഞ്ച് ഇതുവരെ തയ്യാറായിട്ടില്ല. റിമാൻഡ് ചെയ്യപ്പെട്ട് ദേവികുളം സബ്ജയിലിൽക്കഴിയുന്ന എസ് ഐ സാബു തൊടുപുഴ സെഷൻസ് കോടതിയിൽ നൽകിയ ജാമ്യാപേക്ഷയുടെ പകർപ്പ് 'കേരളശബ്ദ'ത്തിന് ലഭിച്ചിട്ടുണ്ട്. അതിൽ പറയുന്നത് "പ്രതിയെ (രാജ്കുമാറിനെ) അറസ്റ്റ് ചെയ്തതും തടവിൽ പാർപ്പിച്ചതും കട്ടപ്പന ഡിവൈഎസ്പിയുടേയും ഇടുക്കി എസ്പിയുടേയും അറിവും സമ്മതത്തോടും കൂടിയാണ്. വിശ്വസ്തനായ ജൂനിയർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ മേലുദ്യോഗസ്ഥരുടെ നിർദേശപ്രകാരം പ്രവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

> **സർക്കാരും പ്രതിപക്ഷവും ഒത്തുകളിച്ച് പ്രഖ്യാപിച്ച ജുഡീഷ്യൽ കമ്മീഷൻ ഇല്ലാത്ത അധികാരം ഉപയോഗിച്ച് റീപോസ്റ്റുമോർട്ടം നിർദ്ദേശിച്ചതോടെ മൂപ്പിളപ്പത്തർക്കം പുകയുകയാണ്.**

മാത്രമല്ല ഓരോ സമയത്തും കേസ് സംബന്ധിച്ച വിവരങ്ങൾ കട്ടപ്പനഡിവൈഎസ്പിയേയും ഇടുക്കി എസ്പിയേയും അറിയിച്ചിരുന്നു. എന്റെ ആഗ്രഹപ്രകാരമല്ല മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരമാണ് പ്രതിയെ തടവിൽ വച്ചത്"എന്നാണ്.

ഒന്നാം പ്രതിയായ എസ് ഐ സാബുവിന്റെ ജാമ്യാപേക്ഷയിലൂടെ ഉന്നത ഉദ്യോഗസ്ഥരുടെ പങ്ക് പുറത്തായിട്ടും ഇപ്പോൾ ഭീകര വിരുദ്ധ സ്ക്വാഡിന്റെ ചുമതല വഹിക്കുന്ന എസ്പി കെ ബി വേണുഗോപാലിനെയോ മുൻ കട്ടപ്പനഡിവൈഎസ്പി .ഷംസിനെയോ ക്രൈംബ്രാഞ്ച് ചോദ്യം ചെയ്തതായി അറിവില്ല. രാജ്കുമാറിനെ അറസ്റ്റ് രേഖപ്പെടുത്താതെ

ചോദ്യം ചെയ്യാനും പണം കണ്ടെടുക്കാനും കെ ബി വേണുഗോപാൽ എസ് ഐ യോട് ഗൺമാന്റെ ഫോണിലൂടെ നിർദ്ദേശിച്ചതായ മൊഴി ലഭിച്ചിട്ടും ക്രൈംബ്രാഞ്ചിന് കുലുക്കമില്ല എന്നാണ് വിവരം. ഗൺമാന്റെ കോൾ ലിസ്റ്റ് പരിശോധിച്ചാൽ കാര്യങ്ങൾ വ്യക്തമാകുമെന്നിരിക്കെ ക്രൈംബ്രാഞ്ച് കേസന്വേഷണം ഒച്ചിനെതോൽപ്പിക്കും വിധമെന്ന് പറയപ്പെടുന്നു. രാജ്കുമാറിനെനെടുംകണ്ടം പോലീസ് കസ്റ്റഡിയിലെടുത്ത ജൂൺ 12 നും 14 നും സ്പെഷ്യൽ ബ്രാഞ്ച് ഇടുക്കി എസ്പിയെ രേഖാമൂലം വിവരമറിയിച്ചിരുന്നുവെന്ന കാര്യം വ്യക്തമായിട്ടും എസ് പിക്കും ഡിവൈഎസ്പിക്കും എതിരെ തെളിവുകളും മൊഴികളുമുണ്ടായിട്ടും ക്രൈംബ്രാഞ്ച് ഉറക്കം നടിക്കുന്നുവെന്നാണ് ആക്ഷേപം. ഒരു സാധാരണക്കാരനെതിരേ ഇത്തരം ആരോപണമുയർന്നാൽ എന്തായിരിക്കും പോലീസിന്റെ നിലപാടെന്നുകൂടി ആലോചിക്കേണ്ടതാണ്.

കസ്റ്റഡിക്കൊല അന്വേഷിക്കാൻ സർക്കാർ നിയമിച്ച ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റീസ് നാരായണക്കുറുപ്പ് പീരുമേട് സബ്ജയിലിലും, താലൂക്ക് ആശുപത്രിയും,രാജ്കുമാറിന്റെ വീടും, നെടുംകണ്ടം പോലീസ് സ്റ്റേഷനും സന്ദർശിച്ച് തെളിവെടുപ്പ് നടത്തി മുമ്പോട്ട് നീങ്ങുകയാണ്. നെടുംകണ്ടം സ്റ്റേഷനിൽ വച്ച് പോലീസുകാർ ജനനേന്ദ്രിയത്തിൽ പച്ച ഈർക്കിൽ കടത്തിയെന്നും, മുളക് തേച്ചെന്നും രാജ്കുമാർ പറഞ്ഞതായി സഹതടവുകാരൻ തെളിവെടുപ്പിൽ മൊഴി നൽകിയിട്ടുണ്ട്. ഇതിനിടെ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് ജുഡീഷ്യൽ കമ്മീഷൻ റീപോസ്റ്റുമോർട്ടം ആവശ്യപ്പെട്ടതും വിവാദമായിട്ടുണ്ട്. ജുഡീഷ്യൽ കമ്മീഷന്റെ നിയമനം കസ്റ്റഡിക്കൊലയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് മാത്രമെന്നും, റീപോസ്റ്റുമോർട്ടം നിർദ്ദേശിക്കുന്നതിനുള്ള അധികാരം ജുഡീഷ്യൽ കമ്മീഷനല്ലാ അന്വേഷണ ഏജൻസികൾക്കാണെന്നും, ക്രൈംബ്രാഞ്ചോ സിബിഐ യോ പോലുള്ള ഏജൻസികൾക്കാണ് റീപോസ്റ്റുമോർട്ടം ആവശ്യപ്പെടാനുള്ള അധികാ

6. **Moreover, the arrest and detention of the accused was as per the directions of Dy.S.P., Kattappana and Superintendent of Police, Idukki and as a loyal junior officer, the petitioner herein obeyed the directions of his superior officers and further more to say that all the time the updates regarding the search and other information regarding the investigation were informed to the superior officers who was the Dy.S.P. and Superintendent of Police, Idukki.**

*എസ് ഐ സാബു തൊടുപുഴ സെഷൻസ് കോടതിയിൽ നൽകിയ ജാമ്യാപേക്ഷയിൽ എസ്പിയുടേയും ഡിവൈഎസ്പിയുടേയും പങ്ക് പരാമർശിക്കുന്ന ഭാഗം*

***തൊടുപുഴ സെഷൻസ് കോടതിയിൽ എസ് ഐ സാബു നൽകിയ ജാമ്യാപേക്ഷയുടെ പകർപ്പ്***

BEFORE THE HON'BLE DISTRICT AND SESSIONS COURT
THODUPUZHA

Crl. M.C. No. of 2019

(Crime No. 349/2019 of Peermade Police Station which is re-numbered as Crime No. 390/CB/IDK/R/19 Idukki District)

Name and Address of the Petitioner/1st Accused:

K.A. Sabu, aged 46 years, S/o. Antony, Kuruppassery House, Perumpilly Kara, Manjapetty, Njarackal Village, Kochi Taluk, Ernakulam District.

Name and Address of the Respondent/Complainant:

State of Kerala represented by the Deputy Superintendent of Police, Crime Branch, Idukki through Public Prosecutor, District Court, Thodupuzha.

*Notices and processes to the applicant may be served on his counsel Jose George, Advocate, 1st floor, Woodlands Building, Thodupuzha, Idukki District and those to the respondent may be served on the above address.*

Regular Bail Application filed under section 439 of the Code of Criminal Procedure

The petitioner above named begs to submit as follows:-

1. The petitioner is arrayed as 1st accused in Crime No. 349 of 2019 of Peermade Police Station which is re-numbered as Crime No. 390/CB/IDK/R/19. The offence alleged against the applicant/1st accused are punishable under sections 343, 323, 324, 330, 331, 302 & 34 IPC.

2. The prosecution case is that the petitioner/1st accused is a Sub Inspector of Police attached to Nedumkandom Police Station. The case arose upon the death of one Kumar, S/o. kumareshan who was an under trial prisoner (UT No. 7349) in Peermade Sub Jail died at Taluk Hospital, Peermade on 21/6/2019, who was an accused in Crime No. 302/2019 of Nedumkamdom Police Station which is a cheating case. The postmortem

**രാജ്കുമാറിനെ നെടുംകണ്ടം പോലീസ് കസ്റ്റഡിയിലെടുത്ത ജൂൺ 12 നും 14 നും സ്പെഷ്യൽ ബ്രാഞ്ച് ഇടുക്കി എസ്പിയെ രേഖാമൂലം വിവരമറിയിച്ചിരുന്നുവെന്ന കാര്യം വ്യക്തമായിട്ടും എസ് പിക്കും ഡിവൈഎസ്പിക്കും എതിരെ തെളിവുകളും മൊഴികളുമുണ്ടായിട്ടും ക്രൈംബ്രാഞ്ച് ഉറക്കം നടിക്കുന്നുവെന്നാണ് ആക്ഷേപം.**

**ന്യൂമോണിയയാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിലുള്ളതിനാൽ വിചാരണസമയത്ത് പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതാകുമെന്നും, പോലീസ് സർജൻ റീപോസ്റ്റുമോർട്ടം നടത്തിയെങ്കിൽ മാത്രമെ പ്രതികൾ ശിക്ഷിക്കപ്പെടുകയുള്ളു എന്നും നിയമരംഗത്തുള്ളവർ അഭിപ്രായപ്പെടുന്നു.**

രമെന്നും ഒരുവിഭാഗം ചൂണ്ടിക്കാട്ടുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ രാജ്കുമാറിന്റ മൃതദേഹം പോസ്റ്റുമോർട്ടം ചെയ്തപ്പോൾ അതിഗുരുതരമായ വീഴ്ച്ചകളാണ് സംഭവിച്ചതെന്ന് നിയമവിദഗ്ധർ പറയുന്നു. പീരുമേട് താലൂക്കാശുപത്രിയിലാണ് രാജ്കുമാറിന്റെ മരണം സ്ഥിരീകരിച്ചത്. വിവരമറിഞ്ഞ് ആശുപത്രിയിൽ പാഞ്ഞെത്തിയ ആരോപണവിധേയനായ ഡിവൈഎസ്പി വാരിയെല്ലിന്റെ ഭാഗത്ത് ചവുട്ടിയതിന്റെ പാടുണ്ടോയെന്ന് അറിയാൻ മൃതദേഹം മറിച്ചും തിരിച്ചും പരിശോധിച്ചുവെന്നും അവിടെ കണ്ടുനിന്നവർ പറയുന്നുണ്ട്. കസ്റ്റഡിയിൽ മരിച്ചയാളുടെ മൃതദേഹം ആർഡിഒ യുടെ സാന്നിധ്യത്തിൽ ഇൻക്വസ്റ്റ് നടത്തണം എന്ന ചട്ടവും രാജ്കുമാറിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ലെന്നാണ് സൂചന. മെഡിക്കൽ കോളേജിൽ പോലീസ് സർജൻ പോസ്റ്റുമോർട്ടം ചെയ്യേണ്ടതിനു പകരം നിയമം ലംഘിച്ച് അസിസ്റ്റന്റ് സർജനും പിജി വിദ്യാർത്ഥിയുമാണ് പോസ്റ്റുമോർട്ടം നടത്തിയത്. ആന്തരികാവയവങ്ങൾ രാസപരിശോധനക്ക് അയക്കുകയോ മുറിവുകളുടെ കാലപ്പഴക്കം കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്തില്ല. കൂടാതെ ന്യൂമോണിയയാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ചെയ്തു. ആഹാരമോ വെള്ളമോ നൽകിയിട്ട് ദിവസങ്ങളായെന്നും, വാരിയെല്ലുകൾ തകർന്നതുകൂടാതെ ഉരുട്ടിയതിന്റേതടക്കം അനേകം മുറിവുകളും ചതവുകളും ശരീരത്തിലുണ്ടെന്നും പറഞ്ഞിരുന്നു. പോലീസിനെ രക്ഷിച്ചെടുക്കാനെന്ന സംശയമുയർത്തും വിധം പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ചില തിരുത്തലുകളും നടത്തിയതായി ആരോപിക്കപ്പെടുന്നു. ന്യൂമോണിയയാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിലുള്ളതിനാൽ വിചാരണസമയത്ത് പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതാകുമെന്നും, പോലീസ് സർജൻ റീപോസ്റ്റുമോർട്ടം നടത്തിയെങ്കിൽ മാത്രമെ പ്രതികൾ ശിക്ഷിക്കപ്പെടുകയുള്ളു എന്നും നിയമരംഗത്തുള്ളവർ അഭിപ്രായപ്പെടുന്നു. മാത്രമല്ല തൊടുപുഴ സെഷൻസ് കോടതിയിൽ എസ് ഐ സാബു നൽകിയ ജാമ്യാപേക്ഷയിൽ ന്യൂമോണിയയാണ് മരണകാരണം എന്ന പോസ്റ്റുമോർട്ടം റിപ്പോർട്ടിലെ ഭാഗം വാദമായി ഉയർത്തിയിട്ടുണ്ട്. വ്യാപക വിമർശനങ്ങളെത്തുടർന്ന് രാജ്കുമാറിന്റെ മൃതദേഹം പുറത്തെടുത്ത് റീപോസ്റ്റുമോർട്ടം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.



*പി.റ്റി. തോമസ് എം.എൽ.എ*

ഉദയകുമാർ ഉരുട്ടിക്കൊലക്കേസ് സി ബി ഐ അന്വേഷിച്ച് ഉന്നത പേലീസ് ഉദ്യോഗസ്ഥരെ കൽതുറുങ്കിൽ തള്ളിയിട്ടുള്ളത് ചരിത്രം രാജ്കുമാർ കസ്റ്റഡിക്കൊലയിലും സി ബി ഐ വന്നാൽ ചൂടുചോറ് വാരിയ കുട്ടിക്കുരങ്ങന്മാർ മാത്രമല്ല വാരാൻ നിർദ്ദേശിച്ചവരും അകത്താകാം. ഈ സാഹചര്യത്തിലാണ് രാജ്കുമാറിന്റെ ഭാര്യക്ക് ജോലിയും കുട്ടികൾക്കും മാതാവിനും നാല് ലക്ഷം വീതം നഷ്ടപരിഹാരവും നൽകാനുള്ള മന്ത്രിസഭാ തീരുമാനം ചർച്ചയാകുന്നത്. വി എസ് ഡി പി നേതാവ് വിഷ്ണുപുരം ചന്ദ്രശേഖരന്റെ പിന്തുണയിൽ തമിഴ് നാടാർ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട രാജ്കുമാറിന്റെ കുടുംബം മുഖ്യമന്ത്രിയെ സന്ദർശിച്ച ശേഷം സി ബി ഐ അന്വേഷണം ആവശ്യപ്പെട്ട് സമരം തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. ധനസഹായവും ജോലിയും കിട്ടിയാൽ രാജ്കുമാറിന്റ കുടുംബം സിബിഐ അന്വേഷണ ആവശ്യത്തിൽ നിന്നും പിന്മാറുമെന്നായിരുന്നു ചില ഭരണ പക്ഷ ബുദ്ധികേന്ദ്രങ്ങളുടെ കണക്കുകൂട്ടലെന്ന് കരുതപ്പെടുന്നു. എന്നാൽ രാജ്കുമാറിന്റെ ഭാര്യ വിജയ, മാതാവ് കസ്തൂരി, മകൻ ജോബിൻ എന്നിവർ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചതോടെ ഉന്നതകേന്ദ്രങ്ങളുടെ പണി ആകെ പാളിയിട്ടുണ്ട്.

കസ്റ്റഡിക്കൊലയിൽ കുപ്രസിദ്ധമായ പീരുമേട് സബ്ജയിലിലെ സൂപ്രണ്ട് അനിൽകുമാറിനെയും, പ്രിസൺ ഓഫീസർ ബാസ്റ്റിൻ ബോസ്കോയേയും സ്ഥലം മാറ്റുകയും ,താൽക്കാലിക ജീവനക്കാരനായ സുഭാഷിനെപിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ഡിഐജി സാം തങ്കയ്യന്റെ അന്വേഷണ റിപ്പോർട്ടിന്മേലായിരുന്നു നടപടി. ഭക്ഷണവും ചികിത്സയും നൽകാതെ രാജ്കുമാറിനെ ജയിലിൽ മർദ്ദിച്ച കിരാതന്മാർ സിബിഐ എത്തിയാൽ അഴിയെണ്ണും എന്നാണ് ലഭിക്കുന്ന വിവരം.

രാജ്കുമാർ കസ്റ്റഡിക്കൊല സിബിഐക്ക് വിടണം എന്നാവശ്യപ്പെട്ട് പി ടി തോമസ് എം എൽ എ രംഗത്തുണ്ട്. എസ്പിക്കും ഡിവൈഎസ്പിക്കും എതിരെ കൊലക്കുറ്റം ചുമത്തി കേസെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

*(9747253486)*

**ഓസ്ട്രേലിയയിൽനിന്ന്**
**സന്തോഷ് കരിമ്പുഴ**

# മലയാളിക്ക് 9 വർഷം കഠിനതടവ്, നാടുകടത്തൽ

## അമിത മദ്യലഹരിയിൽ വാഹനമോടിച്ച് അപകടം വരുത്തിയ കുറ്റത്തിന്...


*ബിജു പൗലോസ്*

**അ**മിതമായി മദ്യപിച്ച് അപകടകരമായ വിധത്തിൽ കാറോടിച്ച് വെള്ളക്കാരായ രണ്ട് കുട്ടികൾക്ക് ഗുരുതരമായി പരിക്കേൽപ്പിക്കുകയും, ഒരു കുട്ടി മരിക്കുകയും ചെയ്ത സംഭവത്തിൽ ഓസ്ട്രേലിയൻ സുപ്രീംകോടതി മലയാളിക്ക് കടുത്ത ശിക്ഷ വിധിച്ചു. ഓസ്ട്രേലിയയിലെ പെർത്തിൽ സ്ഥിരതാമസക്കാരനായ മൂവാറ്റുപുഴക്കാരൻ ബിജു പൗലോസിനാണ് 9 വർഷം കഠിനതടവിന് കോടതി ശിക്ഷിച്ചത്. ഇപ്പോൾ നാൽപ്പത്തൊമ്പത് വയസ്സുള്ള രണ്ട് കുട്ടികളുടെ പിതാവായ ബിജു പൗലോസിന് ഏഴ് കൊല്ലം പരോൾ പോലും കിട്ടാതെ ജയിലിൽ കിടക്കേണ്ടി വരും. ഒമ്പതുകൊല്ലത്തെ ജയിൽശിക്ഷയ്ക്കുശേഷം ബിജു പൗലോസിനെ ഇന്ത്യയിലേക്ക് നാടുകടത്തും. നാട്ടിൽ ചിലരെങ്കിലും അപകടമുണ്ടായാൽ വാഹനം നിർത്താതെ രക്ഷപ്പെടാൻ ശ്രമം നടത്തുന്നതുപോലെ ഒരു വിഫലശ്രമം നടത്തിയതും, ഇന്ത്യയിലേക്ക് രായ്ക്കുരാമാനം രക്ഷപ്പെടാൻ ശ്രമിച്ചതുമാണ് ഇത്ര കടുത്ത ശിക്ഷ ബിജു പൗലോസിന് വിധിക്കാൻ കാരണമെന്ന് നിയമവിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

പെർത്തിലെ മിഡ് വെയിലിലുള്ള ഫെഡറൽ റോഡിൽ കഴിഞ്ഞവർഷം ജൂലൈ 31 നാണ് അപകടമുണ്ടായത്. വൈകിട്ട് ആറരയോടെ അമിതമായി മദ്യപിച്ചിരുന്ന ബിജുപൗലോസ് ഓടിച്ചിരുന്ന bmw suv ആഡംബര കാർ റോഡിന്റെ ഫുട്പാത്തിലേക്ക് ഓടിച്ചുകയറ്റുകയും റോഡ് മുറിച്ചുകടക്കാൻ നിന്നിരുന്ന മൂന്ന് ആൺകുട്ടികളെ ഇടിച്ചുവീഴ്ത്തുകയുമായിരുന്നു. കൗമാരക്കാരായ കുട്ടികളെ ഇടിച്ചുതെറുപ്പിച്ച കാർ റോഡിലൂടെ കുറച്ചുദൂരം കുട്ടികളെയും കൊണ്ട് വലിച്ചിഴച്ചശേഷം കാർ നിർത്താതെ ഓടിച്ചുപോയി. എന്നാൽ ഈ സംഭവം കണ്ട വെള്ളക്കാരായ വംശജർ ബിജുപൗലോസിന്റെ കാറിനെസിനിമാസ്റ്റൈലിൽ പിന്തുടരുകയും റോഡിനു കുറുകെ തടഞ്ഞുപിടിക്കുകയുമായിരുന്നു. അതിനിടയിൽ അപകടം കണ്ടുനിന്നവർ ഫെഡറൽ പോലീസിനെവിവരമറിയിക്കുകയും, ബിജു ഓടിച്ച വഴി ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. നാട്ടുകാർ പിടിച്ചുവെച്ച ബിജുപൗലോസിനെഫെഡറൽ പോലീസ് വന്ന് അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലെടുത്തു. ബിജുവിന്റെ അഭ്യർത്ഥനമാനിച്ച് കസ്റ്റഡിയിൽ നിന്നും വീട്ടിലേക്ക് ഉറങ്ങാൻ പോകാൻ അനുവാദം നേടി. എന്നാൽ അയാൾ നിയമത്തിന് വിധേയനാകാതെ രാത്രിക്കുരാത്രി ടിക്കറ്റ് ബുക്ക് ചെയ്ത് ഇന്ത്യയിലേക്ക് കടക്കാൻ ശ്രമം നടത്തി. എന്നാൽ പെർത്ത് എയർപോർട്ടിൽവെച്ച് ഫെഡറൽ പോലീസ് അയാളെ വീണ്ടും പിടികൂടി. എയർപോർട്ടിൽനിന്നും പിടികൂടുന്ന സമയത്തും അയാൾ നല്ല മദ്യലഹരിയിലായിരുന്നുവത്രെ. തുടർന്ന് കടുത്ത പോലീസ് നടപടിയിലേക്കും, കോടതി വിചാരണയിലേക്കും വിധേയനാക്കുകയായിരുന്നു. അപകടത്തിൽ പരിക്കേറ്റിരുന്ന കെയ്ഡൻ മക്ഫീ എന്ന പതിനഞ്ചുകാരൻ ഏതാനും ദിവസങ്ങൾക്കുശേഷം ആശുപത്രിയിൽവെച്ച് മരിച്ചു. ബ്ലോക്ക് ഒ നെയിൽ എന്ന പതിനാറുകാരന് ഗുരുതരമായി പരുക്കേറ്റിരുന്നുവെങ്കിലും പിന്നീട് അപകടനില തരണം ചെയ്തു. ഒരു പന്ത്രണ്ടുകാരൻ പരിക്കേൽക്കാതെ രക്ഷപ്പെട്ടിരുന്നു.

> **ഓസ്ട്രേലിയയിൽ ഒരു ഇന്ത്യക്കാരന് കിട്ടിയ കടുപ്പമേറിയ ഏറ്റവും വലിയ ട്രാഫിക് ശിക്ഷയാണിത്.**

അപകടശേഷം ബിജു പൗലോസ് പോലീസിനെയും ആംബുലൻസിനെയും വിവരമറിയിച്ചില്ലെന്നും തെറ്റായിട്ടും അതിലുപരി അപകടകരമായ രീതിയിലുമാണ് കാറോടിച്ചതെന്നും കോടതി കണ്ടെത്തി. കുട്ടികൾക്ക് ഒഴിഞ്ഞുമാറാനുള്ള അവസരം പോലും ലഭിച്ചില്ലെന്നും സുപ്രീം കോടതി ജഡ്ജി ജോസഫ് മഗ്രാത്ത് വിധിന്യായത്തിൽ ചൂണ്ടിക്കാട്ടി. വളരെ അപകടകരമായ രീതിയിലാണ് ബിജു പൗലോസ് വാഹനം ഓടിച്ചതെന്ന് അപകടം കണ്ട മറ്റു ഡ്രൈവർമാരുടെ സാക്ഷിമൊഴികളും കോടതി ശരിവെച്ചു. ഇയാൾ നേരത്തെ മജിസ്ട്രേറ്റ് കോടതിയിൽ കുറ്റം സമ്മതിച്ചിരുന്നു. അപകടശേഷം ഇന്ത്യയിലേക്ക് കടക്കാൻ ശ്രമിച്ച കുറ്റം, പോലീസിനെധിക്കരിക്കൽ, നരഹത്യ, മദ്യപിച്ചു വാഹനം ഓടിക്കൽ തുടങ്ങിയവയും ബിജു പൗലോസിനുമേൽ കോടതി കുറ്റം ചുമത്തി. ഓസ്ട്രേലിയയിൽ ഒരു ഇന്ത്യക്കാരന് കിട്ടിയ കടുപ്പമേറിയ ഏറ്റവും വലിയ ട്രാഫിക് ശിക്ഷയാണിത്.

നെല്ലിക്കുത്ത് ഹനീഫ

# ഇത് 'ആത്മകഥ'യല്ല



ഫാത്തിമാ ഫിദയും സാമൂഹിക പ്രവർത്തക നർഗ്ഗീസും

## വിവാഹത്തട്ടിപ്പിലെ ശേഷിപ്പായ ഒരു ബാലികയുടെ സമാനതകളില്ലാത്ത രോദനം.

**'ഓർബിറ്ററി ഗ്ലയോമ' ബാധിച്ച കണ്ണുകൾ തിരയുന്നത് സ്വന്തം പിതാവിനെ.**

'ആത്മകഥ' എന്ന ശ്രീനിവാസൻ സിനിമയിൽ ദൈനംദിനം കാഴ്ച ശക്തി കുറഞ്ഞ് വരുന്ന മകൾ അച്ഛനോട് പറയുന്ന ഒരു വാചകമുണ്ട്. 'അച്ഛാ എനിയ്ക്കിനി കണ്ണടയുടെ ആവശ്യമില്ല... കണ്ണിൽ ഇരുട്ട് വന്ന് തുടങ്ങി എന്ന്'. വൈകാരികമായ ഈ രംഗം പ്രേക്ഷകരുടെ കണ്ണ് നിറച്ചിരുന്നു. ഇതൊക്കെ സിനിമയിലല്ലേ എന്ന് ചിന്തിച്ചവരുമുണ്ടാകാം. സിനിമകൾ പലപ്പോഴും ജീവിത യാഥാർത്ഥ്യങ്ങളുടെ നേർപ്പകർപ്പുകളാണ്. അതിനൊരു ഉദാഹരണമാണ് കോഴിക്കോടിലെ 12 വയസ്സുകാരിയായ ഫാത്തിമാഫിദ എന്ന ബാലിക. ഫിദമോൾക്ക് കണ്ണട കൊണ്ട് കാര്യമില്ല. അതുകൊണ്ട് തന്നെ അങ്ങനെയൊരു പരിഹാരം ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുമില്ല. അവളുടെ കാഴ്ച ശക്തി കുറഞ്ഞു കൊണ്ടേയിരിക്കുകയാണ്. 'ഓർബിറ്ററി ഗ്ലയോമ' എന്ന മാരക രോഗത്തിനടിമയായി കാഴ്ചശക്തി അനുദിനം കുറഞ്ഞ് വരുന്ന ഫിദമോളുടെ ദൈന്യാവസ്ഥയ്ക്ക് ഒരു പരിഹാരവുമില്ലെന്നാണ് ആധുനിക വൈദ്യശാസ്ത്രം പറയുന്നതും.



2017-ലാണ് ഫിദമോൾക്ക് രോഗ ലക്ഷണങ്ങൾ കണ്ട് തുടങ്ങിയത്. തലവേദനയായിരുന്നു തുടക്കം. ഡോക്ടർമാരെ കാണിച്ച് രണ്ടുമൂന്ന് മാസം കുറേ മരുന്നുകൾ കഴിച്ചു. നേരിയ ശമനമുണ്ടായെങ്കിലും, പിന്നീട് ശക്തമായി തലവേദനഅനുഭവപ്പെടാൻ തുടങ്ങിയതോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ന്യൂറോ വിഭാഗത്തിൽ ദിവസങ്ങളോളം അഡ്മിറ്റായി. അവിടെ നിന്ന് തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് റഫർ ചെയ്തു. അവിടെ വെച്ചാണ് ഫിദമോളുടെ കണ്ണിന്റെ ഞരമ്പുകൾക്ക് ക്യാൻസർ ബാധിച്ചതായി സ്ഥിരീകരിച്ചത്. സർജറി ഫലവത്താകില്ലെന്ന് മാത്രമല്ല അതിന് വലിയ അപകട സാധ്യതയാണുള്ളതെന്നും ഡോക്ടർമാർ വിധിയെഴുതി. നിത്യവൃത്തിക്ക് പോലും വകയില്ലാത്ത മാതാവ് ഇതോടെ തകർന്നു. ഇവരുടെ ദൈന്യാവസ്ഥയിൽ അലിവ് തോന്നിയ അഭ്യുദയകാംക്ഷികളുടെ സഹായത്തോടെ കോഴിക്കോട് എം.വി.ആർ കാൻസർ റിസർച്ച് സെന്ററിൽ നിന്ന് റേഡിയേഷനും, കീമോതൊറാപ്പിയും പരീക്ഷിച്ചു. ഇതോടെ ഫിദമോൾ കുറച്ച് കാലം കിടപ്പിലാവുകയും, വലത് വശത്തെ കൈകാലുകൾക്ക് ബലക്ഷയവുമുണ്ടായി. ഇതിനിടെ കാഴ്ച ശക്തിയും കുറഞ്ഞ് വരികയായിരുന്നു. ഇനിയൊരു ചികിത്സ പ്രാപ്യമല്ലെന്നും, പൂർണ്ണമായ അന്ധത ബാധിച്ചേക്കുമെന്നും ഡോക്ടർമാർ സൂചിപ്പിക്കുകയും ചെയ്തു. മരുന്നിന്റേയും, ഫിസിയോതൊറാപ്പിയുടേയും ഫലമായി ഇപ്പോൾ ഫിദയ്ക്ക് എണീറ്റ് നടക്കാനാകും.

**വർണ്ണങ്ങളില്ലാത്ത, വെളിച്ചമില്ലാത്ത കട്ടപിടിച്ച തമസ്സിലേക്കാണ് തന്റെ നാളുകൾ പൊയ്ക്കോണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യത്തെക്കുറിച്ചും, തന്റെ അവസ്ഥയെക്കുറിച്ചുമെല്ലാം ഫിദമോൾ തികഞ്ഞ ബോധവതിയാണ്.**

### അച്ഛനെകാണാൻ കൊതിയ്ക്കുന്ന കണ്ണുകൾ

വർണ്ണങ്ങളില്ലാത്ത, വെളിച്ചമില്ലാത്ത കട്ടപിടിച്ച തമസ്സിലേക്കാണ് തന്റെ നാളുകൾ പൊയ്ക്കോണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യത്തെക്കുറിച്ചും, തന്റെ അവസ്ഥയെക്കുറിച്ചുമെല്ലാം ഫിദമോൾ തികഞ്ഞ ബോധവതിയാണ്. അതുകൊണ്ട് തന്നെയാണ് മൂന്നാല് മാസമായി ഫിദമോൾ ഒരേ വാശിയിൽ നില കൊള്ളുകയായിരുന്നു. തന്റെ കാഴ്ച ശക്തി പൂർണ്ണമായും നഷ്ടപ്പെടുന്നതിന് മുമ്പ് തനിയ്ക്ക് ജന്മം നൽകിയ, കേട്ടറിവ് മാത്രമുള്ള അവളുടെ ഉപ്പായെ ഒരു നോക്ക് കാണണമെന്ന്. തനിയ്ക്കിത് വരെ അറിയാനും അനുഭവിക്കാനും കഴിയാത്ത പിതാവെന്ന ഗന്ധത്തെ തിരിച്ചറിയാനും, ഒന്നനുഭവിക്കാനുമായി ഫിദമോൾ വാശി കാണിക്കുന്നു. അതിനായി ദേഷ്യം പിടിച്ചും, കരഞ്ഞും അവൾ വിലപിച്ച് കൊണ്ടിരിക്കുകയാണ്. കോഴിക്കോട്ടുള്ള വാടക വീട്ടിൽ മാതാവ് റഹീനയോടും, വല്യുമ്മ ഫാത്തിമയോടുമൊക്കെ ഈ ഒരാവശ്യമാണ് അവൾ നിരന്തരം വാശിയോടെ ഉന്നയിച്ച് കൊണ്ടിരുന്നതും. 'ഉപ്പായെ കണ്ടേ മതിയാകൂ' എന്ന ആവശ്യം തികച്ചും ന്യായമാണെന്ന് എല്ലാവർക്കുമറിയാം. അവളുടെ വിലാപത്തിന് മുന്നിൽ കണ്ണീർ പൊഴിക്കുകയല്ലാതെ മാതാവ് റസീനയ്ക്കും, വല്യുമ്മ ഫാത്തിമയ്ക്കും മുന്നിൽ മറ്റൊരു പോംവഴിയുമില്ല. ഫിദ ഗർഭത്തിലായിരിക്കുമ്പോൾ, ആരോടും പറയാതെ റസീനയെ ഉപേക്ഷിച്ച് മറ്റെവിടെയോ ചേക്കേറിയ ഭർത്താവ് അബ്ദുൽകരീം വിശാലമായ ലോകത്ത് ഏത് കോണിലാണെന്ന് കണ്ടെത്താൻ കഴിയാത്ത നിസ്സഹായതയിലായിരുന്നു റഹീനയും, അവരുടെ വൃദ്ധരായ മാതാപിതാക്കളും. ഫിദമോൾക്ക് 4 വയസ്സുള്ളപ്പോൾ, അന്നൊരു ദിവസം അവളുടെ ഉപ്പ അബ്ദുൽ കരീമിന്റെ ഫോട്ടോ പത്രത്തിൽ വന്നതായി ചിലരൊക്കെ മാതാവ് റസീനയോട് പറഞ്ഞിരുന്നു. 'വിവാഹത്തട്ടിപ്പ് വീരൻ അറസ്റ്റിൽ'

എന്ന വാർത്തയോടൊപ്പമായിരുന്നു അബ്ദുൽകരീമിന്റെ ഫോട്ടോ പത്രത്തിൽ വന്നത്.

നടപ്പുകാലത്ത് അന്യന്റെ സങ്കടങ്ങൾക്കും, രോദനങ്ങൾക്കും സ്ഥാനം കുറവാണെങ്കിലും, ഫിദ മോളുടെ ആവശ്യം അയൽക്കാരേയും കുടുംബ സുഹൃത്തുക്കളുടെ മനസ്സിനേയും വല്ലാതെ അലട്ടി. അവളുടെ പിതാവിനെകണ്ടെത്താനുള്ള പോംവഴികളെക്കുറിച്ചാണ് എല്ലാവരും ആലോചിച്ചത്. ഒടുവിൽ യാദൃച്ഛികമായി അതിന് വഴിയൊരുങ്ങുകയും ചെയ്തു. ഫിദയുടെ അയൽക്കാരനായ അഷ്റഫ് കോഴിക്കോട്ടെ സാമൂഹ്യ പ്രവർത്തകയും, കോയാസ് ആശുപത്രിയിലെ നേഴ്സിംഗ് അസിസ്റ്റന്റുമായ നർഗ്ഗീസ്ബീഗത്തെ ഇക്കാര്യങ്ങൾ അറിയിച്ചു. തുടർന്ന് വിഷയത്തിൽ നർഗ്ഗീസ് മൗലികമായി ചില നീക്കങ്ങൾ നടത്തി. സോഷ്യൽ മീഡിയാ വഴി പിതാവ് അബ്ദുൽകരീമിനെക്കുറിച്ചുള്ള വിവരങ്ങൾ ഇവർ പുറംലോകത്തെ അറിയിച്ചു. ഏതാനും ദിവസങ്ങൾക്ക് ശേഷം തമിഴ്നാട്-മധുരയിലുള്ള സൽമാൻ എന്ന മലയാളി അബ്ദുൽ കരീം അവിടെയുള്ളതായി നർഗ്ഗീസിനെഅറിയിച്ചു. തുടർന്ന് കുന്ദമംഗലം പോലീസിൽ വിവരമറിയിച്ചെങ്കിലും, ഇക്കാര്യത്തിൽ പോലീസിന് ഇടപെടാൻ പരിമിധികളുണ്ടായിരുന്നു. പേരാമ്പ്ര സി.ഐ തമിഴ്നാട് പോലീസിലെ ഏതാനും ഉദ്യോഗസ്ഥരുടെ നമ്പർ നർഗ്ഗീസിന് നൽകി. കോഴിക്കോട്ടെ റിനു, ഷാജി എന്നീ യുവാക്കളുടെ സഹായത്തോടെ ഫിദ മോളേയും, മാതാവ് റസീനയേയും കൂട്ടി അബ്ദുൽ കരീമിനെതേടി നർഗ്ഗീസ് മധുരയിലേക്ക് കാറിൽ യാത്ര തിരിച്ചു. എന്തെങ്കിലും പ്രശ്നങ്ങളുണ്ടാവുകയാണെങ്കിൽ യഥാസമയം തങ്ങൾ ഇടപെടാമെന്ന് തമിഴ്നാട് പോലീസ് ഇവർക്ക് വാക്ക് നൽകിയിരുന്നു. യാത്രയിലുടനീളം തമിഴ്നാട് പോലീസ് കാര്യങ്ങൾ തിരക്കിക്കൊണ്ടിരുന്നു.



*പിതാവ് അബ്ദുൽ കരീമുമൊത്ത് ഫിദ*

**സ്വന്തം പിതാവിന്റെ കൈകളിൽ സ്പർശിച്ച് മാന്ത്രിക വലയത്തിലകപ്പെട്ട പോലെ എന്തൊക്കെയോ വിലപിച്ച് വല്ലാത്ത ഒരവസ്ഥയിലുമായിരുന്നു. അവളുടെ സങ്കടവും, കരച്ചിലും, ആനന്ദാശ്രുവും അവിടെക്കൂടിയവരിൽ വല്ലാത്തൊരവസ്ഥ സൃഷ്ടിച്ചു**

## വികാരനിർഭരമായ കൂടിക്കാഴ്ച

അബ്ദുൽ കരീമിനെക്കുറിച്ച് വിവരം നൽകിയ മലയാളികൾ നർഗ്ഗീസിനേയും സംഘത്തേയും പ്രതീക്ഷിച്ച് മധുര പട്ടണത്തിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. പട്ടണത്തിൽ നിന്ന് ആറേഴ് കിലോമീറ്റർ ഉള്ളിലേക്ക് മാറിയുള്ള തെരുവിലെ ഒറ്റ മുറിയിലായിരുന്നു അബ്ദുൽകരീമിന്റെ വാസം. ഭക്ഷണം പാകം ചെയ്യലും, കിടപ്പുമെല്ലാം അവിടെ തന്നെ. സൈക്കിളിൽ റെഡിമെയ്ഡ് ഉടുപ്പുകൾ വിൽപ്പനനടത്തലാണ് ജോലി. ഫിദയുടെ മാതാവ് റഹീനആദ്യ കാഴ്ചയിൽ തന്നെ അബ്ദുൽ കരീമിനെതിരിച്ചറിഞ്ഞു. 'ഉപ്പാ..' എന്ന് വിളിച്ച് കൊണ്ട് അയാളുടെ അടുത്തേയ്ക്ക് ചെന്ന ഫിദയെ അയാൾ മിഴിച്ച് നോക്കുകയായിരുന്നു. പിന്നീടാണയാൾ റഹീനയെ കാണുന്നതും. ഇതോടെ അയാൾ സ്തംഭിച്ച പോലെയായി. ഫിദയാകട്ടെ സ്വന്തം പിതാവിന്റെ കൈകളിൽ സ്പർശിച്ച് മാന്ത്രിക വലയത്തിലകപ്പെട്ട പോലെ എന്തൊക്കെയോ വിലപിച്ച് വല്ലാത്ത ഒരവസ്ഥയിലുമായിരുന്നു. അവളുടെ സങ്കടവും, കര. ച്ചിലും, ആനന്ദാശ്രുവും അവിടെക്കൂടിയവരിൽ വല്ലാത്തൊരവസ്ഥ സൃഷ്ടിച്ചു കേരളത്തിൽ നിന്ന് സ്ത്രീകളുൾപ്പെടെയുള്ള സംഘം എത്തിയതറിഞ്ഞ് പരിസര വാസികളും അവിടെ തടിച്ച് കൂടി. ഇടിവെട്ടേറ്റവനെപോലെ നില കൊള്ളുകയായിരുന്ന അബ്ദുൽകരീമിനോട് എല്ലാ കാര്യങ്ങളും നർഗ്ഗീസാണ് വിവരിച്ചത്. ഫിദയുടെ അസുഖത്തെക്കുറിച്ചും, സ്വന്തം പിതാവിനെതേടി എത്തിയ സാഹചര്യങ്ങളുമെല്ലാം

നർഗ്ഗീസ് പറയുമ്പോൾ അബ്ദുൽ കരീം തീർത്തും മൗനിയായി. റഹീനഗർഭിണിയാണെന്ന റിയാതെയാണ് താൻ നാട് വിട്ടതെന്നും, തെറ്റു കളെല്ലാം തന്റേതു മാത്രമ ണെന്നും... തുടങ്ങി അബ്ദുൽ കരീം എന്തൊ ക്കെയോ വിലപിക്കുകയാ യിരുന്നുവെന്ന് നർഗ്ഗീസ് പറയുന്നു. പ്രഷറും, പ്രമേ ഹവും മറ്റ് അസുഖങ്ങളു മായി അബ്ദുൽ കരീമും പരീക്ഷിണിതനായിരുന്നു. അയാൾക്ക് മറുത്തൊന്നും പറയാനുണ്ടായിരുന്നില്ല. ഇനിയെന്ത് എന്നതിനും അയാൾക്കുത്തരമുണ്ടായി രുന്നില്ല. അസുഖവും മറ്റു മായി അബ്ദുൽ കരീ മിന്റെ ജീവിതം ക്ലേശകര മാണെന്നും, തുഛമായ വരുമാനം കൊണ്ട് എങ്ങ നെയൊക്കെയോ ആണ് അയാൾ കഴിഞ്ഞ് കൂടുന്ന തെന്നുമാണ് പരിസരവാ സികളും സാക്ഷ്യപ്പെടു ത്തിയത്. ഏറെ നേരം അവിടെ ചെലവിട്ട ശേഷ മാണ് നർഗ്ഗീസും സംഘവും കേരളത്തി ലേക്ക് തിരിച്ചത്.

## വിവാഹത്തട്ടിപ്പിലെ രക്തസാക്ഷികൾ

വിവാഹത്തട്ടിപ്പുകൾ പല രൂപത്തിലും, ഭാവ ത്തിലുമായി സാർവ്വത്രിക മാണെങ്കിലും, താരത മ്യേനമലബാറിലെ മുസ്ലിം പെൺകുട്ടികളാണ് ഇത്ത രത്തിലുള്ള തട്ടിപ്പുകളിൽ ഏറിയ പങ്കും ഇരയാകു ന്നവർ. അറബിക്കല്യാ ണം, മൈസൂർ കല്യാണം തുടങ്ങി പല പേരുകളി ലും, രൂപത്തിലുമായി വിവാഹത്തട്ടിപ്പുകൾ ഇന്നും സജീവമാണ്. ഇതിനെതിരേ ബോധവ ത്ക്കരണം ഉൾപ്പടെയുള്ള പ്രതിരോധ പ്രവർത്തന ങ്ങൾ ഒരു വശത്ത് നടക്കു മ്പോഴും, മറുവശത്ത് വിവാഹത്തട്ടിപ്പുകൾ അനുസ്യൂതം അര



*ഫിദയും അബ്ദുൽ കരീമും*

**വിവാഹത്തട്ടിപ്പുകൾ പല രൂപത്തിലും, ഭാവത്തി ലുമായി സാർവ്വത്രികമാണെങ്കിലും, താരത മ്യേന മലബാറിലെ മുസ്ലിം പെൺകുട്ടികളാണ് ഇത്തരത്തിലുള്ള തട്ടിപ്പുകളിൽ ഏറിയ പങ്കും ഇരയാകുന്നവർ.**



*ഫിദയും നർഗ്ഗീസും*

> **പൂർണ്ണാന്ധതയാണ് മകളെ കാത്തിരിക്കുന്നതെന്ന വിഹ്വലമായ ആധിയും, ആകുലതയും ഈ മാതൃഹൃദയത്തെ നിരന്തരം അലട്ടുന്നു. മകളിപ്പോൾ പിതാവിന്റെ നിത്യസാമീപ്യം വേണമെന്ന നിലപാടിലാണ്.**

ങ്ങേറുകയും ചെയ്യുന്നു. സൗന്ദര്യക്കുറവും, ദാരിദ്ര്യവുമാണ് വിവാഹത്തട്ടിപ്പിനിരയാകുന്നതിലെ മുഖ്യ ഘടകം. ഇത്തരത്തിലുള്ള വിഷയങ്ങളിൽ ഫലപ്രദമായ പരിഹാരം കാണാൻ മറ്റുള്ളവർക്കോ ഭരണകൂടത്തിനോ കഴിയുകയുമില്ല. കെട്ടുപ്രായം കഴിഞ്ഞ് പുരനിറഞ്ഞ് നിൽക്കുന്ന പെണ്ണ് സമൂഹത്തിൽ ചീത്തപ്പേരുണ്ടാക്കുമോ എന്ന് ഭയന്നാണ് നിർധനരായ പല രക്ഷിതാക്കളും അറിഞ്ഞും, അറിയാതെയും വിവാഹത്തട്ടിപ്പിനിരയാകുന്നതും. ഇരന്നും, ഇഴഞ്ഞും സ്വരുക്കൂട്ടി നൽകുന്ന സ്വർണ്ണാഭരണങ്ങൾ കൈക്കലാക്കി മുങ്ങുന്ന ഒരു വിഭാഗം മണവാളൻമാർ. ദിവസങ്ങളോ, മാസങ്ങളോ പെണ്ണിനെ അനുഭവിച്ചാസ്വദിച്ച് പിന്നീട് അപ്രത്യക്ഷമാകുന്ന മറ്റൊരു വിഭാഗം. പെണ്ണിനെ വിൽപ്പനനടത്തി മുതലെടുപ്പ് നടത്തുന്ന വേറൊരു കൂട്ടം മണവാളൻമാർ. ഇങ്ങനെയൊക്കെ വിവാഹത്തട്ടിപ്പുവീരൻമാരുടെ രീതികളിലും ശൈലികളിലും പല രീതിയിലുമുള്ള വ്യത്യസ്തതകളുമുണ്ട്.

കോഴിക്കോട് മാത്തോട്ടത്താണ് റഹീനയുടെ വീട്. അലി-ഫാത്തിമ ദമ്പതിമാരുടെ മൂന്ന് പെൺമക്കളിൽ ഇളയത്. കൂലിവേലക്കാരനായ അലിയ്ക്ക് മറ്റൊരു മാർഗ്ഗമില്ലാത്തത് കൊണ്ടാണ് മകൾ റഹീനയെ അബ്ദുൽ കരീമിന് വിവാഹം ചെയ്ത് കൊടുത്തത്. റഹീനയുടെ വീടിനടുത്ത് ഹോട്ടൽ ജീവനക്കാരനായിരുന്നു അലി. ഹൃദ്യമായ പെരുമാറ്റവും നല്ല സ്വഭാവക്കാരനുമായ അബ്ദുൽ കരീം നിലമ്പൂർ സ്വദേശിയാണെന്നും, ഭാര്യയുമായി പൊരുത്തപ്പെടാനാകാത്തതുകൊണ്ട് വിവാഹ മോചനം നടത്തിയ ആളാണെന്നും അയാൾ റഹീനയുടെ വീട്ടുകാരെ ധരിപ്പിച്ചിരുന്നു. 2006-ൽ റഹീനയെ വിവാഹം ചെയ്ത ശേഷം റഹീനയുടെ വീട്ടിലായിരുന്നു ഇയാളും താമസിച്ചിരുന്നത്. അഞ്ച് മാസങ്ങൾക്കുശേഷം ഒരു ദിവസം കാലത്ത് ജോലിക്കെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയ അബ്ദുൽ കരീം പിന്നീട് അപ്രത്യക്ഷമായി. റഹീനയന്ന് മൂന്ന് മാസം ഗർഭിണിയുമായിരുന്നു. വർഷങ്ങൾക്ക്ശേഷം അബ്ദുൽ കരീമിനെക്കുറിച്ച് പത്ര വാർത്തകളും അശുഭകരമായ വിവരങ്ങളുമൊക്കെ റഹീനകേട്ടിരുന്നു. അതിൽപ്പിന്നീട് ഇപ്പോഴാണ് റഹീനഅബ്ദുൽ കരീമിനെകാണുന്നതും. റഹീന'വിധവയുമല്ല. വിവാഹമോചിതയു'മല്ല. ഇതെല്ലാം തെളിയിക്കാൻ മതിയായ രേഖകളും വേണം. ഇക്കാരണം കൊണ്ടുതന്നെ സർക്കാർ ആനുകൂല്യം ഇവർക്ക് നിഷേധിക്കപ്പെടുകയുമാണ്. സ്വന്തം വിധിയെ പഴിച്ച്, കോഴിക്കോട്ടെ ഒരു കറി പൗഡർ നിർമ്മാണ കേന്ദ്രത്തിൽ 150 രൂപ വേതനത്തിൽ ജോലി ചെയ്യുകയാണ് റഹീനയിപ്പോൾ. പൂർണ്ണാന്ധതയാണ് മകളെ കാത്തിരിക്കുന്നതെന്ന വിഹ്വലമായ ആധിയും, ആകുലതയും ഈ മാതൃഹൃദയത്തെ നിരന്തരം അലട്ടുന്നു. മകളിപ്പോൾ പിതാവിന്റെ നിത്യസാമീപ്യം വേണമെന്ന നിലപാടിലാണ്. അവളുടെ മനസ്സാകട്ടെ മറ്റ് കാര്യങ്ങളൊന്നും ഉൾക്കൊള്ളാൻ പാകവുമല്ല. ഇതും റഹീനയുടെ വേവലാതിയ്ക്ക് ആക്കം കൂട്ടുന്നു. ഏഴാം ക്ലാസ്സിലാണ് ഫിദ പഠിക്കുന്നത്. കാലിന്റെ ബലക്കുറവും, വേദനയും, കാഴ്ചയുടെ പ്രശ്നവുമെല്ലാം അവഗണിച്ച് കൊണ്ട്, വാടക വീടിന് സമീപമുള്ള മറ്റ് കുട്ടികളോടൊപ്പം അവൾക്ക് സ്കൂളിൽ പോയേ മതിയാകൂ. അവളുടെ ആവശ്യം വിലക്കാനും, അംഗീകരിക്കാനും കഴിയാത്ത അവസ്ഥയിലാണ് റഹീന.

*വാൽക്കഷ്ണം:*

*കോഴിക്കോട്-രാമനാട്ടുകര സ്വദേശിനിയായ നർഗ്ഗീസ് ഫറൂക്കിലെ കോയാസ് ഹോസ്പിറ്റലിൽ നഴ്സിംഗ് അസിസ്റ്റൻറ് ആയാണ് ജോലി ചെയ്യുന്നത്. സാമൂഹ്യ സേവനത്തിന് നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. വയനാട് സുൽത്താൻബത്തേരി കേന്ദ്രമായി പ്രവർത്തിക്കുന്ന 'അഡോറ' (ഏജൻസി ഫോർ ഡവലപ്മെന്റൽ ഓപ്പറേഷൻ ഇൻ റൂറൽ ഏരിയാസ്) എന്ന ജീവകാരുണ്യ സംഘടനയുടെ ഡയറക്ടറാണിവർ. നിരാലംബരായ രോഗികൾക്ക് പണവും, ഭക്ഷണവും, മരുന്നും സ്വരൂപിച്ച് നൽകുന്ന ഇവർ ഒട്ടേറെ രോഗികൾക്ക് ആശ്വാസമായിട്ടുണ്ട്.*



# യൂണിവേഴ്സിറ്റി കോളേജ് വിവാദം:

പ്രത്യേക ലേഖകൻ

# കേരളം ചോദിക്കുന്ന ചില ചോദ്യങ്ങൾ

## ഉത്തരക്കടലാസുകൾ ചോർത്തിയതാര് ? പി.എസ്.സി. വെറും പ്രഹസനമോ ? അക്രമരാഷ്ട്രീയത്തിന് അറുതി വരുമോ ?

**തി**രുവനന്തപുരം യൂണിവേഴ്സിറ്റികോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ അഖിൽ എന്ന വിദ്യാർത്ഥിക്ക് കുത്തേറ്റതും, അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളും സംസ്ഥാനത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടേയും തൊഴിൽ അന്വേഷകരുടേയും സ്വപ്നങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തുന്നു. തലസ്ഥാനത്ത് പൊലീസുകാരനെമർദ്ദിച്ച കേസിലുൾപ്പെടെ പ്രതിയാക്കപ്പെട്ടവർ സിവിൽ പൊലീസ് ഓഫീസർ പരീക്ഷയിൽ (പി.എസ്.സി.) ഉന്നതവിജയം നേടുകയും യൂണിവേഴ്സിറ്റി പരീക്ഷകൾ പോലും അട്ടിമറിക്കുന്നു എന്ന തരത്തിൽ വാർത്തകൾ പുറത്തുവരികയും ചെയ്യുന്ന സാഹചര്യത്തിൽ വിഷയത്തിന്റെ ഗൗരവം വർധിക്കുകയാണ്. അഖിലിന് നേരെയുണ്ടായ വധശ്രമം കേരള സമൂഹം ഏറെ ഉദ്വേഗജനകമായാണ് വീക്ഷിച്ചത്. മുൻരാഷ്ട്രപതി കെ.ആർ. നാരായണൻ ഉൾപ്പെടെ നിരവധി മഹാരഥൻമാരെ കേരളസമൂഹത്തിന് സംഭാവനനൽകിയ യൂണിവേഴ്സിറ്റി കോളേജിൽ കലാപത്തിന്റെ കൊടി ഉയരുമ്പോൾ തകരുന്നത് മികച്ചൊരുഭാവി സ്വപ്നംകണ്ട് അവിടെ പഠിക്കാനെത്തിയ വിദ്യാർഥികളുടെ മനസാണ്. യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐക്കാരോ അല്ലെങ്കിൽ അവരുടെ ലേബലിൽ വളരുന്നവരോ സഹപാഠികളെ മർദ്ദിക്കുന്നത് ആദ്യസംഭവമല്ല. കാലാകാലങ്ങളിൽ അവിടെ പിന്തുടർന്നുപോരുന്ന ഫാസിസ്റ്റ് ചെയ്ത്തുകളുടെ തുടർച്ച മാത്രമാണ് അഖിൽ കേസിലും ആവർത്തിച്ചിട്ടുള്ളത്. പക്ഷേ, കേസിൽ ഒന്നാംപ്രതിയായ ആർ. ശിവരഞ്ജിത്തിന്റെ വീട്ടിൽ പൊലീസ് നടത്തിയ പരിശോധനയിൽ കേരളാ യൂണിവേഴ്സിറ്റിയുടെ പരീക്ഷാപേപ്പറുകൾ (പ്ലെയിൻ ഷീറ്റ്) കണ്ടെടുത്തത് ഏറെ ഗൗരവകരമായ സംഭവമാണ്. വിവിധ ഭാഗുകളിൽ 16 കെട്ടുകളായി സൂക്ഷിച്ചിരുന്ന 200 ഓളം ഷീറ്റ് ഉത്തരക്കടലാസുകളാണ് പൊലീസ് പിടിച്ചെടുത്തത്. ഇത് കേരള യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യതയേയും ചോദ്യം ചെയ്യുന്നു.

> **അഖിൽ എന്ന വിദ്യാർത്ഥിക്ക് കുത്തേറ്റതും അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളും സംസ്ഥാനത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടേയും തൊഴിൽ അന്വേഷകരുടേയും സ്വപ്നങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തുന്നു.**

### ഉത്തരക്കടലാസുകൾ എവിടെനിന്ന് എത്തി ?

കേരളാ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ നൽകുന്ന മെയിൻ ആൻസർഷീറ്റുകളും അതിനോടൊപ്പം നൽകുന്ന എക്സ്ട്രാഷീറ്റുകളുമാണ് ശിവരഞ്ജിത്തിന്റെ വീട്ടിൽ നിന്നും കണ്ടെടുത്തതായി പൊലീസ് പറയുന്നത്. അതീവ ഗൗരവത്തോടെയും കോൺഫിഡൻഷ്യലായും കൈകാര്യം ചെയ്യേണ്ട പേപ്പറുകളാണ് ശിവരഞ്ജിത്തിന്റെ വീട്ടിൽ നിന്നും ക



*മുഖ്യപ്രതികളായ എ.എൻ. നസീമിനെയും ആർ. ശിവരഞ്ജിത്തിനെയും*
*തെളിവെടുപ്പിനായി കോളേജിൽ കൊണ്ടുവന്നപ്പോൾ*

ണ്ടെടുത്തത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല എന്നാണ് 'കേരളശബ്ദ'ത്തിന്റെ അന്വേഷണത്തിൽ അറിയാൻ സാധിച്ചത്. കേരളായൂണിവേഴ്സിറ്റിയുടെ മെൻസ് ഹോസ്റ്റലിലും (എൽ.എം.എസ്. ജംഗ്ഷനിലെ ഹോസ്റ്റൽ) യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിയൂണിയൻ ഓഫീസിലും ഇതിനുമുമ്പും ഉത്തരക്കടലാസുകൾ (പ്ലെയിൻഷീറ്റ്) കാണപ്പെട്ടിട്ടുണ്ട്. പക്ഷേ, പലരും പേടിച്ച് ഒന്നും പുറത്തുപറയാറില്ലെന്ന് മാത്രം. കോൺഫിഡൻഷ്യലായി സൂക്ഷിക്കേണ്ട പേപ്പറുകൾ എസ്.എഫ്.ഐ. നേതാക്കൾക്ക് ലഭിക്കുന്നത് പലതരത്തിലാണ്. ഒന്ന് ഇടതുപക്ഷഅനുഭാവികളായ അധ്യാപകർ തന്നെ എസ്.എഫ്.ഐ. നേതാക്കൻമാർക്ക് ആൻസർഷീറ്റുകൾ നേരത്തെ എത്തിച്ചുനൽകും. യൂണിയൻ അനുഭാവികളായ നേതാക്കൻമാർക്ക് പരീക്ഷയിൽ തിരിമറികൾ നടത്താൻവേണ്ടിയാണ് ഇങ്ങിനെചെയ്യുന്നത്. ഇതുകൂടാതെ എസ്.എഫ്.ഐ.ക്കാർ കോളേജിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സഹായത്തോടെയും ഉത്തരക്കടലാസുകൾ സംഘടിപ്പിക്കാറുണ്ടെന്നാണ് അന്വേഷണത്തിൽ അറിയാൻ സാധിച്ചത്. ചിലർ യൂണിയൻനേതാക്കൻമാരുടെ ഭീഷണി ഭയന്നാണ് ഇതിൽ ഒത്താശചെയ്യുന്നത്. ചില ഇടത് അനുകൂലസംഘടനാനേതാക്കൻമാർ തങ്ങളുടെ യജമാന ഭക്തി തെളിയിക്കാൻ വേണ്ടിയും കുട്ടിസഖാക്കൻമാരെ തൃപ്തിപ്പെടുത്താറുണ്ട്. ഇതിനെല്ലാംപുറമേയാണ് സിൻഡിക്കേറ്റ് അംഗങ്ങളുടെ ഒത്താശ. മുൻകാലങ്ങളിൽ ചില സിൻഡിക്കേറ്റ് അംഗങ്ങളുടെ ഒത്താശയോടെ ഉത്തരക്കടലാസുകളിൽ തിരിമറി നടന്നിട്ടുണ്ടെന്നും ഞങ്ങളുടെ അന്വേഷണത്തിൽ അറിയാൻ സാധിച്ചു.


നേരത്തെ ലഭ്യമാകുന്ന ഉത്തരക്കടലാസിൽ പ്രോബബിൾ ക്വസ്റ്റ്യൻസിന്റെ ആൻസർ എഴുതുകയും അത് രഹസ്യമായി പരീക്ഷാഹാളിൽ എത്തിച്ച് മെയിൻ ഷീറ്റിനൊപ്പം തുന്നിച്ചേർക്കുകയും ചെയ്യുന്നതാണ് ഒരുരീതി. രണ്ടാമത്തെ തട്ടിപ്പ് ഇങ്ങിനെ- പരീക്ഷാഹാളിൽ നിന്നും ചോദ്യപേപ്പർ ലഭിച്ച് അരമണിക്കൂറിനുള്ളിൽ തട്ടിപ്പുകാർ ആൻസർഷീറ്റ് മടക്കി നൽകും. എന്നിട്ട് ഹാൾ വിട്ട് പുറത്തുപോകും. ലഭ്യമായ ചോദ്യപേപ്പറുമായി പുറത്തെത്തുന്ന തട്ടിപ്പുകാർ പുസ്തകം റഫർ ചെയ്ത് ലഭിക്കുന്ന ശരിയുത്തരങ്ങൾ തങ്ങളുടെ കൈയിലുള്ള ആൻസർഷീറ്റിൽ (തിരിമറിയിലൂടെ നേരത്തെ സംഘടിപ്പിച്ച് വെച്ചവ) എഴുതിപ്പിടിപ്പിക്കും. പരീക്ഷാസമയം കഴിയുന്നതിന് മുമ്പ് തന്നെ ഇതുപൂർത്തിയാക്കാൻ ഒന്നിലധികംപേരാകും അണിയറയിൽ പ്രവർത്തിക്കുക. തുടർന്ന് പരീക്ഷാഹാളിൽ നിൽക്കുന്ന ഇൻവിജിലേറ്ററുടെ സഹായത്തോടെയോ (ഇടതു അനുഭാവി ആണെങ്കിൽ മാത്രം) അല്ലെങ്കിൽ കോളേജ് ഓഫീസിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സഹായത്തോടെയോ പുതിയ ഉത്തരക്കടലാസ് തിരുകിക്ക



*ഇടിമുറി എന്ന പേരിൽ അറിയപ്പെട്ടിരുന്ന എസ്.എഫ്.ഐ യൂണിറ്റ് ഓഫീസ്*

യറ്റും. തുടർന്ന് ആദ്യം പരീക്ഷാഹാളിൽ വെച്ച് എഴുതി നൽകിയ ഉത്തരക്കടലാസ് എടുത്തു മാറ്റുകയും ചെയ്യും. മിക്കപ്പോഴും പാസ് മാർക്കിനുള്ള വകമാത്രമാകും ഇത്തരം തിരിമറികളിലൂടെ ഉറപ്പാക്കുക. കോളേജിലെ ഇടത് അനുകൂല അധ്യാപകരുടെ ഒത്താശയോടെയാണ് ഇത്തരം ചുറ്റിക്കളികൾ കാലാകാലങ്ങളിൽ നടന്നുപോകുന്നത്. പക്ഷേ, ഒരു വധശ്രമക്കേസിന്റെ ഭാഗമായി നടത്തിയ റെയ്ഡിൽ ഉത്തരക്കടലാസുകൾ പിടിച്ചെടുക്കുന്നതും വിഷയത്തിന്റെ ഗൗരവം പൊതുസമൂഹം അറിയുന്നതും ഇതാദ്യമായിട്ടാണെന്ന് മാത്രം.

ക്ലാസിൽ കയറാതെ കറങ്ങിനടക്കുകയും രാഷ്ട്രീയത്തിന്റെ പേരിൽ സഹപാഠികളെ മർദ്ദിച്ചവശരാക്കുകയും ചെയ്യുന്ന യൂണിയൻ നേതാക്കൻമാർ പരീക്ഷാഫലം വരുമ്പോൾ പാസ് മാർക്കോ അതിൽകൂടുതലോ കരസ്ഥമാക്കും. കഷ്ടപ്പെട്ട് പഠിച്ച് പരീക്ഷ എഴുതുന്നവൻ ഇവർക്ക് പിന്നിലേക്ക് തള്ളപ്പെടുന്ന സാഹചര്യവും വന്നുഭവിച്ചേക്കാം. ഇതാണ് ഇതിലെ വിരോധാഭാസം. യൂണിവേഴ്സിറ്റി കോളേജിലെ എല്ലാ വിദ്യാർത്ഥിനേതാക്കൻമാരും എസ്.എഫ്.ഐ. പ്രവർത്തകരും ഇത്തരം ചെയ്ത്തുകളിലൂടെ പരീക്ഷ എഴുതുന്നവരോ അട്ടിമറി നടത്തുന്നവരോ അല്ല. പക്ഷേ ചിലർ ഇത്തരം പിൻവാതിൽ കളികളിലൂടെ മാത്രമാണ് പരീക്ഷകളിൽ മുന്നേറുന്നത്. ഇത് യൂണിവേഴ്സിറ്റി കോളേജിൽ മാത്രമായി ഒതുക്കേണ്ട സംഗ




**അതീവ ഗൗരവത്തോടെയും കോൺഫിഡൻഷ്യലായും കൈകാര്യം ചെയ്യേണ്ട പേപ്പറുകളാണ് ശിവരഞ്ജിത്തിന്റെ വീട്ടിൽ നിന്നും കണ്ടെടുത്തത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല എന്നാണ് 'കേരളശബ്ദ'ത്തിന്റെ അന്വേഷണത്തിൽ അറിയാൻ സാധിച്ചത്.**

# ആരോപണങ്ങൾക്ക് പിന്നിൽ ഗൂഢാലോചന

## സചിൻദേവ് (എസ്.എഫ്.ഐ. സംസ്ഥാനസെക്രട്ടറി)

യൂണിവേഴ്സിറ്റി കോളേജ് സംഭവത്തിന്റെ പേരിൽ ചിലർ എസ്.എഫ്.ഐക്കെതിരേ ഗൂഢാലോചനനടത്തുകയാണ്. ആരോപണ വിധേയവരായ വിദ്യാർത്ഥികൾ ഇന്ന് എസ്.എഫ്.ഐയിൽ ഇല്ല. അവർ പടിക്ക് പുറത്താണ്. അതിൽനിന്നുതന്നെ ഞങ്ങളുടെ നയം വ്യക്തമാണ്. എസ്.എഫ്.ഐ. അക്രമമോ അരാജകത്വമോ പ്രോത്സാഹിപ്പിക്കുന്നില്ല. അങ്ങനെചെയ്യുന്നവർക്ക് ഈ സംഘടനയിൽ സ്ഥാനമില്ല. ഇവിടെ ചില മാധ്യമങ്ങൾ ഞങ്ങൾക്കെതിരായി ജനങ്ങളെ തിരിച്ചുവിടാൻ ശ്രമിക്കുന്നു. അത് അംഗീകരിക്കാനാകില്ല. യൂണിവേഴ്സിറ്റി കോളേജിൽ അനിഷ്ടസംഭവങ്ങൾ നടന്നതിന് തൊട്ടടുത്ത ദിവസം കോളേജ് വിദ്യാഭ്യാസ അഡീഷണർ ഡയറക്ടറുടെ സാന്നിധ്യത്തിൽ കോളേജ് സ്റ്റാഫും പൊലീസും ചേർന്ന് എസ്.എഫ്.ഐ. യൂണിറ്റ് കമ്മിറ്റി ഓഫീസ് വിശദമായി പരിശോധിച്ചിരുന്നു. അന്നവിടെ നിന്നും ഒന്നും കണ്ടെടുത്തിട്ടില്ല. ആർക്കും ഒരു ആക്ഷേപവും ഉന്നയിക്കാനുണ്ടായിരുന്നില്ല. പിറ്റേന്ന് ഒരു ചാനലിന്റെ പ്രതിനിധി കാമ്പസിൽ എത്തുന്നു. അവർ ചില പരിശോധനകൾ നടത്തുമ്പോൾ യൂണിവേഴ്സിറ്റി കലോത്സവവുമായി ബന്ധപ്പെട്ട ചില രേഖകൾ ലഭിക്കുന്നു. അതിനെചില മാധ്യമങ്ങൾ ഉത്തരക്കടലാസ് എന്ന രീതിയിൽ ദുഷ്പ്രചാരണം നടത്തുന്നു. ഇതൊക്കെ എന്തിലേക്കാണ് വിരൽ ചൂണ്ടുന്നത്? എസ്.എഫ്.ഐ. എന്ന പ്രസ്ഥാനത്തിനെതിരെ ജനവികാരം ഉയർത്താൻ ചിലർ നടത്തുന്ന നീക്കങ്ങളാണ് ഇതെല്ലാം. ഇതിനെതിരേ കേരളത്തിലെ വിദ്യാർത്ഥിസമൂഹം അണിനിരക്കും. വിവാദവിഷയങ്ങൾ പൊലീസ് അന്വേഷിക്കുന്നുണ്ടല്ലോ. അതിൽ സത്യം വെളിവാകും. കുറ്റക്കാരായ ഒരുവിദ്യാർത്ഥിയും ഞങ്ങളുടെ പ്രസ്ഥാനത്തിലുണ്ടാകില്ല.



തിയുമല്ല. സംസ്ഥാനത്തെ പല കോളേജുകളിലും ഇത്തരം അധാർമ്മികപ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്നാണ് അന്വേഷണത്തിൽ അറിയാൻ സാധിച്ചത്. ചില മാനേജ്മെന്റ് കോളേജുകളിൽ മാനേജ്മെന്റ് ഒത്താശയോടെ പല തിരിമറികളും നടന്നതായി റിപ്പോർട്ടുകളുണ്ട്. യൂണിവേഴ്സിറ്റി കോളേജിനെസംബന്ധിച്ചിടത്തോളം എസ്.എഫ്.ഐക്കാരിൽ ഒരുവിഭാഗം മാത്രമാണ് ഇത്തരം പിൻവാതിൽ കളികൾ നടത്തുന്നത്. ഇതിനെതിരേ എസ്.എഫ്.ഐക്കാരിൽ തന്നെ പ്രതിഷേധവും അമർഷവും നിലനിൽക്കുന്നുണ്ടത്രെ. വിമതസ്വരം ഉയർത്തിയാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുക്കൾ അറിയാവുന്നവർ പ്രതികരിക്കാതിരിക്കുന്നു എന്ന് മാത്രം.

അതേസമയം, അഖിൽ വധശ്രമക്കേസിന്റെ തുടർച്ചയായി പുറത്തുവന്നിരിക്കുന്ന പരീക്ഷാത്തട്ടിപ്പുകഥകൾ വിദ്യാർത്ഥിസമൂഹം ഏറെ ആശങ്കയോടെയാണ് കാണുന്നത്. പക്ഷേ, പലരും പരസ്യപ്രതികരണത്തിന് മുതിരുന്നില്ലെന്ന് മാത്രം. യൂണിവേഴ്സിറ്റി കോളേജിലെ ഒരു പൂർവ്വവിദ്യാർത്ഥിയുടെ വാക്കുകൾ ഇപ്രകാരം - യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷാതിരിമറി നടക്കുന്നത് ആദ്യസംʻവമൊന്നുമല്ല. ഞങ്ങൾ പഠിച്ചിരുന്നപ്പോഴും ഇതൊക്കെ തന്നെ ആയിരുന്നു സ്ഥിതി. കോളേജിലെ ഒരു മിനിസ്റ്റീരിയൽ സ്റ്റാഫ് പരീക്ഷയ്ക്ക് അരമണിക്കൂർ മുമ്പ് ചോദ്യപേപ്പർ ചോർത്തി ഇഷ്ടക്കാർക്ക് നൽകുമായിരുന്നു. വിവിധ ഹാളുകളിലേക്ക് കൊണ്ടുപോകാനുള്ള ചോദ്യകടലാസുകൾ സോർട്ട് ചെയ്യുന്ന ഘട്ടത്തിലാണ് അയാൾ ചോദ്യപേപ്പർ കൈക്കലാക്കുന്നത്. ബാത്ത്റൂമിൽ പോയിവരാം എന്ന വ്യാജേനഓഫീസിൽ നിന്ന് മുങ്ങുകയും ഇത് ഇഷ്ടക്കാർക്ക് എത്തിച്ച് നൽകുകയും ചെയ്യും. പ്രതിഫലമായി ഒരു മദ്യക്കുപ്പിയാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നത്. മദ്യത്തിന് വേണ്ടി ചോദ്യപേപ്പർ വിൽക്കുമായിരുന്ന അദ്ദേഹം ഇപ്പോൾ എവിടെയാണെന്ന് അറിയില്ല. പക്ഷേ, അയാൾ എസ്.എഫ്.ഐക്കാർക്ക് മാത്രമല്ല ചോദ്യപേപ്പറുകൾ ചോർത്തി നൽകിയിരുന്നത്. മദ്യം വാങ്ങിനൽകിയാൽ ആർക്കും ചോദ്യപേപ്പർ വിൽക്കുമായിരുന്നു. ഇപ്പോഴും അത്തരം പ്രവൃത്തികൾ കോളേജിൽ നടക്കുന്നുണ്ടാകും.

ഇത് യൂണിവേഴ്സിറ്റി കോളേജിൽ മാത്രം നടക്കുന്ന സംഭവമായും കരുതാൻ തരമില്ല. പൂർവ്വവിദ്യാർത്ഥി ഉന്നയിച്ച ഗുരുതരമായ ആരോപണങ്ങളോട് പ്രതികരിക്കാൻ യൂണിവേഴ്സിറ്റി കോളേജിലെ ചില വിദ്യാർത്ഥികളെയും അധ്യാപകരെയും സമീപിച്ചെങ്കിലും അവർ തയ്യാറായില്ല.

### ഡയറക്ടറുടെ സീൽ ?

ശിവരഞ്ജിത്തിന്റെ വീട്ടിൽ പൊലീസ് നടത്തിയ പരിശോധനയിൽ കേരളാ യൂണിവേഴ്സിറ്റി ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ സീൽ കണ്ടെടുത്തിരുന്നു. ഇതും ദുരൂഹതകളുയർത്തുകയാണ്. സിവിൽ പൊലീസ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ സ്പോർട്സ് ക്വാട്ട ആനുകൂല്യം ശിവരഞ്ജിത്തിന് ലഭിച്ചിരുന്നു. ആർച്ചറിയിൽ ദേശീയമെഡൽ നേടിയെന്ന് ശിവരഞ്ജിത്ത് ക്ലെയിം ചെയ്തതായാണ് അറിയാൻ സാധിച്ചിട്ടുള്ളത്.

# വെളിവായത് വൻകുംഭകോണം

**കെ.എം. അഭിജിത്ത്** (കെ.എസ്.യു. സംസ്ഥാനപ്രസിഡന്റ്)

എസ്.എഫ്.ഐയുടെ നേതൃത്വത്തിൽ നടക്കുന്ന വൻകുംഭകോണമാണ് യൂണിവേഴ്സിറ്റി കോളേജ് സംഭവത്തിലൂടെ വെളിവായിരിക്കുന്നത്. വളരെ കോൺഫിഡൻഷ്യലായി കൈകാര്യം ചെയ്യേണ്ട ഉത്തരക്കടലാസുകൾ എസ്.എഫ്.ഐക്കാരുടെ സങ്കേതങ്ങളിൽ യാദൃച്ഛികമായി എത്തിയതല്ല. ഇതിന് പിന്നിൽ അധ്യാപക,അനധ്യാപകർ ഉൾപ്പെട്ട വൻ നെക്സസ് പ്രവർത്തിക്കുന്നുണ്ട്. ഇവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. സാധാരണക്കാരന്റെ മക്കൾ കഷ്ടപ്പെട്ട് പഠിച്ച് പരീക്ഷ എഴുതുമ്പോൾ ഗുണ്ടായിസം മുഖമുദ്രയാക്കിയ എസ്.എഫ്.ഐക്കാർ കള്ളക്കളിയിലൂടെ പരീക്ഷയെ നേരിടുന്നു. പഠിച്ച് എഴുതുന്നവരെ എസ്.എഫ്.ഐക്കാർ വിഢികളാക്കുകയാണ്.



ഇതിന് പിന്നിൽ വൻസംഘം പ്രവർത്തിക്കുന്നുണ്ട്. യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യത മാത്രമല്ല ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. പി.എസ്.സിയിൽ നടക്കുന്ന കള്ളക്കളികളും പുറത്തുകൊണ്ടുവരേണ്ടതുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നത്. ഞങ്ങൾ കെ.എസ്.യു. പ്രവർത്തകർ സെക്രട്ടറിയേറ്റ് പടിക്കൽ നിരാഹാരം കിടക്കുന്നു. സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നും ഞങ്ങൾക്ക് പിന്തുണപ്രഖ്യാപിച്ച് നിരവധിപ്പേർ എത്തുന്നു. എസ്.എഫ്.ഐ. എന്ന പ്രസ്ഥാനത്തോടും അവർ കാട്ടുന്ന നീതികേടിനോടുമുള്ള ജനങ്ങളുടെ പ്രതിഷേധമാണ് ഇതിൽ നിന്നും വായിച്ചെടുക്കാൻ സാധിക്കുന്നത്.

ഇത് വ്യാജമാണോ എന്ന് അധികൃതർ പരിശോധിച്ചുവരികയാണ്. ശിവരഞ്ജത്തിന്റെ വീട്ടിൽ നിന്നും ലഭിച്ച സീൽ ഇതിനുള്ള സാധ്യത വർധിപ്പിക്കുന്നു. തന്റെ സീൽ ശിവരഞ്ജിത്ത് വ്യാജമായി ഉണ്ടാക്കിയതാണെന്ന് ഡയറക്ടർ വ്യക്തമാക്കിയ സാഹചര്യത്തിൽ പി.എസ്.സിയുടെ വിശ്വാസ്യതയും ചോദ്യച്ചിഹ്നമാവുകയാണ്.



*അഖിലിന് കുത്തേറ്റതിനെത്തുടർന്ന് രോഷാകുലരായ വിദ്യാർത്ഥികൾ നടത്തിയ പ്രകടനം*


### പി.എസ്.സിയുടെ വിശ്വാസ്യത എത്രത്തോളം ?

സംസ്ഥാനസർക്കാരിലേക്കും വിവിധ പൊതുമേഖലാസ്ഥാപനങ്ങളിലേക്കും നിയമനം നടത്താൻ നിയുക്തമായിട്ടുള്ള കേരള സംസ്ഥാനപബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുമ്പോൾ ഇടിത്തീവീഴുന്നത് സംസ്ഥാനത്തെ ലക്ഷോപലക്ഷം വരുന്ന ഉദ്യോഗാർത്ഥികളുടെ മനസ്സിൽക്കൂടിയാണ്. കോളേജ് വിദ്യാഭ്യാസ ശേഷം മാസങ്ങൾ നീളുന്ന കോച്ചിങ് ക്ലാസുകളിലും മറ്റും പങ്കെടുത്തിട്ടാണ് പലരും ഒരു ജോലിക്കായി പി.എസ്.സി. പരീക്ഷ എഴുതുന്നത്. കഴിവിനപ്പുറം ഇതൊരു ഭാഗ്യപരീക്ഷണം കൂടിയാണ്. അർഹരായ പലർക്കും ഭാഗ്യക്കേട് കൊണ്ട് (റാങ്ക് ലിസ്റ്റ് കാലാവധി കഴിയുക, വേക്കൻസികൾ വരാതിരിക്കുക, കോടതിവിധി എതിരാവുക ഇത്യാദി സാഹചര്യങ്ങളാൽ) ജോലി ലഭിക്കാതെ പോകാറുണ്ട്. അപ്പോഴും അവരുടെ പ്രതീക്ഷ അടുത്ത ടെസ്റ്റിൽ താൻ രക്ഷപ്പെടും എന്നതാണ്. എന്നാൽ ശിവരഞ്ജിത്തിനെപ്പോലുള്ളവർ വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റ് നൽകി ജോലി തരപ്പെടുത്തിയെടുക്കാൻ ശ്രമിച്ചിട്ടുണ്ടാകാം എന്ന വാർത്തകൾ വരുമ്പോൾ ആ പ്രതീക്ഷയും അസ്ഥാനത്താവുകയാണ്. മാത്രമല്ല വിവിധ ക്വാട്ടകളിൽ ജോലിക്കപേക്ഷിക്കുന്നവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികത പി.എസ്.സി. എത്രത്തോളം കാര്യക്ഷമമായാണ് പരി

# അധ്യാപകരുടെ പങ്ക് അന്വേഷിക്കണം

**അരുൺബാബു (എ.ഐ.എസ്.എഫ്. സംസ്ഥാനപ്രസിഡന്റ്)**

യൂണിവേഴ്സിറ്റി ജീവനക്കാർക്കുപോലും പുറത്തുകൊണ്ടുപോകാനാകാത്ത ഉത്തരക്കടലാസ് വിദ്യാർത്ഥിയുടെ വീട്ടിലെത്തിയെങ്കിൽ അത് ഗൗരവമായി കാണേണ്ട സംഗതിയാണ്. ഒന്നോ രണ്ടോ വിദ്യാർത്ഥികൾ മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമാണ് ഇതെന്ന് കരുതാനുമാകില്ല. അധ്യാപകരിൽ ചിലരുടെ ഒത്താശയുണ്ടെങ്കിൽ മാത്രമേ ഇത്തരം ക്രമക്കേടുകൾ നടത്താനാകൂ. ഈ സാഹചര്യത്തിൽ കുറ്റക്കാരായ വിദ്യാർത്ഥികളെയും അധ്യാപകരെയും കണ്ടെത്തേണ്ടതുണ്ട്. തട്ടിപ്പിന് ഒത്താശചെയ്യുന്ന അധ്യാപകരെ സർവീസിൽ നിന്നും മാറ്റിനിർത്തിയില്ലെങ്കിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കും. അത് അനുവദിക്കാൻ പാടില്ല. പി.എസ്.സിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉന്നയിക്കുന്ന ആക്ഷേപങ്ങളിലും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. കുറ്റമറ്റരീതിയിൽ തന്നെയാണ് പി.എസ്.സിയുടെ നടപടിക്രമങ്ങൾ നടക്കുന്നത്. അതിൽ എന്തെങ്കിലും പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ഈ അന്വേഷണത്തിലൂടെ വെളിവാകും. അതേസമയം, പി.എസ്.സിയുടെ വിശ്വാസ്യതയിൽ സംശയം ഉന്നയിക്കേണ്ട കാര്യമില്ല എന്നാണ് ഞങ്ങളുടെ നിലപാട്. നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന അന്വേഷണത്തിൽ പൂർണവിശ്വാസമുണ്ട്. പൊലീസ് അന്വേഷിക്കട്ടെ. സത്യം പുറത്തുവരും.



ശോധിക്കുന്നത് എന്ന ചോദ്യവും ഉയരുന്നുണ്ട്. ഇതിനെതിരെ ശബ്ദിക്കേണ്ട അധികൃതരാകട്ടെ നിശ്ശബ്ദത തുടരുകയാണ്.

മുമ്പ് പി.എസ്.സിയുമായി ബന്ധപ്പെട്ട് വ്യാജനിയമനവിവാദം ഉയർന്നപ്പോൾ പി.എസ്.സി. ശക്തമായ ഇടപെടലുകൾ നടത്തിയിരുന്നു. സർട്ടിഫിക്കറ്റ് പരിശോധനയും അഭിമുഖവുമൊക്കെ കൂടുതൽ കർക്കശമാക്കി സ്ഥാപനത്തിന്റെ വിശ്വാസ്യത ഉയർത്താൻ ഇടപെടലുകൾ ഉണ്ടായി. എന്നാൽ വർഷങ്ങൾ പിന്നിടുമ്പോൾ തട്ടിപ്പുകൾ പുതിയ രീതിയിൽ ആവർത്തിക്കപ്പെടുന്നു. ഇത് ഏറെ ആശങ്കാജനകമാണെന്ന് ഉദ്യോഗാർത്ഥികൾ പറയുന്നു.

### യൂണിവേഴ്സിറ്റി കോളേജ് മാറ്റിസ്ഥാപിക്കണോ ?

യൂണിവേഴ്സിറ്റി കോളേജുമായി ബന്ധപ്പെട്ട ഓരോ വിവാദം മാധ്യമങ്ങളിൽ നിറയുമ്പോഴും ഉയരുന്ന ആവശ്യകതയാണ് കോളേജ് മാറ്റിസ്ഥാപിക്കുക എന്നത്. തലസ്ഥാനനഗരത്തിന്റെ സിരാകേന്ദ്രത്തിൽ സെക്രട്ടറിയേറ്റിൽ നിന്നും ഒരുവിളിപ്പാടകലെ സ്ഥിതിചെയ്യുന്ന കോളേജ് എസ്.എഫ്.ഐക്കാർ ഗുണ്ടാകേന്ദ്രമാക്കി ഉപയോഗിക്കുന്നു, പല വിദ്യാർത്ഥിസമരങ്ങളുടെയും മറവിൽ നടക്കുന്ന അക്രമങ്ങളുടെ മൂലകേന്ദ്രം ഇതാണ് എന്നിങ്ങനെയുള്ള ആരോപണങ്ങളാണ് അത്തരമൊരുആവശ്യത്തിന് പിന്നിലുള്ളത്. ആയില്യംതിരുനാളിന്റെ കാലത്ത് 1866ൽ ഇംഗ്ലീഷ് സ്കൂളായി സ്ഥാപിക്കപ്പെടുകയും പിന്നീട് ആർട്സ് ആന്റ് സയൻസ് കോളേജായി മാറുകയും ചെയ്ത യൂണിവേഴ്സിറ്റി കോളേജിനോളം പൈതൃകമുള്ള മറ്റൊരുവിദ്യാഭ്യാസസ്ഥാപനം കേരളത്തിൽ ഇല്ല. നിരവധി മഹാരഥൻമാർ ഇവിടത്തെ പൂർവ്വവിദ്യാർത്ഥികളാണ്. അതിനാൽ തന്നെ ഇത്രയും മഹത്തായ പാരമ്പര്യമുള്ള കോളേജ് മാറ്റിസ്ഥാപിക്കരുത് എന്നാണ് പൂർവ്വവിദ്യാർത്ഥികളും സാംസ്കാരിക നായകരും ആവശ്യപ്പെടുന്നത്. അത് നീതിയുക്തവും ന്യായീകരിക്കപ്പെടേണ്ടതുമായ സംഗതിയാണ്. എന്നാൽ ഇതുമറയാക്കി ചിലർ ഈ കലാലയത്തെ ദുരുപയോഗം ചെയ്യുന്നു.

വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി പോരാടുകയും അവർക്കായി നിലകൊള്ളുകയും ചെയ്ത പ്രസ്ഥാനമാണ് എസ്.എഫ്.ഐ. ഒരുകാലത്ത് കാമ്പസുകൾ കുത്തകകളാക്കി വെച്ചിരുന്ന വിദ്യാർത്ഥിപ്രസ്ഥാനങ്ങൾക്കും വർഗീയ സംഘടനകൾക്കുമെതിരേ സമരം ചെയ്താണ് എസ്.എഫ്.ഐ. കേരളത്തിലെ കാമ്പസുകളിൽ വളർന്നുവന്നത്. സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്നീ മൂന്ന് മുദ്രാവാക്യങ്ങളാണ് സംഘടനമുന്നോട്ടുവെച്ചത്. എന്നാൽ നാളുകൾ പിന്നിടുമ്പോൾ എസ്.എഫ്.ഐ. എന്ന പ്രസ്ഥാനം പ്രഖ്യാപിതനയത്തിൽ നിന്നും പിന്നോട്ടുപോവുകയും മാതൃസംഘടനയുടെ താത്പര്യങ്ങൾക്കായി തെരുവുയുദ്ധം നടത്തുകയും ചെയ്തു. ഭരണസിരാകേന്ദ്രത്തിന് തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ. യൂണിറ്റിനെയാണ് എല്ലാക്കാലത്തും മാതൃസംഘടനയായ സി.പി.എം. അക്രമപരമ്പരകൾക്കായി ഉപയോഗിച്ചുപോന്നിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ശിവരഞ്ജിത്തിനേയും എ.എൻ. നസിമിനേയുംപോലുള്ള ക്രിമിനലുകൾ വളർന്നുവന്നതും. ക്ലാസുകൾ കട്ട് ചെയ്ത് സമരമുഖത്തിറങ്ങുന്ന ഇക്കൂട്ടരെ നിലനിർത്താൻ രാഷ്ട്രീയക്കാർ വേണ്ട ഒത്താശകളും ചെയ്തു നൽകാറുണ്ട്. അതിന്റെയൊക്കെ ഫലമായാണ് യൂണിവേഴ്സിറ്റി പരീക്ഷാപേപ്പറുകൾ യൂണിയൻ നേതാക്കളുടെ വീടുകളിൽ എത്തിയത്. കഷ്ടപ്പെട്ട് പഠിച്ച് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളെ കബളിപ്പിക്കുകയാണ് ഇത്തരം

# വിശ്വാസമുള്ള ഏജൻസി അന്വേഷിക്കണം

**വി. മനുപ്രസാദ് (എ.ബി.വി.പി. സംസ്ഥാനസെക്രട്ടറി)**



യൂണിവേഴ്സിറ്റി പരീക്ഷാ പേപ്പർ എസ്.എഫ്.ഐക്കാരുടെ വീട്ടിൽ നിന്നും യൂണിറ്റ് കമ്മിറ്റി ഓഫീസിൽ നിന്നും കണ്ടെടുത്തത് അതീവഗൗരവമായ സംഗതിയാണ്. യൂണിവേഴ്സിറ്റി പരീക്ഷയുടെ വിശ്വാസ്യത തന്നെ സംശയത്തിന്റെ നിഴലിൽ ആയിരിക്കുന്നു. പി.എസ്.സി പോലും ഇന്ന് ഒരു ചോദ്യച്ചിഹ്നമായി മാറിയിരിക്കുന്നു. ഇത് വിദ്യാർത്ഥികളോടും യുവാക്കളോടുമുള്ള വെല്ലുവിളിയാണ്. എസ്.എഫ്.ഐയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ കള്ളക്കളി യൂണിവേഴ്സിറ്റി കോളേജിൽ മാത്രം ഒതുങ്ങുന്നതല്ല. സംസ്ഥാന വ്യാപകമായി ഇത്തരം തട്ടിപ്പുകൾ നടക്കുന്നുണ്ട്. ബഹുഭൂരിപക്ഷം കൃമ്പസുകളും എസ്.എഫ്.ഐയുടെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് അവർ എന്ത് കൊള്ളരുതായ്മയും കാട്ടും. ഇതിന് ഒത്താശചെയ്യാൻ ചില അധ്യാപകരും രംഗത്തുണ്ട്. അവരെ സസ്പെന്റ് ചെയ്യണം. യൂണിവേഴ്സിറ്റി കോളേജിൽ നടക്കുന്ന പരീക്ഷാതട്ടിപ്പുകളെക്കുറിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണ്. അതിന് കേരളാ പോലീസിന്റെ അന്വേഷണം മതിയാകില്ല. മുകളിൽ നിന്നുള്ളവർ എഴുതി നൽകുന്ന റിപ്പോർട്ട് കാട്ടി വിദ്യാർത്ഥികളെ പറ്റിക്കാനാണ് ക്രൈംബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചത്. ഇത് വിദ്യാർത്ഥികളോടുള്ള വഞ്ചനയാണ്. എസ്.എഫ്.ഐക്കാർ പ്രതിസ്ഥാനത്ത് നിൽക്കുമ്പോൾ പിണറായി വിജയന്റെ പൊലീസിന് എങ്ങനെ നിഷ്പക്ഷമായി അന്വേഷിക്കാൻ സാധിക്കും? അതുകൊണ്ടാണ് ഞങ്ങൾ സ്വതന്ത്രമായ ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണം എന്നാവശ്യപ്പെടുന്നത്.

തട്ടിപ്പുകാർ ചെയ്യുന്നത്. യൂണിവേഴ്സിറ്റി കോളേജിൽ നടന്നത് ഒറ്റപ്പെട്ട സംഭവമാണെന്നും പാർട്ടിക്കോ എസ്.എഫ്.ഐക്കോ ഇതിൽ ബന്ധമില്ലെന്നുമാണ് സി.പി.എം. നേതാക്കൾ ഇപ്പോൾ പറയുന്നത്. ഇപ്പോൾ പ്രതിസ്ഥാനത്തുനിൽക്കുന്നവരൊക്കെ എസ്.എഫ്.ഐക്ക് ഒപ്പം കൂടിയ കള്ളനാണയങ്ങളാണെന്നും നേതാക്കൻമാർ പറയുന്നു. എന്നാൽ ഏതാനും ആഴ്ചകൾക്ക് മുമ്പ് വരെ ഈ നേതാക്കൻമാരുടെ ഗുഡ്ബുക്കിലുണ്ടായിരുന്ന നല്ലകുട്ടികളാണ് ശിവരഞ്ജിത്ത് ഉൾപ്പെടെയുള്ള അഖിൽവധശ്രമക്കേസിലെ എല്ലാപ്രതികളും എന്നതാണ് വിരോധാഭാസം.

> **കോളേജിന്റെ പൈതൃകവും പാരമ്പര്യവുമൊക്കെ ഉന്നയിക്കുന്നത് വെറും പുറം മേനിയാണ്.**

### ഇടം തന്ത്രപ്രധാനം

എം.ജി. റോഡിൽ പാളയത്തിനും സെക്രട്ടറിയേറ്റ് സ്ഥിതി ചെയ്യുന്ന സ്റ്റാച്യു ജംഗ്ഷനും മധ്യത്തായാണ് യൂണിവേഴ്സിറ്റി കോളേജ് സ്ഥിതി ചെയ്യുന്നത്. വി.ജെ.ടി. ഹാൾ ജംഗ്ഷനിൽ റോഡിന് ഇരുവശത്തായി സ്ഥിതി ചെയ്യുന്ന കോളേജിൽ (ഒരു ഭാഗത്ത് മെയിൻ ക്യാമ്പസും മറുഭാഗത്ത് അനക്സും) നിന്നാണ് മിക്ക എസ്.എഫ്.ഐ. സമരങ്ങളും ആരംഭിക്കുന്നത്. വിദ്യാർത്ഥിസമരങ്ങളുടെ മറവിൽ സെക്രട്ടറിയേറ്റിന് മുന്നിൽ സംഘർഷമുണ്ടാക്കിയാൽ അക്രമകാരികൾക്ക് വേഗത്തിൽ ഓടി കോളേജിൽ പ്രവേശിക്കാനാകും. റോഡിന് ഇരുവശത്തുമുള്ള ക്യാമ്പസുകളിലേക്കും സമീപത്തെ സംസ്കൃത കോളേജിലേക്കുമാണ് അക്രമകാരികൾ ഓടിക്കയറുക. ഇവരെ പിന്തുടർന്നെത്തുന്ന പൊലീസുകാർക്ക് കാമ്പസിനുള്ളിൽ കടക്കാനാകില്ല. വിദ്യാർത്ഥികൾക്കാകട്ടെ ഇരുഭാഗത്തുനിന്നും പൊലീസിനു നേരെ കല്ലേറ് യഥേഷ്ടം തുടരാനും സാധിക്കും. പൊലീസിന് കാമ്പസിനുള്ളിൽ പ്രവേശിക്കണമെങ്കിൽ പ്രിൻസിപ്പലിന്റെ അനുവാദം വേണം. സാധാരണഗതിയിൽ അതുണ്ടാകാറില്ല. ക്രമസമാധാന പ്രശ്നം രൂക്ഷമായ വേളകളിൽ ചിലപ്പോഴൊക്കെ അക്രമകാരികളെ പിടികൂടാൻ പൊലീസ് കൃമ്പസിൽ കയറിയിട്ടുണ്ട്. പക്ഷേ പലപ്പോഴും യഥാർത്ഥ അക്രമകാരികളെയോ ആസൂത്രകരെയോ പിടികൂടാൻ സാധിച്ചിട്ടില്ല. പൊലീസ് കാമ്പസിൽ കയറിയാൽ കേളേജിന്റെ പിൻഭാഗത്ത് (ജിയോളജി ഡിപാർട്ടുമെന്റ് കെട്ടിടം) കൂടി അക്രമകാരികൾ രക്ഷപ്പെടും (പിൻഭാഗത്തുകൂടി മതിൽചാടാൻ എല്ലാവിധ സജ്ജീകരണങ്ങളും അക്രമികൾ നേരത്തെ ഒരുക്കിവെച്ചിട്ടുണ്ടാകും). മതിൽചാടിക്കടന്ന് റോഡ് ക്രോസ് ചെയ്താൽ സി.പി.എം. സംസ്ഥാനകമ്മറ്റി ഓഫീസായ എ.കെ.ജി. സെന്ററാണ്. അവിടെ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ പൊലീസിന് ഒരിക്കലും അക്രമികളെ പിടികൂടാൻ സാധിക്കില്ല. ഇനി അഥവാ എ.കെ.ജി. സെന്ററിൽ പ്രവേശിക്കുന്നഭാഗത്ത് പൊലീസ് എത്തി



*ജൂലൈ 22-ാം തീയതി യൂണിവേഴ്സിറ്റി കോളേജിൽ വീണ്ടും അദ്ധ്യയനം ആരംഭിച്ചപ്പോൾ കർശനമായ പരിശോധനയോടെ വിദ്യാർത്ഥികളെ കയറ്റിവിടുന്നു*

യാലും മറുഭാഗത്തുകൂടി കേരളയൂണിവേഴ്സിറ്റി കാമ്പസിലോ സമീപത്തെ എം.എൽ.എ. ഹോസ്റ്റലിലോ പ്രവേശിക്കാനാകും. ഇവിടെല്ലാം അക്രമികൾക്ക് സുരക്ഷിതലാവണങ്ങൾ ഒരുക്കാൻ സ്ഥിരം സംവിധാനങ്ങളുണ്ട്.

സി.പി.എം. എന്നൊക്കെ പ്രതിപക്ഷത്തിരുന്നിട്ടുണ്ടോ അന്നൊക്കെ വിദ്യാർത്ഥിസമരങ്ങളുടെ മറവിൽ ആസൂത്രിതമായ അക്രമം അഴിച്ചുവിടാനും അത് സർക്കാരിനെതിരായ രാഷ്ട്രീയ ആയുധമാക്കാനും അവർ യൂണിവേഴ്സിറ്റികോളേജിലെ എസ്.എഫ്.ഐ. യൂണിറ്റിനെയാണ് ദുരുപയോഗം ചെയ്തിട്ടുള്ളത്. നേതാക്കൻമാരുടെ ആജ്ഞാനുവർത്തികളാകുന്ന കുട്ടിസഖാക്കൾ നിരവധി കേസുകളിൽ പ്രതിചേർക്കപ്പെടുന്നതോടെ അവർക്ക് പാർട്ടിയോ പ്രസ്ഥാനമോ വിട്ടുപോകാനും സാധിക്കില്ല. കേസ് നടത്താനും ഭരണം മാറുമ്പോൾ തങ്ങൾക്കെതിരായ കേസുകൾ എഴുതിത്തള്ളാനും പ്രസ്ഥാനത്തിനൊപ്പം നിലനിന്നേ മതിയാകൂ എന്ന സാഹചര്യത്തിലാകും മിക്കവരും. സി.പി.എമ്മിനെസംബന്ധിച്ചിടത്തോളം വിദ്യാർത്ഥികളെ തെരുവിലിറക്കി സമരം ചെയ്യിക്കാനും അതിലൂടെ രാഷ്ട്രീയ നേട്ടം കൊയ്യാനും ഇത്രയും പറ്റിയ മറ്റൊരിടം കേരളത്തിലുണ്ടാകില്ല. അതിനാൽ തന്നെയാണ് തന്ത്രപ്രധാനമായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന യൂണിവേഴ്സിറ്റി കോളേജ് മാറ്റിസ്ഥാപിക്കാനാകില്ല എന്ന് സി.പി.എമ്മും എസ്.എഫ്.ഐയും ആവർത്തിക്കുന്നതും. കോളേജിന്റെ പൈതൃകവും പാരമ്പര്യവുമൊക്കെ ഉന്നയിക്കുന്നത് വെറുംപുറംമേനിയാണെന്ന് മാത്രം.

## പൂർവ്വവിദ്യാർത്ഥികൾ പറയുന്നു

യൂണിവേഴ്സിറ്റി കോളേജ് ഇപ്പോൾ സ്ഥിതിചെയ്യുന്നിടത്തുതന്നെ നിലനിൽക്കേണ്ടത് സാംസ്കാരിക കേരളത്തിന്റെ ആവശ്യമാണ്. എന്നാൽ അവിടെ നിലകൊള്ളുന്ന വൃത്തികെട്ട വ്യവസ്ഥിതി മാറണം. എസ്.എഫ്.ഐയുടെ ഏകാധിപത്യം അവസാനിപ്പിക്കണം. മറ്റുസംഘടനകൾക്കും പ്രവർത്തനസ്വാതന്ത്ര്യം നൽകണം. കോളേജിനെഒരു അന്താരാഷ്ട്രപഠന ഗവേഷണ കേന്ദ്രമാക്കി ഉയർത്തി അതിലൂടെ എഡ്യൂക്കേഷണൽ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുന്ന കാര്യം ആലോചിക്കാവുന്നതാണ്. അന്താരാഷ്ട്രനിലവാരമുള്ള ഒരു ഗവേഷണകേന്ദ്രം ഇവിടെ സ്ഥാപിക്കണം. ലോകരാജ്യങ്ങളിൽ നിന്നും വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്താൻ വിദ്യാർത്ഥികൾ ഇവിടെത്തുന്ന സാഹചര്യമുണ്ടാക്കണം. അതിന് അടിസ്ഥാനസൗകര്യമൊരുക്കാൻ നിലവിലെ ആർട്സ് ആന്റ് സയൻസ് കാമ്പസിനെകാര്യവട്ടം കാമ്പസിലേക്കോ മറ്റോ മാറ്റുന്നതും ആലോചിക്കാവുന്നതാണ്. യൂണിവേഴ്സിറ്റി കോളേജിൽ പി.ജി. മുതൽ മുകളിലോട്ടുള്ള അക്കാദമിക് സംവിധാനങ്ങൾ മാത്രമാക്കുകയും അതിനെകൂടുതൽ മേഖലകളിലേക്ക് വിപുലപ്പെടുത്തുകയും ചെയ്യണം. അങ്ങനെചെയ്യാൻ സാധിച്ചാൽ കോളേജിന്റെ പേരും പെരുമയും കാത്തുസൂക്ഷിക്കാനും അക്രമരാഷ്ട്രീയത്തിന് ഒരുപരിധിവരെ അറുതിവരുത്താനും സാധിക്കും. പക്ഷേ, അതിന് ഇച്ഛാശക്തിയോടെ പ്രവർത്തിക്കാൻ അധികാരികൾ തയ്യാറാകണം - വിദ്യാർത്ഥികൾ പറയുന്നു.

***(പല കാലഘട്ടങ്ങളിൽ യൂണിവേഴ്സിറ്റി കോളേജിൽ പഠിച്ച വിദ്യാർത്ഥികളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചാണ് നൽകിയിട്ടുള്ളത്. ഭീഷണിഭയന്ന് പലരും പേര് പരസ്യപ്പെടുത്താൻ തയ്യാറല്ല)***


# വിദ്യാർത്ഥികൾക്കും അധോലോകം?

ജി. ഹരി

**വി**ദ്യാർത്ഥിസംഘടനയുടെ ഭീകരമായ അതിക്രമങ്ങൾ പാർട്ടിയുടെ നേതാവ് വാചക വൈദഗ്ധ്യത്തോടെയാണ് കൈകാര്യം ചെയ്തത്. 'അത് പാർട്ടിയുടെ പോഷകസംഘടനയല്ല, സ്വതന്ത്ര സംഘടനയാണ്' എന്ന്..

അപ്പോൾ, പാർട്ടിയുടെ വാർഷിക റിപ്പോർട്ടിൽ 'പോഷകസംഘടന' എന്ന വിശേഷമോ? ഓ, അതൊരു റിപ്പോർട്ടല്ലേ, ആലങ്കാരിക പ്രയോഗങ്ങൾ പലതും ഉണ്ടാകാം എന്നായിരിക്കും മറുപടി.

കോളേജുകളിൽ 'റാഗിംഗ്' നിരോധിച്ചശേഷം 'കത്തിക്കുത്തി'ലാണ് കമ്പം. ഓൺലൈൻവഴി എന്തും കിട്ടും. തൽക്കാലം കത്തി വാങ്ങി 'സ്വന്തം രക്തത്തെ തിരിച്ചറിയുവിൻ' എന്ന 'ആഹ്വാനബോർഡി'ന്റെ കീഴിൽ വച്ചുതന്നെ തന്റേടിയായ സഖാവിനെ കുത്തിമലർത്തുന്നതാണ് വിദ്യാർത്ഥി വിപ്ലവത്തിന്റെ ഒരു പടി. 1970-ൽ രൂപം കൊണ്ടശേഷം ഇന്ത്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി സംഘടനയെന്ന് അവകാശപ്പെടുന്നവരാണ് ക്രമേണ മുതിർന്ന പാർട്ടിനേതാക്കളുടെ 'കൊലക്കത്തി' രാഷ്ട്രീയത്താൽ വശീകരിക്കപ്പെട്ടത്. 1975 ൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുന്നതിനും, കച്ചവട കേന്ദ്രങ്ങളിൽ ' വില വിവരപ്പട്ടിക' നിർബന്ധിതമാക്കുന്നതിനും




മുമ്പുതന്നെ ഉപഭോക്തൃ ചൂഷണത്തിനും വിലക്കയറ്റ മാജിക്കിനുമെതിരേ തലസ്ഥാനത്ത് പ്രതിഷേധിച്ചവർ ഇടതു വിദ്യാർത്ഥിസംഘടനകളുടെ ഭാഗമായിരുന്നു. ഇന്നോ? സാമൂഹ്യ പ്രതിബദ്ധതയ്ക്കു പകരം, കലാലയങ്ങളിൽ ഏറിവന്നാൽ ഒരു കാമ്പസ് സിനിമാനിർമ്മാണം.,അതും വിരലിലെണ്ണാവുന്ന കുട്ടികൾ. അവിടെനിന്നും എത്രപേർ സത്യജിത്റായി മാരായി മാറുന്നു? വട്ടപ്പൂജ്യം! അക്കാര്യം പോട്ടെ, ചോര തിളയ്ക്കുന്ന പ്രായം. ആവശ്യമുള്ളതെന്തും കയ്യെത്തും ദൂരത്തിൽ, ഗേറ്റിനകത്തും പുറത്തും ലഭിക്കുന്ന സംവിധാനം. ചോദ്യ- ഉത്തരക്കടലാസുകൾപോലും സംഘടനാ നേതാവിന്റെ പേരു കേൾക്കുമ്പോൾതന്നെ, സമീപത്തുള്ള യൂണിവേഴ്സിറ്റി ഓഫീസിൽനിന്നും, വേണ്ടിവന്നാൽ പി.എസ്.സി ഓഫീസിൽനിന്നുപോലും സ്വയം പറന്നെത്തുന്ന കാലാവസ്ഥ. എതിരാളികൾ എന്ന വർഗ്ഗവുമായി ഗജവീരനും ഗർദഭവും തമ്മിലുള്ള അന്തരം. ആനന്ദലബ്ധിക്കിനിയെന്തുവേണം!

1957-ലെ 'ഒരണാസമര'ത്തിലൂടെ ജന്മംകൊണ്ട കെ.എസ്.യു.വും 1936 ൽ പിറന്ന എ.ഐ.എസ്.എഫും, 1949 ൽ അവതരിച്ച എ.ബി.വി.പിയുമെല്ലാം വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലുണ്ടെന്നാണ് വയ്പ്പ്. പക്ഷേ, ഒരൊറ്റ സംഘടനയുടെ സർവ്വാധിപത്യമാണ്. മറ്റാർക്കും യൂണിവേഴ്സിറ്റി കോളേജിൽ കൊടിയേന്തി പ്രവേശനമില്ല. സ്വന്തം മുന്നണിയിലെ ഘടകകക്ഷിയുടെ പോഷക സംഘടനയ്ക്കുപോലും വാ തുറക്കാൻ അനുവാദമില്ല; വേണമെങ്കിൽ പഞ്ചപുച്ഛമടക്കി നിൽക്കാം. 'എനിക്കു പഠിക്കണം' എന്നു പറയുന്ന പാവപ്പെട്ട വിദ്യാർത്ഥിനി പെട്ടെന്ന് വർഗ്ഗശത്രുവായി മാറുന്ന ഭ്രാന്തൻ രാഷ്ട്രീയമാണ് ആ കലാലയത്തെ വിഴുങ്ങിയിരിക്കുന്നത്. അത് ഒറ്റ രാത്രികൊണ്ട് സംഭവിച്ചതല്ല. ഇന്ന് തള്ളിപ്പറയാൻ തിടുക്കം കാട്ടുന്ന നേതാക്കൾതന്നെ പരിശീലിപ്പിച്ചതാണ്. കുറേക്കാലമായി പരീക്ഷ നേരിട്ടെഴുതാതെ ഡിഗ്രിയും, പി.ജിയും നിയമനവും നേടുന്ന മാന്ത്രികവിദ്യ നിലവിലുണ്ട്. ഇന്നത്തെ വിദ്യാർത്ഥി നേതാക്കൾ 'മുമ്പേ ഗമിച്ചീടിന ഗോവുതന്റെ പിമ്പേ ഗമിച്ചു' വെന്നേ പറയാനാകൂ.

മുമ്പ് രക്തച്ചൊരിച്ചിലിന് അത്യാവശ്യം ജ്യോമട്രി ബോക്സിലെ കോമ്പസ് ആണ് പ്രയോജനപ്പെടുത്തിയിരുന്നത്. ഇന്ന് അത് ഓൺലൈൻ വിപണിയിലെ മെച്ചപ്പെട്ട കഠാരതന്നെ ആയി മാറി. അത്രയുമായില്ലേ പുരോഗമനം! നേർവഴിക്ക് ആവേശം കൊള്ളിക്കുവാൻ ഇന്ന് സ്വതന്ത്ര്യസമരമോ, കെ. ബാലകൃഷ്ണന്മാരോ ഇല്ലാതെ പോയതും ദുര്യോഗം. പുറത്തേക്ക്, അകലേക്ക്, കൈചൂണ്ടി 'പുലി വരുന്നേ പുലി' എന്ന് വിളിച്ചുകൂകി ജനങ്ങളെ പറ്റിച്ചു രസിക്കുന്ന ആ പഴയ കഥയിലെ ഗ്രാമീണ ബാലനെ ഓർമ്മിച്ചുപോകും, ഇന്നത്തെ സംഘടനാ നേതാക്കളുടെ നാട്യം കാണുന്നവർ! സഹപാഠികൾക്ക് വാതുറക്കാൻ അവസരവും അവകാശവും നിഷേധിക്കുന്നിടത്ത് തുടങ്ങുന്നതല്ലേ ഫാസിസം? നമ്മൾ മാത്രം കൽപ്പിക്കുന്നതാണോ നിയമങ്ങളും നീതിയും? കുട്ടികളെ തിരുത്തേണ്ട സമയം കഴിഞ്ഞു. അല്ലെങ്കിൽ കാലം തിരുത്തും. കാറ്റിന്റെ ഗതി അറിയാതെ ശീതീകരിച്ച മുറികളിൽ ബൗദ്ധിക വ്യാപാരങ്ങൾ കൈകാര്യം ചെയ്യുന്ന നേതാക്കൾക്ക് കാൽക്കീഴിലെ മണ്ണ് ഒലിച്ചുപോകുന്നത് അറിയുമ്പോൾ വൈകാതെ ശ്രദ്ധിക്കുക.

**ഉപദംശം**

*വിദ്യാർത്ഥിനേതാക്കൾക്ക് എല്ലാ ഒത്താശയും ചെയ്തു കൊടുക്കുവാൻ ചില ജീവനക്കാരും അദ്ധ്യാപകരും എപ്പോഴും തയ്യാറുണ്ടത്രേ.*

*'അങ്ങനെ ഒരു പുതിയ കാമ്പസ് അധോലോകം പിറക്കുന്നു.'*

(9495312436)

# കാമ്പസുകളെ കൊലക്കളമാക്കുന്നതാര്?

## കാമ്പസിലെ അക്രമ രാഷ്ട്രീയത്തിനിരയായ മുൻകോളേജ് പ്രിൻസിപ്പൽമാർ പ്രതികരിക്കുന്നു.

**മൈക്കിൾ വർഗ്ഗീസ് ചെങ്ങാടക്കരി**

*നമ്മുടെ കലാലയ കാമ്പസുകൾക്ക് എന്താണു സംഭവിച്ചത്? ഒരു കാലത്ത് കലയും സാഹിത്യവും സാംസ്കാരിക പരിപാടികളും കൊണ്ടു സമ്പന്നമായിരുന്നു നമ്മുടെ കലാലയാന്തരീക്ഷം.വിപ്ലവ രാഷ്ട്രീയത്തിന്റേയും ആധുനിക സാഹിത്യത്തിന്റേയും അലയൊലികൾ ഉയർന്നു കേട്ടതും കാമ്പസുകളിലൂടെയായിരുന്നു. എഴുപതുകളിൽ സംസ്കാരസമ്പന്നമായിരുന്ന കാമ്പസുകൾ ഇന്നു കലാപരാഷ്ട്രീയത്തിന്റെ ജീർണ്ണതയിൽ മുങ്ങിക്കുളിച്ചു നിൽക്കുകയാണ്. സഹപാഠിയുടെ നെഞ്ചിൽ കഠാരകുത്തിയിറക്കാൻ മടിക്കാത്ത അക്രമരാഷ്ട്രീയമാണ് കാമ്പസുകളെ ഭരിക്കുന്നത്. മൂല്യാധിഷ്ഠിത രാഷ്ട്രീയം കേരളത്തിന് എന്നേ അന്യമായിരിക്കുന്നു. ഒരുപക്ഷേ അതിന്റെ അനുരണനങ്ങളാകാം കാമ്പസുകളിലും പ്രതിഫലിക്കുന്നത്. എന്തായാലും ആസുരമായ ഒരു കാലഘട്ടത്തിന്റെ പ്രതിനിധികളായി സംഘടിത വിദ്യാർത്ഥികൾ മാറുന്നു എന്നതു വാസ്തവമാണ്. എന്താണിവിടെ സംഭവിക്കുന്നത്? എവിടെയാണ് നമുക്കു തെറ്റിയത്?*

*തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഈയിടെ നടന്നത് ഒറ്റപ്പെട്ട സംഭവമെന്ന നിലയിൽ തള്ളിക്കളയാൻകഴിയില്ല. കാരണം, കേരളത്തിലെ പല പ്രമുഖ കോളേജിലും നിലനിൽക്കുന്നത് സമാനമായ അന്തരീക്ഷമാണ്. അഥവാ വർഷങ്ങൾക്കു മുമ്പു തന്നെ പല കോളേജുകളിലും ഇത്തരം അവസ്ഥ സംജാതമായിരുന്നു. അച്ചടക്കരാഹിത്യം കാമ്പസിന്റെ*

---

# കാമ്പസ്സുകളിൽ അക്രമം വളർത്തുന്നു


## പ്രൊഫ. എൻ. എൽ. ബീന

**(മുൻ പ്രിൻസിപ്പൽ - എറണാകുളം മഹാരാജാസ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്)**


*? കലാലയ രാഷ്ട്രീയം ഹിംസാത്മക രൂപം പ്രാപിച്ചിരിക്കുകയാണിപ്പോൾ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സംഭവങ്ങൾ ഉദാഹരണമായി നമുക്കു മുന്നിലുണ്ട്. നമ്മുടെ കാമ്പസുകൾക്കെന്താണു സംഭവിച്ചത്.*



കാമ്പസുകളിലെ കലാപവും അക്രമവും ഇന്നു പുതുമയില്ലാത്ത വാർത്തയായിരിക്കുന്നു. യൂണിവേഴ്സിറ്റി കോളേജിലെ സംഭവങ്ങൾ അങ്ങേയറ്റം വേദനാജനമാണെങ്കിലും എന്നെ തെല്ലും അത്ഭുതപ്പെടുത്തുന്നില്ല. ഇതും ഇതിലപ്പുറവും കാമ്പസുകളിൽ സംഭവിക്കുമെന്നു ഞാൻ ഭയപ്പെട്ടിരുന്നു. കാരണം വളരെക്കാലങ്ങളായി കാമ്പസുകളിൽ അക്രമം വളർത്തുകയാണ് ചിലർ. അതിൽ രാഷ്ട്രീയത്തിന്റെ പരിവേഷമുള്ളതുകൊണ്ട് എല്ലാവരും കണ്ണടയ്ക്കുകയും ചെയ്തു. അഥവാ പ്രോത്സാഹിപ്പിച്ചു. അതിന്റെ ഫലമാണ് അനുഭവിക്കുന്നത്.

*? എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന സംഭവങ്ങൾ ഇതുമായി കൂട്ടിവായിക്കേണ്ടതല്ലേ? പ്രിൻസിപ്പലിന്റെ കസേരകത്തിച്ചതിൽ വരെയെത്തിയില്ലേ കാര്യങ്ങൾ. അന്നൊക്കെ അധികാരികൾ ശരിയായ നടപടി എടുത്തിരുന്നെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമായിരുന്നോ?*

ഒരിക്കലുമില്ല. ശക്തമായ ശിക്ഷണനടപടി എടുത്തിരുന്നെങ്കിൽ അക്രമരാഷ്ട്രീയം പ്രോത്സാഹിപ്പിക്കുന്നവർക്ക് ഒരു പാഠമാകുമായിരുന്നു. അതിനു മുതിർന്നില്ല എന്നു മാത്രമല്ല അക്രമം നടത്തിയതിന് കോളേജിൽ നിന്നും പുറത്താക്കപ്പെട്ട വിദ്യാർത്ഥികളെ തിരിച്ചെടുക്കാനുള്ള മാർഗങ്ങളാണ് കണ്ടെത്താൻ ശ്രമിച്ചത്. മഹാരാജാസ് കോളേജ് പ്രിൻസിപ്പലായിരുന്ന എന്നെ തലശ്ശേരി ബ്രണ്ണൻ കോളേജിലേക്കു സ്ഥലം മാറ്റിയതുപോലും അതിന്റെ ഭാഗമായിരുന്നു.

മുഖമുദ്രയായി മാറി. അധ്യയനത്തോടൊപ്പം അത്യാവശ്യം ശിക്ഷണവും അച്ചടക്കവും നടപ്പിലാക്കാൻ ശ്രമിച്ചവരൊക്കെ ഒരു വിഭാഗം വിദ്യാർത്ഥികളുടെ കണ്ണിലെ കരടായി. ആ കോളേജുകളിലെ പ്രിൻസിപ്പൽമാരെ തേജോവധം ചെയ്യുന്നതിൽവരെഎത്തി കാര്യങ്ങൾ. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ കസേര കത്തിച്ചതും പാലക്കാട് വിക്ടോറിയ കോളേജ് പ്രിൻസിപ്പലിനു പ്രതീകാത്മകമായി കുഴിമാടമൊരുക്കിയതും കാഞ്ഞങ്ങാട് നെഹ്റു കോളേജ് പ്രിൻസിപ്പലിനു ആദരാഞ്ജലികൾ അർപ്പിച്ചതുമൊക്കെ ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്. അന്നൊക്കെ വിദ്യാർത്ഥി സംഘടനകൾക്കു വഴിവിട്ടരീതിയിൽ പിന്തുണ നൽകിയവരാണ് യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്തിനു കളമൊരുക്കിയതെന്നു പറയാം. വിദ്യാർത്ഥികളെ ഭാവിയുടെ വാഗ്ദാനങ്ങൾ എന്നാണു നാം വിശേഷിപ്പിക്കാറുള്ളത്. കൊലപാതക രാഷ്ട്രീയത്തിലൂടെ എന്തു ഭാവിയാണ് ഈ വിദ്യാർത്ഥികൾ നാടിനു സമ്മാനിക്കുന്നത്?

കുട്ടികളെ ജനാധിപത്യപ്രക്രിയയെക്കുറിച്ചു ബോധമുള്ളവരാക്കാൻ അഥവാ അതിലേക്കുള്ള പരിശീലനത്തിനാണ് കാമ്പസ് രാഷ്ട്രീയം എന്നാണ് പൊതുവെ പറയാറുള്ളത്. അക്ഷരവെളിച്ചം പകർന്നു നൽകുന്ന അധ്യാപകരെ അസഭ്യം പറഞ്ഞും തടഞ്ഞുവച്ചും സഹപാഠിയുടെ നെഞ്ചിൽ കഠാര കുത്തിയിറക്കിയും ആണ് ഇപ്പോൾ കാമ്പസിലെ ജനാധിപത്യപരിശീലനം. ആരാണിതിനു കാരണക്കാർ? കുട്ടികളോ? അധ്യാപകരോ അതോ രാഷ്ട്രീയപ്രവർത്തകരോ? ആരായാലും അവർ ആത്യന്തികമായി നശിപ്പിക്കുന്നത് വിദ്യാർത്ഥികളെത്തന്നെയാണ്, അവരുടെ ഭാവിയാണ്.

കാമ്പസുകൾ കുരുതിക്കളമാകുന്ന പശ്ചാത്തലത്തിൽ വളരെ ഗൗരവത്തോടെ വിലയിരുത്തേണ്ട പ്രശ്നമാണിത്. കോളേജിൽ അക്രമം തടയാനും അച്ചടക്കം പുനഃസ്ഥാപിക്കാനും ശ്രമിച്ച് ഒട്ടനവധി തിക്താനുഭവങ്ങൾ നേരിടേണ്ടി വന്ന മൂന്നു മുൻ വനിതാ കോളേജ് പ്രിൻസിപ്പൽമാർ തങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ കാമ്പസിലെ കലാപ രാഷ്ട്രീയത്തെക്കുറിച്ചു പ്രതികരിക്കുന്നു. എറണാകുളം മഹാരാജാസ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നീ കലാലയങ്ങളിലെ മുൻ പ്രിൻസിപ്പലും, റിട്ടയേർഡ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുമായിരുന്നു പ്രൊഫ. എൻ. എൽ ബീന, പാലക്കാട് വിക്ടോറിയ കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ടി.എൻ. സരസു, കാഞ്ഞങ്ങാട് നെഹ്റു കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. പി.വി. പുഷ്പജ എന്നിവർ കേരളശബ്ദത്തോടു ഉള്ളുതുറന്നു സംസാരിക്കുന്നു. ●

മഹാരാജാസ് കോളേജിലെ എന്റെ അനുഭവം വച്ചുപറയുകയാണെങ്കിൽ ചില അധ്യാപകർ തന്നെയാണ് സംഘടനാരാഷ്ട്രീയം കളിച്ച് ക്ലാസിൽ കയറാതെ ഉഴപ്പി നടക്കുന്നത്. അവർ തങ്ങളുടെ സ്വാർത്ഥലാഭത്തിനു വേണ്ടി കുട്ടികളെ കരുവാക്കുകയാണ്.




മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികൾ കത്തിച്ച പ്രിൻസിപ്പലിന്റെ കസേര

അക്രമത്തെ സംരക്ഷിക്കുന്നതിലൂടെ ഇവർ നൽകുന്ന സന്ദേശം വ്യക്തമല്ലേ?

*? യഥാർത്ഥത്തിൽ ആരാണിതിൽ കുറ്റക്കാർ?*

കുട്ടികളാണ് അക്രമത്തിനു മുൻപിൽ നിൽക്കുന്നതെങ്കിലും അവരെയല്ല കുറ്റപ്പെടുത്തേണ്ടത്; അവരെ ഇതിനു പ്രേരിപ്പിക്കുന്നവരെയാണ്. വാസ്തവത്തിൽ കുട്ടികൾ അത്ര കുഴപ്പക്കാരൊന്നുമല്ല എന്നാണെന്റെ അനുഭവം. അക്രമത്തിലേർപ്പെടുന്ന ഒരു ന്യൂനപക്ഷത്തെപ്പോലും നേർവഴിക്കുകൊണ്ടുവരാനാകും. പക്ഷേ, അവരെ വഴിതെറ്റിക്കുന്നവരെ ഒന്നും ചെയ്യാൻ നമുക്കു കഴിയില്ല. കാരണം അവർക്കു പിന്നിൽ ഒരു വൻശക്തിയുണ്ട്.

*? ആരാണവരെ വഴിതെറ്റിക്കുന്നത്?*

മഹാരാജാസ് കോളേജിലെ എന്റെ അനുഭവം വച്ചു പറയുകയാണെങ്കിൽ ചില അധ്യാപകർ തന്നെയാണ് സംഘടനാരാഷ്ട്രീയം കളിച്ച് ക്ലാസിൽ കയറാതെ ഉഴപ്പിനടക്കുന്നത്. അവർ തങ്ങളുടെ സ്വാർത്ഥലാഭത്തിനു വേണ്ടി കുട്ടികളെ കരുവാക്കുകയാണ്.

*? അവരെ നിയന്ത്രിക്കാൻ കഴിയില്ലേ?*

പ്രയാസമാണ്. അതിന്റെ രക്തസാക്ഷിയാണു ഞാൻ എന്നു പറയാം. കൃത്യമായി ക്ലാസിൽ കയ

റാതെ സംഘടനാരാഷ്ട്രീയം കളിച്ചുനടക്കുന്ന അവർ തങ്ങളുടെ സൗകര്യത്തിനുവേണ്ടി കുട്ടികളെ ഇളക്കിവിടും. അവർക്ക് അനധികൃതമായി ഹാജരും മാർക്കുമൊക്കെ നൽകിയെന്നു വരാം. പാവം കുട്ടികൾ ഇതിൽ വീണുപോവുകയാണ്. ഈ സംഘടനാ നേതാക്കൾക്കു പിന്നിൽ രാഷ്ട്രീയക്കാരുണ്ട്. അതുകൊണ്ട് എന്തു വന്നാലും അവർ രക്ഷപ്പെടുകയും ചെയ്യും.

യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങളും സമാനസ്വഭാവമുള്ളതാണെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ഇത്രയും വലിയ കലാപമുണ്ടായിട്ടും പ്രിൻസിപ്പൽ അറിഞ്ഞില്ല എന്നൊക്കെപ്പറയുന്നത് ബാലിശമാണ്. സമൂഹത്തെ തെറ്റിദ്ധരിപ്പിക്കലാണ്. ഇതിനൊക്കെ അറുതിവരുത്തി ശാന്തവും സമാധാനപൂർണ്ണവുമായ അന്തരീക്ഷം തിരിച്ചുകൊണ്ടുവന്നില്ലെങ്കിൽ നമ്മുടെ കുട്ടികളുടെ ഭാവി ഇരുണ്ടതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

■

# നിഗൂഢതാൽപര്യങ്ങൾക്കുവേണ്ടി സംഘടനയെ കരുവാക്കുന്നു

**പ്രൊഫ. ടി.എൻ സരസു**
**(മുൻ പ്രിൻസിപ്പൽ വിക്ടോറിയ കോളേജ് പാലക്കാട്)**

*? മൂന്നുവർഷം മുമ്പാണല്ലോ വിക്ടോറിയ കോളേജിൽ വിദ്യാർത്ഥികൾ അക്രമം കാണിക്കുകയും പ്രിൻസിപ്പലിനു പ്രതീകാത്മകമായി കുഴിമാടമൊരുക്കുകയുമൊക്കെ ചെയ്തത്. അത്തരം അക്രമങ്ങളുടെ ഇര എന്ന നിലയിൽ സമീപകാല കാമ്പസ് അക്രമങ്ങളെ എങ്ങനെവിലയിരുത്തുന്നു?*

എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി രാഷ്ട്രീയ സംഘടനയും ഒരു വിഭാഗം വിദ്യാർത്ഥികളുമാണ് എല്ലാ അക്രമങ്ങളുടെയും പിന്നിൽ എന്നു പലരും പറയുന്നുണ്ടെങ്കിലും ഞാൻ അങ്ങനെകരുതുന്നില്ല. ചിലരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ അവർ വിദ്യാർത്ഥികളെയും അവരുടെ സംഘടനയെയും കരുവാക്കുകയാണ്. ഇതു വിക്ടോറിയ കോളേജിലെ മാത്രം അവസ്ഥയല്ല. യൂണിവേഴ്സിറ്റി കോളേജ് മുതലുള്ള മറ്റു പല കലാലയങ്ങളിലെയും സാഹചര്യം ഇതുതന്നെയാണ്.

*? സമീപകാല അക്രമസംഭവങ്ങളിൽ ആദ്യത്തേതാണു വിക്ടോറിയ കോളേജിൽ നടന്നത്. അന്നത് അവധാനതയോടെ കൈകാര്യം ചെയ്തിരുന്നെങ്കിൽ കാമ്പസുകളെ കുറെയൊക്കെ ശുദ്ധീകരിക്കാൻ കഴിയുമായിരുന്നില്ലേ?*

തീർച്ചയായും. അന്നത് വേണ്ട രീതിയിൽ കൈകാര്യം ചെയ്തില്ല. കുറ്റക്കാർക്കെതിരേ നടപടി എടുത്തില്ല. പകരം ധൈര്യം കൊടുക്കുകയും പാർട്ടി ന്യായീകരിക്കുകയും ചെയ്തു.



**യഥാർത്ഥത്തിൽ വിദ്യാർത്ഥി സംഘടനകളല്ല പ്രശ്നം; ഫലത്തിൽ അധ്യാപക സംഘടനകളാണ്.**

*? വിദ്യാർത്ഥി സംഘടനകളിൽ എസ്.എഫ്.ഐ ആണല്ലോ ഇതിലെല്ലാം പ്രതിസ്ഥാനത്തു വരുന്നത്. അതെന്തുകൊണ്ടാണ്?*

അവരാണല്ലോ കാമ്പസിൽ ശക്തരായി നിൽക്കുന്നത്. മാത്രമല്ല അവരുടെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം തന്നെ ഭീഷണിയിലൂടെയാണ്. ജനാധിപത്യം, സ്വാതന്ത്ര്യം, സോഷ്യലിസം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു എന്നാണ് വയ്പ്. പക്ഷേ അതിന്റെ അർത്ഥം പോലും ഇവർക്കറിയാമെന്നു തോന്നുന്നില്ല.

*? വിദ്യാർത്ഥികൾക്കു വീണ്ടുവിചാരമില്ലാത്തതാണോ ഈ പ്രശ്നങ്ങൾക്കു കാരണം?*

ഒരിക്കലുമല്ല. ഞാൻ ആദ്യമേ പറഞ്ഞല്ലോ കാമ്പസിൽ കുട്ടികൾ ചിലരുടെ കൈയിലെ കളിപ്പാവകളാണ്. കുറച്ചു സ്വാതന്ത്ര്യം ലഭിക്കുന്നതുകൊണ്ട് കുട്ടികൾ അവരുടെ വലയിൽ വീഴുകയും ചെയ്യും. യഥാർത്ഥത്തിൽ വിദ്യാർത്ഥി സംഘടനകളല്ല പ്രശ്നം; ഫലത്തിൽ അധ്യാപക സംഘടനകളാണ്. ഞാൻ എടുത്തുപറയട്ടെ എല്ലാവരും കുഴപ്പക്കാരല്ല; ചിലർ മാത്രം. ദൗർഭാഗ്യവശാൽ അവർ സംഘടനയുടെ തലപ്പത്ത് ഉണ്ടാവുകയും ചെയ്യും. സംഘടനാ പ്രവർത്തനങ്ങളുടെ പേരിൽ ക്ലാസിൽ കയറാനോ പഠിപ്പിക്കാനോ അവർ തയ്യാറുമല്ല.

*? ശക്തമായ സംഘടനാ പ്രവർത്തനം ഇന്ന് അധ്യാപ*



പ്രിൻസിപ്പലിന് വിദ്യാർത്ഥികൾ ഒരുക്കിയ പ്രതീകാത്മക കുഴിമാടം

*കർക്ക് ആവശ്യമാണോ? അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലേ?*

തീർച്ചയായും. ശരാശരി രണ്ടു ലക്ഷത്തോളം രൂപ പ്രതിമാസം എണ്ണിവാങ്ങുന്നവരാണ് മിക്ക കോളേജ് അധ്യാപകരും. സംഘടനാപ്രവർത്തനത്തിലൂടെ ഇനിയെന്ത് ആനുകൂല്യമാണ് അവർക്കു വേണ്ടത്? സ്വാർത്ഥതാത്പര്യങ്ങൾക്കു വേണ്ടി കുട്ടികളെ ബലിയാടാക്കുകയാണവർ. ഇവരെ നിലയ്ക്കു നിർത്താൻ തയ്യാറായാൽ കലാലയാന്തരീക്ഷം ശാന്തമാകുമെന്നാണ് എന്റെ വിശ്വാസം. ■

# വഴിതെറ്റിക്കുന്നത് മുഖ്യമായും അധ്യാപകർ

**ഡോ. പി. വി. പുഷ്പജ**
**(മുൻ പ്രിൻസിപ്പൽ, നെഹ്റു കോളേജ് കാഞ്ഞങ്ങാട്)**

*? കോളേജിൽ അച്ചടക്കം നടപ്പാക്കാൻ ശ്രമിച്ചതിന്റെ പേരിൽ ഒരു വിഭാഗം വിദ്യാർത്ഥികളിൽ നിന്നും തിക്താനുഭവങ്ങൾ ഉണ്ടായല്ലോ? ഇപ്പോൾ കൂടുതൽ അക്രമാസക്തമാകുകയും ചെയ്തിരിക്കുന്നു. എങ്ങനെ നമ്മുടെ വിദ്യാർത്ഥികളെ നേർവഴിക്കു നടത്താനും കാമ്പസുകൾ ശുദ്ധീകരിക്കാനും കഴിയും?*

കാമ്പസുകൾ ശുദ്ധീകരിക്കപ്പെടണമെങ്കിൽ വിദ്യാർത്ഥികളെ മുൻനിർത്തിയുള്ള മറ്റുള്ളവരുടെ ഇടപെടൽ അവസാനിപ്പിക്കണം. ഇക്കാര്യത്തിൽ അധ്യാപകരാണ് മുഖ്യമായും കുട്ടികളെ വഴിതെറ്റിക്കുന്നത്. ഒരു വലിയ കാമ്പസിൽ ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് ഒറ്റയ്ക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

*? വിദ്യാർത്ഥി*







**കാമ്പസുകൾ ശുദ്ധീകരിക്കപ്പെടണമെങ്കിൽ വിദ്യാർത്ഥികളെ മുൻനിർത്തിയുള്ള മറ്റുള്ളവരുടെ ഇടപെടൽ അവസാനിപ്പിക്കണം. ഇക്കാര്യത്തിൽ അധ്യാപകരാണ് മുഖ്യമായും കുട്ടികളെ വഴിതെറ്റിക്കുന്നത്.**

*സംഘടനയുടെ മറവിലാണല്ലോ അക്രമങ്ങൾ?*

അതെ. ആ സംഘടനയെ നിയന്ത്രിക്കുന്നത് കുട്ടികളാണെങ്കിലും അവർക്കു പിന്നിലുള്ളത് അധ്യാപകർ ഉൾപ്പെടെ മറ്റു പലരുമാണ്. ക്ലാസിൽ കയറാതെ ഹാജർ നൽകുക, കോപ്പി അടിക്കാൻ

അവസരം നൽകുക ഇതൊക്കെ ചെയ്യുന്നതിലൂടെ വിദ്യാർത്ഥികൾക്ക് എന്തും ചെയ്യാനുള്ള ധൈര്യം കിട്ടുന്നു. തങ്ങളെ പരിരക്ഷിക്കാൻ ആളുണ്ടെന്ന തോന്നൽ. യുവത്വത്തിന്റെ തിളപ്പിൽ ഏത് അക്രമത്തിലേക്കും അവർ എടുത്തു ചാടുന്നത് ഈ പിൻബലം കൊണ്ടാണ്.

*? ഇതിൽ രാഷ്ട്രീയപ്പാർട്ടികൾക്കും നിർണായക പങ്കില്ലേ?*

തീർച്ചയായും. ഞാൻ കുട്ടികളോടു പലപ്പോഴും പറഞ്ഞിട്ടുണ്ട് ഈ നേതാക്കളുടെ മക്കളൊക്കെ എവിടെ പഠിക്കുന്നു എന്ന് അന്വേഷിക്കാൻ. അച്ചടക്കമുള്ള മികച്ച സ്ഥാപനങ്ങളിലാണ് അവർ സ്വന്തം കുട്ടികളെ അയക്കുക. കുറെപ്പേരെ തല്ലാനും കൊല്ലാനും വളർത്തിയെടുക്കുകയാണിവർ.

യൂണിവേഴ്സിറ്റി കോളേജിലെ ചില അധ്യാപകരെങ്കിലും വേണ്ട രീതിയിൽ പ്രവർത്തിച്ചിട്ടില്ല. പ്രിൻസിപ്പലിനും ഇക്കാര്യത്തിൽ ഒഴിഞ്ഞുമാറാൻ കഴിയില്ല. അഡ്മിഷൻ തിരക്കിലായിരുന്നു എന്നൊക്കെയുള്ള അദ്ദേഹത്തിന്റെ വാദം തികച്ചും ബാലിശമാണ്. നിലവിലുള്ളവരുടെ സുരക്ഷിതത്വം ഉറപ്പാക്കിയിട്ടല്ലേ പുതിയ അഡ്മിഷൻ?

*? ആരോടൊക്കെയോ ഉള്ള വിധേയത്വമോ ഭയമോ മൂലമായിരിക്കുമോ ശക്തമായ നടപടി എടുക്കാൻ തയ്യാറാകാതിരുന്നത്?*

അങ്ങനെവേണം കരുതാൻ. അധികാരത്തിലുള്ളവരോടുള്ള അമിതവിധേയത്വവും കാരണമാകാം. പിന്നീടു ലഭിക്കാവുന്ന നേട്ടങ്ങളിലും ചിലർക്കു കണ്ണുണ്ടാകാം. എന്തായാലും ഒരു തലമുറയുടെ ഭാവിയാണ് ഇവരെല്ലാം കൂടി നശിപ്പിക്കുന്നത്.

*? ശാശ്വതമായി ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തു ചെയ്യാൻ കഴിയും? വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കണമോ?*

അതിന്റെ ആവശ്യമില്ല. ശുദ്ധീകരിക്കപ്പെട്ടാൽ മതി. അതിന് ആദ്യം മുൻകൈ എടുക്കേണ്ടത് കോളേജ് പ്രിൻസിപ്പലും അധ്യാപകരുമാണ്. സംഘടനയുടെ പേരിൽ സ്വന്തം കർത്തവ്യങ്ങൾ അധ്യാപകർ മറക്കാതിരിക്കുക എന്നതാണ് പരമപ്രധാനം. കൃത്യമായി ക്ലാസിൽ കയറി പഠിച്ചെങ്കിൽ മാത്രമേ ഹാജരും മാർക്കും ലഭിക്കുകയുള്ളൂ എന്നു ബോധ്യപ്പെട്ടാൽ തീർച്ചയായും വിദ്യാർത്ഥികൾ അതിനു തയ്യാറാകും. അതോടൊപ്പം തന്നെ അക്രമം പ്രോത്സാഹിപ്പിക്കില്ല എന്നു രാഷ്ട്രീയക്കാരും തീരുമാനിക്കണം. അഥവാ ആരെങ്കിലും അക്രമത്തിനു മുതിർന്നാൽ അവരെ സംരക്ഷിക്കരുത്. ഇത്രയൊക്കെ ചെയ്താൽ നമ്മുടെ കാമ്പസുകൾ സംശുദ്ധമാകുമെന്നു മാത്രമല്ല, നന്മയും ഉത്തരവാദിത്വവും കഴിവുമുള്ള ഒരു പുതിയ തലമുറ ഉയർന്നു വരുകയും ചെയ്യും.

**(9447725649 )**

**കേ**രളത്തിലെ ഒരു കുഗ്രാമത്തിൽ നിന്ന് മുംബയ് എന്ന മഹാനഗരിയിലേക്കും അവിടെ നിന്നും ഗുജറാത്തിലേക്കും പറിച്ചു നടപ്പെട്ട ജീവിതം. അവിടെ വേരുപിടിച്ച് വളർത്തിയെടുത്ത മഹാപ്രസ്ഥാനങ്ങൾ! ഇന്നു ഗുജറാത്തിലെന്നല്ല ഇന്ത്യയിലും വിദേശത്തും അറിയപ്പെടുന്ന സംരംഭകനാണ് ജോൺ ഗീവർഗ്ഗീസ്. വെറും സംരംഭകനല്ല, നമ്മുടെ വിദ്യാഭ്യാസമേഖലയ്ക്കു തന്നെ വിലപ്പെട്ട സംഭാവനകൾ നൽകുന്ന മഹാപ്രസ്ഥാനങ്ങളുടെ ഉടമ എന്നു തിരുത്തിപ്പറയേണ്ടിവരും. കാരണം സ്കൂളുകളും കോളേജുകളും സാങ്കേതികവിദ്യാലയങ്ങളുമായി മുപ്പതോളം സ്ഥാപനങ്ങളാണ് ഇന്നു ജോൺ ഗീവർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ളത്.

വിദ്യാഭ്യാസമേഖലയെ വാണിജ്യപരമായി മാത്രം കാണുന്നയാളല്ല ഇദ്ദേഹം. മറിച്ച് അതിനു പിന്നിൽ സാമൂഹിക പ്രതിബദ്ധതയുടെ ഉള്ളുറപ്പും വേണം എന്ന വിശ്വാസക്കാരനാണ്. അതിന്റെ ഏറ്റവും വലിയ തെളിവാണ് അദ്ദേഹം നടത്തുന്ന കേരളീയ കലാസ്ഥാപനങ്ങൾ. യാതൊരു വാണിജ്യലാഭവുമില്ലാതെയാണ് കഥകളിയും ഇതര കേരളീയകലകളും പഠിപ്പി



**പതിനായിരത്തോളം വിദ്യാർത്ഥികളും എഴുന്നൂറോളം അധ്യാപകരുമുണ്ട്. കിൻഡർ ഗാർട്ടൺ മുതൽ പോസ്റ്റ് ഗ്രാജുവേഷൻ വരെയുള്ള പഠന സാധ്യതകളുമുണ്ട്. ഏറ്റവും ആധുനികമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് നൽകുന്നത്.**

ക്കുന്ന കലാസ്ഥാപനം നടത്തുന്നത്. കനത്ത സാമ്പത്തിക നഷ്ടം സഹിച്ചുകൊണ്ട് ഈ സ്ഥാപനം നടത്തുന്നതിനു പിന്നിൽ സ്വന്തം നാടിനോടും അവിടുത്തെ സംസ്കാരത്തോടുമുള്ള താൽപ്പര്യമില്ലാതെ മറ്റൊന്നുമില്ല.

പത്തനംതിട്ട ജില്ലയിലെ ഏനാത്ത് എന്ന ഗ്രാമത്തിലാണ് ഇദ്ദേഹത്തിന്റെ ജനനം. പിതാവ് ഗീവർഗ്ഗീസ് ചോനനാട്ടിൽ ഒരു പലചരക്കുകടയും ചായക്കടയും നടത്തിയിരുന്നു. കുറച്ചു കൃഷിയും നാൽക്കാലികളുമൊക്കെയുള്ള ഒരു സാധാരണ കർഷകകുടുംബം. മാതാവ് അന്നമ്മ. രണ്ടു സഹോദര

# "വിദ്യാഭ്യാസത്തെ വാണിജ്യപരമായി കാണരുത്"

## ഗുജറാത്തിലെ പ്രമുഖ വിദ്യാഭ്യാസസംരംഭകൻ ജോൺ ഗീവർഗ്ഗീസ്

ന്മാരും സഹോദരികളും ജോണിനുണ്ടായിരുന്നു. കൊല്ലം ഫാത്തിമ കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ജോണിന്റെ സ്വപ്നങ്ങൾക്കു ചിറകു മുളച്ചുതുടങ്ങിയതെന്നു പറയാം. ബിരുദം നേടിക്കഴിഞ്ഞതോടെ വ്യക്തമായൊരു ജീവിതലക്ഷ്യം ഉരുവപ്പെട്ടു എന്നതാണു വാസ്തവം. സഹപാഠികളും സുഹൃത്തുക്കളും പരിമിതമായ ജീവിതലക്ഷ്യങ്ങൾകൊണ്ടു തൃപ്തിപ്പെട്ടപ്പോൾ ജോൺ ഗീവർഗീസ് കണ്ടതു പരിധികളില്ലാത്ത സ്വപ്നങ്ങളായിരുന്നു. വിശാലമായ ലോകത്തേക്കിറങ്ങാൻ പ്രചോദനമായതും ഇതുതന്നെ.

കൊല്ലം ഫാത്തിമ കോളേജിൽ നിന്നും ബിരുദം നേടിയത് അറുപതാണ്ടുകൾക്കുമുമ്പാണ്. സ്വാഭാവികമായും അന്ന് ഒരു ബിരുദധാരിക്കു നാട്ടിൽ ഒരു ജോലി കിട്ടാൻ അത്ര പ്രയാസമൊന്നുമില്ല. പക്ഷേ അങ്ങനെയൊരു സാധാരണ ജോലിക്കാരനാകുകയായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ കേരളത്തിനു പുറത്തുള്ള വിശാലമായ ലോകത്തേക്കു കടക്കാൻ തീരുമാനിച്ചു. വീട്ടുകാർ വിസമ്മതം പറയാത്തത് അനുഗ്രഹമായി, അങ്ങനെവാഗ്ദത്ത ഭൂമിതേടി നേടി ജോൺ ഗീവർഗ്ഗീസ് മുംബയ്യിലേക്കു വണ്ടികയറി. പിതാവു നൽകിയ നൂറുരൂപയായിരുന്നു ആകെ മൂലധനം. നാട്ടുകാരനായ മാത്യൂസ് എന്നൊരാൾ അന്നു മുംബയ്യിലുണ്ട്. ഗ്രാന്റ് ട്രങ്ക് എക്സ്പ്രസിൽ കയറി രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം മുംബയ് വി.ടി സ്റ്റേഷനിൽ (വിക്ടോറിയ ടെർമിനൽസ്) തീവണ്ടിയിറങ്ങുമ്പോൾ കൈയിൽ അവശേഷിച്ചത് അഞ്ചുരൂപ. ആ




*പ്രധാനമന്ത്രി നരേന്ദ്രമോദിയിൽനിന്നും പുരസ്ക്കാരം സ്വീകരിക്കുന്നു*

**നരേന്ദ്രമോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കുന്ന കാലത്തുതന്നെ ഞങ്ങൾ തമ്മിൽ വലിയ സൗഹൃദത്തിലാണ്. വ്യക്തിപരമാണെങ്കിൽ കൂടി അതിനു പിന്നിൽ പ്രൊഫഷണലിസവുമുണ്ട്.**

അഞ്ചുരൂപയിൽ നിന്നാണ് ഇന്നത്തെ ശതകോടീശ്വരനിലേക്കുള്ള വളർച്ച. ആ കഥ ജോൺ ഗീവർഗ്ഗീസ് നേരിട്ട് കേരളശബ്ദം ലേഖകൻ മൈക്കിൾ വർഗ്ഗീസ് ചെങ്ങാടക്കരിയുമായി പങ്കുവയ്ക്കുന്നു.

*? 1956 ലാണല്ലോ ബിരുദം നേടി മുംബയ്യിലേക്കു ജോലിതേടി പോകുന്നത് അന്ന് ബിരുദധാരികൾക്കു കേരളത്തിൽതന്നെ ജോലി സാധ്യതയുള്ളപ്പോൾ മുംബയ്യിലേക്കു പോകാനുള്ള പ്രചോദനം എന്തായിരുന്നു?*

അന്നു കേരളത്തിൽ ജോലികിട്ടുമായിരുന്നു. പക്ഷേ, എന്റെ ആത്യന്തികലക്ഷ്യം ജോലിയായിരുന്നില്ല. സ്വന്തം കഴിവുകൾ ഉപയോഗിച്ച് സ്വന്തം നിലയിൽ എന്തെങ്കിലും ചെയ്യുക എന്നതായിരുന്നു. അതിനു കേരളത്തെക്കാൾ നല്ലത് മുംബയ് പോലുള്ള വലിയ നഗരമാണെന്നു കരുതി.

*? മുംബയ്യിലെത്തിയപ്പോൾ സർക്കാർ ജോലി സ്വീകരിച്ചല്ലോ?*

ഉവ്വ്. ഒരു തുടക്കത്തിന് അന്നത് ആവശ്യമായിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതം അന്നു പുതിയ രൂപം കൈക്കൊള്ളുന്നതേയുള്ളൂ.

സംസ്ഥാനപുനർരൂപീകരണ കമ്മിറ്റിയുടെ ശുപാർശ പ്രകാരം അന്നു *മുംബയ്* ദ്വിഭാഷാ സ്റ്റേറ്റാണ്. ഭാഷാ അടിസ്ഥാനത്തിലാണ് അന്ന് സംസ്ഥാനങ്ങൾ രൂപപ്പെട്ടതെങ്കിലും മഹാരാഷ്ട്രയും ഗുജറാത്തും ഗോവയും കൂടിച്ചേർന്ന പ്രവിശ്യ ഏകസംസ്ഥാനമായിരുന്നു. പക്ഷേ ഇത് അധികകാലം നീണ്ടുനിന്നില്ല. ജനങ്ങളുടെ പ്രക്ഷോഭം നിമിത്തം നാലുവർഷത്തിനകം മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങൾ വേർതിരിക്കപ്പെട്ടു. അതെ തുടർന്ന് എനിക്കു സ്ഥലം മാറ്റവുമായി. ഗുജറാത്തിലേക്കാണ് എന്നെ സ്ഥലം മാറ്റിയത്. ഗുജറാത്തിന്റെ തലസ്ഥാനമായ അഹമ്മദാബാദിലായിരുന്നു ഓഫീസ്.

ആദ്യം ചാർജെടുക്കേണ്ട എന്നുതന്നെ തീരുമാനിച്ചതാണ്. പക്ഷേ ഉദ്യോഗക്കയറ്റത്തോടെയുള്ള മാറ്റമായതുകൊണ്ട് പോകാൻ തീരുമാനിച്ചു. അന്ന് അഹമ്മദാബാദ് വളരെ ചെറിയ ഒരു പട്ടണമാണ്. *മുംബയ്*യുമായി താരതമ്യപ്പെടുത്താൻ പോലും കഴിയില്ല. ആദ്യം നിരാശ തോന്നിയെങ്കിലും വളരെപ്പെട്ടെന്ന് മറ്റൊരു സാധ്യത ഞാൻ കണ്ടുപിടിച്ചു. വൻനഗരമല്ലെങ്കിലും വ്യാവസായിക നഗരമാണ് അഹമ്മദാബാദ്. അറുപതിലേറെ തുണിമില്ലുകൾ അന്നുതന്നെ അവിടുണ്ട്. വളരുന്ന നഗരമാണ്. നല്ല ആളുകൾ. പുതിയ സംരംഭത്തിന് തുടക്കമിടാൻ പറ്റിയ സ്ഥലമാണ് എന്നെനിക്കു തോന്നി.



*ഭാര്യ ചന്ദ്രമതിയുമൊത്ത് ജോൺ ഗീവർഗ്ഗീസ്*

*? ഇന്നു വിപുലമായി പടർന്നു പന്തലിച്ചിരിക്കുന്ന വിദ്യാഭ്യാസ സാമ്രാജ്യത്തിന്റെ തുടക്കം അവിടെ നിന്നായിരുന്നോ?*

അല്ല. ആദ്യം വിദ്യാഭ്യാസസ്ഥാപനങ്ങളല്ല തുടങ്ങിയത്. വാണിജ്യപരമായ നേട്ടങ്ങൾ ഉണ്ടെങ്കിൽപ്പോലും വിദ്യാഭ്യാസസ്ഥാപനങ്ങൾ അതിനു മാത്രമുള്ളതല്ല. സാമൂഹികപ്രതിബദ്ധതയുള്ള ഒരു സംരംഭമാണത്. അതുകൊണ്ടുതന്നെ സാമ്പത്തിക അടിത്തറയില്ലാതെ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാൻ കഴിയില്ല. സാമ്പത്തികനില ഭദ്രമാക്കാനായി ഞാൻ ഗൃഹോപകരണങ്ങളുടെ ഒരു വ്യാപാരസ്ഥാപനമാണ് ആദ്യം തുടങ്ങിയത്. 'സെയിൽ ഇന്ത്യ' എന്ന പേരിൽ.

*? 'സെയിൽ ഇന്ത്യ' വളരെ വേഗം വളർന്നതായി അറിയാം. വാണിജ്യപരമായ വികസനത്തിന് അനുയോജ്യമായ സാഹചര്യമായിരുന്നോ അന്ന്?*

ഒട്ടും ആയിരുന്നില്ല. സർക്കാർ സ്ഥിതിസമത്വം, സോഷ്യലിസം തുടങ്ങിയ ആശയങ്ങളിൽ അടിയുറച്ചു നിന്നിരുന്നതുകൊണ്ട് വാണിജ്യമേഖലയെ ഒട്ടും പ്രോത്സാഹിപ്പിച്ചിരുന്നില്ല. ഉപഭോക്താക്കൾക്കും പ്രത്യേക താത്പര്യങ്ങളില്ലായിരുന്നു. ഇന്നത്തെ സൂപ്പർമാർക്കറ്റ് കാഴ്ചപ്പാടൊന്നും അന്നു വിദൂരസങ്കല്പങ്ങളിൽപ്പോലും ഉണ്ടായിരുന്നില്ല. എങ്കിലും ഞാൻ അന്നു വേറിട്ട വഴിയിലൂടെ സഞ്ചരിച്ചു. വിപുലമായ ഷോറൂമുകൾ ഉണ്ടാക്കി. ഉപഭോക്താവിന് ഇഷ്ടമുള്ളതു തെരഞ്ഞെടുക്കാനുള്ള അവസരം നൽകി. വാങ്ങാനല്ലാതെ കാണാൻ മാത്രമായി പോലും ആളുകൾ എന്റെ ഷോറൂമുകളിൽ വരാൻ തുടങ്ങി. അവർ നാളത്തെ കസ്റ്റമേഴ്സ് ആണെന്നറിയാവുന്നതുകൊണ്ട് വെറുതെവരുന്നവരെപ്പോലും ആദരവോടെ സ്വീകരിക്കാൻ ഞാൻ എന്റെ ജീവനക്കാരെ ശീലിപ്പിച്ചു. ഒരു ഉല്പന്നവും ആരെയും വാങ്ങാൻ പ്രേരിപ്പിച്ചില്ല. പക്ഷേ, കണ്ടവർ പിന്നീടു താത്പര്യപൂർവം വന്നു വാങ്ങാൻ തുടങ്ങി.

*? വാണിജ്യരംഗത്ത് ഒരു പുതിയ വില്പനസംസ്കാരം രൂപപ്പെടുത്തി അല്ലേ?*

അതെ. വില്പനാനന്തര സേവനം അന്നാരും കേട്ടിട്ടുപോലുമില്ല. പക്ഷേ, ഞാൻ അതും നടപ്പിലാക്കി, സ്വാഭാവികമായും ആളുകൾ ഞങ്ങളുടെ സ്ഥാപനത്തെ വിശ്വാസത്തിലെടുത്തു. അതുകൊണ്ടുതന്നെ ഏതു ഗൃഹോപകരണവും ലഭ്യമാകുന്ന വിശ്വസിക്കാവുന്ന സ്ഥാപനം എന്ന സൽപ്പേര് 'സെയിൽ ഇന്ത്യ' യ്ക്കു ലഭിച്ചു. അഹമ്മദാബാദിൽ മാത്രമല്ല ഗുജറാത്തിന്റെ വിവിധഭാഗങ്ങളിലേക്കു വില്പനവ്യാപിപ്പിക്കുകയും ചെയ്തു. റഫ്രിജറേറ്റർ, എയർകണ്ടീഷണർ, ടി.വി. തുടങ്ങിയവയുടെ വൻശേഖരം അന്നു സെയിൽ ഇന്ത്യയിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

*? എന്നാണ് വിദ്യാഭ്യാസമേഖലയിലേക്കു കടന്നുവന്നത്?*

നമ്മുടെ കുട്ടികൾക്കു ഉയർന്ന വിദ്യാഭ്യാസം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ചിന്തിച്ചിരുന്നെങ്കിലും ആദ്യമൊന്നും ഞാൻ ആ രംഗത്തേക്കു കടന്നില്ല. ഒരു യാദൃച്ഛികസംഭവമാണ് അതിനു നിമിത്തമായത്.

*? എന്തായിരുന്നു അത്?*

അഹമ്മദാബാദ് സൗത്ത് ഇന്ത്യൻ അസോസിയേഷൻ (ASIA) 1965-ൽ ഒരു സ്കൂൾ സ്ഥാപിച്ചു പ്രവർത്തനം നടത്തിയിരുന്നു. തെക്കെ ഇന്ത്യയിൽ നിന്നും കുടിയേറിയ ആളുകളുടെ കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം നൽകുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. പക്ഷേ ആ സ്കൂളിന് അടിസ്ഥാനസൗകര്യങ്ങൾ പോലും ഉണ്ടായിരുന്നില്ല. 1989 കാലഘട്ടമായപ്പോഴേക്കും സ്കൂൾ നടത്തിപ്പ് കഷ്ടത്തിലായി. ബാങ്ക് വായ്പ തിരിച്ചടയ്ക്കാനോ അധ്യാപകർക്കു ശമ്പളം കൊടുക്കാനോ പോലും നിവൃത്തിയില്ലാത്ത അവസ്ഥ. ആ സമയത്താണ് സ്കൂൾ അധികൃതർ എന്നെ സമീപിക്കുന്നത്. ASIA ട്രസ്റ്റ് ഭാരവാഹികൾ സ്കൂൾ ഏറ്റെടുത്തു നടത്തണമെന്ന് എന്നോട് അഭ്യർത്ഥിച്ചു. വാണിജ്യലക്ഷ്യത്തേക്കാളുപരി ആ സംരംഭത്തിന്റെ ഉദ്ദേശശുദ്ധിയാണ് എന്നെ ആകർഷിച്ചത്. അങ്ങനെആ സ്കൂൾ ഞാൻ ഏറ്റെടുത്തു കുടിശ്ശിക

എല്ലാം തീർത്ത് നല്ല നിലയിൽ പ്രവർത്തനം തുടങ്ങി. വിദ്യാഭ്യാസ മേഖലയിലേക്കുള്ള ആദ്യകാൽവെയ്പ് അതായിരുന്നു.

*? ഇപ്പോൾ എത്ര വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ട്?*

ഇരുപത്തഞ്ചു കോളേജുകളുണ്ട്. കൂടാതെ സ്കൂളുകളും. ഇതിൽ 2004ൽ സ്ഥാപിച്ച ജെ.ജി. ഇന്റർനാഷണൽ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണ്. ഇവിടുത്തെ വിദ്യാർത്ഥികൾക്ക് കേംബ്രിഡ്ജ് ഇന്റർനാഷണൽ പരീക്ഷ കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷ, ഇന്റർനാഷണൽ ബാക്കലോറിയറ്റ് ഡിപ്ലോമ പ്രോഗ്രാം എന്നിവയിലൊക്കെ പരിശീലനം നൽകുന്നുണ്ട്.

*? ഇപ്പോൾ മൊത്തം എത്ര വിദ്യാർത്ഥികൾ ഉണ്ടാകും?*

പതിനായിരത്തോളം വിദ്യാർത്ഥികളും എഴുന്നൂറോളം അധ്യാപകരുമുണ്ട്. കിൻഡർ ഗാർട്ടൺ മുതൽ പോസ്റ്റ് ഗ്രാജുവേഷൻ വരെയുള്ള പഠനസാധ്യതകളുമുണ്ട്. ഏറ്റവും ആധുനികമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് നൽകുന്നത്. നമ്മുടെ വരും തലമുറയുടെ സമഗ്ര വളർച്ചയ്ക്ക് അത് ആവശ്യമാണല്ലോ!

*? അഹമ്മദാബാദ് വൈ.എം.സി.എ. ഇന്റർനാഷണൽ സെന്റർ വേറിട്ട സംരംഭമാണല്ലോ?*

അതെ. യുവജനങ്ങളുടെ വളർച്ചയെ ആസ്പദമാക്കിയുള്ള സംരംഭമാണത്. ആഗോള വൈ.എം.സി.എയ്ക്കു നിയുക്തമായ ഒരു അന്തർദേശീയ കേന്ദ്രമാണ് അതിന്ന്. ഇന്ത്യയിൽ വച്ചുതന്നെ ഏറ്റവും വലുത്. നാലുലക്ഷം ചതുരശ്ര അടി വിസ്തൃതിയിലാണ് ഇത് നിലകൊള്ളുന്നത്.

? ഇത്തരം വിവിധ പ്രവർത്തനങ്ങളോടൊപ്പം ഒട്ടേറെ ചാരിറ്റി പ്രവർത്തനങ്ങളും നടത്തുന്നുണ്ടല്ലോ?

ഉവ്വ്. അത് അനിവാര്യമാണ്. നമ്മെ വളർത്തി വലുതാക്കിയ സമൂഹത്തോട് നമുക്ക് തിരിച്ചും കടപ്പാടുണ്ട്. കഴിയുന്ന സേവനങ്ങൾ ചെയ്യാൻ തീർച്ചയായും നാം തയ്യാറാകണം. വിദ്യാഭ്യാസ സഹായം, വിവാഹസഹായം, ചികിത്സ എന്നിങ്ങനെവിവിധ മേഖലകളിൽ കഴിയുന്ന സഹായങ്ങൾ ചെയ്യുന്നുണ്ട്. പതിനഞ്ചുവിധവകൾക്ക് മാസം 5000 രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. ജീവകാരുണ്യപ്രവർത്തനങ്ങൾ പരസ്യപ്പെടുത്തേണ്ടതല്ലാത്തതുകൊണ്ട് ഇതേക്കുറിച്ച് കൂടുതൽ വിശദീകരിക്കാൻ താത്പര്യമില്ല; ക്ഷമിക്കുക.

*? പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി വ്യക്തിപരമായി നല്ല അടുപ്പമുണ്ടല്ലോ. അദ്ദേഹത്തിന്റെ പ്രവർത്തനരീതിയെ വിലയിരുത്തുമ്പോൾ...?*

നരേന്ദ്രമോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കുന്ന കാലത്തുതന്നെ ഞങ്ങൾ തമ്മിൽ വലിയ സൗഹൃദത്തിലാണ്. വ്യക്തിപരമാണെങ്കിൽ കൂടി അതിനു പിന്നിൽ പ്രൊഫഷണലിസവുമുണ്ട്. ഗുജറാത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളിയാകുന്ന സംരംഭകൻ എന്ന നിലയിലാണ് ഞങ്ങൾതമ്മിലുള്ള സൗഹൃദത്തിന്റെ തുടക്കം. അത് പിന്നീട് വ്യക്തിപരമായ അടുപ്പമായി മാറുകയായിരുന്നു.

മികച്ച സംരംഭകരെ കലവറയില്ലാതെ പ്രോത്സാഹിപ്പിക്കുന്ന രീതിയാണ് നരേന്ദ്രമോദിക്കുള്ളത്. എനിക്ക് അദ്ദേഹത്തോട് ആദരവു തോന്നാനുള്ള കാരണവുമതാണ്. നമ്മുടെ നാട്ടിലെപ്പോലെ ഏതും എന്തും രാഷ്ട്രീയമായി കാണുന്ന പതിവ് അവിടെയില്ല. വികസനകാര്യത്തിൽ നാടിന്റെ താൽപ്പര്യവും വളർച്ചയുമാണ് പ്രധാനം. നരേന്ദ്രമോദി കൊണ്ടുവന്ന ഒരു പുതിയ വികസനസംസ്ക്കാരമുണ്ട്. ഇന്നും ഗുജറാത്തിന്റെ വിജയഘടകമതാണ്.

*? മോദിയുടെ കാലത്തുണ്ടായ വർഗീയ കലാപങ്ങൾ വലിയ വിവാദങ്ങൾക്കും ആരോപണങ്ങൾക്കും കാരണമായല്ലോ?*

ഉവ്വ്. പക്ഷേ, അത് നരേന്ദ്രമോദിയുടെ സൃഷ്ടിയാണെന്ന് നമ്മുടെ നാട്ടിലുള്ള നിഷ്പക്ഷമതികൾ പറയില്ല. അതിനുശേഷവും വൻഭൂരിപക്ഷത്തിൽ മോദി തന്നെയാണ് അവിടെ അധികാരത്തിൽ വന്നത്. ഭരണപരമായ കാര്യങ്ങളിലോ വ്യക്തിപരമായ സൗഹൃദങ്ങളിലോ വർഗ്ഗീയസമീപനമൊന്നും മോദിക്കില്ല. ഒരു ഭരണകർത്താവ് എന്ന നിലയിൽ സ്റ്റേറ്റിന്റെ താല്പര്യങ്ങളാണ് അദ്ദേഹത്തിനു പ്രധാനം. എല്ലാ മികച്ച സംരംഭകരേയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് മോദിക്കുള്ളതെന്നാണ് എന്റെ അനുഭവം.



*മദർ തെരേസയുമൊത്ത് ഒരു ചടങ്ങിൽ*

*? പുതിയ തലമുറയ്ക്കു വലിയ പ്രചോദനമാകുന്നതാണ് വിവിധമേഖലകളിലെ ഈ വളർച്ച. പ്രത്യേകിച്ചും വിദ്യാഭ്യാസ മേഖലയ്ക്കു ചെയ്യുന്ന വിലപ്പെട്ട സേവനങ്ങൾ. പുതിയ തലമുറയ്ക്കു നൽകാനുള്ള സന്ദേശം എന്താണ്?*

അതു മഹാത്മാഗാന്ധി പറഞ്ഞതിനപ്പുറം മറ്റൊന്നും പറയാനില്ല. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നു പറഞ്ഞ മഹാനാണല്ലോ അദ്ദേഹം. ആത്മധൈര്യം വിടാതെ പ്രവർത്തിക്കൂ, നമ്മുടെ പ്രവൃത്തി നമുക്കു മാത്രമല്ല സമൂഹത്തിനുകൂടി ഗുണകരമാകുക, ഇതൊക്കെയാണ് നമുക്കു ചെയ്യാൻ കഴിയുന്ന നല്ല കാര്യങ്ങൾ. എല്ലാ പ്രതികൂലസാഹചര്യങ്ങളിലും അനുകൂലമായ ഒരു ഘടകം മറഞ്ഞിരിക്കുന്നുണ്ടെന്ന് ഓർമ്മിക്കുക. അതുകണ്ടെത്തുക എന്നതാണ് ഒരു മികച്ച സംരംഭകന്റെ കഴിവ്. ഇന്നു രാജ്യം ഏറെ മാറിക്കഴിഞ്ഞു. സംരംഭകർക്ക് മികച്ച അവസരം ലഭ്യമാകുന്നുമുണ്ട്. ആ അവസരം വിനിയോഗിക്കാൻ പുതിയ തലമുറയ്ക്കു കഴിയട്ടെ.

(9447725649)

പ്രത്യേക ലേഖകൻ

# പൊലീസിലെ ഒറ്റുകാർ ആര് ?

## തത്ത്വമസിയും, പച്ചവെളിച്ചവും, നിലാവിന്റെ കൂട്ടുകാരും

**കേ**രളാ പൊലീസിൽ ചിലർ ശബരിമലയിൽ നാറാണത്ത് ഭ്രാന്തനെപ്പോലെ പെരുമാറിയെന്നും വർഗീയശക്തികൾക്ക് വിവരം ചോർത്തിയെന്നുമുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവനസേനയിൽ വീണ്ടും പുകച്ചിലുകൾക്ക് ഇടയാക്കുന്നു. പ്രസ്താവനവിവാദമായതോടെ മുഖ്യമന്ത്രി പതിവുപോലെ മാധ്യമങ്ങളെ പഴിചാരി തടിയൂരിയെങ്കിലും സേനയിൽ അതുയർത്തിയ അസ്വസ്ഥതകൾ അവസാനിക്കുന്നില്ല. കേരളാ പൊലീസിന്റെ നടപടികൾ നാൾക്കുനാൾ അപകീർത്തികരമാകുന്ന സാഹചര്യത്തിൽ ഉന്നത ഉദ്യോഗസ്ഥരോട് സംസാരിക്കാൻ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലാണ് അദ്ദേഹം നിലപാട് വ്യക്തമാക്കിയത്. സി.ഐ. റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയുടെ ശാസനവീഡിയോകോൺഫറൻസിലൂടെ കേട്ടിരുന്നു. തിരുവായ്ക്ക് എതിർവാപാടില്ലാത്ത സാഹചര്യമായതിനാൽ ഉദ്യോഗസ്ഥരെല്ലാം പഞ്ചപുച്ഛമടക്കി മുഖ്യന്റെ വാക്കുകൾ ശ്രവിച്ചു. ശബരിമലയിൽ എത്തിയ മനീതി സംഘത്തെയും മറ്റുയുവതികളെയും പമ്പയിൽ നിന്നും മലമുകളിലെത്തിക്കാൻ ശ്രമിച്ച് പൊലീസുകാർ പരാജയപ്പെട്ടതിനെയാണ് മുഖ്യമന്ത്രി നാറാണത്തുഭ്രാന്തൻ ഉപമയിലൂടെ പരിഹസിച്ചത്. പൊലീസിന്റെ രഹസ്യനീക്കങ്ങൾ ചില വർഗീയ ശക്തികൾക്ക് പൊലീസിലെ ഒറ്റുകാർ ചോർത്തിനൽകിയെന്നും മുഖ്യമന്ത്രി ആക്ഷേപം ഉന്നയിച്ചു. വർഗീയശക്തി എന്നതുകൊണ്ട് മുഖ്യമന്ത്രി ഉദ്ദേശിച്ചത് ആർ.എസ്.എസിനെയും സംഘ്പരിവാർ സംഘടനകളെയുമാണ്. ശബരിമല ദർശനത്തിന് എത്തിയ യുവതികളെ പൊലീസ് രഹസ്യമായി മലകയറ്റാൻ കൊണ്ടുവരുന്ന വിവരം പൊലീസിൽ നിന്നും ചോർന്നെന്നും അതിന് പിന്നിൽ വർഗീയ ശക്തികളുമായി ബന്ധമുള്ള ചില പൊലീസുകാരാണെന്നുമാണ് മുഖ്യമന്ത്രി ആക്ഷേപിച്ചത്. സേനയ്ക്കാകെ നാണക്കേടായ സംഭവത്തിന് മുഴുവൻ ഉത്തരവാദികൾ പൊലീസുകാർ തന്നെയാണെന്ന മുഖ്യമന്ത്രിയുടെ വിമർശനം മാധ്യമങ്ങളിൽ ചർച്ച ആയതോടെ, വിവാദം തിരിഞ്ഞുകുത്തുമെന്ന സാഹചര്യമുണ്ടായി. ഇതോടെയാണ് മുഖ്യൻ നിലപാടിൽ നിന്നും മലക്കംമറിഞ്ഞതും തന്റെ വാക്കുകൾ മാധ്യമങ്ങൾ വളച്ചൊടിച്ചതാണെന്ന് തിരുത്തുകയും ചെയ്തത്.

ഈ സാഹചര്യത്തിലാണ് പൊലീസിൽ വർഗീയ ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അവർക്ക് വളക്കൂറേകുന്നത് ആരാണെന്നുമുള്ള ചോദ്യം പ്രസക്തമാകുന്നത്. മതജാതിചിന്തകൾക്ക് അതീതമായി പ്രവർത്തിക്കേണ്ട പൊലീസ് സേനയിൽ വർഗീയശക്തികൾ പിടിമുറുക്കാൻ തുടങ്ങിയിട്ട് നാളേറെയായി. ഇതേക്കുറിച്ചുള്ള വിശദമായ അന്വേഷണറിപ്പോർട്ട് 2018 ഫെബ്രുവരി 25ലക്കം 'കേരളശബ്ദം' പ്രസിദ്ധീകരിച്ചിരുന്നു. കേരളസമൂഹം ഒന്നടങ്കം ഞെട്ടലോടെ വായിച്ച വിവരങ്ങൾ അധികാരികളുടെ കണ്ണുതുറപ്പിക്കേണ്ടതായിരുന്നെങ്കിലും അതുണ്ടായില്ല. വാർത്തയിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഉചിതമായനടപടി ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി കൈക്കൊണ്ടിരുന്നെങ്കിൽ ശബരിമലയിൽ ഒറ്റുകാർ ഉണ്ടാകുമായിരുന്നില്ല. നാഴികയ്ക്ക് നാൽപ്പതുവട്ടം നവോത്ഥാനത്തെക്കുറിച്ചും പുരോഗമനചിന്തയെക്കുറിച്ചും വാചാലനാകുന്ന മുഖ്യമന്ത്രി പിണറായി വിജയന് തന്റെ കീഴിൽ വരുന്ന ആഭ്യന്തരവകുപ്പിലെ വർഗീയശക്തികളെ ഉൻമൂലനം ചെയ്യാൻ അല്ലെങ്കിൽ നിലയ്ക്ക് നിർത്താൻ സാധിച്ചില്ലെങ്കിൽ അതിന്റെ പൂർണ്ണഉത്തരവാദി അദ്ദേഹം തന്നെയാണ്. വിവാദങ്ങൾ വരുമ്പോൾ സേനയെ വിമർശിക്കുകയും മാധ്യമങ്ങളിൽ അത് വാർത്തയാകുമ്പോൾ മാധ്യമങ്ങളെ പഴിചാരുകയും ചെയ്യുന്ന മുഖ്യമന്ത്രി ഇനിയെങ്കിലും കേരളാപൊലീസിന്റെ താഴെത്തട്ടിൽ നടക്കുന്നത് എന്താണെന്ന് ശരിക്കും പഠിക്കേണ്ടിയിരിക്കുന്നു എന്നാണ് സേനയിലെ നിഷ്പക്ഷവാദികൾ അടക്കം പറയുന്നത്.

### തത്ത്വമസിയുടെ അവസ്ഥ എന്ത് ?

കേരളാ പൊലീസിലെ ചിലർ 'തത്ത്വമസി' എന്ന പേരിൽ ഒരു വാട്സ് ആപ് ഗ്രൂപ്പുണ്ടാക്കിയതോടെയാണ് പ്രശ്നങ്ങൾക്ക് തുടക്കമാകുന്നത്. സൗഹൃദക്കൂട്ടായ്മ എന്ന പേരിൽ തുടങ്ങിയ ഗ്രൂപ്പിൽ ആദ്യമൊക്കെ യോഗാപരിശീലനവും ആത്മീയതയുമൊക്കെ പ്രചരിപ്പിക്കുമായിരുന്നു. പിന്നീട് അത് കേന്ദ്രസർക്കാരിനെ പ്രകീർത്തിക്കുന്നതിലേയ്ക്ക് വഴിമാറി. സംസ്ഥാനസർക്കാരിന്റെ പൊള്ളത്തരങ്ങളും മുഖ്യമന്ത്രിക്കെതിരായ വിമർശനവുമൊക്കെ വാട്സ് ആപ് ഗ്രൂപ്പിൽ നിറഞ്ഞുനിന്നു. തുടർന്ന് ഹൈന്ദവതീവ്രനിലപാടുകളുടെ ആശയസംവേദനവേദിയായി ഇത് മാറി. ആർ.എസ്.എസ്. അല്ലെങ്കിൽ സംഘ്പരിവാർ പിന്തുണയോടെ ആരംഭിച്ച ഗ്രൂപ്പിന്റെ മുഖ്യഅജണ്ട തന്നെ സേനയിൽ ഒരു ബി.ജെ.പി. അനുകൂല ഫ്രാക്ഷൻ സൃഷ്ടിക്കലായിരുന്നു. ഇതിനായി ഒരുസംഘം കന്യാകുമാരിയിലെ വിവേകാനന്ദപാറയിൽ രഹസ്യയോഗം ചേർന്നു. സംഘടനയ്ക്ക് ഓർഗനൈസ്ഡ് സ്ട്രക്ചർ ഉണ്ടാക്കാനും ഭാരവാഹികളെ തിരഞ്ഞെടുക്കാനുമായിരുന്നു യോഗം ചേർന്നത്. ഇതുപുറത്തായതോടെ പല ഉദ്യോഗസ്ഥരും നിരീക്ഷണത്തിലായി. ഇത് 'കേരളശബ്ദം' വാർത്തയാക്കിയിരുന്നു. മതജാതിചിന്തകൾക്ക് അതീതമായി പ്രവർത്തിക്കേണ്ട പൊലീസ് സേനയിൽ വർ

ഗീയധ്രുവീകരണം ഉണ്ടാക്കാൻ ചിലർ ശ്രമിച്ചത് ഉദാഹരണസഹിതമാണ് 'കേരളശബ്ദം' റിപ്പോർട്ട് ചെയ്തത്. എന്നാൽ വാർത്ത ഗൗരവമായി കാണാൻ കൂട്ടാക്കാത്ത സർക്കാരിന് പിന്നീട് അതിന്റെ വിലകൊടുക്കേണ്ടിവന്നു എന്നാണ് മുഖ്യമന്ത്രിയുടെ വാക്കുകൾ വ്യക്തമാക്കുന്നത്. ഇന്ന് 'തത്ത്വമസി'യുടെ പ്രവർത്തനങ്ങൾ എന്താണെന്നോ അവർ ഏതറ്റംവരെ പോയെന്നോ സംസ്ഥാനപൊലീസ് രഹസ്യാന്വേഷണവിഭാഗത്തിന് പോലും വിവരമില്ല. ഗ്രൂപ്പിന്റെ അണിയറ ശിൽപ്പികൾ അനുവദിക്കുന്നവർക്ക് മാത്രമേ അതിന്റെ ഭാഗമാകാനും അതിനുള്ളിൽ പ്രചരിപ്പിക്കുന്ന വിവരങ്ങൾ കണ്ടുമനസ്സിലാക്കാനും സാധിക്കുകയുള്ളൂ. അത്രയേറെ വിശ്വാസമുള്ളവരെ മാത്രമേ അണിയറക്കാർ ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരുന്നുള്ളൂ എന്നതാണ് സത്യം. പുറമേനിന്നുള്ള ആർക്കും ഈ ഗ്രൂപ്പിനുള്ളിൽ നടക്കുന്ന സംഗതികൾ കാണാനോ മനസ്സിലാക്കാനോ സാധിക്കില്ല. എന്തെങ്കിലും വിവരം ലഭിക്കണമെങ്കിൽ ഗ്രൂപ്പിനുള്ളിൽ നിന്ന് ആരെങ്കിലും ചോർത്തി നൽകണം. അതിനുള്ള സാധ്യത തുലോം കുറവാണ്. ഈ സാഹചര്യത്തിൽ സംശയത്തിന്റെ നിഴലിൽ നിൽക്കുന്നവരെ പുറമേനിന്ന് രഹസ്യമായി നിരീക്ഷിക്കാൻ മാത്രമേ ഇന്റലിജൻസ് വൃത്തങ്ങൾക്ക് സാധിക്കുകയുള്ളൂ. ഇക്കാര്യവും കേരളശബ്ദം റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ അത്തരത്തിൽ നിരീക്ഷണം ശക്തമാക്കാൻപോലും രഹസ്യാന്വേഷണവിഭാഗം ഉദ്യോഗസ്ഥർ തയ്യാറായില്ല എന്നതാണ് വസ്തുത. അങ്ങിനെചെയ്തിരുന്നെങ്കിൽ ശബരിമലയിൽ സർക്കാരിനും പൊലീസിനും നാണംകെട്ട് മടങ്ങേണ്ടിവരില്ലായിരുന്നു.


തിരുവനന്തപുരത്തെ ചില പൊലീസുകാർ അടുത്തിടെ 'തത്ത്വമസി' എന്ന പേരിൽ ഒരു വാട്സ് ആപ് ഗ്രൂപ്പ് ഉണ്ടാക്കി. സേനയിലെ കുറച്ചുദ്യോഗസ്ഥർ ഉൾപ്പെടുന്ന സൗഹൃദക്കൂട്ടായ്മ എന്ന നിലയ്ക്കാണ് സംഗതി ആരംഭിച്ചതെങ്കിലും പിന്നിൽ വേറെ താത്പര്യങ്ങളായിരുന്നു.

കേരള പോലീസ്
KERALA POLICE

കാക്കിയുടെ നിറം മാറുന്നുവോ.....?

കേരളാ പൊലീസിൽ വർഗീയ സംഘടനകൾ പിടിമുറുക്കുന്നതിന് ഉത്തരവാദികൾ ആര് ?

പ്രത്യേക ലേഖകൻ

> **മതജാതിചിന്തകൾക്ക് അതീതമായി പ്രവർത്തിക്കേണ്ട പൊലീസ് സേനയിൽ വർഗീയശക്തികൾ പിടിമുറുക്കാൻ തുടങ്ങിയിട്ട് നാളേറെയായി. ഇതേക്കുറിച്ചുള്ള വിശദമായ അന്വേഷണറിപ്പോർട്ട് 2018 ഫെബ്രുവരി 24 ലക്കം 'കേരളശബ്ദം' പ്രസിദ്ധീകരിച്ചിരുന്നു. കേരളസമൂഹം ഒന്നടങ്കം ഞെട്ടലോടെ വായിച്ച വിവരങ്ങൾ അധികാരികളുടെ കണ്ണുതുറപ്പിക്കേണ്ടതായിരുന്നെങ്കിലും അതുണ്ടായില്ല.**

## പച്ചവെളിച്ചവും നിലാവിന്റെ കൂട്ടുകാരും എവിടെ ?

ഒരുഭാഗത്ത് ഹൈന്ദവസംഘടനകൾ പൊലീസിൽ പിടിമുറുക്കുമ്പോൾ മറുഭാഗത്ത് മുസ്ലീംമത മൗലികവാദികളും കേരളാ പൊലീസിൽ കടന്നുകൂടിയിട്ടുണ്ട്. സേനയിൽ മുസ്ലിം ഫ്രാക്ഷൻ രൂപീകരിക്കണം എന്ന ആവശ്യവുമായി മുന്നിട്ടറങ്ങിയ ചിലർ 'പച്ചവെളിച്ചം' എന്ന പേരിൽ ഒരു വാട്സ് ആപ് കൂട്ടായ്മ ഉണ്ടാക്കി. ഇത് പുറത്തായതോടെ സംസ്ഥാനപൊലീസ് രഹസ്യാന്വേഷണവിഭാഗം അന്വേഷണം ആരംഭിച്ചു. അതോടെ ഗ്രൂപ്പിന്റെ പേര് മാറ്റി 'നിലാവിന്റെ കൂട്ടുകാർ' എന്നാക്കി. പക്ഷേ, ഗ്രൂപ്പിലൂടെ പ്രചരിപ്പിക്കപ്പെട്ട കാര്യങ്ങൾ ഒന്നുതന്നെയായിരുന്നു. മുസ്ലിംമതമൗലികവാദം തന്നെയായിരുന്നു ഗ്രൂപ്പിന്റെ മുഖ്യഅജണ്ട. ഇതിനെതിരെ സേനയിൽ നിന്നുതന്നെ മുറുമുറുപ്പുണ്ടായപ്പോഴും നടപടിയെടുക്കേണ്ട അധികൃതർ മൗനം പാലിച്ചു. അന്ന് ബറ്റാലിയനുകളുടെ ചുമതലയുണ്ടായിരുന്ന ഐ.പി.എസ്. പ്രമുഖൻ 'പച്ചവെളിച്ച' ത്തിന്റെ വക്താക്കൾക്ക് പ്രവർത്തിക്കാൻ മൗനാനുവാദം നൽകി എന്നുപറയുന്നതാകും ശരി. ഇതും 'കേരളശബ്ദം' വാർത്തയാക്കിയിരുന്നു. ഇതോടെ ഐ.പി.എസ്. ഉന്നതൻ പൊലീസിൽ വർഗീയ വാട്സ് ആപ് ഗ്രൂപ്പുകൾ അനുവദിക്കില്ലെന്ന നിലപാടുമായി രംഗത്തെത്തി. പക്ഷേ, ആദ്യത്തെ വിവാദങ്ങൾ കെട്ടടങ്ങിയതോടെ എല്ലാം പഴയപടിയായി. ഇന്നും കേരളപൊലീസിൽ മതമൗലികവാദികൾ ശക്തമായ ഫ്രാക്ഷൻ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഇവരെക്കുറിച്ച് കൃത്യമായ വിവരം കണ്ടെത്താൻ രഹസ്യാന്വേഷണവിഭാഗത്തിന് സാധിക്കുന്നില്ല.

ശബരിമല വിഷയത്തിൽ പ്രക്ഷോഭവുമായി രംഗത്തിറങ്ങിയത് ഹൈന്ദവ സംഘടനകളായിരുന്നു. അന്ന് പൊലീസിലെ ഹൈന്ദവതീവ്രനിലപാടുകാർ പ്രക്ഷോഭകാരികൾക്ക് വേണ്ടി സേനയെ ഒറ്റുകൊടുത്തു. ഇത് നാളെ മുസ്ലിം സമുദായത്തിലും സംഭവിക്കാം. ജാതിമതചിന്തകൾക്ക് അതീതമായി നിലകൊള്ളേണ്ട പൊലീസ് സേനയിൽ പലരും ഒളിഞ്ഞും പാത്തും പല സംഘടനകളിലും പ്രവർത്തിക്കുന്നു. എൻ.എസ്.എസിലും എസ്.എൻ.ഡി.പിയിലുമൊക്കെ ഭാരവാഹിത്വമുള്ള പലരും ഇന്നും കേരളാ പൊലീസിലുണ്ട്. മധ്യതിരുവിതാംകൂറിൽ ചില ക്രിസ്ത്യൻസഭകളുമായും ചില ഉദ്യോഗസ്ഥർ ആഭിമുഖ്യം പുലർത്തുന്നുണ്ട്. ബിഷപ്പുമാരുടെയും മെത്രാൻമാരുടെയും നോമിനികളായി പല ഉദ്യോഗസ്ഥരും താക്കോൽസ്ഥാനങ്ങളിൽ എത്തുന്നുണ്ട്. ചിലർ സഭയ്ക്കും രാഷ്ട്രീയക്കാർക്കും ഇടയിലെ മെസഞ്ചർമാരായും ലെയ്സൺ ഓഫീസറായും (അപ്രഖ്യാപിതം) പ്രവർത്തിക്കുന്നുണ്ട്. നാളെ സഭാതർക്കവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പൊലീസ് നടപടി ഉണ്ടാകേണ്ട സാഹചര്യം വന്നാൽ അവിടെയും ഒറ്റുകാർ പ്രത്യക്ഷപ്പെട്ടേക്കാം. ഇതിനെല്ലാം ഒറ്റപരിഹാരം എന്നുപറയുന്നത് പൊലീസിനെ ജാതി, മത, രാഷ്ട്രീയ ചിന്തകൾക്ക് അതീതമാക്കുക എന്നതാണ്. നവോത്ഥാനവും പുരോഗമനചിന്തയും പറയുന്ന ഇടതുപക്ഷജനാധിപത്യസർക്കാരിന് പോലും അതിന് സാധിക്കുന്നില്ല എന്നത് ആശങ്കാജനകമാണ്.

# “ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്”

## ഭരണസ്ഥിരതയ്ക്കായി ഒരു വളഞ്ഞ വഴിയോ?

**കെ.ജി. പരമേശ്വരൻനായർ**



**ഭ**രണാധികാരം ചിലർക്ക് ഒരാവേശമാണ്. അത് കയ്യിൽ കിട്ടിയാൽ പിന്നീട് വിട്ടുകളയാൻ അവർക്ക് വൈമുഖ്യമേറും. ആ അധികാരം നിലനിർത്താൻ അവർ എന്ത് തന്ത്രവും പ്രയോഗിച്ചെന്നിരിക്കും. ആ തന്ത്രത്തിന്റെ ഒരു വകഭേദമാണ് ‘ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്’ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രകടിപ്പിച്ചിരിക്കുന്ന ആശയമെന്ന് ദോഷൈകദൃക്കുകൾ ആക്ഷേപമുന്നയിച്ചേക്കാം.

അതെന്തോയാകട്ടെ. ലോക്സഭാ തെരഞ്ഞെടുപ്പും എല്ലാ സംസ്ഥാനങ്ങളിലെയും നിയമസഭാ തെരഞ്ഞെടുപ്പുകളും ഒരുമിച്ച് നടത്തുക എന്നതാണ് ആ ആശയത്തിന്റെ പൊരുൾ. അത് പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഠിക്കുവാൻ ഒരു സമിതിയെ നിയമിക്കുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. ‘ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്’ എന്നത് കേന്ദ്രസർക്കാരിന്റെ അജണ്ടയല്ല, രാജ്യത്തിന്റെ അജണ്ടയാണെന്ന പരിവേഷവും ആ ആശയത്തിന് മേന്മയേകാൻ അദ്ദേഹം പകർന്നിട്ടുണ്ട്.

പുതിയ ലോക്സഭയുടെ ആദ്യത്തെ സമ്മേളനത്തിനുമുമ്പ് വിളിച്ചുകൂട്ടിയ സർവ്വകക്ഷിയോഗത്തിലാണ് പ്രധാനമന്ത്രി തന്റെ ആശയം അറിയിച്ചത്. യോഗത്തിലേക്ക് ക്ഷണിച്ചത് 40 പാർട്ടികളുടെ നേതാക്കന്മാരെയായിരുന്നു. പക്ഷേ, യോഗത്തിൽ പങ്കെടുത്തത് 21 പാർട്ടികളുടെ നേതാക്കന്മാർ മാത്രം. മൂന്ന്പാർട്ടികളുടെ നേതാക്കന്മാർ അവരുടെ അഭിപ്രായങ്ങൾ എഴുതി അറിയിച്ചിരുന്നു. നിർദ്ദിഷ്ട ആശയത്തിന് പൊതുവെ അനുകൂലമല്ലാത്ത പ്രതികരണമാണ് വിവിധ പാർട്ടികളിൽനിന്നുണ്ടായിട്ടുള്ളത്. അതിന് കാരണങ്ങളുണ്ട്. ആ ആശയത്തിന്റെ പ്രയോഗക്ഷമതയെക്കുറിച്ചുള്ള സംശയം തന്നെയാണ് പ്രധാനകാരണം. ലോക്സഭയുടെയും നിയമസഭകളുടെയും ഭരണഘടനാദത്തമായ കാലാവധി അഞ്ചുവർഷമാണല്ലോ. ആ കാലാവധിയുടെ തുടക്കവും ഒടുക്കവും ലോക്സഭയുടെതും വിവിധ നിയമസഭകളുടേതും വ്യത്യസ്തമായ പല ഘട്ടങ്ങളിലായിരിക്കും. ആ നിലയ്ക്ക് ലോക്സഭയിലേക്കും എല്ലാ നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താനാവുകയില്ല. ഏത് സഭയുടേതായാലും അതിന്റെ കാലാവധി തീർന്നാലല്ലേ ആ സഭയിലേക്ക് തെരഞ്ഞെടുപ്പ് നടത്താനാകൂ?

അതല്ല, ആ തെരഞ്ഞെടുപ്പുകളെല്ലാം ഒരുമിച്ച് നടത്തണമെന്നുണ്ടെങ്കിൽ ആ സഭകളുടെയെല്ലാം അഞ്ചുവർഷമെന്ന കാലാവധി ഒരേ തീയതിയിൽ അവസാനിക്കുന്നതായിരിക്കണം. അതുപോലെതന്നെ ആ സഭകളുടെയെല്ലാം കാലവധിയുടെ തുടക്കവും ഒരേ തീയതിയിലായിരിക്കണം. ഇതെല്ലാം പ്രായോഗികമാണോ, അങ്ങനെ ആകണമെങ്കിൽ അതിനുള്ള ഭരണഘടനാഭേദഗതി സാധ്യമാണോ എന്നതു തന്നെ നിർദ്ദിഷ്ട ആശയം പ്രാവർത്തികമാക്കുന്നതിനുള്ള പ്രധാനതടസ്സം. മറ്റൊരു തടസ്സ പ്രശ്നം എല്ലാ തെരഞ്ഞെടുപ്പുകളും ഒരുമിച്ച് നടത്തുന്നതിന് പ്രത്യേകിച്ച് പോളിംഗ് ബൂത്തുകളിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി വരുന്ന പോലീസ് സന്നാഹത്തിന്റെയും മറ്റും അപര്യാപ്തതയാണ്. അതുകൊണ്ടായിരിക്കാം പ്രധാ



**ഇതിനകം പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങൾ പ്രധാനമന്ത്രിയുടെ നിർദ്ദിഷ്ട ആശയത്തെ അനുകൂലിക്കുന്നവയല്ല.**



**ഭരണഘടനാഭേദഗതിയിലൂടെ ലോക്സഭയ്ക്കും നിയമസഭകൾക്കും പ്രത്യേകം കാലാവധി നിശ്ചയിക്കാതെ 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം പ്രാവർത്തികമാക്കാൻ കഴിയുകയില്ലെന്ന് മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ടി.എസ്. കൃഷ്ണമൂർത്തി.**

നമന്ത്രി വിവിധ പാർട്ടികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിട്ടുള്ളത്.

ഇതിനകം പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങൾ പ്രധാനമന്ത്രിയുടെ നിർദ്ദിഷ്ട ആശയത്തെ അനുകൂലിക്കുന്നവയല്ല. ഭരണഘടനാഭേദഗതിയിലൂടെ ലോക്സഭയ്ക്കും നിയമസഭകൾക്കും പ്രത്യേകം കാലാവധി നിശ്ചയിക്കാതെ 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം പ്രാവർത്തികമാക്കാൻ കഴിയുകയില്ലെന്ന് മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ടി.എസ്. കൃഷ്ണമൂർത്തി. ഭരണഘടനയുടെ നിലവിലുള്ള ചട്ടക്കൂടനുസരിച്ച് 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' സാദ്ധ്യമല്ലെന്ന് നിയമകമ്മീഷൻ. ഇന്ന് തെരഞ്ഞെടുപ്പുരംഗത്ത് പരിഗണിക്കപ്പെടേണ്ട പ്രധാനവിഷയങ്ങൾ ഈ നിർദ്ദിഷ്ട ആശയമല്ല, പ്രത്യുത വോട്ടിംഗ് യന്ത്രങ്ങളുടെ ക്രമക്കേട്, ക്രിമിനലുകളുടെ പ്രാതിനിധ്യം, പണക്കൊഴുപ്പ് എന്നിവയാണെന്ന് കോൺഗ്രസ് നേതാവ് ഗൗരവ് ഗൊഗോയ്.

പുറത്തുവന്ന അഭിപ്രായങ്ങളിൽ സി.പി.ഐ (എം) ദേശീയ ജനറൽ സെക്രട്ടറി സീതാറാം യച്ചൂരിയുടെ പ്രതികരണമാണ് ഏറെ ശ്രദ്ധേയം. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയത്തിനുപിന്നിൽ പ്രസിഡൻഷ്യൽ സംവിധാനത്തിലേക്ക് പോകാനുള്ള കേന്ദ്ര സർക്കാരിന്റെ അജണ്ടയാണെന്നാണ് ആ പ്രതികരണം. യച്ചൂരി ആ പറഞ്ഞതിൽ നേര് ഇല്ലാതില്ല. ഭരണസ്ഥിരത ഉറപ്പാക്കുന്നതിനും ഇടക്കാല തെരഞ്ഞെടുപ്പുകൾ ഒഴിവാക്കുന്നതിനും പാർലമെന്ററി ജനാധിപത്യസംവിധാനത്തിനുപകരം അമേരിക്കൻ മോഡൽ പ്രസിഡൻഷ്യൽ സമ്പ്രദായം സ്വീകരിക്കണമെന്ന ഒരു നിർദ്ദേശം ബി.ജെ.പി. നേതൃത്വം ഏതാണ്ട് രണ്ട് പതിറ്റാണ്ടിനുമുമ്പ് മുന്നോട്ടുവയ്ക്കുകയുണ്ടായി. പക്ഷേ, ആ നിർദ്ദേശം ക്ലിക്ക് ചെയ്തില്ല. അതിനാൽ പിന്നീട് ഒരു തെരഞ്ഞെടുപ്പുകാലത്ത് ബി.ജെ.പിയുടെ പ്രകടനപത്രികയിൽ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ലോക്സഭയ്ക്ക് അഞ്ചുവർഷക്കാലാവധി പൂർണ്ണമായും ഉറപ്പാക്കുന്നതിന് ഭരണഘടനഭേദഗതി ചെയ്യുമെന്നായിരുന്നു ആ പ്രഖ്യാപനം. ഇന്ത്യയിൽ നിലവിലുള്ള പാർലമെന്ററി ജനാധിപത്യസമ്പ്രദായത്തോട് ബി.ജെ.പിക്കുള്ള വിയോജിപ്പാണ് ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനം.



**പുറത്തുവന്ന അഭിപ്രായങ്ങളിൽ സി.പി.ഐ (എം) ദേശീയ ജനറൽ സെക്രട്ടറി സീതാറാം യച്ചൂരിയുടെ പ്രതികരണമാണ് ഏറെ ശ്രദ്ധേയം.**

പ്രകടനപത്രികയിലെ പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കാൻ ഒരു മാർഗ്ഗവും ബി.ജെ.പി നേതൃത്വം നിർദ്ദേശിച്ചിരുന്നു. അത് ഇതാണ്– പ്രധാനമന്ത്രിയിൽ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം ലോക്സഭയിൽ അവതരിപ്പിക്കുന്നതോടൊപ്പംതന്നെ, ആ പ്രമേയം പാസാകുന്നപക്ഷം പകരം രൂപീകരിക്കുന്ന ഗവൺമെന്റിന്റെ പ്രധാനമന്ത്രിയാകാവുന്ന നേതാവിൽ സഭയ്ക്കുള്ള വിശ്വാസം രേഖപ്പെടുത്തുന്ന മറ്റൊരു പ്രമേയം കൂടി അവതരിപ്പിക്കണം. രണ്ട് പ്രമേയങ്ങളും ഒരുമിച്ചുതന്നെ പാസാക്കണം. അതല്ലാതെ അവിശ്വാസ പ്രമേയം മാത്രം പാസാക്കുകയും ബദൽ മന്ത്രിസഭ ഉണ്ടാകാതിരിക്കുകയും ചെയ്താൽ സഭയുടെ വിശ്വാസം നഷ്ടപ്പെട്ട പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ മന്ത്രിസഭയും തന്നെയായിരിക്കുമല്ലോ ഒരു കാവൽ സർക്കാരായിട്ടാണെങ്കിൽപ്പോലും തുടർന്നും അധികാരത്തിലിരിക്കുക. ആ സാഹചര്യം ഒഴിവാക്കണം. അതുകൊണ്ട് ആ രണ്ട് പ്രമേയങ്ങളും ഒരുമിച്ച് അവതരിപ്പിച്ച് പാസ്സാക്കുന്നതിന് നിയമസാധുത ലഭിക്കാൻ ലോക്സഭാ ബിസിനസ്സ് റൂൾസ് ഭേദഗതി ചെയ്താൽ മതി എന്നായിരുന്നു ആ നിർദ്ദേശത്തിന്റെ വക്താക്കളുടെ വാദം. അതായത് ഭരണസ്ഥിരതയ്ക്കായും അധികാരം കൈവിടാതിരിക്കാനുമായി ഒരു വളഞ്ഞ വഴി!

ബി.ജെ.പിയുടെ പ്രകടനപത്രികയിലെ പ്രഖ്യാപനത്തെയും അതുസംബന്ധിച്ച നിർദ്ദേശങ്ങളെയും ചൊല്ലി

അന്നുണ്ടായ വാദപ്രതിവാദങ്ങൾ ശ്രദ്ധേയമായിരുന്നു. ആ പ്രഖ്യാപനവും നിർദ്ദേശങ്ങളും പ്രാവർത്തികമായാൽ ഇന്ത്യയിലെ പാർലമെന്ററി സമ്പ്രദായത്തിനും ജനാധിപത്യത്തിനും സംഭവിക്കാവുന്ന ച്യുതി പ്രകടമാക്കുന്നതായിരുന്നു വാദപ്രതിവാദത്തിന്റെ കാതൽ. പ്രസ്തുത നിർദ്ദേശം പാർലമെന്റിന്റെ അവകാശങ്ങളുടെ നിഷേധമാണെന്ന് നിയമജ്ഞരും ഭരണഘടനാവിദഗ്ധരും ചൂണ്ടിക്കാണിക്കുകയുണ്ടായി. കേന്ദ്ര മന്ത്രിസഭയേയും പ്രധാനമന്ത്രിയേയും തെരഞ്ഞെടുക്കുകയും, വേണ്ടിവന്നാൽ മാറ്റുകയും ചെയ്യുക എന്നതാണ് ആ അവകാശങ്ങളിൽ പ്രധാനം. അതിന്റെ കടയ്ക്കൽ കത്തിവയ്ക്കലാകും പ്രസ്തുത നിർദ്ദേശം. പാർലമെന്റിനുമേൽ എക്സിക്യൂട്ടീവിനെ അവരോധിക്കുകയും എക്സിക്യൂട്ടീവിൽ കൂടുതൽ അധികാരങ്ങൾ നിക്ഷിപ്തമാക്കുകയുമാണ് ഈ നിർദ്ദേശത്തിൽ പതിയിരിക്കുന്ന ലക്ഷ്യമെന്ന ആക്ഷേപവുമുണ്ടായി.

ഭരണസ്ഥിരതയുടെ പേരിൽ ഭരണഘടനാസാധുതയ്ക്കായി ബി.ജെ.പി. പ്രകടനപത്രികയിലൂടെ നടത്തിയ പ്രഖ്യാപനത്തിനും അതിന് അനുബന്ധമായി ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾക്കുമെതിരേ ഉണ്ടായി വേറെയും വാദഗതികൾ. അതായത്, ലോക്സഭയെ അതിന്റെ കാലാവധിയായ അഞ്ചുവർഷംപൂർത്തിയാകുന്നതിനുമുമ്പ് ഒരു കാരണവശാലും പിരിച്ചുവിടാൻ ഗ്യമായ പട്ടാളഭരണം പോലുള്ള ദുര്യോഗങ്ങൾ ഇന്ത്യയ്ക്ക് ഉണ്ടാകാതിരിക്കുന്നത്. അതിനെഅട്ടിമറിച്ചുകൊണ്ട് ഏകാധിപത്യത്തിലേക്കോ സ്വേച്ഛാധിപത്യത്തിലേക്കോ ക്രമേണ വഴിവയ്ക്കുന്ന ഒരു സമ്പ്രദായം സ്വീകരിക്കുന്നത് ഇന്ത്യയുടെ കാലക്കേടായി ഭവിച്ചേക്കും. അതാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയത്തിനുപിന്നിൽ പ്രസിഡൻഷ്യൽ സംവിധാനത്തിലേക്ക് പോകാനുള്ള കേന്ദ്ര സർക്കാരിന്റെ അജണ്ടയാണെന്ന് സീതാറാം യച്ചൂരി തുറന്നുപറഞ്ഞ സന്ദേഹം പ്രകടമാക്കുന്ന വിപത്ത്.

ലോക്സഭയിലായാലും നിയമസഭകളിലായാലും സഭയിലെ ഭൂരിപക്ഷമാണല്ലോ ഏത് ഗവൺമെന്റിന്റെയും ആധാരശില. ഭൂരിപക്ഷത്തിന്റെ അടിത്തറയാകട്ടെ ജനപിന്തുണയുമാണ്. ഇതിലേതെങ്കിലുമൊന്ന് ഇല്ലാതായാൽ ഗവൺമെന്റ് ഇല്ലാതാവുകയും മറ്റൊന്ന് വരികയുംചെയ്യും. ആ അംഗീകൃതതത്ത്വം ഹനിക്കപ്പെടുന്നതിന്റെ ഫലം ജനാധിപത്യത്തെ കുരുതികൊടുക്കലാകും.

ഭരണസ്ഥിരതയ്ക്കെന്നപേരിൽ ലോക്സഭയ്ക്ക് അഞ്ചുവർഷക്കാലാവധി പൂർണ്ണമായും ഉറപ്പാക്കണമെന്ന നിർദ്ദേശത്തെ മുമ്പും ബി.ജെ.പിയും സഖ്യകക്ഷികളും മാത്രമേ അനുകൂലിച്ചിരുന്നുള്ളു. അന്നത്തെ

**ലോക്സഭയിലായാലും നിയമസഭകളിലായാലും സഭയിലെ ഭൂരിപക്ഷമാണല്ലോ ഏത് ഗവൺമെന്റിന്റെയും ആധാരശില. ഭൂരിപക്ഷത്തിന്റെ അടിത്തറയാകട്ടെ ജന പിന്തുണയുമാണ്. ഇതിലേതെങ്കിലുമൊന്ന് ഇല്ലാതായാൽ ഗവൺമെന്റ് ഇല്ലാതാവുകയും മറ്റൊന്ന് വരികയുംചെയ്യും. ആ അംഗീകൃതതത്ത്വം ഹനിക്കപ്പെടുന്നതിന്റെ ഫലം ജനാധിപത്യത്തെ കുരുതികൊടുക്കലാകും.**

പാടില്ലെന്ന നിർദ്ദേശം ഒറ്റനോട്ടത്തിൽ ശരിയാണെന്നു തോന്നാം. പക്ഷേ, ആ നിർദ്ദേശം നിയമാധിഷ്ഠിതമാക്കിയാൽ അഞ്ചുവർഷമെന്നുള്ളത് പിന്നീട് എട്ടോ പത്തോ വർഷമായി നീട്ടിക്കൊണ്ടുപോവുകയില്ലെന്നതിന് എന്താണ് ഒരു ഉറപ്പ്? അടിയന്തിരാവസ്ഥയുടെ കാലത്ത് ലോക്സഭയുടെ കാലാവധി അന്ന് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ഒരു ഭരണഘടനാഭേദഗതിയിലൂടെ ഏഴുവർഷമായി നീട്ടിയെടുത്തിട്ടില്ലേ? ആ പ്രവണത ആവർത്തിക്കാനും വളരാനും ബി.ജെ.പിയുടെ ഈ നിർദ്ദേശം ഒരു പഴുതായിക്കൂടെന്നില്ലെന്നതായിരുന്നു അതിനെതിരായി ഉണ്ടായ മറ്റൊരു വാദഗതി.

ഇത്തരുണത്തിൽ ചിന്തനീയമാകേണ്ട ഒരു പരമാർത്ഥമുണ്ട്. ഇന്ത്യ സ്വീകരിച്ചിട്ടുള്ള പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിന്റെയും അതിന്റെ ആധാരശിലയായ ഭരണഘടനയുടെയും അടിത്തറ ബ്രിട്ടീഷ് പാർലമെന്ററി സമ്പ്രദായവും ഭരണഘടനയുമാണ്. അതിനും പുറമെ സ്വിറ്റ്സർലന്റ് ഭരണഘടനയിലെ ഡയറക്ട് ഡെമോക്രസി തത്ത്വവും ഫ്രഞ്ച് ഭരണഘടനയിലെ സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള പൗരാവകാശ നിർദ്ദേശങ്ങളും അമേരിക്കൻ ഭരണഘടനയിലെ സ്റ്റേറ്റുകൾക്ക് അവകാശങ്ങൾ ഉറപ്പാക്കുന്ന ഫെഡറലിസവും സ്വാംശീകരിച്ചുകൊണ്ടുള്ളതുകൂടിയാണ് ഇന്ത്യൻ ഭരണഘടന. ഇത്രമാത്രം അന്യൂനമായ ഒരു ഭരണഘടനയും അതിന്റെ അടിസ്ഥാനത്തിലുള്ള ഭരണവ്യവസ്ഥിതിയും ഉള്ളതിനാലാണ് പാക്കിസ്ഥാന്റെ തീരാദൗർഭാ


പ്രതിപക്ഷ കക്ഷികളെല്ലാംതന്നെ അതിന് എതിരായിരുന്നു. ആ നിർദ്ദേശവും അത് നടപ്പാക്കാൻ ഭരണഘടനാഭേദഗതി ചെയ്യുന്നതും പാർലമെന്ററി അവകാശങ്ങളുടെ നിഷേധമാണെന്നതായിരുന്നു ആ എതിർപ്പിന് നിദാനം. അതുതന്നെയാണ് ഇപ്പോൾ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രകടിപ്പിച്ചിരിക്കുന്ന 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയത്തോടുള്ള എതിർപ്പിനും കാരണം. അതുമാത്രമല്ല, പ്രസ്തുത ആശയം ഫെഡറൽ സംവിധാനത്തിന് വിരുദ്ധമാണെന്നതും എതിർപ്പിനുള്ള മറ്റൊരു കാരണമാണ്. എതിർപ്പിന്റെ സൂചകമായി കോൺഗ്രസിനും തൃണമൂൽ കോൺഗ്രസിനും പുറമേ ടി.ആർ.എസ്. നേതാവും തെലങ്കാനമുഖ്യമന്ത്രിയുമായ ചന്ദ്രശേഖരറാവു, ടി.ഡി.പി. നേതാവ് ചന്ദ്രബാബു നായിഡു, ബി.എസ്.പി. നേതാവ് മായാവതി, എസ്.പി. നേതാവ് അഖിലേഷ് യാദവ്, ഡി.എം.കെ. പ്രസിഡന്റ് എം.കെ. സ്റ്റാലിൻ, ഡെൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാൾ, ശിവസേനനേതാവ് ഉദ്ധവ് താക്കറെ എന്നിവരും മുസ്ലീം ലീഗ് നേതാക്കളും സർവ്വകക്ഷി യോഗത്തിൽ പങ്കെടുത്തിരുന്നില്ല. സി.പി.ഐ (എം) തെലുങ്കുദേശം ആം ആദ്മി പാർട്ടി എന്നീ കക്ഷികൾഎതിർപ്പ് എഴുതി അറിയിച്ചിരുന്നു.

ഈ എതിർപ്പുകളെയെല്ലാം മറികടന്ന് തന്റെ ആശയം പ്രാവർത്തികമാക്കാൻ പ്രധാനമന്ത്രി എന്ത് കുറുക്കുവഴിയായിരിക്കും സ്വീകരിക്കുക? ആവോ! കണ്ടറിയണം.

● (9847438061)

പി. ജയചന്ദ്രൻ

**യു.**ഡി.എഫിന് തകർപ്പൻ വിജയം നേടിക്കൊടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് ഒഴിവുവരുത്തിയ നാല് നിയമസഭാമണ്ഡലങ്ങൾ ഉൾപ്പെടെ ആറിടത്ത് നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടത്താനുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ് ഏത് നിമിഷവും വരാമെന്നിരിക്കെ പരസ്യമായിട്ടല്ലെങ്കിൽക്കൂടി മൂന്നുമുന്നണികളും സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. വട്ടിയൂർക്കാവ് മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന



സിറ്റിംഗ് സീറ്റുകളാണ്. അരൂർ മാത്രമാണ് എൽ.ഡി.എഫിന്റെ സിറ്റിംഗ് സീറ്റായിട്ടുള്ളത്. ആ ഒരു സാഹചര്യത്തിൽ 2016 ൽ ഒപ്പംനിന്ന മണ്ഡലങ്ങൾ നിലനിർത്തേണ്ടത് യു.ഡി.എഫിനെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെ പ്രശ്നമാണ്; ഒപ്പം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇതേ മണ്ഡലങ്ങളിൽ ലഭിച്ച അധികവോട്ടും നിലനിർത്തേണ്ടതുണ്ട്. ശബരിമല വിഷയവും, മോദി പേടിയിൽ നിന്നുടലെടുത്ത ന്യൂനപക്ഷ ഏകീകരണവുമാണ് അങ്ങനൊരു താൽക്കാലിക വോട്ടിംഗ് വർദ്ധനയ്ക്ക് കാരണമെങ്കിലും ഇടതുപക്ഷത്തിന്റെ അടിത്തറ തകർന്നുവെന്നും തങ്ങളുടേത് ബലപ്പെട്ടു എന്നുമാണെല്ലോ യു.ഡി.എഫിന്റെ

# ഉപതെരഞ്ഞെടുപ്പ്

## കളമൊരുങ്ങുന്ന ആറ് മണ്ഡലങ്ങൾ

കെ. മുരളീധരനും. കോന്നി മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന അടൂർ പ്രകാശും, അരൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന എ.എം. ആരിഫും, എറണാകുളം മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന ഹൈബി ഈഡനും ലോക്സഭയിലേക്ക് മത്സരിച്ചുവിജയിച്ച സാഹചര്യത്തിലാണ് ഈ നാല് നിയമസഭാ മണ്ഡലങ്ങൾ ഉപതെരഞ്ഞെടുപ്പിലേക്ക് നീങ്ങുന്നതെങ്കിൽ, കെ.എം. മാണിയുടേയും പി.ബി. അബ്ദുൾ റസാക്കിന്റെയും അകാല നിര്യാണമാണ് പാലായിലും മഞ്ചേശ്വരത്തും ഉപതെരഞ്ഞെടുപ്പിന് കളമൊരുക്കിയിട്ടുള്ളത്.



സംസ്ഥാനനിയമസഭയിലെ നിലവിലുള്ള കക്ഷിനില വച്ചുനോക്കിയാൽ ഈ ഉപതെരഞ്ഞെടുപ്പ് ഫലങ്ങൾ ഒരു വിധത്തിലുള്ള രാഷ്ട്രീയ മാറ്റത്തിനും കാരണമാവുകയില്ലെങ്കിൽപ്പോലും, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, പൊതുതെരഞ്ഞെടുപ്പിലെപ്പോലെതന്നെ തീ പാറുന്ന പോരാട്ടത്തിനാകും ഈ ആറ് മണ്ഡലങ്ങളും സാക്ഷ്യം വഹിക്കുക. കാരണം ഇടത്-വലത്-എൻ.ഡി.എ മുന്നണികൾക്ക് ഇത് ഒരു പോലെ അഭിമാനപ്പോരാട്ടമാണ്; പ്രത്യേകിച്ചും യു.ഡി.എഫിന്. ഒഴിവുവന്നിട്ടുള്ള ആറ് മണ്ഡലങ്ങളിൽ അഞ്ചും നിലവിൽ യു.ഡി.എഫിന്റെ

വാദം. വോട്ടർമാർ അതംഗീകരിക്കണമെന്നുണ്ടെങ്കിൽ, ലോക്സഭാ തെരഞ്ഞെടുപ്പിലെ വർദ്ധിച്ച വോട്ടുകളിൽ പ്രകടമായ ഒരു ചോർച്ചയുണ്ടാകുവാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അടുത്തവർഷവും, നിയമസഭയിലേക്ക് അതിനടുത്ത വർഷവും തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ പ്രത്യേകിച്ചും.

എന്നാൽ എൽ.ഡി.എഫിനെസംബന്ധിച്ചിടത്തോളം, ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായ കാര്യമായ വോട്ടുചോർച്ച ഒരു തരത്തിലും കണ്ടില്ലെന്നും നടിക്കാവുന്നതല്ല. ശബരിമല വിഷയത്തോട് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ, ശരിക്കും പറഞ്ഞാൽ കോടതി വിധി നടപ്പിലാക്കാൻ മാത്രമായിരുന്നില്ല. അതിന് പിന്നിൽ ഇനിയും വ്യക്തമാകാത്ത എന്തൊക്കെയോ രഹസ്യ അജണ്ടകൾ സർക്കാരിന് ഉണ്ടായിരുന്നു എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. അതെന്തായിരുന്നു എന്നുള്ളത് വെളിവാകാനിരിക്കുന്നതേയുള്ളു. അതെന്തായാലും അതൊരു താൽക്കാലിക സംഭവ വികാസം മാത്രമായി ചിത്രീകരിക്കുന്ന എൽ.ഡി.എഫിന് 2016 ലെ നിയമസഭാ വോട്ടിംഗ് നിലവാരത്തിലേക്ക് മടങ്ങിപ്പോകേണ്ടതുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായ വോട്ട് ചോർച്ച താൽക്കാലിക പ്രതിഭാസം മാത്രമാണെന്നും, എൽ.ഡി.എഫിന്റെ അടി

ത്തറ ഭദ്രമാണെന്നും സ്ഥാപിക്കുവാൻ യു.ഡി.എഫിൽനിന്ന് മണ്ഡലങ്ങളൊന്നും പിടിക്കുവാൻ കഴിഞ്ഞില്ലെങ്കിലും 2016 ലെ വോട്ടുകൾ സമാഹരിക്കുവാനെങ്കിലും കഴിയണം.

ബി.ജെ.പിക്കുമുണ്ട് ചില പ്രശ്നങ്ങൾ. അനുകൂല സാഹചര്യം ഏറെയുണ്ടായിട്ടും കേരളത്തിൽനിന്ന് ഒരാളെപ്പോലും പാർലമെന്റിലേക്ക് തെരഞ്ഞെടുത്തയയ്ക്കുവാൻ ബി.ജെ.പിക്ക് കഴിഞ്ഞില്ല. അതേസമയം എല്ലാമണ്ഡലങ്ങളിലും തങ്ങളുടെ വോട്ട് ശതമാനം കൂട്ടുവാൻ കഴിയുകയും ചെയ്തു. രാജ്യത്ത് വീണ്ടും മോദി അധികാരത്തിൽ വന്ന സാഹചര്യത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായ വോട്ടുവർദ്ധന താഴേക്ക് പോകാതെ നോക്കേണ്ടത് അവരുടെ ആവശ്യമാണ്.

അങ്ങനെമൂന്ന് മുന്നണികളും ആവനാഴിയിലെ അവസാന ആയുധവും പരതുമ്പോൾ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന 6 മണ്ഡലങ്ങളിലും തീപാറാനാണ് സാദ്ധ്യത.

### വട്ടിയൂർക്കാവ്

പഴയ നോർത്തിന്റെ നല്ലൊരു ഭാഗവും ഈസ്റ്റിൽനിന്നും വെസ്റ്റിൽനിന്നുമുള്ള കുറേ ഭാഗങ്ങളും കൂടെ ചേർത്ത് 2009 ൽ പുതുതായി രൂപീകരിച്ച


*എൻ. പീതാംബരക്കുറുപ്പ്*


*വി.കെ. പ്രശാന്ത്*

വട്ടിയൂർക്കാവ് മണ്ഡലം രണ്ട് നിയമസഭാ മണ്ഡല തെരഞ്ഞെടുപ്പകളെ മാത്രമേ ഇതിനകം അഭിമുഖീകരിച്ചിട്ടുള്ളൂ. 2011 ലും, 16 ലും രണ്ട് പ്രാവശ്യവും യു.ഡി.എഫിനുവേണ്ടി കെ. മുരളീധരനാണ് വട്ടിയൂർക്കാവ് പടവെട്ടി നേടിയത്. ജാതിയും, മതവും സ്ഥാനാർത്ഥിയുടെ ഇമേജും ഒക്കെ നോക്കി മാത്രം വോട്ടുചെയ്യുന്ന വട്ടിയൂർക്കാവിലെ വോട്ടർമാർ രണ്ട് തെരഞ്ഞെടുപ്പുകളിലും യു.ഡി.എഫിന് അനുകൂലമായി ചിന്തിച്ചെങ്കിൽക്കൂടി ഏതെങ്കിലും ഒരു പാർട്ടിയോടോ മുന്നണിയോടോ പ്രത്യേക പ്രതിപത്തിയൊന്നും പുലർത്തുന്നില്ല എന്നുള്ളതാണ് സത്യം. 2011 ൽ ചെറിയാൻ ഫിലിപ്പും, 2016 ൽ ടി.എൻ. സീമയുമായിരുന്നു ഇടത് സ്ഥാനാർത്ഥികൾ. വി.വി. പ്രകാശും കുമ്മനം രാജശേഖരനും ബി.ജെ.പിക്കുവേണ്ടിയും രംഗത്തിറങ്ങി. സമുദായ സമവാക്യങ്ങളും തുല്യത പുലർത്തുന്ന വട്ടിയൂർക്കാവിനെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായ ഒരു കാര്യം ബി.ജെ.പിക്കുണ്ടായിരിക്കുന്ന വളർച്ചയാണ്. 2011 ൽ വി.വി. പ്രകാശിന് 13494 വോട്ടുകൾ മാത്രം ലഭിച്ച സ്ഥാനത്ത് 2016 ൽ കുമ്മനത്തിന് ലഭിച്ചത് 43700 വോട്ടുകളാണ്. ഏതാണ്ട് മൂന്നരയിരട്ടിയോളം വോട്ടുകൾ അധികം. ആ തെരഞ്ഞെടുപ്പിൽ സി.പി.എം സ്ഥാനാർത്ഥി ടി.എൻ. സീമ മൂന്നാം സ്ഥാനത്തേക്ക് പിൻതള്ളപ്പെടുകയും ചെയ്തു. 2014 ലെയും 2019 ലെയും ലോക്സഭാ തെരഞ്ഞെടുപ്പുകളിലും ഈ നിലയിലുള്ള വോട്ട് വർദ്ധനയുണ്ടാക്കുവാനും രണ്ടാംസ്ഥാനം നിലനിർത്തുവാനും ബി.ജെ.പി.ക്ക് കഴിഞ്ഞു. ഇതിനൊരു പ്രധാനകാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത് നായർ സമുദായ വോട്ടർമാരുടെ ബി.ജെ.പി അനുഭാവമാണ്. 2016 ൽ എൻ.എസ്.എസ് കെ. മുരളീധരന് പിന്തുണ നൽകിയപ്പോഴും ബി.ജെ.പി വോട്ടുകളിലുണ്ടായ വർദ്ധനവ് അതാണ് തെളിയിക്കുന്നത്. ജില്ലയിൽ ഏറ്റവും കൂടുതൽ യാഥാസ്ഥിതികത പുലർത്തുന്നവരാണ് വട്ടിയൂർക്കാവിലെ നായൻമാർ. അപ്പോൾപോലും ബി.ജെ.പി ഒരു ദലിതനെസ്ഥാനാർത്ഥിയാക്കി അവതരിപ്പിച്ചാൽ വട്ടിയൂർക്കാവിലെ നല്ലൊരു വിഭാഗം എൻ.എസ്.എസ്. വോട്ടുകളും ആ ദലിതനായിരിക്കും ലഭിക്കുക. അങ്ങനൊരു വളർച്ചയാണ് ഈ മണ്ഡലത്തിൽ ബി.ജെ.പി കൈവരിച്ചിട്ടുള്ളത്.

ഈയൊരു സാഹചര്യത്തിൽ വടകരയിൽ നിന്ന് ലോക്സഭാംഗമായി തെരഞ്ഞെടുത്തതിനാൽ കെ. മുരളീധരൻ എം.എൽ.എ സ്ഥാനം രാജിവച്ച ഒഴിവിലേക്ക് ഉപതെരഞ്ഞെടുപ്പിന് കളമൊരുങ്ങുമ്പോൾ മുന്നണികൾ മൂന്നിലും അകത്തള ചർച്ചകൾ തുടങ്ങിക്കഴിഞ്ഞതായാണ് അറിയുന്നത്. കോൺഗ്രസിൽ ഐ ഗ്രൂപ്പിന്റെ അവകാശമായ ഈ സീറ്റിൽ രമേശ് ചെന്നിത്തലയുടെയും കെ. മുരളീധരന്റേയും താൽപ്പര്യക്കാർക്ക് മാത്രമായിരിക്കും അവസരം ലഭിക്കുക എന്നറിയാമായിരുന്നിട്ടും ആവുംവിധം തള്ളുന്ന എ ഗ്രൂപ്പുകാർ നിരവധിയാണ്. എങ്കിലും രമേശ് ചെന്നിത്തലയും മുരളീധരനും അവസാനനിമിഷം മുൻ കൊല്ലം എം.പി. എൻ. പീതാംബരക്കുറുപ്പിനെ രംഗത്തിറക്കുമെന്നാണ് മണ്ഡലത്തിലെ പൊതുവായ സംസാരം. അതിന് പറഞ്ഞു കേൾക്കുന്ന കാരണങ്ങൾ രണ്ടാണ്. അതിൽപ്രധാനം, പീതാംബരക്കുറുപ്പിനുവേണ്ടി നിലകൊള്ളുന്നത് ശതകോടീശ്വരനായ ഒരു പ്രവാസി ബിസിനസ്സുകാരനാണത്രേ. കുറുപ്പിന് സീറ്റ് നൽകിയാൽ, ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ് നിർത്തുന്ന മറ്റ് മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികൾക്കും കയ്യയച്ചു സഹായം നൽകാമെന്ന് ഈ വ്യവസായ പ്രമുഖൻ ഉറപ്പുകൊടുത്തിട്ടുണ്ടെന്നാണ് കേൾക്കുന്നത്. ചോർന്നുകിട്ടുന്ന സഹായം വേറെ പലർക്കും കൂടി കിട്ടുമ്പോൾ കുറുപ്പിന് തന്നെ നറുക്ക് വീഴും എന്നു പറയുന്ന വട്ടിയൂർക്കാവിലെ കോൺഗ്രസുകാർ മറ്റൊന്നുകൂടി പറയുന്നു. ബി.ജെ.പി കുമ്മനത്തെ രംഗത്തിറക്കിയാൽ ആദ്യറൗണ്ട് എണ്ണിത്തീരുമ്പോൾ തന്നെ കുമ്മനം വിജയിക്കുമെന്ന്.

സി.പി.എമ്മിൽനിന്നും പറഞ്ഞുകേൾക്കുന്ന പേര് കോർപ്പറേഷൻ മേയർ വി.കെ. പ്രശാന്തിന്റേതാണ്.

### കോന്നി

1991 ൽ ഇപ്പോഴത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ ഇടതുപക്ഷത്തോടൊപ്പം ചേർത്തുനിർത്തിയ കോന്നിയിൽ പിന്നീടിന്നുവരെ എൽ.ഡി.എഫ് പച്ച തൊട്ടിട്ടില്ല. 96 ൽ പത്മകുമാറിൽനിന്നും അടൂർ പ്രകാശാണ് കോന്നിയെ പിടിച്ചുവാങ്ങി യു.ഡി.എഫ് ചേരിയിലേക്ക് കൊണ്ടുപോയത്. അതിനുശേഷം 2001 ലും,

2006 ലും 2011 ലും 2016 ലും കോന്നി മണ്ഡലം പ്രകാശിനെകൈവിട്ടില്ല. അങ്ങനെതുടർച്ചയായി അഞ്ച് തെരഞ്ഞെടുപ്പുകളിൽ അടൂർ പ്രകാശിനോടൊപ്പം നിന്ന കോന്നിയിൽ, ആറ്റിങ്ങലിൽ നിന്ന് ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടതിനെതുടർന്ന് പ്രകാശ് എം.എൽ.എ സ്ഥാനം രാജിവച്ച ഒഴിവിലേക്ക് ഉപതെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഫലം പ്രവചനാതീതമായിരിക്കുമെന്നാണ് പൊതുവേയുള്ള സംസാരം. കാരണം, കോന്നി ഓരം ചേർത്തുനിർത്തിയത് കോൺഗ്രസിനെയോ യു.ഡി.എഫിനെയോ അല്ല, അടൂർപ്രകാശിനെയായിരുന്നു എന്നാണ് വോട്ടർമാർ പറയുന്നത്. ആ ഒരു സാഹചര്യത്തിൽ, കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തോളമായി ജനപ്രതിനിധിയായി മണ്ഡലത്തിൽ നിറഞ്ഞുനിന്ന അടൂർ പ്രകാശിന്, അതിന്റേതായ സ്വാധീനം മണ്ഡലത്തിലുണ്ടാകുമെങ്കിലും മറ്റൊരു കോൺഗ്രസ് സ്ഥാനാർത്ഥിയോട് ഇതേ മമത തന്നെ കാട്ടുമോ എന്നുള്ളത് കണ്ടറിയേണ്ട കാര്യമാണ്. കാരണം തുടർച്ചയായ അഞ്ച് വിജയങ്ങൾ കോൺഗ്രസുകാരനായ അടൂർ പ്രകാശിന് നൽകിയെങ്കിലും കോന്നി ഒരു എൽ.ഡി.എഫ് മണ്ഡലമാണ്. അതുകൊണ്ടുതന്നെ ഈ ഉപ തെരഞ്ഞെടുപ്പ് മുതൽ കോന്നിയുടെ നിറം മാറുമെന്നുള്ള കാര്യത്തിൽ മണ്ഡലത്തിലെ എൽ.ഡി.എഫുകാർക്ക് ഒട്ടും സംശയവുമില്ല. അതേസമയം പ്രകാശ് മത്സരരംഗത്തില്ലെങ്കിലും, അദ്ദേഹത്തെ മറന്നുകൊണ്ടുള്ള ഒരു നിലപാടും കോന്നിയിലെ വോട്ടർമാർ സ്വീകരിക്കില്ല എന്നുള്ള കാര്യത്തിൽ കോൺഗ്രസുകാർക്ക് സംശയമില്ല. ശബരിമല വിഷയം സജീവചർച്ചയായി നിലനിന്നിട്ടുകൂടി, ശബരിമലയുൾപ്പെട്ട പത്തനംതിട്ട മണ്ഡലത്തിൽപ്പെട്ട കോന്നിയിൽ ഇടതുമുന്നണിയെക്കാൾ മൂവായിരത്തോളം വോട്ടുകൾ അധികം നേടാൻ ആന്റോ ആന്റണിക്ക് കഴിഞ്ഞത് അതിനുള്ള തെളിവായിട്ടാണ് കോൺഗ്രസുകാർ ചൂണ്ടിക്കാട്ടപ്പെടുന്നത്.



*പഴകുളം മധു*

ആ തരത്തിൽ അടൂർ പ്രകാശിന്റെ സ്വാധീനം ഒരു കുറവുമില്ലാതെ നിലനിൽക്കുന്നു എന്ന് വിശ്വസിക്കുന്നതിനാൽ കൂടി, കോന്നിയിലെ സ്ഥാനാർത്ഥി നിർണ്ണയം അടൂർപ്രകാശിന്റെ മനസ്സറിഞ്ഞും താൽപ്പര്യപ്രകാരവുമേ നടക്കൂ. ആ താൽപ്പര്യത്തിൽ നിൽക്കുന്നത് റോബിൻ പീറ്ററും പഴകുളം മധുവുമാണ്. എന്നാൽ, നായർ-ഈഴവ സമുദായങ്ങൾ 34-34 എന്ന അനുപാതം പുലർത്തുന്ന മണ്ഡലത്തിൽ 15 ശതമാനം മാത്രമുള്ള ക്രിസ്ത്യൻ സമുദായത്തിൽ നിന്നും ഒരാളെ രംഗത്തിറക്കുന്നത് പരമാബദ്ധമായിരിക്കുമെന്നാണ് പൊതുവേയുള്ള സംസാരം; ശബരിമലയിലെ തീ പൂർണ്ണമായും അണഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പ്രത്യേകിച്ചും. പിന്നെയുള്ളത് പഴകുളം മധുവാണ്. കെ.എസ്.യു-യൂത്ത് കോൺഗ്രസിലൂടെ പടിപടിയായി വളർന്നുവന്ന മധു, കോന്നി മണ്ഡലത്തിൽപ്പെട്ട തണ്ണിത്തോട് നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട കെ.പി.സി.സി അംഗവും, കെ.പി.സി.സി സെക്രട്ടറിയുമാണ്. അതൊക്കെ വച്ച് നോക്കുമ്പോൾ സാധ്യത കൂടുതൽ മധുവിനാണെങ്കിലും, അരൂർ മണ്ഡലത്തിലെ സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെടുത്തി മാത്രമേ കോന്നിയിൽ സ്ഥാനാർത്ഥി വരാൻ സാധ്യതയുള്ളു. ഈഴവസമുദായത്തിന് പൊതുവിൽ മുൻതൂക്കമുള്ള ആലപ്പുഴ ജില്ലയിലെ അരൂരിൽ ഒരു ഈഴവ സ്ഥാനാർത്ഥി വേണമെന്നാണ് കോൺഗ്രസ് നേതൃത്വത്തിൽ പൊതുവേയുള്ള അഭിപ്രായം. ആ അഭിപ്രായമാണ് നടപ്പിലാക്കുന്നതെങ്കിൽ കോന്നിയിൽ പഴകുളം മധുവായിരിക്കും കോൺഗ്രസ് സ്ഥാനാർത്ഥിയാകാൻ സാദ്ധ്യത. അതല്ലെങ്കിൽ മറ്റ് പേരുകളും ചർച്ചാവിഷയമാകും. ബി.ജെ.പിയിലും സി.പി.എമ്മിലും ചർച്ചകളൊന്നും തുടങ്ങിയിട്ടില്ല.



*ഷാനിമോൾ ഉസ്മാൻ*



*എം. ലിജു*

### അരൂർ

കെ.ആർ. ഗൗരിയമ്മ വർഷങ്ങളോളം കുത്തകയാക്കി വച്ചിരുന്ന അരൂർ മണ്ഡലത്തിൽ അട്ടിമറി വിജയം നേടിക്കൊണ്ടാണ് എ.എം. ആരിഫ് എന്ന ചെറുപ്പക്കാരൻ ആദ്യമായി സംസ്ഥാനനിയമസഭയിലെത്തുന്നത്. '65 മുതൽ '77 ൽ ഒഴിച്ച് ഒൻപത് തെരഞ്ഞെടുപ്പുകളിൽ വിജയം കണ്ട് അരൂരിൽ അജയ്യയായി വിരാജിച്ചിരുന്ന ഗൗരിയമ്മയെ അയ്യായിരത്തിനുമേൽ വോട്ടുകൾക്കാണ് തന്റെ കന്നിയങ്കത്തിൽ തന്നെ ആരിഫ് പരാജയപ്പെടുത്തിയത്. അതോടെ അരൂരിൽ നിന്ന് ചേർത്തലയിലേക്ക് കളം മാറ്റിയ ഗൗരിയമ്മ 2011 ൽ അവിടെയും തോറ്റതോടെയാണ് തെരഞ്ഞെടുപ്പ് ഗോദ വിട്ടത്. ആരിഫാകട്ടെ 2011 ലും 16 ലും അരൂരിൽ വെന്നിക്കൊടി പാറിച്ചു.

അങ്ങനിരിക്കെയാണ് ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് വന്നത്. സ്വാഭാവികമായും സിറ്റിംഗ് എം.പി കെ.സി. വേണുഗോപാൽ തന്നെയാകും വീണ്ടും മത്സരിക്കുക എന്നു കണക്കുകൂട്ടിയ സി.പി.എം, വേണുഗോപാലിനെതളയ്ക്കുവാൻ നിയോഗിച്ചത് അരൂരിൽ ഹാട്രിക് വിജയം നേടിനിന്ന ആരിഫിനെയാണ്. എന്നാൽ വേണുഗോപാൽ മത്സരിക്കാതിരിക്കുകയും പകരം ഷാനിമോൾ

നെറ്റിയാടൻ നോവലുകൾ
വിതരണം നേരിട്ടുമാത്രം DOOR DELIVERY

## മരണവും ജീവനും

*അപ്പൊസ്തലനായ പൗലോസിന്റെ (St. Paul) സമസ്ത ജീവിതഭാവങ്ങളും പകരുന്ന നോവൽ.* ജ്വലിക്കുന്ന നൂറുകണക്കിന് കഥാപാത്രങ്ങളിലൂടെ മൂന്ന് ഭൂഖണ്ഡങ്ങളിലായി അരങ്ങേറുന്ന മനുഷ്യേതിഹാസം. *മരണത്തിന്റെ പോർമുഖങ്ങളിൽ ജീവന്റെ സാക്ഷാത്കാരത്തിന് പൊരുതുന്നവർക്ക് വചനം കൊണ്ടൊരു വജ്രകവചം.*
(40 വർഷം നീണ്ട രചനാകാലം)
640 പേജ്. വില 360 രൂപ.

## അകലെ ഗോൽഗോഥ

അക്കൽദാമയിൽ എത്തിയ യൂദ അകലെ ഗോൽഗോഥയിലെ ക്രൂശീകരണം കാണാനാവാതെ പലായനം ചെയ്യുന്നു. കൺമുന്നിൽ ഗോൽഗോഥ കൂടുതൽ തെളിവായി!..
ഒപ്പം യേശുവുമൊത്തുള്ള പരസ്യശുശ്രൂഷയുടെ വിവിധ രംഗങ്ങൾ പുതിയൊരു ഉൾക്കാഴ്ചയോടെ.
യൂദ യാത്ര തുടർന്നു, മറ്റൊരു ഗോൽഗോഥയിൽ പൊലിയുംവരെ. പരമ്പരാഗത ധാരണകളെ പ്രകമ്പനം കൊള്ളിക്കുന്ന യേശുകഥ. 300 പേജ്. 150 രൂ.

## നാറാണത്തുമല

നാറാണത്തുമല വിനോദസഞ്ചാരകേന്ദ്രമാവുകയാണ്. മൂന്നുമതങ്ങൾ മലയ്ക്ക് അവകാശമുന്നയിച്ചു. 7 രാഷ്ട്രീയകക്ഷികൾ രംഗത്തുവന്നു. 21 സന്നദ്ധസംഘടനകൾ ഉഷാറായി. 107 സാംസ്കാരികനായകർ ഉറഞ്ഞുതുള്ളി. മയിലാഞ്ചിയില കൊണ്ടു നാണംമറച്ചവർ മലമുകളിലേക്ക് പാറ ഉരുട്ടിക്കയറ്റി... *ഒരു മതബഹുലസമൂഹത്തിൽ നാം എങ്ങനെയല്ല പെരുമാറേണ്ടത് എന്ന് കർശനമായും ഓർമ്മിപ്പിക്കുന്ന കൃതി.* 434 പേജ്. 220 രൂ.

## സത്പ്രേമസൂത്രമഞ്ജരി

വലിച്ചറിയപ്പെട്ട പാപത്തെരുവിൽ പിടഞ്ഞ് പിടഞ്ഞ്, പ്രണയത്തിന്റെ പരമപദത്തിൽ നടനംചെയ്ത്, ദുരിതപരമ്പരയിൽ തുഴഞ്ഞ് തുഴഞ്ഞ് *രാജാത്തി...* അന്ധവീഥിയിൽ അഗ്നിശലാകയായി ജ്വലിച്ച്, ചെളിയിൽ നിന്ന് കളഭം തീർക്കുന്ന ജീവനകളയുമായി *വൈരമുത്തു...* ചരിത്രത്തിന്റെ ഓരംചേർന്ന് നീങ്ങുന്ന വിമോചനതീർത്ഥയാത്രയുടെ വർത്തമാനകാലാവിഷ്ക്കാരം! 145 രൂ.

## താനേ പാടുന്ന പുല്ലാങ്കുഴൽ

*താലികെട്ടുമ്പോൾ കഴുത്തിൽ കുരുക്കു മുറുകിയാലെന്നപോലെ ചന്ദ്രിക പിടഞ്ഞു...*
ആദ്യരാത്രി തന്നെ അവൾ മനസ്സു തുറക്കുന്നു. മാധവൻ പുലർച്ചെ തന്നെ രമണനെ തേടിയിറങ്ങി. മദനനുമായി വനത്തിലെത്തിയ അവൻ കാണുന്നതോ?...
ചന്ദ്രികയുടെ ധീരമായ നിലപാടുകൾ, ശാരീരിക മാറ്റങ്ങൾ, നടുക്കുന്ന വെളിപ്പെടുത്തലുകൾ... കാറ്റിൽ സ്വരരാഗമുതിരുന്ന ആ പുല്ലാങ്കുഴൽ.... *അങ്കുശമില്ലാത്ത ചാപല്യമായി അവതരിപ്പിക്കപ്പെട്ടവൾ* അനശ്വരപ്രേമസ്വരൂപിണിയായി ഇവിടെ ഉയിർക്കുന്നു. 130 രൂ.

| | |
|---|---|
| അന്യരും പരദേശികളും | 110 രൂപ |
| അഗ്നിക്കു മീതെ നടന്നവനെക്കുറിച്ച് | 55 രൂപ |
| കഥകൾ മെനയുന്നവർ | 100 രൂപ |
| ആലിപ്പഴം പൊഴിയുംകാലം | 130 രൂപ |
| കാലവർഷം | 60 രൂപ |

ഫോൺ, തപാൽ, ഇ-മെയിൽ വഴി
വിലാസവും ഫോൺനമ്പരും അറിയിക്കുക
പുസ്തകം എത്തുമ്പോൾ വില നല്കുക.
*വിദേശത്തേക്ക് വില, പോസ്റ്റേജ് മുൻകൂർ*

ഋഷി ബുക്സ്, വാളകം, കൊല്ലം. 691 532
ഫോൺ (24 hrs) 0474-2 471 481. e-mail:
Mob: 9446816347. nettiyadan@ gmail.com


ഉസ്മാൻ വരികയും ചെയ്തപ്പോൾ തെരഞ്ഞെടുപ്പിന് മുൻപും ശേഷവും നടന്ന പ്രവചനങ്ങളൊക്കെയും ഷാനിമോൾ ഉസ്മാന് അനുകൂലമായിരുന്നു. പക്ഷേ ഫലം വന്നപ്പോൾ, സംസ്ഥാനത്തെ മറ്റ് 19 മണ്ഡലങ്ങളിലും യു.ഡി.എഫ് തകർപ്പൻ വിജയം നേടിയപ്പോൾ ആലപ്പുഴയിൽ മാത്രം യു.ഡി.എഫിന് കാലിടറി. അവിടെ അരൂർ എം.എൽ.എ എ.എം. ആരിഫ് 10474 വോട്ടുകൾക്ക് ഷാനിമോൾ ഉസ്മാനെ പിടിച്ചുകെട്ടി.

അതേത്തുടർന്ന് ആരിഫ് രാജിവച്ച ഒഴിവിലേക്ക് ഉപതെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഇടതുപക്ഷത്തിന് വ്യക്തമായും ആധിപത്യമുള്ള അരൂരിൽ അട്ടിമറികളൊന്നും. എൽ.ഡി.എഫ് പ്രതീക്ഷിക്കുന്നില്ല. '16 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ആരിഫിന് കിട്ടിയ 38519 വോട്ടിന്റെ ഭൂരിപക്ഷം അതാണ് വിളിച്ചുപറയുന്നത്.

ആരിഫിന് പിൻഗാമിയായി സി.പി.എം ആരെ സ്ഥാനാർത്ഥിയാക്കുമെന്നുള്ള കാര്യത്തിൽ ചർച്ചകളൊന്നും തുടങ്ങിയിട്ടില്ല. ബി.ഡി.ജെ.എസിന് കാര്യമായ സ്വാധീനമുള്ള ഇവിടെ എൻ.ഡി.എയും സ്ഥാനാർത്ഥി നിർണ്ണയ ചർച്ചയിലേക്ക് കടന്നിട്ടില്ല. 2016 ൽ ബി.ഡി.ജെ.എസ് സ്ഥാനാർത്ഥി 27753 വോട്ട് നേടിയ അരൂരിൽ ഇക്കുറിയും എൻ.ഡി.എയ്ക്കുവേണ്ടി ബി.ഡി.ജെ.എസ് തന്നെയായിരിക്കും മത്സരത്തിനിറങ്ങുക. അതേസമയം കോൺഗ്രസിൽ സ്ഥാനാർത്ഥി മോഹികളുടെ ബാഹുല്യം തലവേദനയാകും എന്നുറപ്പാണ്. ഷാനിമോൾ ഉസ്മാന് താൽപ്പര്യമുണ്ടെങ്കിൽ അവർക്കുതന്നെ അവസരം നൽകണമെന്നാണ് പാർട്ടിക്കുള്ളിൽ ഒരു വിഭാഗം പറയുന്നത്. എസ്.എൻ.ഡി.പിക്ക് ഭൂരിപക്ഷമുള്ള ആലപ്പുഴയിൽ, ഒരു ഈഴവ സ്ഥാനാർത്ഥിയെ അരൂരിൽ മത്സരിപ്പിക്കണമെന്നാണ് മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം. അങ്ങനെയെങ്കിൽ ഡി.സി.സി പ്രസിഡന്റ് എം. ലിജു, അനിൽബോസ്, നാട്ടകം സുരേഷ് എന്നിവരുടെ പേരുകൾക്കാണ് മുൻതൂക്കം.

### പാലാ

1965 മുതൽ 2016 വരെ പന്ത്രണ്ട് തെരഞ്ഞെടുപ്പുകളിൽ കെ.എം. മാണിയെ അസംബ്ലിയിലേക്ക് പറഞ്ഞുവിട്ട പാലക്കാർ, ഒരു വ്യക്തിയെ ഏറ്റവും കൂടുതൽ തെരഞ്ഞെടുപ്പിൽ വിജയിപ്പിച്ച ചരിത്രം കൂടി എഴുതിച്ചേർത്തവരാണ്. എന്നുപറയുമ്പോൾ തന്നെ മണ്ഡലത്തിന്റെ രാഷ്ട്രീയനിറം മനസ്സിലാകും.


*നിഷാ മാണി*

കേരളാ കോൺഗ്രസിനു വ്യക്തമായ അടിത്തറയുള്ള പാലായിൽ ഒരു ഉപതെരഞ്ഞെടുപ്പുവരുമ്പോൾ സാധാരണ നിലയിൽ സംശയിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. അത് യു.ഡി.എഫിന് അനുകൂലമാകുമായിരുന്നു. എന്നാലിന്നിപ്പോൾ അങ്ങനൊരുറപ്പ് പറയാനാകുമോ എന്ന് സംശയമാണ്. കേരളാകോൺഗ്രസിലുണ്ടായ പിളർപ്പുതന്നെയാണ് കാരണം. കീരിയും പാമ്പുമായി നിൽക്കുന്ന ജോസഫ് വിഭാഗവും ജോസ് കെ മാണി വിഭാഗവും, മുന്നണി മര്യാദയെ മാനിച്ച് കൈകോർക്കുമോ എന്നും, കൈകോർത്താലും ജോസഫ് പാലം വലിക്കാതിരിക്കുമോ എന്നുമൊക്കെയുള്ള കാര്യങ്ങൾ കണ്ടറിയേണ്ടതാണ്. പ്രത്യേകിച്ചും മണ്ഡലത്തിലെ ഹിന്ദുവോട്ടർമാരിൽ വളർന്നുവരുന്ന ബി.ജെ.പി ആഭിമുഖ്യം കണക്കിലെടുക്കുമ്പോൾ തുടർച്ചയായി 12 തെരഞ്ഞെടുപ്പുകളിൽ വിജയിച്ചെങ്കിലും 2016 ലെ തെരഞ്ഞെടുപ്പിൽ മാണിയും മാണി സി. കാപ്പനുമായുള്ള വോട്ട് വ്യത്യാസം വെറും നാലായിരത്തി ചില്ലാനം മാത്രമായിരുന്നു. 58884 വോട്ടുകൾ കെ.എം. മാണിക്ക് ലഭിച്ചപ്പോൾ 54181 വോട്ടുകൾ മാണി സി. കാപ്പൻ നേടി. 24821 വോട്ടുകളാണ് എൻ.ഡി.എയുടെ സ്ഥാനാർത്ഥി എൻ. ഹരി നേടിയത്.

ആ സ്ഥാനത്ത് ഇന്നിപ്പോൾ തന്ത്രജ്ഞനായ മാണി ഇല്ലാതിരിക്കുക

യും, പാർട്ടി പിളരുകയും, ബി.ജെ.പി വളരുകയുമൊക്കെ ചെയ്യുമ്പോൾ മാണിയുടെ സ്വന്തം പാല കേരളാ കോൺഗ്രസിനെകൈവിടുമോ എന്നുള്ളതാണ് ചിന്തനീയ വിഷയം.

ജോസ് കെ. മാണി എം.പിയുടെ ഭാര്യ നിഷാ മാണി യു.ഡി.എഫ് സ്ഥാനാർത്ഥിയാകാനാണ് സാദ്ധ്യത .



*ഡൊമിനിക് പ്രസന്റേഷൻ*



*ടോണി ചമ്മിണി*



*ടി.ജെ. വിനോദ്*

**എറണാകുളം**

യു.ഡി.എഫിന് പൊതുവേ മുൻതൂക്കമുള്ള മണ്ഡലമാണ് എറണാകുളം. ലത്തീൻ കത്തോലിക്കർക്ക് ഭൂരിപക്ഷമുള്ള മണ്ഡലവും. രാഷ്ട്രീയം എന്തുതന്നെയായാലും ജാതിവിട്ടുള്ള ഒരു കളിക്കും നിന്നുകൊടുക്കാത്ത എറണാകുളത്ത്, എം.എൽ.എ ആയിരുന്ന ഹൈബി ഈഡന്റെ രാജിയെത്തുടർന്നുവരാൻ പോകുന്ന ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ തള്ളിക്കയറ്റം ഏറ്റവും കൂടുതൽ കാണുന്നത് പതിവുപോലെ കോൺഗ്രസിൽ തന്നെയാണ്. ഐ ഗ്രൂപ്പിന്റേതാണ് സീറ്റ് എങ്കിലും എ-ഗ്രൂപ്പിൽ നിന്നും ഡൊമിനിക് പ്രസന്റേഷനും ടോണി ചമ്മിണിയുമൊക്കെ രംഗത്തുണ്ട്. എന്നാൽ ഐ ഗ്രൂപ്പിൽ നിന്നും പറഞ്ഞുകേൾക്കുന്നത് ഡെപ്യൂട്ടി മേയറും ഡി.സി.സി പ്രസിഡന്റുമായ ടി.ജെ. വിനോദിന്റെ പേരാണ്.

അതേസമയം, ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായ അപ്രതീക്ഷിത തിരിച്ചടിയിൽനിന്നും സി.പി.എമ്മും ബി.ജെ.പിയും ഇനിയും മോചിതരായിട്ടില്ലാത്തതിനാൽ, അവരുടെ ഭാഗത്ത് ചർച്ചകളൊന്നും തുടങ്ങിയതായി കേൾക്കുന്നില്ല. ഹൈബിക്കെതിരെ പി. രാജീവിനെസ്ഥാനാർത്ഥിയാക്കുമ്പോൾ സി.പി.എം വലിയ പ്രതീക്ഷയിലായിരുന്നു. ആ പ്രതീക്ഷയാണ് തകർന്നടിഞ്ഞത്. 169153 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ഹൈബി, രാജീവിനെ തകർത്തത്. അതുപോലെതന്നെ പ്രതീക്ഷിച്ച വോട്ടിന്റടുത്തെങ്ങും എത്താൻ അൽഫോൺസ് കണ്ണന്താനത്തിന് കഴിയാതെ പോയതിൽ ബി.ജെ.പിയും നിരാശയിലാണ്. രണ്ടേകാൽ ലക്ഷം വരെ വോട്ടാണ് ബി.ജെ.പി പ്രതീക്ഷിച്ചത്. കിട്ടിയത് 137749 ഉം.

ഈ ഒരു സാഹചര്യത്തിൽ സ്ഥാനാർത്ഥി നിർണ്ണയത്തിൽ ആവേശം കാട്ടേണ്ട കാര്യമില്ലെന്ന് കണ്ടിട്ടാകാം സി.പി.എമ്മും ബി.ജെ.പിയും അതിലേക്ക് ഇനിയും കടക്കാത്തത്.

**മഞ്ചേശ്വരം**

സിറ്റിംഗ് എം.എൽ.എ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിലെ പി. അബ്ദുൾ റസാക്കിന്റെ നിര്യാണത്തെത്തുടർന്ന് ഒഴിവുവന്ന മഞ്ചേശ്വരം കർണ്ണാടകത്തോട് അതിർത്തി പങ്കിടുന്ന മണ്ഡലമാണ്. മുസ്ലീം ലീഗിന് അത്യാവശ്യം വളക്കൂറുള്ള മഞ്ചേശ്വരം കേരളരാഷ്ട്രീയത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കോ-ലീ-ബി സഖ്യത്തിന്റെ പേരിൽ ചരിത്രത്തിൽ ഇടംപിടിച്ചിട്ടുള്ള മണ്ഡലം കൂടിയാണ്. അതേസമയം, അങ്ങനൊരാക്ഷേപം ഉന്നയിക്കുന്നവരുടെ ക്രോസ് വോട്ടുകൊണ്ടാണ് ലീഗ് അവിടെ വിജയിക്കുന്നതെന്നാണ് ബി.ജെ.പി പറയുന്നത്. അങ്ങനൊന്നുണ്ടായിരുന്നില്ലെങ്കിൽ കേരള നിയമസഭയിൽ അക്കൗണ്ട് തുറക്കുവാൻ ബി.ജെ.പിക്ക് 2016 വരെ കാത്തിരിക്കേണ്ടി വരില്ലായിരുന്നു എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ബി.ജെ.പിക്ക് കേരളത്തിൽ ഏറ്റവും ശക്തമായ അടിത്തറയുള്ള മണ്ഡലം കൂടിയാണ് മഞ്ചേശ്വരം. 2016 ലെ വോട്ട് നില അതാണ് സൂചിപ്പിക്കുന്നത്. ലീഗിലെ അബ്ദുൾറസാക്ക് രണ്ടാമൂഴം തേടിയ ആ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയിലെ കെ. സുരേന്ദ്രനായിരുന്നു മുഖ്യ എതിരാളി. സി.പി.എമ്മിനുവേണ്ടി സി.എച്ച്. കുഞ്ഞാമ്പുവും മാറ്റുരച്ച ആ തെരഞ്ഞെടുപ്പിൽ കേവലം 89 വോട്ടുകൾക്കാണ് അബ്ദുൾ റസാക്ക് വിജയിച്ചത്. റസാക്കിന് 56870 ഉം കെ. സുരേന്ദ്രന് 56781 ഉം കുഞ്ഞാമ്പുവിന് 42565 ഉം വോട്ടുകൾ ലഭിച്ചു. എന്നാൽ തെരഞ്ഞെടുപ്പിൽ കൃത്രിമം ആരോപിച്ച് കെ. സുരേന്ദ്രൻ നൽകിയ തെരഞ്ഞെടുപ്പു ഹർജിയിൽ വിധി വരാനിരിക്കെയുണ്ടായ അബ്ദുൾ റസാക്കിന്റെ നിര്യാണം മഞ്ചേശ്വരത്തെ ഉപതെരഞ്ഞെടുപ്പിലേക്ക് നയിക്കുമ്പോൾ ആരൊക്കെയാകും തേർത്തട്ടിലെത്തുക എന്ന് അറിയാനിരിക്കുന്നതേയുള്ളൂ.

**ബി.ജെ.പിക്ക് കേരളത്തിൽ ഏറ്റവും ശക്തമായ അടിത്തറയുള്ള മണ്ഡലം കൂടിയാണ് മഞ്ചേശ്വരം. 2016 ലെ വോട്ട് നില അതാണ് സൂചിപ്പിക്കുന്നത്.**

# അബ്ദുള്ളക്കുട്ടി വിഷയത്തിൽ സംസ്ഥാന നേതൃത്വത്തിന് അതൃപ്തി

**മുസ്ലിം ന്യൂനപക്ഷത്തെ പാർട്ടിയോട് അടുപ്പിക്കുന്നതിനായി ദക്ഷിണേന്ത്യയിൽ മുസ്ലിംമഞ്ചിന്റെ പ്രവർത്തനം ശക്തമാക്കുന്നു.**

**മലബാർ ലേഖകൻ**

**എ.**പി അബ്ദുള്ളക്കുട്ടിയ്ക്കെതിരേ ബി.ജെ.പിക്കുള്ളിൽ ഒരു വിഭാഗത്തിന്റെ പടയൊരുക്കം. മറ്റ് പാർട്ടികളിൽ നിന്ന് പുറത്താക്കപ്പെടുന്നവരും, തഴയപ്പെടുന്നവരും ബി.ജെ.പി ക്കുള്ളിൽ കയറിപ്പറ്റുകയും, അവർക്ക് പെട്ടെന്ന് സ്ഥാനമാനങ്ങൾ നൽകപ്പെടുന്നതും, പാർട്ടിയ്ക്ക് ഒരു ഗുണവും അവരെക്കൊണ്ട് ലഭിക്കാതെ പോകുന്നതും ബി.ജെ.പി കേന്ദ്ര നേതൃത്വം വിലയിരുത്തണമെന്നാണ് പാർട്ടിയിലെ ഒരു വിഭാഗം പറയുന്നത്. അതേസമയം പ്രധാനമന്ത്രി നരേന്ദ്രമോദി അബ്ദുള്ളക്കുട്ടിയെ നേരിട്ട് പാർട്ടിയിലേക്ക് സ്വീകരിച്ചതിനാൽ പരസ്യമായ പ്രതിഷേധം തൽക്കാലം വേണ്ടെന്ന നിലപാടിലാണ് സംസ്ഥാനനേതൃത്വം.



അബ്ദുള്ളക്കുട്ടിയുടെ സ്വന്തം ജില്ലയായ കണ്ണൂരിലും തൊട്ടടുത്ത കാസർഗോഡ് ജില്ലാ ബി.ജെ.പി നേതൃത്വത്തിലും ഇത് സംബന്ധിച്ച് ശക്തമായ പ്രതിഷേധം നീറിപ്പുകയുന്നുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നതിന് പിന്നാലെ മോദിയുടെ വികസനമാതൃകയെ പുകഴ്ത്തി ഫേസ്ബുക്കിൽ പോസ്റ്റിട്ടതിനെതുടർന്നാണ് അബ്ദുള്ളക്കുട്ടി കോൺഗ്രസ്സിൽ നിന്ന് പുറത്താകുന്നത്. ഇതോടെ ബി.ജെ.പി കേരള സംസ്ഥാനഘടകം അബ്ദുള്ളക്കുട്ടിയെ പാർട്ടിയിലേയ്ക്ക് സ്വാഗതം ചെയ്തിരുന്നു. എന്നാൽ, ബി.ജെ.പി കേരള ഘടകത്തിന്റെ തലയ്ക്ക് മുകളിലൂടെ മറികടന്ന് അബ്ദുള്ളക്കുട്ടി പാർട്ടിയിൽ കയറിക്കൂടിയതിൽ പ്രാദേശിക നേതൃത്വത്തിന് പുറമെ, പാർട്ടി സംസ്ഥാനനേതൃത്വത്തിൽ ഒരു വിഭാഗത്തിനും അതൃപ്തിയുണ്ട്. അധികാര സ്ഥാനത്തേക്ക് നേരിട്ടെത്താനുള്ള ശ്രമമാണ് അബ്ദുള്ളക്കുട്ടി നടത്തിയതെന്നാണ് ഇക്കൂട്ടരുടെ വിലയിരുത്തൽ. ന്യൂനപക്ഷ വിഭാഗത്തെ പ്രതിനിധീകരിക്കുന്ന അബ്ദുള്ളക്കുട്ടി പാർട്ടിയിലെത്തുന്നതോടെ മുസ്ലിം വിഭാഗങ്ങൾക്കിടയിൽ സ്വീകാര്യത നേടാൻ കഴിയുമെന്ന പ്രതീക്ഷയാണ് ബി.ജെ.പി കേന്ദ്ര നേതൃത്വത്തിനുള്ളത്. അതേസമയം അബ്ദുള്ളക്കുട്ടിയുടെ വരവുകൊണ്ട് പാർട്ടിയ്ക്ക് പ്രത്യേകിച്ച് നേട്ടമൊന്നുമുണ്ടാകില്ലെന്നാണ് കേരളത്തിലെ നേതാക്കളുടെ നിലപാട്.

'താൻ ദേശീയ മുസ്ലി'മാണെന്ന് അവകാശപ്പെട്ട് മുസ്ലിംകൾക്കും, ബി.ജെ.പി ക്കും ഇടയിലുള്ള വിടവ് നികത്തുകയാണ് തന്റെ ദൗത്യമെന്നും പറയുന്ന അബ്ദുള്ളക്കുട്ടി പാർട്ടിയിൽ വന്നതുകൊണ്ട് കേരളത്തിലെ മുസ്ലിം സമുദായം പാർട്ടിയോടടുക്കുമെന്ന വിശ്വാസം ബി.ജെ.പി സംസ്ഥാനനേതൃത്വത്തിനില്ല. സമീപ കാലത്തൊന്നും മുസ്ലിം ന്യൂനപക്ഷത്തിൽ നിന്ന് പാർട്ടിക്കനുകൂലമായ നിലപാടുകളുമുണ്ടാകില്ലെന്നാണ് സംസ്ഥാനനേതൃത്വം കരുതുന്നത്. കേരളത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തെ ആകർഷിക്കുന്ന നിലപാടുകൾ കൈ കൊള്ളുന്നതായിരിക്കും പാർട്ടിയ്ക്ക് കൂടുതൽ ഗുണഫലമുണ്ടാക്കുക എന്ന അഭിപ്രായവും സംസ്ഥാനനേതാക്കളിൽ ചിലർ കേന്ദ്രത്തെ അറിയിച്ചിട്ടുമുണ്ട്.

ഇതേ സമയം മുസ്ലിം ന്യൂനപക്ഷങ്ങളെ പാർട്ടിയോട് അടുപ്പിക്കുന്നതിന്റെ ഭാഗമായി, ബി.ജെ.പി യ്ക്ക് കാര്യമായ വേരോട്ടമില്ലാത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സജീവമാകാനുള്ള നീക്കത്തിലാണ് ബി.ജെ.പി. തെലങ്കാനയിൽ ജില്ലകൾ തോറും 'മുസ്ലിം രാഷ്ട്രീയ മഞ്ച്' ഓഫീസുകൾ തുറന്ന് ഇതിനകം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മുസ്ലിം വോട്ടുകൾ ഏറെ നിർണ്ണായകമായ തെലങ്കാനയിലെ വിവിധ ജില്ലകൾ ലക്ഷ്യമിട്ടാണ് മുസ്ലിം രാഷ്ട്രീയമഞ്ചിന്റെ പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. നേരത്തെ ഹൈദരാബാദിൽ വിരലിലെണ്ണാവുന്ന അംഗങ്ങളുമായി മുസ്ലിം രാഷ്ട്രീയ മഞ്ചിന് തുടക്കമിട്ട്, നാല് വർഷം തികഞ്ഞപ്പോഴേക്കും 3000-ത്തിലധികം അംഗങ്ങൾ ഉണ്ടായെന്നാണ് മുസ്ലിം രാഷ്ട്രീയമഞ്ച് അവകാശപ്പെടുന്നത്. സമാനമായി ആന്ധ്രാപ്രദേശിലും മുസ്ലിം രാഷ്ട്രീയ മഞ്ച് പ്രവർത്തിച്ച് തുടങ്ങുമെന്നാണ് ബി.ജെ.പി കേന്ദ്രങ്ങൾ വ്യക്തമാക്കുന്നത്. അസദുദ്ദീൻ ഉവൈസിയുടെ ഹൈദരാബാദ് മണ്ഡലത്തേയും മുസ്ലിം രാഷ്ട്രീയമഞ്ചിലൂടെ ബി.ജെ.പി ലക്ഷ്യമാക്കുന്നുണ്ട്.

**നോവൽ 19**

കഥ ഇതുവരെ
വർഷങ്ങളുടെ ഇടവേളയ്ക്കു ശേഷമാണ് തലശ്ശേരിക്കാരനായ കിഴക്കേപറമ്പത്ത് രവീന്ദ്രൻ ബെംഗളൂരുവിൽ എത്തിയത്. കൊച്ചിയിൽ നിന്നും ട്രാൻസ്ഫറായി വന്ന മകളെയും കുടുംബത്തെയും സന്ദർശിക്കുന്നതോടൊപ്പം സാധിച്ചാൽ പഴയ കൂട്ടുകാരിൽ ആരെയെങ്കിലും കാണുകയുമാണ് ഉദ്ദേശ്യം. ബെംഗളൂരുവിലെ ഒരു തൊഴിൽശാലയിൽ ജോലിചെയ്തിരുന്നപ്പോൾ വർഷങ്ങളോളം യൂണിയൻ നേതാവായി പ്രവർത്തിച്ചിട്ടുണ്ട് രവീന്ദ്രൻ. നഗരത്തിന് സംഭവിച്ച മാറ്റം അയാളെ അത്ഭുതപ്പെടുത്തി. യാത്രാക്ഷീണമകറ്റാൻ അയാൾ മകളുടെ ഫ്ളാറ്റിലെ കട്ടിലിൽ കയറിക്കിടന്നു. പഴയ കാര്യങ്ങൾ ഓരോന്നായി അയാളുടെ മനസിൽ തെളിഞ്ഞു. വർഷങ്ങൾക്കുമുമ്പ് ജോലിതേടി ആദ്യമായി ബംഗളുരുവിലേക്ക് വരുമ്പോൾ രവീന്ദ്രന് പതിനെട്ട് തികഞ്ഞിരുന്നില്ല. തെങ്ങുകയറ്റക്കാരനായിരുന്ന അച്ഛന്റെ അപകടമരണം രവീന്ദ്രന്റെ പാവപ്പെട്ട കുടുബത്തിന്റെ താളം തെറ്റിച്ചി  രുന്നു. അമ്മയെയും ഇളയ സഹോദരങ്ങളെയും സംരക്ഷിക്കേണ്ട ചുമതല രവീന്ദ്രനിൽ വന്നുചേർന്നു. പ്രീഡിഗ്രി പാസ്സായ അയാൾ പഠിപ്പുനിർത്തി. അമ്മ ദേവിയമ്മയുടെ അമ്മാമന്റെ മകൻ നാണുവാണ് രവീന്ദ്രനെബെംഗളുരുവിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. അയാൾക്ക് ബേക്കറി കച്ചവടമാണ്. ഒരു ചെറിയ കമ്പനിയിൽ നാണു രവീന്ദ്രന് ജോലി ശരിയാക്കിക്കൊടുത്തെങ്കിലും അതു നഷ്ടമായി. പിന്നീട് രണ്ടുമൂന്നു കമ്പനികളിൽ ഹെൽപ്പറായി ജോലി ചെയ്ത രവീന്ദ്രനു യാദൃച്ഛികമായി ഹിന്ദുസ്ഥാൻ പ്രിസിഷൻ പ്രൊഡക്ട്സ് എന്ന വലിയ ഫാക്ടറിയിൽ ജൂണിയർ ട്രെയിനിയായി ജോലി ലഭിച്ചു. ഫാക്ടറിയുടെ ചെയർ മാനായ സുദേവ് കുമാർ ചതുർവേദിയെ രവീന്ദ്രൻ കണ്ടു. വലിയ കമ്പനിയിൽ ജോലി കിട്ടിയതോടെ രവീന്ദ്രന് നാണുവിന്റെ വീട്ടിൽനിന്നും മാറി, കൂടെ ജോലി ചെയ്യുന്ന രാമചന്ദ്രനോടൊപ്പം ഒരുമുറി വീട് വാടകയ്ക്കെടുത്ത് താമസം തുടങ്ങി
(തുടർന്നുവായിക്കുക)

# സ്നേഹസാന്ദ്രം രവിനിവേശം



## വിഷ്ണുമംഗലം കുമാർ

### 17. കരിയ

അന്ന് രാവിലെ ഏഴുമണിയോടെ രവീന്ദ്രൻ ഫാക്ടറിയിലെത്തുമ്പോൾ ഏറെ മുഷിഞ്ഞതും വളരെ അയവുള്ളതുമായ ഒരു പഴയ യൂണിഫോമിട്ട് കരിയ ഗേറ്റിന് പുറത്തുനിൽക്കുന്നു. മറ്റേതോ കമ്പനിയുടെ യൂണിഫോമാണ്. കരിയ കാഷ്വൽ ലേബറാണ്. ചേർന്നിട്ട് മൂന്നാലുമാസമായി. ചെക്ക് ടു വിൽ ഹെൽപ്പറാണ്. മരിച്ചു പണിയെടുക്കുന്ന പ്രകൃതം. ആരും ഇഷ്ടപ്പെട്ടുപോകും.

രവിയെ കാണുമ്പോൾ അടുത്തുവന്നുപരുങ്ങുകയും ഒരു മഞ്ഞച്ചിരി പാസാക്കുകയും ചെയ്യും. സൂക്കേടുകാരിയായ അമ്മയോടൊപ്പം ഷെട്ടിഹള്ളിയിലെ ചേരിയിലാണ്, ചെറുപ്പത്തിലേ അച്ഛൻ നഷ്ടപ്പെട്ട കരിയയുടെ താമസം.

കരിയയുടെ ജീവിതകഥ രവീന്ദ്രന് നന്നായറിയാം.

“എന്തു ജോലിയും ചെയ്യാം സാർ. എന്നെ സ്ഥിരപ്പെടുത്തണം. വീട്ടിൽ വളരെ കഷ്ടമാണ് സാർ...” നിക്കോളസ് പുറത്തുപോയിരുന്ന ഒരു ദിവസം കരിയ രവീന്ദ്രനോട് പറഞ്ഞു.

“നോക്കാം. ട്രയിനിങ്ങ് പിര്യേഡ് കഴിയട്ടെ....” രവി സമാധാനിപ്പിച്ചു.

കരിയ നൈറ്റ്ഷിഫ്റ്റിലാണ്. വയറുവേദനകലശലായ അമ്മയേയുംകൊണ്ട് ആശുപത്രിയിലായതിനാൽ അവന് രണ്ടുദിവസം ഡ്യൂട്ടിയ്ക്ക് വരാൻ കഴിഞ്ഞില്ല. ഇന്നലെ രാത്രി വന്നപ്പോൾ പഞ്ചിംഗ് കാർഡില്ല. അകത്ത് കയറ്റരുതെന്ന് സെക്യൂരിറ്റിയ്ക്ക് നിർദ്ദേശവുമുണ്ടായിരുന്നു. രാത്രി മുഴുവൻ ഫാക്ടറിയ്ക്ക് പുറത്തെ പൂട്ടിയിട്ട കാർ ഷെഡ്ഡിനരികിൽ കഴിച്ചുകൂട്ടിയ കരിയ രവീന്ദ്രനെകാത്തിരിക്കുകയായിരുന്നു.

ഫസ്റ്റ്ഷിഫ്റ്റ് സൂപ്പർവൈസർ രമേഷ്കുമാറിനോട് തിരക്കിയപ്പോൾ നിക്കോളസ്സാറിന്റെ ഓർഡറാണെന്ന മറുപടിയാണ് രവീന്ദ്രന് കിട്ടിയത്.

വീട്ടിലേക്കുപോയി ഒമ്പതുമണിയോടെ വരാൻ രവീന്ദ്രൻ കരിയയോട് പറഞ്ഞു.

“അപ്പോഴേക്കും നിക്കോളസ് സാർ എത്തും. ഞാൻ സംസാരിക്കാം...”കരിയ തലയാട്ടി.

ബെല്ലും ബ്രേക്കുമില്ലാത്ത, അസ്ഥികൂടം പോലുള്ള പഴയ സൈക്കിളിൽ കയറി അവൻ നീങ്ങി.

“സാർ സ്പെഷ്യൽ ടീ പോട്ട് ആപ്പീസിൽ വെച്ച്ര്ക്കിറേൻ...”

പെരിയ സാമിയാണ്. ഫാക്ടറിയിലെ ചായക്കാരനാണ് കറുത്തു തടിച്ച് കുള്ളനായ പെരിയ സാമി. രവിയോടയാൾക്ക് ഒരു പ്രത്യേക ഇഷ്ടമുണ്ട്. അന്യായങ്ങൾ ചോദ്യം ചെയ്യുന്നത്, വലിയവരെന്ന് വിചാരിക്കുന്നവരെ പിടിച്ചു കുടയുന്നത് പെരിയസാമി നന്നായി ആസ്വദിക്കും. വെളുക്കെ ചിരിച്ചുകൊണ്ട് അയാൾ രവിയുടെ സമീപമെത്തും. സ്പെഷ്യൽ ടീ അല്ലെങ്കിൽ പാൽ തയ്യാറാക്കി വെച്ചിട്ടുണ്ടെന്ന് രഹസ്യസൂചനനൽകും.

സൂപ്പർവൈസർമാർ പല തവണ കെഞ്ചിയാലും സ്പെഷ്യൽ ചായ ഉണ്ടാക്കിക്കൊടുക്കാത്ത പെരിയസാമിയാണ് രവിയെ അങ്ങോട്ടു ചെന്ന് വിളിക്കുന്നത്.

അയാളുടെ സ്പെഷ്യൽ ചായ ഒരു സംഭവമാണ്. സാവകാശത്തോടെ പ്രത്യേകമായി ഉണ്ടാക്കുന്ന ചായയിൽ പെരിയസാമി പാലും പഞ്ചസാരയും തേയിലയും മാത്രമല്ല കൈപ്പുണ്യവും കൃത്യമായി ചേർക്കും. ആ ചായ ഒരു ഗ്ലാസ് കുടിച്ചാൽ ഏത് ക്ഷീണവും പമ്പകടക്കും.

ഓഫീസ് സ്റ്റാഫ് വിഭാഗത്തിൽ കാഷ്വൽ ലേബറായ പെരിയസാമിയ്ക്ക് യൂണിയനിൽ ചേരാനാവില്ല. മാനേജ്മെന്റ് അയാളെ സ്ഥിരപ്പെടുത്തുകയുമില്ല. ശമ്പളം നന്നേ കുറവാണ്. യൂണി

യനിൽ അംഗമായാലുള്ള അംഗീകാരവും കൂട്ടായ്മയുടെ കരുത്തും പെരിയസാമിയുടെ സ്വപ്നമാണ്. എച്ച്പിപിയിൽ ചേർന്നിട്ട് മൂന്നുകൊല്ലം കഴിഞ്ഞു. ടീബോയ് എന്ന് വിളിക്കുന്നത് പെരിയസാമിയ്ക്ക് ഇഷ്ടമല്ല. അങ്ങനെവിളിക്കുന്നവരെ അയാൾ ചായ കൊടുക്കാതെ കളിപ്പിക്കും. കൊടുത്താൽതന്നെ നല്ല ചായ കൊടുക്കില്ല. ചൂടും രുചിയുമില്ലാത്ത ചായയാണ് അത്തര ക്കാർക്ക് വിധിച്ചിട്ടുള്ളത്. അതറിയുന്നവർ സ്നേഹത്തോടെ പെരിയസാമീ എന്നേ വിളിക്കൂ....!

എങ്ങനെയെങ്കിലും യൂണിയനിൽ ചേരണം. അതിനാണ് രവിയെ സോപ്പിടുന്നത്. നോക്കാമെന്ന് രവി പറഞ്ഞിട്ടുണ്ട്.

പെരിയസാമിയുടെ സ്പെഷ്യൽ ചായ കുടിച്ച് ഇന്ത്യൻ എക്സ്പ്രസ്സും വായിച്ചശേഷമാണ് രവി മെഷീൻഷോപ്പിലേക്ക് കയറിയത്. അതാണ് പതിവ്. യൂണിയൻ സെക്രട്ടറി ജോലി ചെയ്യുന്നുണ്ടോ എന്ന് സൂപ്പർവൈസർമാർ നോക്കാറില്ല.

നിക്കോളസ് എത്തിയ ഉടനെരവി കരിയയുടെ വിഷയമെടു ത്തിട്ടു.

"അത് ഒന്നും പണ്ണമുടിയാത്... നീ അതെല്ലാം എത്ക്ക് പാക്ക റേൻ... അവൻ കാഷ്വൽ ലേബർ താനേ....?" നിക്കോളസ് തെല്ലു പരിഹാസത്തോടെ ചോദിച്ചു.

"കാഷ്വൽ ലേബർ മനുഷ്യനല്ലേ സാർ....?" രവിയ്ക്ക് ദേഷ്യം വന്നു.

"സീ, ഐ ഡോണ്ട് വാണ്ട്ടു ആർഗ്യൂ വിത്ത് യൂ. ദാറ്റ് ചാപ്പ് ഡിഡിന്റ് അറ്റൻഡ് വർക്ക് ഫോർ ടൂ ഡെയ്സ്. ദാറ്റ്സ് വൈ ഐ സാക്ക്ഡ് ഹിം" നിക്കോളസിന്റെ ഇംഗ്ലീഷിലുള്ള കത്തിക്കയറൽ രവിയ്ക്ക് ഒട്ടും ദഹിച്ചില്ല.

രവീന്ദ്രൻ പൊട്ടിത്തെറിക്കുമെന്ന് അറിയാവുന്നതുകൊണ്ട് നിക്കോളസ് മുഖം തിരിച്ച് ചെക്ക് ടുവിനടുത്തേക്ക് നടന്നു.

കരിയ ഗേറ്റിനുവെളിയിൽ എത്തിയിട്ടുണ്ട്, മുഷിഞ്ഞുനാറുന്ന വേഷത്തിൽ തന്നെ. ചെക്ക് മെഷീന്റെ വെയ്സ്റ്റ് ബോക്സിൽ മുങ്ങി, നാറുന്ന അഴുക്കിൽ കുളിച്ച് പണിയെടുക്കുന്ന ആ കുരുന്നു യുവാവിനെആ വേഷത്തിലല്ലാതെ താൻ കണ്ടിട്ടില്ലെന്ന് രവി ഓർത്തു. ചെറുപ്രായത്തിൽ കുടുംബം പോറ്റാൻ വിധിക്ക പ്പെട്ട പരമദരിദ്രനായ ഹതഭാഗ്യൻ.

സേതുരാമകൃഷ്ണയെയും സാംകുട്ടിയേയും കൂട്ടിയാണ് രവീ ന്ദ്രൻ എസ്.ആർ. റാവുവിന്റെ ക്യാബിനിലേക്ക് ചെന്നത്. നിക്കോ ളസിനേക്കാൾ കടുത്ത നിലപാടിലായിരുന്നു റാവു.

"യൂണിയനുമായി ഒരുതരത്തിലും ബന്ധപ്പെട്ട വിഷയമല്ലിത്. മുഷിച്ചിലുള്ള ജോലികൾ ചെയ്യാൻ യൂണിയൻ അംഗങ്ങൾ മടി ക്കുന്നതിനാൽ കാഷ്വൽ ലേബർമാരെക്കൊണ്ടാണ് ആ പണിക ളൊക്കെ ചെയ്യിക്കുന്നത്. കാഷ്വൽ ലേബർമാരെ നിയന്ത്രിക്കാ നുള്ള പൂർണ്ണ അവകാശം മാനേജ്മെന്റിന്റേതാണ്. അതിൽ ഇട പെടരുത്. ഇടപെടാൻ അനുവദിക്കുകയുമില്ല. മിസ്റ്റർ രവീന്ദ്രൻ താങ്കൾ വസ്തുതകൾ മനസ്സിലാക്കണം...."

"ഞങ്ങൾ ഇടപെടുന്നില്ലല്ലോ സാർ. കരിയയുടെ കാര്യം മാനുഷികമാണ്. അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകേണ്ടി വന്നതിനാലാണ് അവന് രണ്ടുദിവസം വരാൻ സാധിക്കാതെ വന്നത്. അതിന്റെ പേരിൽ ജോലിയിൽ നിന്നും പറഞ്ഞുവിട്ടത് അവിവേകമാണ്. മാനുഷികപരിഗണനയോടെ ഈ പ്രശ്നത്തെ കാണണം സാർ...." രവി സംയമനത്തോടെ വാദിച്ചു.

"മനുഷ്യത്വവും സെന്റിമെന്റ്സും വെച്ച് ഫാക്ടറി നടത്താനാ വില്ല മിസ്റ്റർ. കാഷ്വൽ ലേബർമാരെ എടുക്കുന്നതും പറഞ്ഞുവിടു ന്നതും മാനേജ്മെന്റിന്റെ അവകാശമാണ്. യൂണിയൻ അതിൽ ഇടപെടേണ്ടതില്ല...." റാവു ഉറച്ച നിലപാടിലായിരുന്നു.

"കാഷ്വൽ ലേബർമാർ മൃഗങ്ങളല്ല, മനുഷ്യജീവികളാണ്. ഞങ്ങളുടെ സഹപ്രവർത്തകരാണ്. കടുത്ത അനീതിയും മനു ഷ്യാവകാശ ലംഘനവുമുണ്ടാകുമ്പോൾ ഞങ്ങൾക്ക് ഇടപെടാതി



രിക്കാനാവില്ല...." രവിയും സ്വരം കടുപ്പിച്ചു.

"എന്തനീതി....? രണ്ടുദിവസം ആബ്സെന്റ് ആയതുകൊണ്ടാണ് പറഞ്ഞു വിട്ടത്. പകരം ആളെ എടുക്കുകയും ചെയ്തു. അത്തരം തന്നിഷ്ടം അനുവദി ച്ചാൽ ഫാക്ടറി നടത്തിക്കൊണ്ടുപോകാൻ പറ്റില്ല. നിക്കോളസിന്റെ നടപടി മാനേ ജ്മെന്റ് ശരിവെക്കുന്നു. നോ മോർ ആർഗ്യൂ മെന്റ്സ് മിസ്റ്റർ രവീന്ദ്രൻ..."

അരിശത്തോടെയാണ് രവീന്ദ്രൻ സേതു രാമകൃഷ്ണയോടും സാംകുട്ടിയോടും ഒപ്പം എസ്.ആർ. റാവുവിന്റെ ക്യാബിനിൽ നിന്ന് പുറത്തിറങ്ങിയത്.

മാനേജ്മെന്റിന്റെ മനുഷ്യത്വരഹിത സമീ പനത്തോടുള്ള പ്രതിഷേധത്താൽ രവീ ന്ദ്രന്റെ ഉള്ളിൽ തീയെരിയുന്നുണ്ടായിരുന്നു. കരിയയുടേത് യൂണിയന്റെ അവകാശപ്രശ്ന മല്ല. ഒരു പാവം തൊഴിലാളിയുടെ മനുഷ്യാ വകാശ പ്രശ്നമാണ്.

ഓഫീസിൽ നിന്നും മെഷീൻ ഷോപ്പിലേ ക്കിറങ്ങുന്ന കോണിപ്പടിയിൽ നിന്ന് രവീ



ന്ദ്രൻ വലതു ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാണിച്ചു.

അതൊരു അടയാളമാണ്. യൂണിയന്റെ ഒരു രഹസ്യമുദ്ര.

ടൂൾ ഡൗൺ സ്ട്രൈക്ക്...!

ആ നിമിഷം മെഷീനുകൾ ഓരോന്നായി നിശ്ചലമായി. മിനുട്ടുകൾക്കകം എല്ലാ ജോലികളും സ്തംഭിച്ചു. പിന്നെ തൊഴിലാളികൾ ഒന്നും ചെയ്യുകയില്ല. സംസാരിക്കുകയുമില്ല. അവരവരുടെ മെഷീന് സമീപം നിശബ്ദരായി നിൽക്കും.

നിക്കോളസ് പരക്കംപാഞ്ഞു. ആരും ഒന്നും മിണ്ടുന്നില്ല. എച്ച്പിപിയിൽ ടൂൾ ഡൗൺ സ്ട്രൈക്ക് ആദ്യമായാണ്. വൂൾഫ് സെക്ഷനിലെ സ്റ്റൂളിൽ രവി ഇരുന്നു. അയാളുടെ മുഖം വിവർണ്ണമായിരുന്നു. ഫാക്ടറിയിലെ സകല കണ്ണുകളും അയാളുടെ മേലുണ്ട്.

എസ്.ആർ. റാവു ഓടിയെത്തി.

"മിസ്റ്റർ രവീ ദിസ് ഈസ് ടൂ മച്ച്. താങ്കൾ സകല പരിധികളും ലംഘിക്കുന്നു...." റാവു ക്ഷുഭിതനായിരുന്നു.

"എവിടെയാണ് പരിധിലംഘനം റാവു സാർ....?" രവിയുടെ ശബ്ദ മുയർന്നു.

"ഞങ്ങൾ കേണപേക്ഷിച്ചിട്ടും താങ്കളല്ലേ പിടിവാശി കാണിക്കുന്നത്...? ടൂൾ ഡൗൺ സ്ട്രൈക്ക് നിയമവിധേയമാണ്. അതിനുള്ള അവകാശം യൂണിയനുണ്ട്...."

"അതിന്റെ കാരണമാണ് ബാലിശം. ഇവിടെ എന്തുണ്ടായി നിങ്ങൾ ഇത്രമാത്രം പ്രകോപിതനാവാൻ....? ഒരു കാഷ്വൽലേബറെ പറഞ്ഞുവിട്ടതോ...? എനിക്കൊന്നും മനസ്സിലാവുന്നില്ല മിസ്റ്റർ രവീന്ദ്രൻ...."

"താങ്കൾക്ക് മനസ്സിലാവില്ല റാവു സാർ..." രവിയുടെ ശബ്ദം വീണ്ടുമുയർന്നു.

"കരിയ ഒരു യന്ത്രഭാഗമല്ല. ഒരു മനുഷ്യനാണ്. തൊഴിലാളിയാണ്. അവൻ രണ്ടുദിവസം ജോലിയ്ക്ക് വരാതിരുന്നത് താങ്കൾ ഒരു മഹാപരാധമായി കരുതുന്നു. അതിന്റെ കാരണം എത്ര പറഞ്ഞിട്ടും താങ്കൾക്ക് മനസ്സിലാവുന്നില്ല. അവനെജോലിയിൽ നിന്നും പറഞ്ഞുവിട്ട നടപടി അംഗീകരിക്കാനാവില്ല. കരിയയെ തിരിച്ചെടുക്കണം. അതിൽ വിട്ടുവീഴ്ചയില്ല...." യന്ത്രങ്ങൾ നിശബ്ദമായ മെഷീൻഷോപ്പിൽ രവിയുടെ ഉറച്ചശബ്ദം ഗാംഭീര്യത്തോടെ മുഴങ്ങി. തൊഴിലാളികൾക്ക് അത് ഉൾപ്പുളകമേകി.

"ബി.എൽ.യു സിന്ദാബാദ്. രവിയണ്ണവരിഗെ ജയവാഗലി...." ഫാക്ടറിയെ കോരിത്തരിപ്പിച്ചുകൊണ്ട് മുദ്രാവാക്യം വിളി ഉയർന്നു.

എസ്.ആർ. റാവു വിളറി വെളുത്തുപോയി. രവിയുടെ കണ്ണുകളിൽ തീയാളുന്നുണ്ടായിരുന്നു.

എസ്.ആർ. റാവു തലതാഴ്ത്തി ഓഫീസിലേക്ക് മടങ്ങി.

ഫാക്ടറിയുടെ പിൻവശത്തെ ഗേറ്റിനുപുറത്ത് റോഡരികിൽ ഒരു വെയ്സ്റ്റ് കൂനയുണ്ട്. കാസ്റ്റ് അയേൺ ലായനി ദിവസവും രണ്ടും മൂന്നും തവണ കൊണ്ടുവന്നൊഴിക്കുന്നത് കട്ടപിടിച്ച് കൂനയായതാണ്. അതിനരികിൽ കൂനിക്കൂടിയിരിപ്പാണ് കരിയ. ആ കൂനഅവന്റേതുകൂടിയാണ്. കഴിഞ്ഞ നാലുമാസക്കാലം വേയ്സ്റ്റ് ലായിനി ഉന്തുവണ്ടിയിൽ കയറ്റിക്കൊണ്ടുവന്ന് ഒഴിച്ചത് അവനാണ്.

അവന്റെ കണ്ണുനിറഞ്ഞിരുന്നു. ഭിക്ഷക്കാരന്റെ ദയനീയഭാവത്തോടെ അവൻ ഫാക്ടറിയുടെ അകത്തേക്ക് നോക്കിയിരുന്നു.

എല്ലാ മെഷീനുകളുമെന്നപോലെ ഇൻസ്പെക്ഷൻ ഡിപ്പാർട്ട്മെന്റും നിശ്ചലമായിരുന്നു.

സൂപ്പർവൈസർമാരും സ്റ്റാഫ് അംഗങ്ങളും മാത്രം അങ്ങോട്ടും ഇങ്ങോട്ടും ഓടി നടന്നു.

രവീന്ദ്രൻ ആ സ്റ്റൂളിൽ നിന്ന് എഴുന്നേറ്റതേയില്ല. ഏതാണ്ട് രണ്ടു മണിക്കൂർ കടന്നുപോയി. ചെയർമാൻ എത്തിയിട്ടുണ്ടെന്ന വാർത്ത ഫാക്ടറിയിൽ പരന്നു. രവീന്ദ്രനേയും യൂണിയന്റെ മറ്റു പ്രതിനിധികളേയും ചെയർമാന്റെ ചേമ്പറിലേക്ക് വിളിപ്പിക്കപ്പെട്ടു.

അഗ്നിപർവ്വതംപോലെ പുകഞ്ഞുകൊണ്ടിരുന്ന രവിയോടൊപ്പം സേതുവും സാംകുട്ടിയും പളനിസാമിയും അങ്ങോട്ടുചെന്നു.

എസ്.ആർ. റാവുവും നിക്കോളസും ചെയർമാന്റെ കൂടെ ഇരിപ്പുണ്ടായിരുന്നു.

"എന്തൊക്കെയാണ് സംഭവിക്കുന്നത് മൈ ഡീയർ രവീന്ദ്രൻ....? നമ്മുടെ സ്ഥാപനം നാശത്തിലേക്ക് നീങ്ങുകയാണോ....?" മുഖത്ത് പ്രസന്നത വരുത്തിക്കൊണ്ട് ചതുർവ്വേദി ചോദിച്ചു.

"ഒരിക്കലും നാശത്തിലേക്കല്ല സാർ നന്മയിലേക്കാണ്. ജോലിത്തിരക്കിൽ നാം മറന്നുപോകുന്ന മനുഷ്യനന്മയിലേക്ക്. ചോരയും നീരുമുള്ള മനുഷ്യർ പാവപ്പെട്ടവരായി പോയതിനാൽ അവരെ നിഷ്ക്കരുണം ചവിട്ടിയരയ്ക്കാമെന്നാണോ സാർ....? ജനാധിപത്യാവകാശങ്ങൾ ദരിദ്രർക്കും ബാധകമല്ലേ സാർ....?" രവി വികാരാധീനനായി. ചെയർമാനുമായി ആദ്യമായാണ് തർക്കസംഭാഷണം.

(തുടരും)

(9739177560)

### വട്ടംചുറ്റിക്കുന്ന വിരുതന്മാർ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്. വിവിധ ആവശ്യങ്ങൾക്കായി നഗരസഭയിൽ ലഭിക്കുന്ന അപേക്ഷകളിൽ സാങ്കേതികാഭിപ്രായവും വിലയിരുത്തലും ആവശ്യമുള്ള ഫയലുകൾ സാങ്കേതിക വിഭാഗം ജീവനക്കാർ മനഃപൂർവ്വമായി കാലതാമസം വരുത്തി ഭരണസമിതിക്കും സർക്കാരിനും ദോഷമുണ്ടാക്കുന്നു.

കോർപ്പറേഷൻ ഓഫീസുകളിലും മുനിസിപ്പാലിറ്റികളിലും ഡസൻകണക്കിന് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിൽ ആളുണ്ടെങ്കിലും കെട്ടിട പെർമിറ്റിനുള്ള അപേക്ഷകളടക്കം മാസങ്ങൾ കഴിഞ്ഞാലും പരിശോധിക്കുകയോ തീരുമാനമെടുക്കുകയോ ചെയ്യാതെ അപേക്ഷകനെ തീ തീറ്റിക്കുന്ന രീതിയാണുള്ളത്. തിരുവനന്തപുരം നഗരസഭയിൽ അനേകതവണ വിജിലൻസ് ഉദ്യോഗസ്ഥർ റെയ്ഡ് നടത്തിയിരുന്നു. പലരും പിടിക്കപ്പെടുകയും നിരവധി ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിക്ക് ശുപാർശ നടത്തിയിട്ടുള്ളതുമാണ്. എന്നാൽ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കുള്ള സ്ഥലംമാറ്റമല്ലാതെ മറ്റു നടപടികൾ ഉണ്ടാകാത്തതിനാൽ ഇവർ പുതിയ ലാവണത്തിലും വർദ്ധിത വീര്യരായി പതിവു രീതികൾ തുടരുകയാണ്. ഇടനിലക്കാരെ ഒഴിവാക്കുമെന്ന് പറയുമെങ്കിലും നിരവധിയിടങ്ങളിൽ ഇപ്പോഴും കാര്യങ്ങൾ നിശ്ചയിക്കുന്നത് സ്വകാര്യ കെട്ടിടനിർമ്മാതാക്കളും കെട്ടിട ഡിസൈനർമാരുമാണെന്നതാണ് വസ്തുത.

സംസ്ഥാനത്തെ അഞ്ചു കോർപ്പറേഷനുകളിലും നാമമാത്രമായ ജീവനക്കാർ മാത്രമാണ് അഴിമതി ആരോപണങ്ങളിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളത്. കരാറുകാരും ഇടനിലക്കാരും ഇല്ലായെങ്കിൽ കെട്ടിട ലൈസൻസും മറ്റ് ഓഫീസ് ആവശ്യങ്ങളും നടക്കുകയില്ലെന്നുമാത്രമല്ല മാസങ്ങളോളമുള്ള വൈകിപ്പിക്കലും ഇവരുടെ സൂത്രവിദ്യയാണ്.

### മനുഷ്യനെ കൊല്ലുന്ന ഭക്ഷണം

ഫ്രീസറും, ഫ്രിഡ്ജുമില്ലാത്ത ഹോട്ടലുകൾ തേടുകയാണ് തലസ്ഥാനനഗരിയിലടക്കം ഹോട്ടൽഭക്ഷണം കഴിക്കുന്ന സാധാരണജനം. പഞ്ചനക്ഷത്ര ഹോട്ടലുകൾ മുതൽ തട്ടുകടവരെ പഴകിയ ആഹാര സാധനങ്ങൾ വിൽക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് പുറത്തുനിന്നും ഭക്ഷണം കഴിക്കേണ്ടിവരുന്നവരുടെ വയറ്റിൽ തീയാളുകയാണ്.

തലസ്ഥാനനഗരിയിലെ സ്റ്റാർ ഹോട്ടലുകൾ, പ്രമുഖ ഭക്ഷണശാലകൾ എന്നിവിടങ്ങളിലൊക്കെ നഗരസഭയിലെ ആരോഗ്യവിഭാഗം ഈയിടെ തുടർച്ചയായ പരിശോധനകൾ നടത്തിയിരുന്നു. പഴകിയ ഭക്ഷണം പിടിച്ചെടുത്തുവെന്നു മാത്രമല്ല ഒരു പ്രാവശ്യം താക്കീതു കിട്ടിയ സ്ഥാപനങ്ങൾ വീണ്ടും പഴയ രീതി തുടരുന്നതായി കണ്ടെത്തുകയും ചെയ്തു. അധികൃതരുടെ പരിശോധനയും താക്കീതുമൊക്കെ ഇവർക്ക് പുല്ലുവിലയാണെന്ന് തെളിയുകയായിരുന്നു. വലിയ ജനത്തിരക്കുള്ള ചില ഹോട്ടലുകൾ അമിതലാഭത്തിനായി കാട്ടിക്കൂട്ടുന്ന വേലത്തരങ്ങൾ ആഹാരം കഴിക്കാനെത്തുന്നവരുടെ ആരോഗ്യത്തെ തന്നെ സാരമായി ബാധിക്കുന്ന തരത്തിലാണ്. ഉപയോഗിച്ച എണ്ണ, തീരെ പഴകിയ മത്സ്യമാംസാദികൾ, ദിവസങ്ങളോളം പഴക്കമുള്ള മറ്റ് ഭക്ഷണസാധനങ്ങൾക്കൊപ്പം പാത്രങ്ങളിൽ പലതും ഭക്ഷണത്തിന്റെ പഴക്കം കാരണം പുഴുവരിച്ച നിലയിലുമായിരുന്നു.



ഭക്ഷണവിതരണം ചെയ്യുന്ന തീൻമുറിയും, മുൻവശവുമൊക്കെ വളരെ വലിയ ആർഭാടമായി അലങ്കരിച്ചിട്ടുണ്ടെങ്കിലും അടുക്കളയും പരിസരവും വൃത്തിഹീനം തന്നെയാണ്. പല സ്ഥലത്തും ടോയ്‌ലറ്റുകൾ പൊട്ടിയൊലിച്ച നിലയിലും സ്റ്റോക്ക് റൂമിൽ നിറയെ എലിയും മറ്റു ക്ഷുദ്രജീവികളുമാണ്.

### ആനുകൂല്യം പറ്റുന്ന അനർഹർ

മുൻഗണനാ റേഷൻകാർഡുകൾ അനർഹർ കൈവശം വച്ചിരിക്കുന്നതായ ആക്ഷേപം ശക്തമായതിനെത്തുടർന്ന് സിവിൽ സപ്ലൈസ് വകുപ്പ് അന്വേഷണം ആരംഭിച്ചതിന് ഫലം കണ്ടുതുടങ്ങിയിരിക്കുകയാണ്. പ്രതിമാസം അനേകായിരം രൂപ വരുമാനമുള്ള വൻകിടക്കാരും പെൻഷൻകാരും കച്ചവടക്കാരുമൊക്കെ മുൻഗണനാ കാർഡുകൾ ഇപ്പോഴും ഉപയോഗിച്ചുവരുന്നതായി സൂചനയുണ്ട്.




സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരടക്കം അർഹതപ്പെട്ടവരെ നിശ്ചയിച്ച് നൽകുന്ന റേഷൻ വിഹിതം ഇത്തരക്കാർ സ്വന്തമായി നടത്തുന്ന ഫാമുകൾ, ഹോട്ടലുകൾ, മറ്റ് കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതത്രെ. റേഷൻ സാധനങ്ങളുടെ ദുർവിനിയോഗം ഇത്തരത്തിൽ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അനർഹർ കാർഡുകൾ തിരിച്ചുനൽകി അർഹതപ്പെട്ട കാർഡുകൾ മാറ്റി വാങ്ങണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതൊന്നും വിലകൽപ്പിക്കാതെ ചിലർ റേഷൻ സാധനങ്ങൾ തുടർച്ചയായി കൈപ്പറ്റി സർക്കാരിന്റെ ഉദ്ദേശശുദ്ധിയെതന്നെ ചോദ്യം ചെയ്യുകയായിരുന്നു. പുലി വരുന്നേ, പുലി വരുന്നേ എന്ന പഴമൊഴിപോലെ സർക്കാർ സംവിധാനമായതിനാൽ സാവധാനമെങ്കിലും റേഷനിംഗ് ഉദ്യോഗസ്ഥർ പരിശോധനതുടങ്ങിയതോടെ പുലിവരികയും പലരും കുടുങ്ങുകയും ചെയ്തിരിക്കുകയാണ്. ●

യു. വിക്രമൻ

# പുതുപ്പള്ളി എന്ന ജ്വാലയെ ഓർത്തെടുക്കുമ്പോൾ...


ഒരു തലമുറ മറന്നുപോയ, മറ്റൊരു തലമുറ മറന്നുകൊണ്ടിരിക്കുന്ന പുതുപ്പള്ളി രാഘവൻ എന്ന കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയുടെ ജീവിതം ഇന്നത്തെ തലമുറയ്ക്ക് പരിചയപ്പെടുത്തുകയാണ് 'പുതുപ്പള്ളി സ്മരണകൾ' എന്ന കൃതിയിലൂടെ ഡോ. വള്ളിക്കാവ് മോഹൻദാസ് പുതുപ്പള്ളി രാഘവൻ എന്ന അനന്യ വ്യക്തിത്വത്തെ ഏറ്റവും അടുത്തുനിന്ന് നോക്കിക്കാണുവാൻ ഭാഗ്യമുണ്ടായ വ്യക്തിയാണ് ഡോ. വള്ളിക്കാവ് മോഹൻദാസ്. അതുകൊണ്ടുതന്നെ ഈ ഗ്രന്ഥം ഹൃദ്യമാകുന്നു. 'വിപ്ലവസ്മരണകളി'ലൂടെ പുതുപ്പള്ളി രാഘവൻ കോറിയിട്ട കേരളത്തിന്റെ ആദ്യകാല കമ്മ്യൂണിസ്റ്റ് ചരിത്രം ഓർമ്മപ്പെടുത്താൻ 'പുതുപ്പള്ളി സ്മരണ'കളിലൂടെ മോഹൻദാസ് ശ്രമിക്കുന്നു. പുതുപ്പള്ളിയുടെ സ്മൃതിചിത്രങ്ങൾ അസാധാരണചാരുതയോടെ ഡോ. വള്ളിക്കാവ് മോഹൻദാസ് രേഖപ്പെടുത്തുന്നു.

ആരായിരുന്നു പുതുപ്പള്ളി രാഘവൻ എന്ന വ്യക്തി? ആ ചോദ്യത്തിന് വ്യക്തമായ മറുപടിയാണ് 'പുതുപ്പള്ളി സ്മരണകൾ' എന്ന ഈ ചെറുഗ്രന്ഥം. 'പുതുപ്പള്ളി രാഘവൻ എന്ന ജ്വാല' എന്ന രണ്ടാം അദ്ധ്യായത്തിൽ പുതുപ്പള്ളി രാഘവനെമോഹൻദാസ് മലയാളി മനസ്സിന് പരിചയപ്പെടുത്തുന്നു. മോഹൻദാസ് എഴുതുന്നു:

വിപ്ലവകാരിയായ പുതുപ്പള്ളി രാഘവനുമായുള്ള അഭിമുഖലേഖനം അവസാനിപ്പിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പിളർപ്പിനെക്കുറിച്ച് രേഖപ്പെടുത്തിക്കൊണ്ടാണ്. പുതിയ തലമുറയോടുള്ള പുതുപ്പള്ളിയുടെ വെട്ടിത്തുറന്നുള്ള ആഹ്വാനത്തോടെയാണ് ലേഖനം അവസാനിക്കുന്നത്. അദ്ദേഹം പറഞ്ഞതിങ്ങനെ: 'ഒരു നേതാവിനെയും വിശ്വസിക്കാതിരിക്കുക.. സ്വയം വായിക്കുക, വളരുക, തന്റേടത്തോടെ സത്യസന്ധത പുലർത്തുക.. ഒരു നല്ല നാളെ ഞാൻ പ്രതീക്ഷിക്കുന്നുണ്ട്. പക്ഷേ അതിനായി യുവാക്കളോടൊപ്പം പ്രവർത്തിക്കുവാൻ കഴിയാത്തതിലുള്ള ദുഃഖം മാത്രം ബാക്കി...'

പുതുപ്പള്ളി രാഘവൻ 'വിപ്ലവസ്മരണകൾ' എഴുതുന്ന നിലയ്ക്കും 'കേരളശബ്ദം' പ്രസിദ്ധീകരിക്കുന്നതിലേക്കും നയിച്ച സംഭവങ്ങൾ മോഹൻദാസ് വളരെ ഹൃദ്യമായി, വായനക്കാർക്ക് ഒട്ടും അരോചകമാകാത്ത വിധം വിവരിക്കുന്നു. പുതുപ്പള്ളിയുടെ 'വിപ്ലവസ്മരണകൾ' കേവലം ഒരു ആത്മകഥയല്ല. കേരളത്തിന്റെ, പ്രത്യേകിച്ച് തെക്കൻ തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രമാണ്. അത് ഉറപ്പിച്ചു പറയാനും സ്ഥാപിക്കാനും മോഹൻദാസ് മടിക്കുന്നില്ല. പുതുപ്പള്ളി രാഘവൻ 'വിപ്ലവസ്മരണക'ളിൽ പറയാതെ വിട്ട പല കാര്യങ്ങളും മോഹൻദാസ് വരച്ചുകാട്ടുന്നു. പുതുപ്പള്ളി സ്മരണകളെ ആനുകാലിക സംഭവങ്ങളുമായി ഗ്രന്ഥം കോർത്തിണക്കുന്നു.

പുസ്തകത്തിന്റെ അവതാരികയിൽ സി.പി.ഐ സംസ്ഥാനസെക്രട്ടറി കാനം രാജേന്ദ്രൻ എഴുതിയതുപോലെ 'സൂക്ഷ്മാർത്ഥത്തിൽ ഇതൊരു അനുസ്മരണമല്ല. ഇതിൽ അനാവൃതമാകുന്നത് മഹത്തായ ഒരു കാലഘട്ടമാണ്.'






ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചുകൊണ്ട് ആരംഭിച്ച പുതുപ്പള്ളിയുടെ പൊതുജീവിതം ഏതൊരു പൊതുപ്രവർത്തകനും വിസ്മയകരമായ ഒരു മാതൃകയാണ്. അത് ലളിതമായ ഭാഷയിൽ, ചുരുങ്ങിയ വാക്കുകളിൽ, ഒറ്റയിരുപ്പിൽ വായിച്ചുപോകാൻ വിധം മോഹൻദാസ് വരച്ചുകാട്ടുന്നു.

'പുതുപ്പള്ളി സ്മരണകൾ' ഉപസംഹരിക്കുന്നത് ഇങ്ങനെ: 'ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാക്കളിൽ പ്രമുഖനും, കേരളത്തിന്റെ ഇടതുരാഷ്ട്രീയത്തിലെ

സ്കൂൾ വിദ്യാർത്ഥി ആയിരുന്നപ്പോൾ കോഴിക്കോട്ട് എത്തി തിളങ്ങുന്ന വ്യക്തിത്വവുമായ സഖാവ് പുതുപ്പള്ളി രാഘവൻ മരിക്കുംവരെ ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു. നിതാന്ത ജാഗ്രതയോടെ കമ്മ്യൂണിസ്റ്റ് മൂല്യബോധത്തെ ഉയർത്തിപ്പിടിക്കുവാനും പ്രതിലോമശക്തികൾക്കെതിരെ സധൈര്യം നിലകൊള്ളാനും ഒൻപത് പതിറ്റാണ്ട് നീളുന്ന അസാധാരണജീവിതത്തെ സഖാവ് ഉപയോഗപ്പെടുത്തി.'

പുതുപ്പള്ളി രാഘവന്റെ സംഘർഷഭരിതമായ ജീവിതത്തിലെ ഏതാനും ധന്യനിമിഷങ്ങൾ വരച്ചുകാട്ടുകയാണ് ഡോ. വള്ളിക്കാവ് മോഹൻദാസ് ചെയ്തിരിക്കുന്നത്. ഈ ഓർമ്മപ്പെടുത്തൽ ഇന്നത്തെ തലമുറയ്ക്കും വരുംതലമുറയ്ക്കും ഒരു മുതൽകൂട്ടാവും; തീർച്ച.

---

**പുതുപ്പള്ളി സ്മരണകൾ**
ഡോ. വള്ളിക്കാവ്മോഹൻദാസ്
(9447901994)
വില: 170 രൂപ
പ്രസാധകർ: പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം

# കുരങ്ങുപനി

## എങ്ങനെതിരിച്ചറിയാം; പ്രതിരോധമാർഗ്ഗങ്ങൾ എന്തൊക്കെ?


ഡോ. കെ.പി. പൗലോസ്



**ഡെ**ങ്കിപ്പനി, എലിപ്പനി, ചെള്ളുപനി, പക്ഷിപ്പനി, പന്നിപ്പനി, കരിമ്പനി, ചിക്കുൻഗുനിയാ പനി, നിപാ പനി മുതലായ പനികളെല്ലാം കേരളീയർക്ക് വളരെ സുപരിചിതമാണല്ലോ. എന്നാൽ അധികമാരും അറിയാതെ നേരത്തെ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഈയിടെ വയനാട് ജില്ലയിൽ രണ്ടുപേർക്ക് കുരങ്ങുപനി ബാധിച്ചതായും വയനാട്, മലപ്പുറം, നിലമ്പൂർ പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗരൂകരായിരിക്കണമെന്നും ആരോഗ്യവകുപ്പ് പത്രവാർത്ത പുറപ്പെടുവിച്ചപ്പോഴാണ് സാധാരണക്കാർ ഈ കുരങ്ങുപനിയെപ്പറ്റി ബോധവാന്മാരായത്. ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നിവയ്ക്ക് കാരണക്കാരായ വൈറസുകളുടെ കുടുംബത്തിൽപ്പെട്ട വൈറസ് തന്നെയാണ് കുരങ്ങുപനി അല്ലെങ്കിൽ കൈസനൂർ ഫോറസ്റ്റ് രോഗം ഉണ്ടാക്കുന്നത്. കൈസനൂർ ഫോറസ്റ്റ് രോഗം എന്നറിയപ്പെടുവാനുള്ള കാരണം കൈസനൂർ കാടുകളിൽ വസിച്ചിരുന്ന കുരങ്ങുകളിൽ 1957 മാർച്ചിൽ ഈ രോഗം ആദ്യം കണ്ടതുകൊണ്ടാണ്. കർണ്ണാടകയിലെ ഷിവോഗ ജില്ലയിലുള്ള സാഗറിനടുത്തുള്ള കൈസനൂർ ഗ്രാമത്തിലുള്ള ഈ കാടുകളിലെ കുരങ്ങന്മാരായിരുന്നു രോഗികൾ. സമീപപ്രദേശത്തുള്ള ബന്ദിപ്പൂർ നാഷണൽ പാർക്കിലും, നീലഗിരി വനപ്രദേശങ്ങളിലും ഉല്ലസിച്ചിരുന്ന കുരങ്ങുകളെയും ഈ പനി കൊന്നൊടുക്കിയിട്ടുണ്ട്. ഇന്ത്യയിൽ 1957 ൽ റിപ്പോർട്ടു ചെയ്ത കുരങ്ങുപനിക്ക് സമാന്തരമായി റഷ്യയിലെ സൈബീരിയയിലും സമാനലക്ഷണങ്ങളുള്ള രോഗം ഉണ്ടായതുകൊണ്ട് രോഗവാഹകർ (വൈറസ് വാഹകർ) ദേശാടനക്കിളികളാണെന്ന് നേരത്തെ ധരിച്ചിരുന്നെങ്കിലും ആ അനുമാനത്തിന് ഇപ്പോൾ പ്രസക്തിയില്ലെന്ന് തെളിഞ്ഞിട്ടുണ്ട്. കുരങ്ങുകളിൽ ഇത്തിക്കണ്ണിപോലെ അള്ളിപ്പിടിച്ചിരിക്കുന്ന ചെള്ളുകളിലാണ് ഈ വൈറസ് ജീവിക്കുന്നതും അതിന്റെ പ്രജനനം നടക്കുന്നതും. ചെള്ളുകളിൽ ജീവിക്കുന്ന ബാക്ടീരിയകൾ, വൈറസുകൾ എന്നിവകൊണ്ട് മനുഷ്യരിൽ പതിനാറിൽ കൂടുതൽ രോഗങ്ങൾ ഉണ്ടാകുന്നുണ്ടെന്നാണ് ശാസ്ത്രം പറയുന്നത്.

**കൈസനൂർ ഫോറസ്റ്റ് രോഗം എന്നറിയപ്പെടുവാനുള്ള കാരണം കൈസനൂർ കാടുകളിൽ വസിച്ചിരുന്ന കുരങ്ങുകളിൽ 1957 മാർച്ചിൽ ഈ രോഗം ആദ്യം കണ്ടതുകൊണ്ടാണ്.**

കാലാകാലങ്ങളിൽ കൈസനൂർ കാടുകളിൽ ഒതുങ്ങിനിന്നിരുന്ന ഈ പനി സമീപപ്രദേശങ്ങളായ കേരളം, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലേക്കും വ്യാപിക്കുവാൻ തുടങ്ങി. മനുഷ്യവാസമില്ലാതെ, തിങ്ങി വളരുന്ന മരങ്ങളും ശീതകാലാവസ്ഥയുമുള്ള വനപ്രദേശങ്ങൾ ഈ ചെള്ളുകൾക്ക് വളരുവാൻ പറ്റിയ സ്ഥലമാണ്. പശ്ചിമഘട്ടത്തിന്റെ പ്രാന്തപ്രദേശങ്ങളാണ് മേൽപ്പറഞ്ഞ സ്ഥലങ്ങൾ. 2018 ഡിസംബറിൽ 2 പേർക്കാണ് വയനാട്ടിൽ രോഗമുണ്ടായത്. 2016 ൽ വയനാട്ടിൽ 9 പേർക്കും രോഗം പിടിപെട്ടു. 2017 ൽ ഗോവയിൽ 82 പേർക്ക് കുരങ്ങുപനിയുണ്ടായി. 2015 ൽ മഹാരാഷ്ട്രയിൽ 102 പേർക്ക് പനിയു



ണ്ടാകുകയും, 11 പേർ മരിക്കുകയും ചെയ്തു. കഴിഞ്ഞ 15 വർഷത്തിനുള്ളിൽ ഈ മൂന്ന് സംസ്ഥാനങ്ങളിലെ പശ്ചിമഘട്ട പ്രാന്തപ്രദേശങ്ങളിൽ ആകെ കുരങ്ങ് പനിയുണ്ടായത് 3836 പേർക്കാണ്. മരിച്ചത് 78 പേർ. അഖിലദേശീയ സാംക്രമിക രോഗ സംഘടനയുടെ കണക്കാണിത്(International society of Infection diseases) മരണനിരക്ക് ഏതാണ്ട് 2 ശതമാനം.

ഡെങ്കിപ്പനി, എലിപ്പനി എന്നീ പനികൾപോലെ ദേഹം വേദന, വിറയൽ, പനി, രക്തസ്രാവം(Haemorrhage) എന്നിവയാണ് കുരങ്ങുപനിയുടെയും ലക്ഷണങ്ങൾ. കണ്ണുകൾ ചുമക്കുകയും രക്തസ്രാവം കൊണ്ട് ശരീരത്തിൽ ചുമന്ന പാടുകളും ഉണ്ടായേക്കാം. തലച്ചോറിനെവൈറസ് ബാധിച്ചാൽ മസ്തിഷ്കജ്വരം (Brain fever) ഉണ്ടായി, രോഗി ചിലപ്പോൾ മരണമടയുന്നു. തീവ്രമായ ശരീരവേദനയുമായി ആരംഭിക്കുന്ന പനികളുടെ കൂട്ടത്തിൽ(കുരങ്ങുപനി കാണുന്ന സ്ഥലങ്ങളിൽ) കുരങ്ങുപനിയും ഒരു കാരണമായി കണക്കാക്കേണ്ടതാണ്. ഏതാണ്ട് 3-4% പേർ മരണപ്പെടുന്നു.

സാധാരണ വൈറസ് രോഗങ്ങൾക്ക് വൈറസിനെകൊല്ലുവാനുള്ള ചികിത്സയില്ല. രോഗാണുക്കളെ സംക്രമിപ്പിക്കുന്ന രോഗവാഹകജീവികളെ(vector, carrier) നശിപ്പിക്കുകയാണ് ഒരു ചികിത്സ. കൊതുക്, ചെള്ള്, വവ്വാൽ, പക്ഷികൾ, പന്നികൾ എന്നിവയെല്ലാം ഈ പനികളുടെയും രോഗവാഹകരാണ്. ചെള്ളുകളെ കൊല്ലുവാനുള്ള സ്പ്രേ (DEET Repellant Spray) ഉപയോഗിക്കാവുന്നതാണ്. അതുപോലെ മരിച്ച കുരങ്ങിന്റെ ശരീരത്തിൽ പ്രതിരോധ വസ്തുക്കളും മാസ്ക്കും കയ്യുറയും ഇല്ലാതെ സ്പർശിക്കരുത്. ചെള്ളുകൾക്ക് വിലസുവാൻ പറ്റിയ ശരീരഘടനയുള്ള ജീവികളാണല്ലോ കുരങ്ങന്മാർ. 'വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുക. ഭക്ഷണശുദ്ധിയും കുടിവെള്ള ശുചിത്വവും പാലിക്കുക, മാലിന്യങ്ങൾ തരംതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക.'

മറ്റ് രക്തസ്രാവം ഉണ്ടാക്കുന്ന പനികളുടെ ലക്ഷണം തന്നെ കുരങ്ങുപനിക്കും ഉണ്ടാകുന്നതുകൊണ്ട് രോഗനിർണ്ണയം പ്രയാസമാണ്. രക്തത്തിൽനിന്ന് കുരങ്ങുപനിയുടെ വൈറസിനെ വേർപെടുത്തി പരിശോധിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിൽ കുറവാണ്. ഈ വൈറസിനെതിരായുള്ള പ്രതിരോധഘടകങ്ങൾ(Antibodies) ഉണ്ടാകുവാൻ 5-10 ദിവസങ്ങൾ എടുക്കും. ഈ ആന്റി ബോഡീസ് പരിശോധനയാണ് സാധാരണയായി രോഗനിർണ്ണയത്തിനുവേണ്ടി ചെയ്യുന്നത്. അതായത് രോഗനിർണ്ണയത്തിന് കുറഞ്ഞത് ഒരാഴ്ചയെടുക്കും.



**സാധാരണ വളരെ കൂടുതലായി ജനങ്ങൾ സന്ദർശിക്കുന്ന വിനോദകേന്ദ്രമാണ് സാഗർ ഗ്രാമത്തിലുള്ള ജോഗ് വെള്ളച്ചാട്ടം. പക്ഷേ 2018 ഡിസംബറിൽ കുരങ്ങുപനി ഭീതി മൂലം സന്ദർശകർ ആരും തന്നെ അങ്ങോട്ട് എത്തിയില്ലത്രേ.**

പ്രതിരോധ കുത്തിവയ്പ്പാണ് കൈസനൂർ പനി തടയുവാനുള്ള ഏകപ്രതിവിധി. ഇടവിട്ട് 3 പ്രാവശ്യം പ്രതിരോധകുത്തിവയ്പ്പ് നടത്തിയാൽ 82% ജനങ്ങളിലും രോഗമുണ്ടാകുകയില്ല. ഒരു കുത്തിവയ്പ്പ് മാത്രം നടത്തിയാൽ 62 % മാത്രമേ രോഗം വരാതിരിക്കുവാൻ സാദ്ധ്യതയുള്ളൂ. ഈ വാക്സിൻ ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

കർണ്ണാടകയിലെ പ്രസിദ്ധമായ പല ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കും കുരങ്ങുപനിയെ ഭയമാണ്. സാധാരണ വളരെ കൂടുതലായി ജനങ്ങൾ സന്ദർശിക്കുന്ന വിനോദകേന്ദ്രമാണ് സാഗർ ഗ്രാമത്തിലുള്ള ജോഗ് വെള്ളച്ചാട്ടം. 830 അടി താഴ്ചയിലേക്ക് വീഴുന്ന ഈ മനോഹരമായ വെള്ളച്ചാട്ടത്തിന് ലോകത്തിൽ 13-ാം സ്ഥാനമാണ്. ധാരാളം പേർ സന്ദർശിക്കുന്നത് ഡിസംബർ മാസത്തിലാണ്. പക്ഷേ 2018 ഡിസംബറിൽ കുരങ്ങുപനി ഭീതി മൂലം സന്ദർശകർ ആരും തന്നെ അങ്ങോട്ട് എത്തിയില്ലത്രേ. മൈസൂരിലെ പല വിനോദകേന്ദ്രങ്ങളുടെയും സമാനകാലങ്ങളിലെ പരസ്യങ്ങൾ രസാവഹമാണ്. 'ഇവിടെ കുരങ്ങുപനിയില്ല. നിങ്ങൾ ധൈര്യമായി കുടുംബസമേതം വന്നുകൊള്ളൂ' എന്നാണ്. ഈയിടെ 35 വയസ്സായ ഒരു ഫ്രഞ്ചുയുവതി ഉത്തരകർണ്ണാടക സന്ദർശിച്ച് കുരങ്ങുപനി ബാധിച്ച് മണിപ്പാൽ ആശുപത്രിയിൽ ചികിത്സ തേടി വന്ന വാർത്ത മാധ്യമങ്ങളിൽ വന്നിരുന്നു.

**(9526769777)**

### ഇന്ത്യ ഹിന്ദുസ്ഥാനാകുമോ...?




പേരുകൾ മാറ്റുന്ന പ്രക്രിയ 2014 മുതൽ രാജ്യത്ത് സർവ്വസാധാരണയാണ്. റോഡുകളുടേയും, കെട്ടിടങ്ങളുടേയും, പദ്ധതികളുടേയും എത്രയോ പേരുകൾ ഇതിനകം മാറ്റിയിരിക്കുന്നു. ഇപ്പോൾ രാജ്യതലസ്ഥാനത്ത് നടക്കുന്ന പ്രധാനചർച്ച രാജ്യത്തിന്റെ പേര് മാറ്റുമോ എന്നാണ്. പാക്കിസ്ഥാൻ മുസ്‌ലീം സമുദായത്തിന്റേയും, ഇന്ത്യ ഹിന്ദു സമുദായത്തിന്റേയും ആണെന്നാണ് ഇതിനെപിന്താങ്ങുന്നവർ അഭിപ്രായപ്പെടുന്നത്. പ്രധാനമന്ത്രിയടക്കമുള്ള മന്ത്രിമാർ ഹിന്ദുസ്ഥാൻ എന്നാണ് അടുത്ത കാലത്തായി ആവർത്തിച്ച് രാജ്യത്തെ വിശേഷിപ്പിക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ട കാര്യമായാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്. പാർലമെന്റിൽ പല അംഗങ്ങളും ഇന്ത്യ എന്ന് പറയേണ്ടിടത്ത് ഹിന്ദുസ്ഥാൻ എന്ന് പ്രയോഗിച്ച് രേഖകളിൽ വരുത്തുന്നത് അപകട സൂചനയാണെന്ന് സംസാരമുണ്ട്.

### പരാതിക്കാരിക്ക് ബിജെപിയിലേയ്ക്ക് ക്ഷണം

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായെ ത്രിപുരയിലെ ക്രമസമാധാനപ്രശ്നങ്ങൾ ശ്രദ്ധയിൽ പെടുത്താൻ കൂടിക്കാഴ്ചയ്ക്ക് എത്തിയപ്പോൾ ബിജെപിയിൽ ചേരാൻ ക്ഷണിച്ചതായി സിപിഎം രാജ്യസഭ എംപി ജർണദാസ്. ബിജെപി പ്രസിഡന്റിനെകാണാനല്ല, കേന്ദ്ര ആഭ്യന്തര മന്ത്രിയെ കാണാനാണ് താൻ വന്നത് എന്നായിരുന്നു അമിത് ഷായുടെ മുഖത്ത് നോക്കി ജർണ ദാസ് മറുപടി നൽകിയത്. ഉടനെ അമിത്ഷാ ക്ഷമ ചോദിച്ചതായും അവർ പാർലമെന്റിൽ വെളിപ്പെടുത്തി. രാജ്യത്ത് വ്യാപകമായി മറ്റ് രാഷ്ട്രീയ കക്ഷികളിലെ തിരഞ്ഞെടുത്ത നേതാക്കൾ കൂറ് മാറുന്ന സാഹചര്യത്തിലാണ് ജർണ്ണാ ദാസ് പാർലമെന്റിൽ ഇങ്ങനെ ഒരു വെളിപ്പെടുത്തൽ നടത്തിയത്. താൻ ഒറ്റൊരാൾ മാത്രമാണെങ്കിൽ പ്പോലും വർഗീയ രാഷ്ട്രീയത്തിനെതിരെ ആശയപരമായി പൊരുതുമെന്ന് ബിജെപി അദ്ധ്യക്ഷൻ അമിത്

# പാർലമെന്റിലെ ഒരു കാർട്ടൂൺ കഥ (സംഭവിച്ചത്)

2012 മെയ് 11ന് ഇന്ത്യൻ പാർലമെന്റിൽ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ഒരു കാർട്ടൂൺ വിവാദമുണ്ടാക്കി. 1948ൽ ഇന്ത്യൻ ഭരണഘടനയുടെ കരട് രൂപം ഉണ്ടാക്കുന്നതിന് ഏൽപ്പിച്ച ഡോക്ടർ ബി ആർ അംബേദ്ക്കറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വളരെ പതുക്കെയാണ് പ്രവർത്തനങ്ങൾ നീക്കുന്നതെന്ന ആക്ഷേപം ഉയർന്നു. ഈ അവസരത്തിൽ കാർട്ടൂണിസ്റ്റ് ശങ്കർ ഒരു കാർട്ടൂൺ വരച്ചു. സ്വതവേ മെല്ലെ സഞ്ചരിക്കുന്ന ഒച്ചിന്റെ പുറത്ത് അംബേദ്ക്കർ സഞ്ചരിക്കുന്നു. ഭരണഘടനയാകുന്ന ഒച്ചിന്റെ വേഗത കൂട്ടാൻ അന്നത്തെ പ്രധാനമന്ത്രി നെഹ്റു ചാട്ടയുമായി പിന്നാലെ. ഈ കാർട്ടൂൺ ശങ്കേഴ്സ് വീക്കിലിയിൽ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ അംബേദ്ക്കറും, നെഹ്റുവും ശങ്കറും ജീവിച്ചിരുന്നു. അന്ന് ആർക്കും ഈ കാർട്ടൂണിൽ അസ്വഭാവികത ഒന്നും തോന്നിയിരുന്നില്ല. ദലിതനായ അംബേദ്ക്കറെ അപമാനിക്കുന്ന കാർട്ടൂണാണ് അതെന്നതായിരുന്നു ആക്ഷേപം ഉന്നയിച്ചവർ ഉയർത്തി കാട്ടിയത്. ഈ കാർട്ടൂൺ എൻസിഇആർട്ടിയുടെ ഒൻപതാം ക്ലാസിലെ സോഷ്യൽ സയൻസ് ടെസ്റ്റ്




ബുക്കിൽ ഉൾപ്പെടുത്തിയിരുന്നു. തമിഴ്നാട്ടിൽ നിന്നുള്ള ദലിത് അംഗം 2012 മെയ് 11ന് പാർലമെന്റിൽ ടെസ്റ്റ് ബുക്കിലെ കാർട്ടൂൺ ഉയർത്തി ദലിത് വിഭാഗത്തെ അപമാനിച്ചു എന്ന് പ്രഖ്യാപിച്ചതോടെ ബഹളമായി. പിന്തുണയുമായി പ്രമുഖ രാഷ്ട്രീയ പാർട്ടികൾ എത്തി. രാംദോസ് (പിഎംകെ), ഡി. രാജ (സിപിഐ), മായാവതി (ബിഎസ്പി), മുലായം സിംഗ് (എസ്പി), സുഷമാ സ്വരാജ് (ബിജെപി) തുടങ്ങിയവർ കാർട്ടൂണിനെഎതിർത്ത് സഭയിൽ പ്രസംഗിച്ചു. വിവാദത്തെ തുടർന്ന് കേന്ദ്ര സർക്കാർ ടെസ്റ്റ് ബുക്കിൽ നിന്ന് കാർട്ടൂൺ നീക്കം ചെയ്യാൻ ഉത്തരവിട്ടു. അന്നത്തെ വകുപ്പ് മന്ത്രി കപിൽ സിപൽ കാർട്ടൂൺ ഉൾപ്പെടുത്തിയതിന് സഭയിൽ മാപ്പ് പറഞ്ഞു.

# ഡൽഹിയിൽ മറ്റൊരു അയോദ്ധ്യയോ...?

ഡൽഹി റെയിൽവേ സ്റ്റേഷന് ഏറെ ദൂരെ അല്ലാത്ത ചവടി ബസാറിൽ കലാപക്കൊടി ഉയർന്ന് കഴിഞ്ഞു. ഓൾഡ് ഡൽഹിയിലെ ഹൗസ് ഖാസി മേഖലയിൽ വീതിയില്ലാത്ത വഴിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഒരു ചെറിയ ദുർഗ്ഗാ ക്ഷേത്രമുണ്ട്. അതിന്റെ നവീകരണ പ്രവർത്തനങ്ങൾ വഴിയിലേയ്ക്ക് കയറി. അതോടെ വാഹനം പാർക്ക് ചെയ്യുന്നതിൽ പ്രശ്നമായി. ആസ് മുഹമ്മദ് എന്ന യുവാവ് സഞ്ജീവ് ഗുപ്തയുടെ കടയ്ക്കു മുന്നിൽ സ്കൂട്ടർ പാർക്ക് ചെയ്തതിനെ ത്തുടർന്നുണ്ടായ വാക്ക് തർക്കമാണ് ഇരു മതവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള ഏറ്റുമുട്ടലിലേക്ക് നയിച്ചത്. തർക്കത്തിന് പിന്നാലെ ആസ് മുഹമ്മദ് മറ്റ് ചിലരുടെ സഹായത്തോടെ ഗുപ്തയുടെ വീടിനുനേരേ ആക്രമണം നടത്തി. ഗുപ്ത അറിയിച്ചതിനെ തുടർന്ന് പോലീസെത്തി ആസ് മുഹമ്മദിനെ കസ്റ്റഡിയിലെടുത്തു. ഇയാളെ വിട്ടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഒരുകൂട്ടമാളുകൾ സ്റ്റേഷന് മുന്നിൽ ബഹളം വെച്ചു. ഇതിന്റെ തുടർച്ചയായി ഒരു സംഘമാളുകൾ പാർക്കിങ്ങ് പ്രശ്നത്തിന് കാരണമായ ക്ഷേത്രം



*ഓൾഡ് ഡെൽഹിയിലെ ദുർഗ്ഗാക്ഷേത്രം*

ആക്രമിക്കുകയായിരുന്നു. വിഗ്രഹങ്ങൾ തച്ച് തകർത്തു. പ്രദേശത്ത് ന്യൂനപക്ഷമായ ഹിന്ദുക്കൾക്ക് വേണ്ടി ബിജെപിയും, ആർഎസ്എസ്സും ക്ഷേത്രം പുനർ നിർമ്മിക്കാനെത്തി. പ്രദേശത്തെ മുസ്ലീം നേതാക്കളും ക്ഷേത്ര പുനർനിർമ്മിതിയിൽ പങ്കാളികളായത് സംഘർഷം കുറച്ചിട്ടുണ്ട്. അതിനിടയിൽ ഇവിടം മറ്റൊരു അയോദ്ധ്യയാക്കുമെന്ന് ഒരു ഹിന്ദു നേതാവ് പ്രഖ്യാപിച്ചത് വീണ്ടും സംഘർഷാന്തരീക്ഷം ഉണ്ടാക്കിയിരിക്കുകയാണ്. മുസ്ലീം സമുദായ അംഗങ്ങൾ കൂടുതലുള്ള പ്രദേശം കൂടിയാണ് ഡൽഹി ജുമാ മസ്ജിദിന് പിന്നിലുള്ള ഇവിടം. അനിഷ്ടസംഭവങ്ങൾ ഉണ്ടാവാതിരിക്കാൻ സ്ഥലത്ത് പോലീസിനെയും അർധ സൈനികരെയും വിന്യസിച്ചിട്ടുണ്ട്.

---

ഷായുടെ മുഖത്ത് നോക്കി നിശ്ചയദാർഢ്യത്തോടെ പറയാനുള്ള കരുത്ത് ജർണാദാസിനു ലഭിച്ചത് സ്വന്തം അനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നാണ്. ത്രിപുരയിലെ വിഘടനവാദത്തിനെതിരെ, രാജ്യത്തിന്റെ, ഐക്യത്തിന്റെ അഖണ്ഡതക്കുംവേണ്ടി നിലയുറപ്പിച്ചതിന്റെ പേരിൽ ജർണക്ക് നഷ്ടപ്പെട്ടത് സ്വന്തം ഭർത്താവിനെയാണ്. അവരുടെ മുമ്പിൽ വെച്ചാണ് വിഘടനവാദികൾ ഭീകരമായി ഭർത്താവിനെകൊലപ്പെടുത്തിയത്. വിവാഹം കഴിഞ്ഞ് രണ്ടു വർഷത്തിനകം ജർണയ്ക്ക് 23 വയസ്സുള്ളപ്പോഴാണ് വീടിന്റെ മുറ്റത്ത് മുന്നിൽ വെച്ച് സിപിഎമ്മിന്റെ ലോക്കൽ സെക്രട്ടറിയായിരുന്ന ഭർത്താവിനെകോൺഗ്രസ് അക്രമികൾ കുത്തിക്കൊന്നത്. ഏക മകൾ നാല് വയസ്സിൽ മസ്തിഷ്ക ജ്വരത്തെ തുടർന്ന് മരണമടഞ്ഞു. എന്നാൽ വ്യക്തി ദുരന്തങ്ങളിൽ തളരാതെ സാമൂഹ്യക്ഷേമ വകുപ്പിൽ സിഡിപിഒ ആയിരുന്ന അവർ ജോലി രാജി വെച്ച് പൂർണ്ണ സമയരാഷ്ട്രീയ പ്രവർത്തകയായി മാറുകയായിരുന്നു

### കപിൽ സിബലിനേയും ഒടുവിൽ പൂട്ടിച്ചു

രാജ്യത്തെ മാധ്യമസ്ഥാപനങ്ങളിൽ കടുത്ത പ്രതിസന്ധി തുടരുകയാണ്. പിടിച്ച് നിൽക്കാൻ സാധിക്കാത്ത നൂറോളം പ്രസിദ്ധീകരണങ്ങളാണ് അടുത്തിടെ അടച്ചു പൂട്ടിയത്. കേരളത്തിൽ തന്നെ ചെറുതും വലുതുമായ പത്രങ്ങളും മാസികകളും അടച്ചു പൂട്ടപ്പെട്ടു. പ്രശസ്ത മാധ്യമ പ്രവർത്തകരായ കിരൺ താപ്പറേയ്ക്കും, ബർക്കാദത്തയ്ക്കും മാധ്യമ രംഗത്ത് തലയുയർത്തി നിൽക്കാൻ ഒടുവിൽ സഹായകമായത് കപിൽ സിബലിന്റെ നേതൃത്വത്തിൽ പ്രക്ഷേപണം ചെയ്തിരുന്ന ത്രിരങ്ക ടിവിയായിരുന്നു. റിപ്പബ്ലിക്ക് ടെലിവിഷൻ അർണബ് ഗോസ്വാമി തുടക്കം കുറിച്ച് ശക്തമായി നരേന്ദ്ര മോദിയെ പിന്തുണച്ചപ്പോഴാണ് പ്രശസ്ത ടെലിവിഷൻ ജേർണലിസ്റ്റുകൾക്ക് ലക്ഷങ്ങൾ മാസപ്രതിഫലം കൊടുത്ത് കോൺഗ്രസ്സിന് വേണ്ടി ഈ വർഷം ആദ്യം ഹാർവസ്റ്റ് ടി വി എന്ന പേരിലും, പിന്നീട് ത്രിരങ്ക ടിവി എന്ന് പേരുമാറ്റിയും പ്രവർത്തിച്ച് തുടങ്ങിയത്. ഇപ്പോൾ ത്രിരങ്ക ടിവി അടച്ചുപൂട്ടലിന്റെ വക്കിലാണ്. 200 ജീവനക്കാരെ മതിയായ നഷ്ടപരിഹാരം നൽകാതെ പിരിച്ചു വിട്ടു എന്നാണ് പിരിച്ചു വിട്ടവരിൽ ഒരാളായ ബർക്കാ ദത്ത ആരോപിച്ചിരിക്കുന്നത്. വലിയ ശമ്പളം വാങ്ങുന്നവരെയെല്ലാം പിരിച്ചു വിട്ടത് സാമ്പത്തിക പ്രതിസന്ധി കാരണമാണെന്നാണ് വിശദീകരണം. സുപ്രീം കോടതിയിൽ വക്കീലായ കപിൽ സിബൽ ലക്ഷങ്ങളാണ് ഫീസ് ഇനത്തിൽ വാങ്ങുന്നതെന്നും, അത് ജീവനക്കാർക്ക് വീതിച്ച് നൽകണമെന്നുമാണ് ബർക്കാ ദത്തയുടെ ആവശ്യം.

*(cartoonistsudheer@gmail.com,*
(011 27822765)

# കത്തുകൾ

### തലയ്ക്കണം പോലീസിലെ കുറ്റവാളികളെ

'തലയ്ക്കരുതോ പോലീസിലെ അസുരന്മാരെ?' എന്ന പ്രശസ്ത പത്രപ്രവർത്തകൻ കെ.ജി. പരമേശ്വരൻ നായരുടെ ലേഖനം വായിച്ചു (ജൂലൈ 16–31). ഈയിടെ കേരളത്തിലുണ്ടായ കസ്റ്റഡിമരണം ഉൾപ്പെടെയുള്ള സംഭവങ്ങളിൽ കേരളാപോലീസ് കൈക്കൊണ്ട നിലപാടുകളെക്കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ ശ്രദ്ധയ്ക്കുവേണ്ടി എഴുതിയതാണെങ്കിലും പോലീസിന്റെ നിരുത്തരവാദമായ പെരുമാറ്റവും, ആരെയും എന്തും ചെയ്തുകളയാമെന്ന ഹുങ്കിനെക്കുറിച്ചും വ്യക്തമായ എഴുത്താണ് കെ.ജിയുടേത്.

വർഷങ്ങൾക്കുമുമ്പ് കേരള ഹൈക്കോടതിയുടെ ഒരു വിധി ന്യായത്തിൽ സ്റ്റേഷൻ കസ്റ്റഡിയിൽ പോലീസുകാർ പ്രതികളെ മർദ്ദിക്കാൻ പാടില്ലെന്ന് കർശനമായി പറഞ്ഞിട്ടുണ്ട്. പക്ഷേ അതൊന്നും കേരളാപോലീസ് ചെവിക്കൊണ്ടില്ല. അതിന്റെ തിക്താനുഭവമാണ് സർക്കാരിന് വന്നുഭവിച്ചിരിക്കുന്നത്. രാജൻകേസിനാസ്പദമായ ക്രൂരമർദ്ദനമുറകൾതൊട്ട് നെടുങ്കണ്ടത്ത് പോലീസ് കസ്റ്റഡിയിൽ രാജ്കുമാർ ദാരുണമായി കൊല്ലപ്പെട്ട സംഭവംവരെ കെ.ജി. പരമേശ്വരൻ നായർ വിവരിച്ചിട്ടുണ്ട്. കാക്കിയൂണിഫോമും തൊപ്പിയും ധരിച്ചാലുള്ള പോലീസിന്റെ ധാർഷ്ട്യമാണ് പലപ്പോഴും പോലീസിനെക്രൂരതയുടെ പര്യായമാക്കാൻ പ്രേരിപ്പിക്കുന്നത്. ഈ സന്ദർഭങ്ങളിലൊക്കെ പോലീസ് ജനസേവകരാണെന്ന സത്യം മറന്നുപോകുന്നു. ഇതിൽനിന്നൊക്കെ ലഭിക്കുന്ന പാഠം ഉൾക്കൊണ്ട് പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് മർദ്ദനം നിരോധിക്കാൻ ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി നടപടിയെടുക്കണം.



**കുന്നുകുഴി എസ്.മണി**
തിരുവനന്തപുരം– 13
(8893024956)

### ചർച്ച് ആക്ട്' കാലഘട്ടത്തിന്റെ ആവശ്യം

ചർച്ച് ആക്ടുമായി ബന്ധപ്പെട്ട് ജസ്റ്റിസ് കെ.ടി. തോമസ് പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങൾ എല്ലാ നിലയിലും സ്വീകാര്യമാണ്. (ജൂലൈ 16–31). കേരള നിയമസഭ പരിഷ്ക്കരണ കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ 2019 ൽ, അദ്ദേഹം കേരളാ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ ബില്ലിന്റെ കരട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ വൻ ചലനങ്ങളുണ്ടായി. കേരളത്തിലെ വിവിധ സഭകളിൽ സഭാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ നടന്ന സാമ്പത്തിക അഴിമതികളും ഭൂമികുംഭകോണവും പുറത്തുവന്നതോടെയാണ് ചർച്ച് ആക്ട് എന്നറിയപ്പെടുന്ന നിർദ്ദിഷ്ട 'ചർച്ച് ട്രസ്റ്റ് ബിൽ 2009' സഭാവിശ്വാസികളുടെ പൊതുബോധത്തിന്റെതന്നെ ഭാഗമായി മാറിയത്. എന്നാൽ, സമഗ്രവും വ്യക്തവും പ്രവർത്തനക്ഷമവും സംശുദ്ധവും നിരാക്ഷേപവുമായിരുന്ന 'ചർച്ച് ട്രസ്റ്റ് ബിൽ 2009' മാറ്റിവെച്ചിട്ട് മറ്റൊരു ചർച്ച് ബില്ലിന് രൂപം നൽകാൻ പുതിയ നിയമപരിഷ്ക്കരണ കമ്മീഷനുണ്ടായ ചേതോവികാരം എന്താണെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല.

## സമഗ്രവും, വസ്തുനിഷ്ഠവും




ജൂലൈ 16–31 ലക്കത്തിൽ ശ്രീ ചെറുകര സണ്ണീലൂക്കോസ് എഴുതിയ 'സി.പി.എമ്മിനോട് ജനങ്ങൾക്ക് പറയാനുള്ളത്' എന്ന ലേഖനം സമഗ്രവും വസ്തുനിഷ്ഠവുമാണ്. പൊതുവെ മാധ്യമങ്ങളിൽ കണ്ടുവരാറുള്ള കക്ഷിപക്ഷപാതത്തോടെയുള്ള അവലോകനങ്ങളിൽനിന്നും വ്യത്യസ്തമാണ് ഈ ലേഖനം. കേരളത്തിലെ പാർട്ടിയെ ബാധിച്ച മിക്കവാറും പ്രശ്നങ്ങളും നിഷ്പക്ഷമായും,വിവേകപൂർവ്വവും വിലയിരുത്തിയിട്ടുണ്ട്. പാർട്ടിയുടെ വിലയിരുത്തലുകളിലൂടെ ഇറങ്ങിച്ചെന്ന് അവയുടെ യുക്തിയും ചരിത്രപരമായ പ്രസക്തിയും പരിശോധിച്ചതായി കാണാം.

പാർട്ടി റിപ്പോർട്ടുകളിലൂടെയും മറ്റും അറിയുന്ന സംഘടനാപരമായ പ്രശ്നങ്ങൾക്ക് പുറമെ ചരിത്രപരമായ ഗുരുതരമായ ചില പ്രശ്നങ്ങളും പാർട്ടി നേരിടുന്നുണ്ട്. ആശയപരവും ചരിത്രപരവും ആയി പാർട്ടി ജീർണ്ണിക്കുന്നുണ്ട്. ലോകത്തെവിടെയെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടികൾ അവശേഷിക്കുന്നുണ്ടോ, അവിടെയെല്ലാം ആ പ്രതിസന്ധികളും അവശേഷിക്കുന്നു. പഴയ സ്റ്റാലിൻ, മാവോ മട്ടിലുള്ള പാർട്ടി പരിപാടികളും പ്രവർത്തനരീതികളും ഇനി കൊണ്ടു നടക്കാൻ കഴിയുമോ എന്ന് പാർട്ടി ആർജ്ജവത്തോടെ പരിശോധിക്കേണ്ടതുണ്ട്. പുതിയ തലമുറ ഇതൊന്നും അറിയുകയില്ല എന്നാണോ പാർട്ടി കരുതുന്നത്. അവരെ ആകർഷിക്കാൻ പര്യാപ്തമായ നേതൃത്വം പാർട്ടിക്കില്ല.

വിനാശകരമായത് ശബരിമലയും പ്രശ്നം കൈകാര്യം ചെയ്തതിൽ പ്രകടമായ ധാർഷ്ട്യവും ആണ്. ആരാധനാലയത്തോടുള്ള ആ സമീപനം ഹിന്ദുമതക്കാരെ മാത്രമല്ല മറ്റ് മതക്കാരേയും ആശങ്കയിലാഴ്ത്തി. കഴിഞ്ഞ രണ്ടോ മൂന്നോ തിരഞ്ഞെടുപ്പുകളിൽ പാർട്ടിയെ ധാർമ്മികമായി ഉയർത്തിപ്പിടിച്ച വി.എസ്സിന്റെ അസാന്നിദ്ധ്യം പ്രചാരരംഗത്ത് ഒരു വാക്വം ഉണ്ടാക്കി എന്നതും വോട്ടർമാരെ അകറ്റിയിട്ടുണ്ട്.



**എൻ.പി. രാജേന്ദ്രൻ**
(9847021482)

യശഃശരീരനായ ജോസഫ് പുലക്കുന്നേൽ 2004 ൽ കോട്ടയം ഡി.സി. ബുക്സ് ഓഡിറ്റോറിയത്തിൽ 'ചർച്ച് ആക്ട്' എന്ന ആശയം ആദ്യമായി അവതരിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തത് ജസ്റ്റിസ് കെ. ടി. തോമസായിരുന്നു. ജസ്റ്റിസ് കൃഷ്ണയ്യർ കമ്മീഷൻ 'ചർച്ച് ട്രസ്റ്റ് ബിൽ 2009' രൂപീകരിച്ച് 2009 ജനുവരി 26 ന് അന്നത്തെ നിയമ മന്ത്രി എം. വിജയകുമാറിന് സമർപ്പിക്കാൻ ചേർന്ന യോഗത്തിൽ ബില്ല് നടപ്പാക്കണമെന്ന് മന്ത്രിയോട് അഭ്യർത്ഥിച്ച് പ്രസംഗിച്ച വ്യക്തിയാണ് ജസ്റ്റിസ് തോമസ്. 2009 ലെ ബില്ലിന്റെ നിഴൽപോലും വീഴാതെ ഇദ്ദേഹം തയ്യാറാക്കിയ 'ചർച്ച് ബിൽ 2019' 2009 ലെ ബില്ലിനോട് താരതമ്യം ചെയ്താൽ വളരെയധികം 'വെള്ളംചേർത്ത' ഒന്നായിരുന്നു. എന്നിട്ടും ബില്ലിനോട് ചില മേലദ്ധ്യക്ഷന്മാർ കാണിച്ച രൂക്ഷമായ എതിർപ്പ് താങ്കൾ ഒരു നിയന്ത്രണത്തിനും സോഷ്യൽ ഓഡിറ്റിനും തയ്യാറല്ല എന്ന യുദ്ധപ്രഖ്യാപനംതന്നെയാണ്.

ഈ സാഹചര്യത്തിൽ, 2019 ലെ കരട് ബിൽ 2009 ലെ ബില്ലിന്റെ പൂർണ്ണത നഷ്ടപ്പെടാതെ അതിന്റെ കാതലായ നിർദ്ദേശങ്ങൾ കൂടി ചേർത്ത് പുതുക്കി അവതരിപ്പിക്കുകയും, ചർച്ചകൾ നടത്തി പിണറായി സർക്കാർ അത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ,**
**മുളന്തുരുത്തി**
0484- 2740515

## അവരെ തൊടാൻപോലും കഴിയില്ല

സാജൻ മാത്യു എഴുതിയ 'നെടുംകണ്ടം കസ്റ്റഡികൊലയുടെ പിന്നാമ്പുറങ്ങൾ' (ജൂലൈ 16-31) നല്ല റിപ്പോർട്ടാണ്. കൊല്ലപ്പെട്ട രാജ്കുമാർ മൈക്രോ ഫിനാൻസ് സ്ഥാപനത്തിലൂടെ വൻ തട്ടിപ്പ് നടത്തിയ ആളാണെങ്കിലും 105 മണിക്കൂർ പോലീസ് കസ്റ്റഡിയിൽ വച്ച് അതിക്രൂരമായി മർദ്ദിച്ച് കുടിക്കാൻ വെള്ളം പോലും കൊടുക്കാതെ കൊലപ്പെടുത്താൻ പോലീസിന് ഒരധികാരവുമില്ല. രാജ്കുമാർ ചെയ്ത തെറ്റ് ഗുരുതരംതന്നെ. 14 ലക്ഷം രൂപയുടെ വെട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് പറയുന്നു. ഇതേ അവസരത്തിലാണ് ഇന്ത്യയുടെ സമ്പദ് ഘടനയെപ്പോലും തകർക്കുംവിധം ലക്ഷക്കണക്കിന് കോടി രൂപയുടെ ബാങ്ക് വെട്ടിപ്പ് നടത്തിയ വിജയ് മല്യ, നീരവ് മോദി, ലളിത് മോദി തുടങ്ങിയവർ അധികൃതരുടെ മൗനാനുവാദത്തോടെ വിദേശത്ത് സുഖവാസം നടത്തുന്നത്. ഇവരുടെ രോമത്തിൽ തൊടാൻ പോലും നിയമസംവിധാനത്തിന് കഴിയുന്നില്ല.



സാജൻ മാത്യുവിന്റെ റിപ്പോർട്ട് പോലീസ് നൃശംസതയിലേക്ക് വെളിച്ചം വീശുന്നു.

**ആർ. ദിലീപ്,**
ശ്രീവിഹാർ, മുതുകുളം
(8593017884)





പ്രതികരണവേദി

മധു എസ്. നായർ



# ഭരണഘടനയിലെ വൈകല്യങ്ങൾ

നമ്മുടെ ഭരണഘടനപരിപാവനമാണെന്ന വിശ്വാസത്തിന്റെ പ്രതീകമെന്ന നിലയിലാവാം പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടാമൂഴത്തിന് പാർലമെന്റ് മന്ദിരത്തിൽ കാലുകുത്തിയപ്പോൾ ഭരണഘടനാപുസ്തകം തൊട്ടുവണങ്ങിയത്. ഒന്നാം ഊഴത്തിനെത്തിയപ്പോൾ പാർലമെന്റ് മന്ദിരത്തിന്റെ ചവിട്ടുപടികളിലായിരുന്നു പ്രധാനമന്ത്രിയുടെ വന്ദനം. ജനാധിപത്യ സംവിധാനത്തിലെ കരുക്കളെ വന്ദിക്കുന്നത് മൂലപുസ്തകം പരിപാവനമാണെന്ന വിശ്വാസത്തിൽ തന്നെയാകണം. മറ്റൊരു ജനാധിപത്യ രാഷ്ട്രത്തിലും ഈ പ്രവണത കണ്ടെന്നിരിക്കില്ല. മാഗ്നാകാർട്ടയോടൊപ്പം ജനാധിപത്യരീതി നൂറ്റാണ്ടുകൾക്കുമുമ്പ് തുടങ്ങിവച്ച ബ്രിട്ടണിൽ ഇന്നും ലിഖിത ഭരണഘടനയില്ല. പാർലമെന്റ് ഏകകാലികമായി ഭരണഘടനാ നിർമ്മാണസഭയായിട്ടും പ്രവർത്തിക്കുന്നു. അതുകൊണ്ടവിടെ ഒരുകാലത്തും ഭരണഘടനാ വിരുദ്ധമായ നിയമനിർമ്മാണം ഉണ്ടാകാറില്ല.




അമേരിക്കൻ ഐക്യനാടുകളുടെ മൂന്നാമത്തെ പ്രസിഡന്റായിരുന്ന തോമസ് ജഫേഴ്സൻ പരസഹായംകൂടാതെ പുതുരാഷ്ട്രത്തിന്റെ ഭരണഘടനഎഴുതിയുണ്ടാക്കിയത് ഒരാഴ്ചകൊണ്ടാണ്. വിരലുകളിൽ എണ്ണാവുന്ന പേജുകൾ മാത്രമാണ് ഭേദഗതി ചെയ്തിട്ടുള്ളത്. ഇന്ത്യയിലാണെങ്കിൽ മുക്കാൽ നൂറ്റാണ്ടിന് മുമ്പേ 124 തവണ ഭരണഘടനഭേദഗതി ചെയ്തുകഴിഞ്ഞു. അല്ലാടി കൃഷ്ണസ്വാമി അയ്യർ, ഡോക്ടർ രാജേന്ദ്രപ്രസാദ്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ബാബാ സാഹിബ് അംബേദ്കർ എന്നീ മഹാന്മാരോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ടുതന്നെ പറയേണ്ടിയിരിക്കുന്നു; ഇന്ത്യൻ റിപ്പബ്ലിക്കിന് യോജിച്ച ഒരു ഭരണഘടനതട്ടിക്കൂട്ടുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു.

ഭരണഘടനാശിൽപ്പികൾ വിഭാവനചെയ്ത ഫെഡറൽ സംവിധാനം ശോഷിച്ചുകൊണ്ടിരിക്കുന്നതിന് മൂലകാരണം ഭരണഘടനതന്നെയാണ്. ഭരണഘടനവാഗ്ദാനം ചെയ്തിരിക്കുന്ന പല കാര്യങ്ങളും ഇല്ലാതാക്കുവാനോ പാർശ്വവൽക്കരിക്കാനോ ഉള്ള വകുപ്പുകൾ ഭരണഘടനയിൽതന്നെ ഉണ്ടെന്നുള്ളതാണ് വിചിത്രം. ഉദാഹരണത്തിന് വിദ്യാഭ്യാസം തുടക്കത്തിൽ സ്റ്റേറ്റ് ലിസ്റ്റിലായിരുന്നു. അടിയന്തിരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധി കൺകറന്റ് ലിസ്റ്റിലാക്കി. ഫലമോ എ.ഐ.സി.ടി.ഐ, എം.സി.ഐ തുടങ്ങിയ കേന്ദ്രറഗുലേറ്ററി ഏജൻസികൾ ഉന്നത വിദ്യാഭ്യാസ മേഖല അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. ഇന്ത്യപോലെയുള്ള ബഹുമുഖ സംസ്ക്കാര രാഷ്ട്രത്തിന് കേന്ദ്രീകൃതമായ വിദ്യാഭ്യാസ നയം അപ്രായോഗികമാണെന്ന് കണ്ടാണ് ഭരണഘടനാശിൽപ്പികൾ ആ ഇനം സംസ്ഥാനങ്ങളുടെ അധികാരത്തിൽ മാത്രം ഉൾപ്പെടുത്തിയിരുന്നത്. സ്റ്റാലിൻ സോവിയറ്റ് യൂണിയനെവരിഞ്ഞുമുറുക്കി ഭരിച്ചിരുന്ന കാലത്തുപോലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ റിപ്പബ്ലിക്കുകൾക്ക് പൂർണ്ണ പ്രവർത്തനസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. അമേരിക്കൻ ഐക്യനാടുകളിൽ ഇംഗ്ലീഷ് ഔദ്യോ

ഭരണഘടനാശിൽഷികൾ വിഭാവനചെയ്ത ഫെഡറൽ സംവിധാനം ശോഷിച്ചുകൊണ്ടിരിക്കുന്നതിന് മൂലകാരണം ഭരണഘടനതന്നെയാണ്. ഭരണഘടനവാഗ്ദാനം ചെയ്തിരിക്കുന്ന പല കാര്യങ്ങളും ഇല്ലാതാക്കുവാനോ പാർശ്വവൽക്കരിക്കാനോ ഉള്ള വകുപ്പുകൾ ഭരണഘടനയിൽതന്നെ ഉണ്ടെന്നുള്ളതാണ് വിചിത്രം.

Printed, published and owned by Madhu Balakrishnan R, Basil, Residency Nagar 137 A, Asramam P O, Kollam 691 002 and printed at M/s Pioneer Press (P) Ltd, 21 E, Thiruthangal Road, Sivakasi, Tamilnadu and published at Keralasabdam Fortnightly, Krishnaswamy Avenue, Andamukkam Ward, Convent Road, Kollam 691 001, Kerala. Editor: Madhu Balakrishnan R.

ഗിക ഭാഷയാക്കുവാൻ അമ്പത് സംസ്ഥാനങ്ങളുടേയും അനുമതി നേടുവാൻ 1990വരെ കാത്തിരിക്കേണ്ടിവന്നു. ഇംഗ്ലീഷിനോടൊപ്പം സ്പാനിഷിനും തുല്യ പ്രാധാന്യം നൽകിയുള്ള വിദ്യാഭ്യാസ പദ്ധതിയാണ് ന്യൂയോർക്ക്, കാലിഫോർണിയ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇന്നും നിലനിൽക്കുന്നത്.

ഭരണഘടനയുടെ വേറൊരു പോരായ്മ പ്രതിഫലിക്കുന്നത് സുപ്രീംകോടതിയുടെ അധികാരപരിധി നിശ്ചയിക്കുന്നതിനാലാണ്. സുബ്ബറാവു ചീഫ് ജസ്റ്റിസായിരുന്നപ്പോൾ കോടതി എല്ലാ സീമകളും ലംഘിച്ച് ഒരു വിധി പ്രസ്താവിച്ചു. ഭരണഘടനയിലെ മൗലികാവകാശങ്ങൾ ഭേദഗതി ചെയ്യുവാൻ പാർലമെന്റിന് അധികാരമില്ലായെന്നായിരുന്നു പരമോന്നത കോടതിയുടെ കണ്ടെത്തൽ. ഈ കടമ്പ മറികടക്കുവാൻ കേന്ദ്രസർക്കാരിന് പാർലമെന്ററി ചട്ടങ്ങളിൽ നൂതനവകുപ്പുകൾ എഴുതിച്ചേർക്കേണ്ടിവന്നു. ഭരണഘടനവിഭാവനം ചെയ്തിരിക്കുന്ന ജുഡീഷ്യൽ ഉത്തരവാദിത്വങ്ങളിൽനിന്നും തെന്നിമാറി കോടതികൾ എക്സിക്യുട്ടീവ് അധികാരങ്ങൾ സ്വയം ആർജ്ജിക്കുന്നതിന് പ്രതിരോധം ഇല്ലായെന്നതും ശ്രദ്ധേയം. ഈ പ്രവണതയുടെ അക്ഷന്തവ്യമായ ഒരേർപ്പാടാണ് ജഡ്ജിമാരുടെ നിയമനം കുത്തകയാക്കുവാൻ കോടതിക്ക് ഇന്ന് സാധിച്ചിരിക്കുന്നത്. വേറൊരു ജനാധിപത്യനാട്ടിലും ഇങ്ങനെയൊരു നടപടി കേട്ടുകേൾവിപോലും ഇല്ലായെന്നത് ചിന്തനീയം. ഈവിധ ജനാധിപത്യ ധ്വംസനങ്ങൾക്ക് മൂലകാരണം ഭരണഘടന സുപ്രധാനകാര്യങ്ങളിൽ മൗനം പാലിച്ചിരിക്കുന്നതുകൊണ്ടുതന്നെയാണ്.

> **രാജ്യം ജനാധിപത്യ റിഷബ്ലിക്കായി എക്കാലവും നിലനിൽക്കണമെങ്കിൽ അധികാരവികേന്ദ്രീകരണം അത്യന്താപേക്ഷിതം.**

പോട്ടി ശ്രീരാമലു നിരാഹാരസത്യാഗ്രഹം കിടന്ന് മരണം വരിച്ചാണ് ഭാഷാ അടിസ്ഥാനത്തിൽ വിശാല ആന്ധ്രാ സംസ്ഥാനം നേടിയെടുത്തത്. രാഷ്ട്രീയ ധ്രുവങ്ങളിലുള്ള ഇരുമുന്നണികളും യോജിച്ചുനിന്ന് യുക്തിക്ക് നിരക്കാത്ത വിധത്തിൽ ആന്ധ്രയെ വീണ്ടും രണ്ടായി ഭാഗിച്ചു. ഭരണഘടനയ്ക്ക് ഈ ശിഥിലീകരണ പ്രവണതയെ തടുക്കുവാനാകുന്നില്ല. ഈ പോക്കിന് പോയാൽ ഈ നൂറ്റാണ്ട് പകുതി ആകുമ്പോഴേക്കും ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ എണ്ണം നൂറിൽ കവിഞ്ഞേക്കും. ഭരണഘടനവ്യവസ്ഥ ചെയ്യാത്ത ഫെഡറലിസം ഏട്ടിലെ പശുവായി പരിണമിക്കും.

ഇന്ത്യാമഹാരാജ്യം ജനാധിപത്യ റിപ്പബ്ലിക്കായി എക്കാലവും നിലനിൽക്കണമെങ്കിൽ അധികാരവികേന്ദ്രീകരണം അത്യന്താപേക്ഷിതം. കേന്ദ്രഭരണത്തിൽ വിദേശനയവും പ്രതിരോധവും വാർത്താവിനിമയവും, ധനകാര്യങ്ങളിലെ റഗുലേറ്റർ ഉത്തരവാദിത്വവും മാത്രം നിലനിർത്തി സംസ്ഥാനങ്ങളെ സ്വയംഭരണസംവിധാനത്തിലാക്കണം. ജമ്മുകാശ്മീരിന്റെ പ്രശ്നവും ഇതോടൊപ്പം പരിഹരിക്കാം. ആർട്ടിക്കിൾ 370- ഒഴിവാക്കി അതിന്റെ സത്ത കാശ്മീരടക്കം എല്ലാ സംസ്ഥാനങ്ങൾക്കും ലഭിക്കുംവിധം നിയമനിർമ്മാണം ഉണ്ടാകണം. അലകും പിടിയും മാറുക എന്ന പ്രയോഗം ഒരു ക്ലിഷേ ആയിത്തീർന്നിട്ടുണ്ട്. നമ്മുടെ ഭരണഘടനയുടെ കാര്യത്തിൽ ഇതുതന്നെയാണ് വേണ്ടത്.

(9387804668)

●


## തപാലിൽ ലഭിക്കാൻ

**കേരളശബ്ദം**

**വരിസംഖ്യാനിരക്ക്**

| | 1 വർഷം | 2 വർഷം |
|---|---|---|
| ഇന്ത്യയിൽ | ☐ 410 രൂപ | ☐ 820 രൂപ |
| വിദേശത്ത് | ☐ 2160 രൂപ | ☐ 4320 രൂപ |

പേര്: ..........................................................

മേൽവിലാസം: ..........................................................

..........................................................

..........................................................

പിൻകോഡ്: ...................... ഫോൺ: ..........................

ഇ-മെയിൽ : ..........................................................

നിലവിലുള്ള വരിക്കാർ സബ്സ്ക്രിപ്ഷൻ നമ്പർ (.............................) എഴുതുക

For Online Payment visit: www.nanafilmweekly.com

Please send the DD/Cheque/MO in favour of **KERALASABDAM WEEKLY**

കേരളശബ്ദം, ലക്ഷ്മിനട, കൊല്ലം- 691013 E-mail: subscription@nanafilmweekly.com


Keralasabdam Fortnightly R.No. 5983/62 Date of Release 26-07-2019 Price Rs.20/-
GMP CERTIFIED
VEG
ECO FRIENDLY
പ്രകൃതിയുടെ
സുഗന്ധം
Radhas
Ayurvedic Soap
100 g
Product of Kerala
RADHAS
AYURVEDIC SOAP
ശുദ്ധമായ
വെളിച്ചെണ്ണയിൽ
തയ്യാറാക്കിയത്
രാധാസ്
ആയുർവ്വേദിക് സോപ്പ്
Enquiry: 9846010772 & 0474-2751010